29th Year of Service 2021

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 05, 2021 | Vol. XXIX No. 10 | Periodicals Postage Paid

4 സീറ്റ് വിഭജനം പൂർത്തിയാക്കാൻ ...
9 ആവേശത്തിരയായ് കടലിൽ രാഹുൽ
10 കേരള സർക്കാർ അപമാനിച്ചു: ഷിജു വർഗീസ്
13 ഫോമാ സൺഷൈൻ റീജിയൻ ഉദ്ഘാടനം ചെയ്തു
21 മിനിമം വേതനം വർദ്ധനവ് അനിവാര്യം

## 19 ഉപഗ്രഹങ്ങളെ ഇസ്രോ ഭ്രമണപഥത്തിലെത്തിച്ചു

ശ്രീഹരിക്കോട്ട: ഒരു വർഷത്തിനു ശേഷം ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഇസ്രോ) നടത്തിയ പിഎസ്എൽവി-സി 51 വിക്ഷേപം വിജയം. ബ്രസീലിന്റെ ആമസോണിയ-ഒന്ന് ഉൾപ്പെടെ 19 ഉപഗ്രഹങ്ങൾ വിജയകരമായി ഭ്രമണപഥത്തിൽ എത്തിച്ചു.

ശ്രീഹരിക്കോട്ടയിലെ സതീഷ്ധവാൻ സ്പേസ് സെന്ററിൽ ഫെബ്രുവരി 28ന് 10.24 നാണ് വിക്ഷേപണം നടന്നത്. വിക്ഷേപണത്തിന് 17 മിനിറ്റിനുശേഷം ആമസോണിയ-ഒന്നിനെയും ഒന്നരമണിക്കൂറിനു ശേഷം ബാക്കി ഉപഗ്രഹങ്ങളെയും ഭ്രമണപഥത്തിൽ എത്തിച്ചു. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്പേസ് കിഡ്സ് (ശേഷം 4-ാം പേജിൽ)



ശ്രീഹരിക്കോട്ട സതീഷ്ധവാൻ സ്പേസ് സെന്ററിലെ വിക്ഷേപണത്തറയിൽനിന്ന് ഉപഗ്രഹങ്ങളുമായി പിഎസ്എൽവി-സി 51 കുതിച്ചുയരുന്നു.

## ആഴക്കടൽ മത്സ്യബന്ധന വിവാദം ഗൂഢാലോചനയെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ആഴക്കടൽ മത്സ്യബന്ധന വിവാദം ചിലർ നടത്തിയ ഗൂഢാലോചനയിൽ ഉണ്ടായതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇടതു സർക്കാരിനെ തീർക്കാൻ ചില ഏജൻസികളെ കൂട്ടുപിടിച്ചു കോൺഗ്രസും ബിജെപിയും ചേർന്നു നടത്തിയ ആദ്യശ്രമം പരാജയപ്പെട്ടപ്പോഴാണ് ചില ബുദ്ധിരാക്ഷസന്മാർ ഒത്തുകൂടി അടുത്ത ഗൂഢാലോചന നടത്തിയതെന്നും ഡിവൈഎഫ്ഐയുടെ മഹായുവസംഗമം ഉദ്ഘാടനം ചെയ്ത് പിണറായി ആരോപിച്ചു. മുഖ്യമന്ത്രിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനും ഈ പരിപാടി തുടക്കമായി.

ഇടതു സർക്കാരിനെതിരായ ആദ്യനീക്കം ജനം പരാജയപ്പെടുത്തി. തദ്ദേശ തെരഞ്ഞെടുപ്പിൽ അതു തെളിഞ്ഞു.

യുഡിഎഫിന്റെ അട്ടിപ്പേറവകാശം എന്നു കരുതിയിരുന്ന ചില പ്രദേശങ്ങളും ജനവിഭാഗങ്ങളും എൽഡിഎഫിനൊപ്പം അണിനിരന്നു. അങ്ങനെയാണ് അടുത്ത ഗൂഢാലോചന നടത്തി മത്സ്യമേഖലയിലെ ജനവിഭാഗത്തെ തെറ്റിദ്ധരിപ്പിക്കാൻ ഇറങ്ങിയത്.

കോൺഗ്രസും ബിജെപിയും നേരിട്ട് ഏറ്റുമുട്ടുന്ന ഒരു സംസ്ഥാനത്തും രാഹുൽ ഗാന്ധി പോകുന്നില്ലെന്ന് പിണറായി വിജയൻ പറഞ്ഞു.

# കേരളത്തിൽ വോട്ടെടുപ്പ് ഏപ്രിൽ ആറിന്



നിയമസഭാ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചശേഷം കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുശീൽ ചന്ദ്രയും രാജീവ് കുമാറും (വലത്ത്) മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ സുനിൽ അറോറയ്ക്കൊപ്പം.

ന്യൂഡൽഹി: കേരളത്തിൽ ഏപ്രിൽ ആറിന് വോട്ടെടുപ്പ്. കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, ആസാം എന്നീ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലെയും നിയമസഭാ തെരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ ഒരുമിച്ച് മേയ് രണ്ടിന് നടക്കും. മലപ്പുറം ലോക്സഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പും ഏപ്രിൽ ആറിനു തന്നെ.

കേരളം (140), തമിഴ്നാട് (243), പുതുച്ചേരി (30) എന്നിവിടങ്ങളിൽ ഒറ്റ ഘട്ടമായി ഏപ്രിൽ ആറിനാണ് വോട്ടെടുപ്പ്. ആസാമിലെ 126 മണ്ഡലങ്ങളിലേക്ക് മാർച്ച് 27 മുതൽ ഏപ്രിൽ ആറു വരെ മൂന്നു ഘട്ടമായും പശ്ചിമ ബംഗാളിലെ 294 മണ്ഡലങ്ങളിലേക്ക് മാർച്ച് 27 മുതൽ ഏപ്രിൽ 29 വരെ ഏട്ടു ഘട്ടങ്ങളിലുമായാണു വോട്ടെടുപ്പ് നടത്തുക. ആസാമിൽ മാർച്ച് 27, ഏപ്രിൽ ഒന്ന്, ആറ് തീയതികളിലാണ് വോട്ടെടുപ്പ്. പശ്ചിമ ബംഗാളിൽ മാർച്ച് 27, ഏപ്രിൽ ഒന്ന്, 6,10,17,22,26,29 എന്നീ തീയതികളിലാണ് തെരഞ്ഞെടുപ്പ്.

വോട്ടെണ്ണലും ഫലപ്രഖ്യാപനവും എല്ലായിടത്തും ഒരേ ദിവസമാണ് നടത്തുകയെന്നും മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ (ശേഷം 4-ാം പേജിൽ)

## ഉദ്യോഗസ്ഥർ മിണ്ടാപ്രാണികൾ ആകരുത്

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ കള്ളവോട്ടിന് ഒത്താശ ചെയ്താൽ സസ്പെൻഷനും നിയമ നടപടിയും നേരിടേണ്ടി വരുമെന്നു മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ മുന്നറിയിപ്പു നൽകി. ബൂത്തിൽ ഉദ്യോഗസ്ഥർ മിണ്ടാപ്രാണികളെപ്പോലെ ഇരിക്കരുത്. (ശേഷം 4-ാം പേജിൽ)



# എൽജിഎസ് ഉദ്യോഗാർത്ഥികൾ സമരം നിർത്തി

തിരുവനന്തപുരം: മതിയായ നിയമനം ആവശ്യപ്പെട്ട് പിഎസ്സി ലാസ്റ്റ് ഗ്രേഡ് സെർവന്റ് (എൽജിഎസ്) ഉദ്യോഗാർഥികൾ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിയ സമരം 34 ദിവസത്തിനുശേഷം പിൻവലിച്ചു. മന്ത്രി എ.കെ. ബാലനുമായുള്ള ചർച്ചയിൽ ലഭിച്ച 6 ഉറപ്പുകളുടെ അടിസ്ഥാനത്തിലാണ് തീരുമാനം. തെരഞ്ഞെടുപ്പു കമ്മീഷന്റെ അനുമതിയോടെ വാഗ്ദാനങ്ങൾ നടപ്പാക്കുമെന്നാണു സർക്കാരിന്റെ ഉറപ്പ്. ഏഴ് ദിവസമായി ഉദ്യോഗാർഥികൾ നിരാഹാര സമരത്തിലുമായിരുന്നു. അതേസമയം, 22 ദിവസമായി സിവിൽ പോലീസ് ഓഫീസർ (സിപിഒ) റാങ്ക് ഹോൾഡേഴ്സ് നടത്തുന്ന സമരം അനുകൂല തീരുമാനമാകാത്തതിനാൽ തുടരും. 2000 എസ്ഐഎസ്, 1200 ജിപി ഒഴിവുകളുടെ വിശദാംശങ്ങൾ ഉദ്യോഗാർഥികൾ മന്ത്രിക്കു നൽകി. അനുകൂല നടപടിയെടുക്കാമെന്നും കാര്യങ്ങൾ പരിശോധിക്കാൻ വകുപ്പ് ഉദ്യോഗസ്ഥർക്കു നിർദേശം നൽകാമെന്നും മന്ത്രി അറിയിച്ചതായി ചർച്ചയിൽ പങ്കെടുത്ത എസ്. വിഷ്ണു, എം. വിഷ്ണു, ഷിയാസ് എന്നിവർ പറഞ്ഞു. പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ സർക്കാരിനു (ശേഷം 4-ാം പേജിൽ)




Visit Our Website: www.keralaexpress.com



JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS

# JAIBU MATHEW KULANGARA & ASSOCIATES

## For Personal & Business TAX SERVICE




7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com

Free Electronic Filing



LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
## Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Attorney Steve Crifase

Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603

312-855-0511 StevenCrifase.com

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603

Phone (312) 855-0511,
Fax (312) 855- 0537

A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018



28 –ാം ചരമവാർഷികം

3 – 7 – 2021

കെ.കെ. ചാണ്ടി
കൂവക്കാട്ടിൽ
കിടങ്ങൂർ

ദുഃഖസ്മരണകളോടെ
കുടുംബാംഗങ്ങൾ




FOR ALL YOUR PERSONAL AND BUSINESS TAX SERVICES




TOMY NELLAMATTAM, E.A.
Enrolled to Practice Before IRS

Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

Free Electronic Filing
Full Time In Accounting
& Tax Services

# സീറ്റ് വിഭജനം പൂർത്തിയാക്കാൻ മുന്നണികൾ

കോട്ടയം: നിയമസഭാ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതോടെ സീറ്റ് വിഭജന ചർച്ചകൾ ഉടൻ പൂർത്തിയാക്കാനുള്ള തീവ്രശ്രമത്തിൽ മുന്നണികൾ. ഘടകകക്ഷികളുമായുള്ള സീറ്റ് വിഭജനം പൂർത്തിയാക്കിയ ശേഷം ദിവസങ്ങൾക്കുള്ളിൽ സ്ഥാനാർഥിനിർണയ നടപടികളിലേക്കു കടക്കാനാണു ശ്രമം.

യുഡിഎഫിൽ തർക്കം നിലനിൽക്കുന്ന കോൺഗ്രസും കേരളാ കോൺഗ്രസ്-ജോസഫ് വിഭാഗങ്ങളുമായുള്ള സീറ്റ് വിഭജന ചർച്ച പുനരാരംഭിച്ചിട്ടുണ്ട്. ജോസഫ് വിഭാഗം 13 സീറ്റ് വരെയാണ് ആവശ്യം ഉന്നയിച്ചത്. 12 സീറ്റ് നൽകിയാൽ മയപ്പെടാമെന്നു ജോസഫ് വിഭാഗം പറയുന്നു. എന്നാൽ, ഒൻപതു സീറ്റ് വരെയാണു കോൺഗ്രസ് വാഗ്ദാനം ചെയ്യുന്നത്.

ഉഭയകക്ഷി ചർച്ചയിൽ മുസ്‌ലിം ലീഗിന് മൂന്നു സീറ്റ് അധികം നൽകി. ഇതോടെ ലീഗ് 27 സീറ്റിൽ മത്സരിക്കും. കഴിഞ്ഞ തവണ 24 സീറ്റിലായിരുന്നു ലീഗ് മത്സരിച്ചത്. രണ്ടു സീറ്റുകൾ കോൺഗ്രസും ലീഗും പരസ്പരം വെച്ചുമാറാനും തീരുമാനിച്ചു.

മറ്റുള്ള ഘടകകക്ഷികളുമായി നടത്തിയ ഉഭയകക്ഷി ചർച്ചയിൽ നില



വിലെ സ്ഥിതി തുടരാനാണു ധാരണ. ആർഎസ്പിക്ക് അഞ്ച് സീറ്റും കേരളാ കോൺഗ്രസ്-ജേക്കബിന് ഒരു സീറ്റും നേരത്തെ നടത്തിയ ഉഭയകക്ഷി ചർച്ചയിൽ ധാരണയായിരുന്നു. മറ്റുള്ള ഘടകകക്ഷികൾക്കും ഓരോ സീറ്റ് വീതം നൽകും. മൂന്നിനു ചേരുന്ന യുഡിഎഫ് യോഗത്തിൽ ഔദ്യോഗിക പ്രഖ്യാപനമുണ്ടായേക്കും.

സീറ്റ് വിഭജന ചർച്ച പൂർത്തിയാ



യാൽ കോൺഗ്രസും ഘടകകക്ഷികളും സ്ഥാനാർഥി നിർണയ ചർച്ചയിലേക്കു കടക്കും. എഐസിസി നിയോഗിച്ച ഏജൻസിയും സാധ്യതാ സ്ഥാനാർഥികളുടെ പട്ടിക കൈമാറിയിട്ടുണ്ട്. കഴിഞ്ഞ തവണ 87 സീറ്റിൽ മത്സരിച്ച കോൺഗ്രസ് ഇത്തവണ 90-ൽ കൂടുതൽ സീറ്റുകളിൽ മത്സരിക്കും. മുസ്‌ലിം ലീഗ് അടക്കമുള്ള ഘടകകക്ഷികളും വൈകാതെ സ്ഥാനാർഥികളെ പ്രഖ്യാ



പിക്കും.

കേരളാ കോൺഗ്രസ്-എം 15 സീറ്റ് ചോദിച്ചെങ്കിലും 13 സീറ്റെങ്കിലും ലഭിക്കണമെന്ന് ആവശ്യപ്പെടുന്നു. കേരളാ കോൺഗ്രസിന് ശക്തിയുള്ള പ്രദേശങ്ങളിൽ അടക്കം 10 സീറ്റ് വരെ നൽകുന്നതിൽ തടസ്സമില്ലെന്ന നിലപാടാണ് സിപിഎമ്മിനുള്ളത്. എൽജെഡിക്ക് നാലു സീറ്റ് നൽകിയേക്കും. ഇതിൽ ഒരെണ്ണം നിലവിലെ ഘടകകക്ഷിയായ ജെഡിഎസിൽനിന്നാണു നൽകുക. ഇരു ജനതാദളും യോജിക്കണമെന്ന നിർദേശം നടപ്പാകാത്തതിനെത്തുടർന്ന് ഇടതുമുന്നണിയിൽ ജെഡിഎസും എൽജെഡിയും രണ്ടു പാർട്ടികളായിത്തന്നെ തുടരും.

നിലവിൽ നാലു സീറ്റുള്ള എൻസിപിക്ക് ഇക്കുറി രണ്ടു സീറ്റ് മാത്രമാകും ലഭിക്കുക. കഴിഞ്ഞ തവണ നാലു സീറ്റിൽ മത്സരിച്ച ജനാധിപത്യ കേരളാ കോൺഗ്രസിനും ഒന്നോ രണ്ടോ സീറ്റ് മാത്രമാകും ലഭിക്കുക. ഇടതു സ്വതന്ത്രരായി മത്സരിച്ച മറ്റു ചിലരുടെ സീറ്റുകൾ പിടിച്ചെടുക്കുന്നതും പരിഗണിക്കുന്നുണ്ട്.

ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ വിജയയാത്രയിലായതിനാൽ ബിഡിജെഎസ് അടക്കമുള്ള ഘടകകക്ഷികളുമായുള്ള സീറ്റ് വിഭജന ചർച്ചകൾ പ്രാഥമികഘട്ടത്തിലാണ്. മൂന്നിന് ഔദ്യോഗിക ചർച്ച വിളിച്ചിട്ടുണ്ട്.

വിജയ് യാത്രയുടെ സമാപനത്തിന് കേരളത്തിലെത്തുന്ന കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ സാന്നിധ്യത്തിലുള്ള ചർച്ചകളിലാകും അന്തിമ രൂപമാകുക.

# പോളിങ് പന്ത്രണ്ട് മണിക്കൂർ

കോട്ടയം: ഏപ്രിൽ ആറിനു നിയമസഭാ വോട്ടെടുപ്പ് നടക്കുക പന്ത്രണ്ടു മണിക്കൂർ. രാവിലെ 7 മുതൽ വൈകിട്ട് 7 വരെ. അവസാന ഒരു മണിക്കൂർ കോവിഡ് ബാധിതർക്കു മാത്രമായിരിക്കും വോട്ട് ചെയ്യാൻ അവസരം.

പോളിങ് രാവിലെ 7 മുതൽ വൈകിട്ട് 6 വരെയെന്നാണു കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിരുന്നത്. എന്നാൽ, കഴിഞ്ഞ തവണ കേരളത്തിൽ വോട്ടെടുപ്പ് വൈകിട്ട് 6 വരെയായിരുന്നതിനാൽ ഇക്കുറി ഒരു മണിക്കൂർ കൂടി നീട്ടി 7 വരെയാക്കുന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ അറിയിച്ചു. വയനാട്, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ നക്സൽ ഭീഷണിയുള്ള 298 ബൂത്തുകളിൽ മാത്രം വൈകിട്ട് 6 നു പോളിങ് അവസാനിക്കും.

എല്ലാ പോളിങ് ബൂത്തിലും വോട്ടർമാരുടെ ശരീരോഷ്മാവ് തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിക്കും. ചൂട് കൂടുതലെങ്കിൽ മാറ്റിനിർത്തി ഒരു മണിക്കൂറിനുശേഷം വീണ്ടും പരിശോധിക്കും. അപ്പോഴും ചൂട് കൂടുതലെങ്കിൽ അവസാന മണിക്കൂറിൽ വോട്ട് ചെയ്യാനായി ടോക്കൺ നൽകും.

ബൂത്തിൽ വോട്ടർമാർ ഉദ്യോഗസ്ഥർക്കു തിരിച്ചറിയാനായി മാസ്ക് താഴ്ത്തിക്കാണിക്കണം. സ്ത്രീകൾ, പുരുഷന്മാർ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിങ്ങനെ മൂന്ന് ക്യൂ ഉണ്ടാകും. ഭിന്നശേഷി വോട്ടർമാർക്കു പ്രത്യേക യാത്രാ സൗകര്യം ഒരുക്കും. അല്ലെങ്കിൽ കെഎസ്ആർടിസി സൗജന്യ യാത്രാ പാസ് നൽകും. നക്സൽ ഭീഷണിയുള്ള ബൂത്തുകളിലും പ്രശ്നബാധിത, പ്രശ്നസാധ്യതാ ബൂത്തുകളിലും പോലീസിനു പകരം കേന്ദ്രസേനയെ വിന്യസിക്കും. 433 പ്രശ്നബാധിത ബൂത്തുകളും 549 പ്രശ്ന സാധ്യതാ ബൂത്തുകളുമുണ്ട്. സംസ്ഥാനത്ത് ഇക്കുറി 40,771 ബൂത്തുകളാണുള്ളത്. ഇതിൽ പകുതി ബൂത്തുകളിലും വെബ്കാസ്റ്റിങ് ഏർപ്പെടുത്തും.

# എകെജിക്കൊപ്പം സ്ഥാനം മന്നത്തിനും നൽകി സിപിഎം മുഖപത്രം

തിരുവനന്തപുരം: സിപിഎമ്മിന്റെ സമുന്നത നേതാവായ എ.കെ. ഗോപാലനൊപ്പം സ്ഥാനം ഗുരുവായൂർ സത്യഗ്രഹത്തിൽ മന്നത്ത് പത്മനാഭൻ വഹിച്ചു എന്നു വ്യക്തമാക്കി 'ദേശാഭിമാനി'യിൽ അനുസ്മരണ ലേഖനം. മന്നം സമാധി ദിനമായ ഫെബ്രുവരി 25 ന് സംസ്ഥാന കമ്മിറ്റി അംഗം വി. ശിവദാസന്റെ ലേഖനമാണു സിപിഎം മുഖപത്രം പ്രസിദ്ധീകരിച്ചത്. തെരഞ്ഞെടുപ്പു മുൻനിർത്തി ശബരിമല ഉൾപ്പെടെ വിഷയങ്ങളിൽ അനുരഞ്ജനപാത സ്വീകരിക്കാൻ സിപിഎം തയാറായ പശ്ചാത്തലത്തിൽ 'നവോത്ഥാന പ്രസ്ഥാനവും മന്നത്ത് പത്മനാഭനും' എന്ന ലേഖനം ചർച്ചയായി. 'രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും നവോത്ഥാന സമരത്തിൽ മന്നത്തിന്റെ സംഭാവനകളെ ചെറുതാക്കി കാണാൻ ആരും ഇഷ്ടപ്പെടില്ല. ഗുരുവായൂർ ക്ഷേത്രപ്രവേശന സമരത്തിന്റെ വൊളന്റിയർ ക്യാപ്റ്റനായിരുന്ന എകെജി നയിച്ച ജാഥ വിജയിപ്പിച്ചതിൽ മന്നം വഹിച്ച പങ്കു വലുതായിരുന്നു. കെ. കേളപ്പനും സുബ്രമണ്യൻ തിരുമുമ്പും എകെജിയും ഉൾപ്പെടെ വടക്കൻ കേരളത്തിൽ നിന്നായിരുന്നു എങ്കിൽ മന്നത്ത് പത്മനാഭൻ തെക്കൻ കേരളത്തിൽ നിന്നായിരുന്നു എന്ന പ്രത്യേകതയുണ്ട്'.

## ഇസ്രോ

(ഒന്നാം പേജിൽ നിന്നും)

ഇന്ത്യ (എസ്കെഐ)യും ഉപഗ്രഹത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചിത്രം പതിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഐഎസ്ആർഒ ചെയർമാൻ ഡോ. കെ. ശിവൻ ഉൾപ്പെടെ രാജ്യത്തെ 25,000-ഓളം വ്യക്തികളുടെ പേരുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹിരാകാശ മേഖല സ്വകാര്യവത്കരിച്ചതിലും ആത്മ നിർഭർ ഭാരത് ആഹ്വാനത്തിലും അഭിവാദ്യമർപ്പിച്ചാണു മോദിയുടെ ചിത്രം ഉപഗ്രഹത്തിൽ പതിപ്പിച്ചതെന്ന് എസ്കെഐ അറിയിച്ചു. ഭഗവദ്ഗീത ഡിജിറ്റൽ രൂപത്തിൽ ഉപഗ്രഹത്തിനുള്ളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിക്ഷേപണം പൂർണവിജയമായിരുന്നെന്ന് ഇസ്രോ ചെയർമാൻ കെ. ശിവൻ പറഞ്ഞു.

## കേരളത്തിൽ വോട്ടെടുപ്പ് ഏപ്രിൽ ആറിന്

(ഒന്നാം പേജിൽ നിന്നും)

സുനിൽ അറോറ പത്രസമ്മേളനത്തിൽ അറിയിച്ചു. തെരഞ്ഞെടുപ്പു കമ്മീഷണർമാരായ സുശീൽ ചന്ദ്ര, രാജീവ് കുമാർ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു.

കേരളത്തിൽ ജോസ് കെ. മാണി രാജിവെച്ച ഒഴിവിലേക്കും ഏപ്രിൽ 21 ന് കാലാവധി കഴിയുന്ന വയലാർ രവി, പി.വി. അബ്ദുൾ വഹാബ്, കെ.കെ. രാഗേഷ് എന്നിവരുടെ ഒഴിവിലേക്കുമുള്ള രാജ്യസഭാ തെരഞ്ഞെടുപ്പ് തീയതി പിന്നീട് തീരുമാനിക്കും. ഈയിടെ ഡൽഹിയിൽ നടന്ന തെരഞ്ഞെടുപ്പു കമ്മീഷന്റെ സമ്പൂർണ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്തില്ല.

സംസ്ഥാന നിയമസഭകളിലെ തെരഞ്ഞെടുപ്പുകളും ലോക്സഭാ ഉപതെരഞ്ഞെടുപ്പുകളും നടത്തുന്നതിന്റെ വിശദാംശങ്ങൾ മാത്രമാണു ചർച്ച ചെയ്തതെന്നു കമ്മീഷനിലെ ഉന്നതർ പറഞ്ഞു.

കേരളത്തിൽ മാനന്തവാടി, സുൽത്താൻ ബത്തേരി എന്നിവ പട്ടികവർഗ സംവരണ മണ്ഡലങ്ങളും ബാലുശേരി, വണ്ടൂർ, കൊങ്ങാട്, തരൂർ, ചേലക്കര, നാട്ടിക, കുന്നത്തുനാട്, ദേവികുളം, വൈക്കം, മാവേലിക്കര, അടൂർ, കുന്നത്തൂർ, ആറ്റിങ്ങൽ, ചിറയിൻകീഴ് എന്നിവ പട്ടികജാതി സംവരണ മണ്ഡലങ്ങളും ആയിരിക്കും. ശേഷിക്കുന്നവ പൊതുനിയോജക മണ്ഡലങ്ങളാണ്.

# തല മുണ്ഡനം ചെയ്ത് വാളയാറിലെ അമ്മ

പാലക്കാട്: "ഈ സമരം എന്നോടു കൂടി അവസാനിക്കട്ടെ. 14 ജില്ലകളിലും പോകും. അച്ഛന്മാരെയും അമ്മമാരെയും കൂടെപ്പിറപ്പുകളെയും പെൺകുട്ടികളെയും അറിയിക്കും. ഇത്തരമൊരു അവസ്ഥ വരാതിരിക്കാൻ എന്താണു ചെയ്യേണ്ടതെന്നു നിങ്ങൾ തന്നെ ചിന്തിക്കണം": സമരപ്പന്തലിൽ തല മുണ്ഡനം ചെയ്ത് വാളയാറിലെ അമ്മ പറഞ്ഞു. രണ്ട് പെൺമക്കൾ പീഡനത്തിനിരയായി ദുരൂഹ സാഹചര്യത്തിൽ മരിച്ച കേസ് അട്ടിമറിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി അവശ്യപ്പെട്ടാണ് അമ്മ തല മുണ്ഡനം ചെയ്തത്. മുടി കാൻസർ രോഗികൾക്കു നൽകുന്നുവെന്നും കേരളത്തിലെ അമ്മമാരെ സർക്കാരിന്റെ നീതികേട് അറിയിക്കുമെന്നും അവർ പ്രഖ്യാപിച്ചു. ജനുവരി 26 മുതൽ പാലക്കാട്ട് സത്യഗ്രഹത്തിലാണ് അമ്മ. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുൻപ് നടപടിയെടുത്തില്ലെങ്കിൽ തൊട്ടടുത്ത ദിവസം തല മുണ്ഡനം ചെയ്യുമെന്നും പ്രഖ്യാപിച്ചിരുന്നു. ഒരു മാസമായിട്ടും സർക്കാരിൽനിന്ന് ആരും വന്നില്ലെന്നും അവർ പറഞ്ഞു.

## എൽജിഎസ് ഉദ്യോഗാർത്ഥികൾ സമരം നിർത്തി

(ഒന്നാം പേജിൽ നിന്നും)

തീരുമാനങ്ങളെടുക്കാൻ കഴിയില്ലെന്നിരിക്കെയാണ് ചർച്ച. എൽജിഎസ് ഉദ്യോഗാർഥികളുടെ സമരം 32 ദിവസവും സിപിഒ ഉദ്യോഗാർഥികളുടേത് 22 ദിവസവും പിന്നിട്ടു.

ഒരു തവണപോലും മുഖ്യമന്ത്രിയോ മന്ത്രിമാരോ ചർച്ചയ്ക്കു തയാറായില്ല. ഒരിക്കൽ മുഖ്യമന്ത്രിയുടെ പഴ്സനൽ സ്റ്റാഫും പിന്നീട് 2 ഉദ്യോഗസ്ഥരുമാണു ചർച്ച നടത്തിയത്. ആവശ്യങ്ങളിൽ ഉറപ്പൊന്നും ലഭിക്കാതെ വന്നതോടെ ആ ചർച്ചകൾക്കു ശേഷവും ഉദ്യോഗാർഥികൾ സമരം തുടരുകയായിരുന്നു.

**ഉറപ്പുകൾ ഇവ**

*ആഗസ്റ്റ് നാലിന് അവസാനിക്കുന്ന എൽജിഎസ് റാങ്ക് പട്ടികയിൽ നിന്നുതന്നെ നികത്താനായി അന്നുവരെയുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പിഎസ്‌സിക്കു റിപ്പോർട്ട് ചെയ്യും.

*സ്ഥാനക്കയറ്റം നൽകി, അതുവഴിയുണ്ടാകുന്ന പുതിയ ഒഴിവുകൾ പിഎസ്‌സിയെ അറിയിക്കും.

*തടസ്സമുള്ളവയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകും.

*നടപടികൾ പരിശോധിക്കാൻ പൊതുഭരണ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല സമിതിയുണ്ടാക്കും.

*നൈറ്റ് വാച്ച്മാൻ ഡ്യൂട്ടി 8 മണിക്കൂറായി കുറച്ച് അതുവഴിയുണ്ടാകുന്ന അധികം തസ്തികകൾ ഈ റാങ്ക് പട്ടികയിൽനിന്നു നികത്തും.

*സിപിഒ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ അപാകതകൾ പരിഹരിക്കും.

## മിണ്ടാപ്രാണികൾ ആകരുത്

(ഒന്നാം പേജിൽ നിന്നും)

പൂർണമായി നിഷ്പക്ഷത പാലിക്കണം. കള്ളവോട്ടിനു ശ്രമമുണ്ടായാൽ ശക്തമായി ഇടപെടണം. സത്യസന്ധരും നിഷ്പക്ഷരുമായ ഉദ്യോഗസ്ഥരെ തെരഞ്ഞെടുപ്പു കഴിഞ്ഞും കമ്മീഷൻ സംരക്ഷിക്കും. സർക്കാരോ രാഷ്ട്രീയ പാർട്ടികളോ ദ്രോഹിച്ചാൽ കമ്മീഷനെ അറിയിക്കാമെന്നും വ്യക്തമാക്കി.

# ജോൺസൻ ആൻഡ് ജോൺസന്റെ ഒറ്റ ഡോസ് വാക്സിന് അംഗീകാരം

വാഷിംഗ്ടൺ ഡിസി: ജോൺസൻ ആൻഡ് ജോൺസൻ കമ്പനി വികസിപ്പിച്ച കോവിഡ് വാക്സിന് യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്ഡിഎ) അനുമതി നൽകി. ഒരു തവണ മാത്രം കുത്തിവെച്ചാൽ മതിയെന്ന സവിശേഷത ഈ വാക്സിനുണ്ട്. കോവിഡിനെതിരെ നിലവിലുള്ള മറ്റെല്ലാ വാക്സിനുകളും രണ്ടു ഡോസ് വെച്ച് പ്രയോഗിക്കണം. ഫ്രീസറിനു പകരം ഫ്രിഡ്ജിൽ സൂക്ഷിക്കാം.

ജോൺസൻ ആൻഡ് ജോൺസന്റെ കീഴിലുള്ള ബെൽജിയൻ സ്ഥാപനമായ ജൻസൻ ആണു വാക്സിൻ വികസിപ്പിച്ചത്. അമേരിക്ക, ദക്ഷിണാഫ്രിക്ക, ബ്രസീൽ എന്നീ രാജ്യങ്ങളിൽ നടത്തിയ പരീക്ഷണത്തിൽ ഇടത്തരം രോഗം തടയുന്നതിൽ 66ഉം ഗുരുതര രോഗം തടയുന്നതിൽ 85ഉം ശതമാനം ഫലപ്രദമാണെന്നു കണ്ടെത്തി. വാക്സിൻ സ്വീകരിച്ച ആരും മരണപ്പെട്ടില്ല. 28 ദിവസങ്ങൾക്കു ശേഷം ആർക്കും ആശുപത്രിവാസം വേണ്ടിവന്നില്ല.

ഉടനെ യുഎസിലെ വാക്സിൻ നൽകിത്തുടങ്ങും. ജൂൺ അവസാനത്തോടെ അമേരിക്കയ്ക്ക് പത്തുകോടി വാക്സിൻ ലഭ്യമാക്കാമെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

# നേതൃത്വത്തിനെതിരെ വീണ്ടും കോൺഗ്രസ് 'വിമതർ'

ന്യൂഡൽഹി: കോൺഗ്രസ് നേതൃത്വത്തിനെതിരെ പരസ്യവിമർശനവുമായി 'വിമതർ' വീണ്ടും.

കഴിഞ്ഞ ദശകത്തിൽ കോൺഗ്രസ് തളർന്നെന്നും 'പുതുതലമുറ' പാർട്ടിയും ജനങ്ങളുമായി ചേരണമെന്നും രാജ്യ സഭയിൽനിന്നു വിരമിച്ച ഗുലാം നബി ആസാദിനെ ആദരിക്കാനായി ജമ്മുവിൽ ഫെബ്രുവരി 27ന് 'ശാന്തി സമ്മേളനം' എന്ന പേരിൽ ചേർന്ന വിമത നേതാക്കളുടെ യോഗത്തിൽ ആനന്ദ് ശർമ തുറന്നടിച്ചു. അനുഭവസമ്പത്തുള്ള ഗുലാം നബി ആസാദിന്റെ സേവനങ്ങൾ എന്തുകൊണ്ടാണു പാർലമെന്റിൽ കോൺഗ്രസ് ഉപയോഗപ്പെടുത്താത്തതെന്നു മറ്റൊരു മുതിർന്ന നേതാവായ കപിൽ സിബിൽ ചോദിച്ചു. കേരളത്തിലെയും ഉത്തരേന്ത്യയിലെയും ജനങ്ങളെ തമ്മിൽ താരതമ്യം ചെയ്തു രാഹുൽ ഗാന്ധി ഈയിടെ കേരളത്തിൽ നടത്തിയ പ്രസ്താവനയ്ക്കെതിരെ കപിലും ആനന്ദും പരസ്യമായി രംഗത്തെത്തിയതിനു പിന്നാലെയാണു പുതിയ നീക്കം. വിവിധ ജാതി-മതവിഭാഗങ്ങളിൽപ്പെട്ടവരെ ഒരുപോലെ ബഹുമാനിക്കുന്നതാണു കോൺഗ്രസ് പാർട്ടിയെന്നു മറുപടി പ്രസംഗത്തിൽ ഗുലാംനബി പറഞ്ഞു. ജി-23 എന്ന പേരിൽ അറിയപ്പെടുന്നവർ വിമത ഗ്രൂപ്പല്ലെന്നും കോൺഗ്രസിനെ ശക്തിപ്പെടുത്തുകയാണു ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഏതെങ്കിലും നേതാവിന് എതിരല്ല. ഹരിയാന മുൻ മുഖ്യമന്ത്രി ഭൂപീന്ദർ സിംഗ് ഹൂഡ, പ്രമുഖ അഭിഭാഷകൻ വിവേക് തൻഖ, രാജ് ബബ്ബർ തുടങ്ങി ജി-23ലെ പ്രമുഖരും പങ്കെടുത്തു. കോൺഗ്രസിനു മുഴുസമയ സജീവ നേതൃത്വം വേണമെന്നും തെരഞ്ഞെടുപ്പു നടത്തണമെന്നും ആവശ്യപ്പെട്ടു കത്തെഴുതിയ 23 അംഗ കോൺഗ്രസ് ഗ്രൂപ്പിലെ പ്രമുഖരാണ് ഗുലാം നബി, കപിൽ സിബൽ, ആനന്ദ് ശർമ തുടങ്ങിയവർ. കേരളത്തിൽനിന്നു പ്രഫ. പി.ജെ. കുര്യനും ശശി തരൂരും കത്തിൽ ഒപ്പുവെച്ചിരുന്നെങ്കിലും ജമ്മുവിലെ യോഗത്തിന് എത്തിയിരുന്നില്ല.

# എൽഡിഎഫിന് പുതിയ പ്രചാരണവാചകം

തിരുവനന്തപുരം: എൽഡിഎഫിന്റെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണവാചകം പുറത്തിറക്കി. ഉറപ്പാണ് എൽഡിഎഫ് എന്നതാണ് പുതിയ പ്രചാരണവാക്യം. ഉറപ്പാണ് വികസനം, ഉറപ്പാണ് ആരോഗ്യം, ഉറപ്പാണ് ജനക്ഷേമം തുടങ്ങിയ ഉപതലക്കെട്ടുകളുമുണ്ട്. എൽഡിഎഫ് വരും, എല്ലാം ശരിയാകും എന്നതായിരുന്നു കഴിഞ്ഞ തവണത്തെ പ്രചാരണവാചകം.

സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്ന പോസ്റ്ററുകളും ഇതോടൊപ്പം പുറത്തിറക്കി. എകെജി ഹാളിൽ നടന്ന ചടങ്ങിൽ സിപിഎം സംസ്ഥാന സെക്രട്ടറി എ. വിജയരാഘവൻ മുഖ്യമന്ത്രി പിണറായി വിജയനു കൈമാറിയാണ് പ്രചാരണവാചകം പ്രകാശനം ചെയ്തത്.

# അറ്റ്ലാന്റയിൽ അന്താരാഷ്ട്ര വനിതാദിനം ആഘോഷിക്കുന്നു

**അമ്മു സഖറിയ**

അറ്റ്ലാന്റ: സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്ത് പ്രാബല്യം തെളിയിച്ച വനിതകളുടെ സാന്നിദ്ധ്യത്തിൽ ഈ വർഷത്തെ വനിതാദിനം കേരള വനിതാവേദി ആഘോഷിക്കുന്നു.


ആര്യാ രാജേന്ദ്രൻ


സി.എസ്. സുജാത


ഫാത്തിമാ തഹലിയാ


നിഷാ മോഹൻ

ഗ്വിന്നറ്റ് കൗണ്ടി ബോർഡ് ഓഫ് കമ്മീഷണേഴ്സ് ചെയർവുമൺ നിക്കോൾ ഹെൻഡ്രിക്സൺ മുഖ്യാതിഥിയായി എത്തുന്ന ഈ ആഘോഷത്തിന് മാറ്റുകൂട്ടുവാൻ കേരളത്തിൽ നിന്നും തിരുവനന്തപുരം മേയർ ആര്യാ രാജേന്ദ്രൻ, ആലപ്പുഴ മുൻ എംപി സി. എസ്. സുജാത, ഓൾ ഇന്ത്യ മുസ്ലിം ലീഗ് യൂത്ത് വൈസ് പ്രസിഡണ്ട് ഫാത്തിമാ തഹലിയാ, മഹിളാ കോൺഗ്രസ് സെക്രട്ടറി നിഷാ മോഹൻ എന്നിവർ പങ്കെടുക്കുന്നതായിരിക്കും.

ജോർജിയ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ (ജിന)യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കോവിഡ്-19 വാക്സിനേഷൻ സെമിനാർ എല്ലാവർക്കും പ്രയോജനപ്രദമാകുമെന്ന് ജിന പ്രസിഡണ്ട് ഡോക്ടർ ദീപ്തി വർഗീസ് അറിയിച്ചു.




# അംബാനിയുടെ വസതിക്ക് നേരെ സ്ഫോടന ശ്രമം

മുംബൈ: റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയുടെ വസതിക്ക് മുന്നിൽ സ്ഫോടക വസ്തുക്കളുമായി കാർ കണ്ടെത്തിയതിന്റെ ഉത്തരവാദിത്തം ജയ്ഷ്-ഉൽ-ഹിന്ദ് എന്ന സംഘടന ഏറ്റെടുത്തു. സമൂഹ മാധ്യമങ്ങളിലാണ് ഇതു സംബന്ധിച്ച അവകാശവാദം പോസ്റ്റ് ചെയ്തിരിക്കുന്നത്. തീവ്രവാദി ബന്ധം സംബന്ധിച്ച് മഹാരാഷ്ട്ര ഭീകരവിരുദ്ധ സേനയും ക്രൈംബ്രാഞ്ചും അന്വേഷണം നടത്തുന്നതിനിടെയാണിത്. 'അംബാനിയുടെ വസതിക്കു മുന്നിൽ വാഹനം ഉപേക്ഷിച്ച് സഹോദരൻ സുരക്ഷിതമായി തിരിച്ചെത്തി. ഇത് ട്രെയിലർ മാത്രമാണ്. കൂടുതൽ വലുത് വരാനിരിക്കുന്നതേയുള്ളൂ': ജയ്ഷ്-ഉൽ-ഹിന്ദ് സന്ദേശത്തിൽ പറയുന്നു. പണം കൈമാറാനും ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ അടുത്ത തവണ മുകേഷ് അംബാനിയുടെ മക്കളുടെ കാറുകളിലേക്ക് സ്ഫോടക വസ്തുക്കൾ നിറച്ച വാഹനം ഇടിച്ചുകയറ്റുമെന്നും ഭീഷണി മുഴക്കി. നേരത്തെ, ന്യൂഡൽഹിയിൽ ഇസ്രയേൽ എംബസിക്കു സമീപം സ്ഫോടനം നടത്തിയതിന്റെ ഉത്തരവാദിത്തവും ജയ്ഷ്-ഉൽ-ഹിന്ദ് ഏറ്റെടുത്തിരുന്നു. ഫെബ്രുവരി 25 ന് വ്യാഴാഴ്ചയാണ് അംബാനിയുടെ വസതിയിൽ നിന്ന് 600 മീറ്റർ അകലെ ഉപേക്ഷിക്കപ്പെട്ട കാർ കണ്ടെത്തിയത്. പരിശോധനയിൽ 20 ജലറ്റിൻ സ്റ്റിക്കുകളും ഭീഷണിക്കത്തും കണ്ടെടുത്തു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXIX
Number 10
March 05, 2021

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*Chief News Editor*
Thomas Vadakel

*News Editor*
Mini Mani

*Sub Editor*
Cyril Thomas

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to Kerala Express, Grace Publications, Inc. 2050 W. Devon Ave. Chicago, Illinois 60659.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന ഒരു ജലത്തുള്ളി പോലെ അത്ര നിസാരമാണ് മനുഷ്യജീവിതം.

**എഴുത്തച്ഛൻ**

വ്യക്തിത്വം നഷ്ടപ്പെടുന്ന മനുഷ്യന് എല്ലാം നഷ്ടപ്പെടുന്നു.

**ഗാന്ധിജി**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ജനാധിപത്യത്തിന്റെ കരുത്ത് തെളിയിക്കുക

കേരളമടക്കം നാല് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയിലെയും നിയമസഭാ തെരഞ്ഞെടുപ്പ് തീയതികൾ തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചിരിക്കുന്നു. മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ സുനിൽ അറോറയുടെ വാർത്താസമ്മേളനം ഏതു ദിവസവും ഉണ്ടാകാമെന്ന കണക്കുകൂട്ടലിൽ ആവശ്യമായ അണിയറ ഒരുക്കങ്ങൾ നടത്തി ഏതാണ്ടൊരു കാത്തിരിപ്പിലായിരുന്നു കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും നേതാക്കളും പ്രവർത്തകരും. തെരഞ്ഞെടുപ്പ് ലാക്കാക്കിയുള്ള പ്രമുഖ കക്ഷിനേതാക്കളുടെ പര്യടനങ്ങളും പ്രചാരണങ്ങളും നടന്നു. ഇനിയെല്ലാം ഔദ്യോഗിക തെരഞ്ഞെടുപ്പ് ചിത്രത്തിലേക്കു വരുകയാണ്. വോട്ടെടുപ്പിന് ഒന്നര മാസം പോലും തികച്ചില്ല എന്നതു വരുംദിവസങ്ങളെ കൂടുതൽ ചൂടേറിയതാക്കും. കേരളത്തിലും തമിഴ്നാട്ടിലും പുതുച്ചേരിയിലും ഒരൊറ്റ ഘട്ടമായി ഏപ്രിൽ ആറിനാണ് വോട്ടെടുപ്പ്. അസമിൽ മൂന്നു ഘട്ടമായി പോളിങ് നടക്കുമ്പോൾ പശ്ചിമ ബംഗാളിൽ എട്ട് ഘട്ടമാണ്. വോട്ടെണ്ണൽ മെയ് രണ്ടു വരെ ദീർഘിപ്പിക്കുന്നതും ബംഗാളിലെ നീണ്ട പോളിങ് കാലയളവ്. മാർച്ച് 27ന് തുടങ്ങി ഏപ്രിൽ 29 വരെയാണ് അവിടെ പോളിങ്. കഴിഞ്ഞ തവണ ഏഴ് ഘട്ടമായി നടത്തിയപ്പോൾ തന്നെ വിമർശനമുന്നയിച്ചിരുന്ന മുഖ്യമന്ത്രി മമതാ ബാനർജിയും ഭരണകക്ഷി തൃണമൂൽ കോൺഗ്രസും ഇക്കുറിയും ഈ ഷെഡ്യൂളിനെതിരെ രംഗത്തുവന്നിട്ടുണ്ട്. കോൺഗ്രസും ഇടതുപക്ഷവും അടക്കം ദേശീയ പ്രതിപക്ഷ കക്ഷികളും കമ്മീഷന്റെ തീരുമാനത്തെ വിമർശിക്കുന്നു. ഗുരുതരമായ ആരോപണങ്ങളാണ് മമത ഉന്നയിക്കുന്നത്. ബിജെപി ആഗ്രഹിച്ചതുപോലെ വെട്ടിമുറിച്ച് തെരഞ്ഞെടുപ്പ് നടത്തുകയാണ് കമ്മീഷനെന്നു മുഖ്യമന്ത്രി ആരോപിക്കുന്നു. മറ്റു സംസ്ഥാനങ്ങളോട് കാണിക്കുന്ന നീതി പശ്ചിമ ബംഗാളിലെ ജനങ്ങളോട് കമ്മീഷൻ കാണിക്കുന്നില്ലെന്നും മറ്റുമാണ് മമത കുറ്റപ്പെടുത്തുന്നത്. എട്ടു ഘട്ടമായുള്ള പോളിങ് തന്നെ തെരഞ്ഞെടുപ്പ് വിഷയമായി ഉയരുന്ന സാഹചര്യം. രാഷ്ട്രീയ അക്രമങ്ങൾ വ്യാപകമെന്നു പരാതിയുള്ള ബംഗാളിലേക്ക് രണ്ട് സ്പെഷ്യൽ നിരീക്ഷകരെയും അയയ്ക്കുന്നുണ്ട് കമ്മീഷൻ. വേണ്ടിവന്നാൽ മൂന്നാമതൊരാളെക്കൂടി നിയോഗിക്കുമെന്നും മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ പറയുകയുണ്ടായി. സാമൂഹികവിരുദ്ധർ ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുന്നതടക്കം സാഹചര്യങ്ങൾ ഒഴിവാക്കി സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുകയാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ദൗത്യം. അതിനാണ് പല ഘട്ടമായി തെരഞ്ഞെടുപ്പ് നടത്താറുള്ളതും. എന്നാൽ, മുപ്പതും നാല്പതും മണ്ഡലങ്ങൾ വെച്ച് എട്ട് ഘട്ടമായി വോട്ടെടുപ്പ് നടത്തുന്നതിനു പിന്നിലെന്ത് എന്ന സംശയം സംസ്ഥാന ഭരണകക്ഷിയും ദേശീയ തലത്തിലെ പ്രതിപക്ഷ കക്ഷികളും ഉന്നയിക്കുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച അന്തിമതീരുമാനം കമ്മീഷന്റേതാണെന്നിരിക്കെ ഇത്തരം വിവാദങ്ങൾ വളർത്തി വലുതാക്കാതിരിക്കാനാണ് എല്ലാ ഭാഗത്തുനിന്നും ശ്രമിക്കേണ്ടത്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിഷ്പക്ഷതയും വിശ്വാസ്യതയും ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെടരുത്. മുൻപ് ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങൾ സംബന്ധിച്ചുണ്ടായ വിവാദങ്ങൾ ഓർക്കണം. വോട്ടിങ് യന്ത്രത്തിൽ കൃത്രിമം നടത്തുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നു തെളിയിക്കാൻ കമ്മീഷൻ എത്രയോ അദ്ധ്വാനിക്കേണ്ടിവന്നു. ബന്ധപ്പെട്ട കക്ഷികളുടെയെല്ലാം വിശ്വാസ്യത നേടിയെടുക്കാൻ തീർച്ചയായും കമ്മീഷനു കഴിയണം. കോവിഡ് സാഹചര്യത്തിലെ പോളിങ് നമുക്കു പുത്തരിയല്ല. സുനിൽ അറോറ തന്നെ ചൂണ്ടിക്കാണിച്ചതുപോലെ രോഗവ്യാപനം രൂക്ഷമായിരുന്ന സമയത്തുപോലും ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് ഭംഗിയായി നടന്നു. കേരളത്തിലടക്കം നിരവധി സംസ്ഥാനങ്ങളിൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളും കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ളിൽ നിന്നുകൊണ്ടായിരുന്നു നടത്തിയത്. വീടു കയറിയുള്ള പ്രചാരണത്തിന് അഞ്ചുപേരിൽ കൂടുതൽ പാടില്ല. റോഡ് ഷോകളിൽ പരമാവധി അഞ്ച് വാഹനളേ ഉൾപ്പെടുത്താവൂ തുടങ്ങിയ കോവിഡ്കാല നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട് കമ്മീഷൻ. ഓൺലൈനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനും സൗകര്യം. വോട്ടെടുപ്പ് സമയം ഒരു മണിക്കൂർ നീട്ടുന്നു. പോളിങ് ബൂത്തുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. തെരഞ്ഞെടുപ്പ് ജോലിക്കുള്ള ഉദ്യോഗസ്ഥർക്ക് പോളിങ് തീയതിക്കു മുൻപ് വാക്സിനേഷനും നല്കും.

ഇതെല്ലാം ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുന്ന കോവിഡ് പ്രതിരോധനടപടികൾ. ഇവയിൽ പലതും പാലിക്കേണ്ടത് രാഷ്ട്രീയപാർട്ടികളും നേതാക്കളും പ്രവർത്തകരുമാണ്. മാർഗ്ഗനിർദ്ദേശങ്ങൾ ഒരുവശത്ത് മാറ്റിവെച്ച് വൈറസിനെ മറന്നുള്ള പ്രവർത്തനങ്ങൾ തെരഞ്ഞെടുപ്പ് കഴിയുമ്പോഴേയ്ക്കും വലിയ ആപത്തിലേക്ക് പോളിങ് നടക്കുന്ന സംസ്ഥാനങ്ങളെ തള്ളിവിടാം. പ്രത്യേകിച്ചു കേരളമാണ് ഇക്കാര്യത്തിൽ ഏറെ ശ്രദ്ധിക്കേണ്ടത്. സമീപനാളുകളിൽ കോവിഡ്കേസുകൾ ഏറെ വർദ്ധിച്ച സംസ്ഥാനമാണല്ലോ നമ്മുടേത്. തെരഞ്ഞെടുപ്പും വോട്ടവകാശത്തിന്റെ വിനിയോഗവും ജനാധിപത്യ പ്രക്രിയയിലെ ഒഴിവാക്കാനാവാത്ത ഘടകങ്ങളാണ്. സമയത്തു തന്നെ അതു നടക്കുകയും വേണം. അതേസമയം, ഏതു സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന ബോദ്ധ്യവും രാഷ്ട്രീയ കക്ഷികൾക്കും നേതാക്കൾക്കും ഉണ്ടായിരിക്കണം. ആശയങ്ങൾ തമ്മിലാണ് തെരഞ്ഞെടുപ്പ് പോരാട്ടം. ആശയങ്ങളെയും അതു നടപ്പാക്കാനുള്ള നേതൃത്വങ്ങളെയും തെരഞ്ഞെടുക്കാനുള്ള അവകാശം ജനങ്ങൾക്കുള്ളതുമാണ്. ഞങ്ങൾ എന്തുചെയ്യും എന്നു ജനങ്ങൾക്കുമുന്നിൽ അവതരിപ്പിക്കാൻ, അതേക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്താൻ ഒക്കെ പരമാവധി ശ്രമിക്കാം. ഇക്കാര്യത്തിൽ വീറും വാശിയുമുണ്ടാകാം. അതൊക്കെ ജനാധിപത്യത്തിന്റെ കരുത്താണ്. അതിനപ്പുറത്ത് വ്യക്തിപരമായ ഏറ്റുമുട്ടലുകളും സംഘർഷഭരിതമായ അന്തരീക്ഷവും കലുഷിതമായ സാഹചര്യവും ഒന്നും സൃഷ്ടിക്കുകയല്ല രാഷ്ട്രീയപ്രസ്ഥാനങ്ങളും പ്രവർത്തകരും ചെയ്യേണ്ടത്. തികച്ചും ശാന്തവും സമാധാനപരവുമായ അന്തരീക്ഷത്തിൽ സജീവമായ ജനാധിപത്യ പ്രക്രിയ വിജയകരമായി നിറവേറ്റപ്പെടുന്നു എന്ന് നമുക്ക് ഒന്നുചേർന്ന് ഉറപ്പിക്കാം.

# ഓർമിക്കുമോ നമ്മൾ മാതൃഭാഷാമഹത്വം?

ഡോ. കുര്യാസ് കുമ്പളക്കുഴി

**മലയാളിയെപ്പോലെ മാതൃഭാഷാഭിമാനമില്ലാത്ത ഒരു ജനത ലോകത്തൊരിടത്തും കാണുകയില്ല. ഇംഗ്ലീഷറിയുന്നവൻ മാന്യൻ എന്നൊരു വികലധാരണ മലയാളിയുടെ അപകർഷബോധത്തെ പാതാളത്തോളം താഴ്ത്തിക്കളഞ്ഞു എന്നുതന്നെ പറയണം. മാതൃഭാഷ അധ്യയനമാധ്യമമാക്കിയാൽ ആകാശം ഇടിഞ്ഞുവീഴും എന്ന മട്ടിലായിരുന്നു കേരളീയരുടെ ആശങ്ക.**

ഫെബ്രുവരി 21ന് ആയിരുന്നു അന്താരാഷ്ട്ര മാതൃഭാഷാദിനം.

യുനെസ്കോ 1999 നവംബർ 17-നാണ് അന്താരാഷ്ട്ര മാതൃഭാഷാദിനാചരണം സംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്. കാനഡായിൽ താമസിക്കുന്ന രണ്ടു ബംഗ്ലാദേശുകാർ അന്നത്തെ യുഎൻ സെക്രട്ടറി ജനറൽ കോഫി അന്നന് അയച്ച കത്ത് ഇതിനു പ്രേരണയായി. അത് 1998ലായിരുന്നു. ഇതിനുപിന്നാലെ യുനെസ്കോ പ്രഖ്യാപനം നടത്തി. 2007 മേയ് 16-ന് യുഎൻ ജനറൽ അസംബ്ലി യുനെസ്കോയുടെ പ്രഖ്യാപനത്തിന് അംഗീകാരവും നൽകി. എല്ലാ വർഷവും ഫെബ്രുവരി 21-ന് ലോകമെങ്ങും അന്താരാഷ്ട്ര മാതൃഭാഷാദിനമായി ആചരിക്കാനും തീരുമാനമെടുത്തു.

ഐക്യരാഷ്ട്രസഭ ഫെബ്രുവരി 21ന് അന്താരാഷ്ട്ര മാതൃഭാഷാദിനമായി പ്രഖ്യാപിച്ചത് സ്വമേധയാ എടുത്ത തീരുമാനത്തിന്റെ ഫലമായിരുന്നില്ല. അതിന്റെ പിന്നിൽ ബംഗ്ലാദേശിന്റെ സമ്മർദമാണുണ്ടായിരുന്നത്. അതിന്റെയും പിന്നിൽ ഒരു ചരിത്രമുണ്ട്.

1947-ലാണല്ലോ ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ ദേശങ്ങൾ ചേർത്തു പാക്കിസ്ഥാൻ എന്ന രാജ്യം രൂപമെടുത്തത്. ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തും തെക്കുകിഴക്കു ഭാഗത്തുമായി രണ്ടു ഭൂഭാഗങ്ങൾ. ആദ്യത്തേതു പശ്ചിമപാക്കിസ്ഥാനും രണ്ടാമത്തേതു പൂർവപാക്കിസ്ഥാനും. ഇന്ത്യൻ സംസ്ഥാനമായ ബംഗാളിന്റെ മൂന്നിൽ രണ്ടു ഭാഗമാണ് പൂർവപാക്കിസ്ഥാനായി മാറിയത്. ഇരുഭാഗങ്ങളും തമ്മിലുള്ള ദൂരം 1800 കി.മീറ്റർ. രണ്ടു പാക്കിസ്ഥാനുകളിലെയും സംസാരഭാഷ വ്യത്യസ്തമായിരുന്നു. പശ്ചിമപാക്കിസ്ഥാനിൽ ഉറുദുവും പൂർവപാക്കിസ്ഥാനിൽ ബംഗ്ലായും. പൂർവപാക്കിസ്ഥാന്റെ എതിർപ്പ് അവഗണിച്ചു കൊണ്ട്, 1948-ൽ പാക്കിസ്ഥാൻ രാഷ്ട്രത്തിന്റെ ഔദ്യോഗിക ഭാഷ ഉറുദുവായിരിക്കുമെന്ന് പ്രഖ്യാപിച്ചു. പൂർവപാക്കിസ്ഥാൻകാരുടെ പ്രതിഷേധങ്ങൾ സൈനികശക്തികൊണ്ട് അടിച്ചമർത്തി. പക്ഷേ, ബംഗാളികളുടെ മാതൃഭാഷാഭിമാനം അങ്ങനെയങ്ങു വഴങ്ങിക്കൊടുക്കുവാൻ തയ്യാറായില്ല. അവർ പ്രതിഷേധം തുടർന്നു. 1952 ഫെബ്രുവരിയിൽ ധാക്കാ സർവകലാശാലയിലെ വിദ്യാർഥികൾ തങ്ങളുടെ മാതൃഭാഷ ബംഗ്ലാ ഔദ്യോഗികഭാഷയായി അംഗീകരിച്ചുകിട്ടണമെന്നാവശ്യപ്പെട്ടു നടത്തിയ പ്രക്ഷോഭം ലാത്തിച്ചാർജ്ജിലും വെടിവെപ്പിലും കലാശിച്ചു. വെടിവെപ്പിൽ അഞ്ചു വിദ്യാർഥികൾ രക്തസാക്ഷികളായി. അതു ഫെബ്രുവരി 21-നായിരുന്നു.

മാതൃഭാഷയ്ക്കുവേണ്ടി ഇത്തരത്തിലൊരു പ്രക്ഷോഭവും രക്തസാക്ഷിത്വവും ലോകചരിത്രത്തിലെ ആദ്യസംഭവമായിരുന്നു. 1971-ൽ പൂർവ്വ പാക്കിസ്ഥാൻ സ്വതന്ത്രമായി. പുതിയ രാഷ്ട്രത്തിനു നൽകിയതു മാതൃഭാഷയുടെ പേരുതന്നെ - ബംഗ്ലാദേശ്. മാതൃഭാഷ തന്നെ ഔദ്യോഗികഭാഷയുമായി.

ഭാഷയുടെ കാര്യത്തിൽ ഇത്രയ്ക്ക് ആവേശം വേണ്ടല്ലോ എന്നൊരു ചോദ്യം ചിലരിൽനിന്നെങ്കിലും ഉണ്ടായേക്കാം. മാതൃഭാഷയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം എത്ര വികാരഭരിതമാണ് എന്നറിയാത്തവർക്കു മാത്രമേ ഇത്തരത്തിൽ സംശയാലുക്കളാകാൻ കഴിയൂ. മാതൃഭൂമിയും മാതൃഭാഷയും ഏതൊരു വ്യക്തിയുടെയും ആത്മാവിൽ പതഞ്ഞുയരുന്ന രണ്ടു വികാരങ്ങളാണ്.

ഭാഷയുടെ ആദ്യകാലനിർവചനം ആശയപ്രകാശനത്തിനുള്ള ഉപാധിയെന്നായിരുന്നു. അതു തികച്ചും അപര്യാപ്തം. ഭാഷയില്ലാതെ മറ്റു ജീവികളും ആശയപ്രകാശനം സാധിക്കുന്നുണ്ടല്ലോ. ഭാഷ ആത്മാവിഷ്കാരത്തിനുള്ള മാധ്യമവും ഗ്രഹണധാരണകൾക്കുള്ള ഉപകരണവും കൂടിയാണ്. അതിന് എന്തെങ്കിലുമൊരു ഭാഷ പോരേ എന്ന ചോദ്യവും ഉണ്ടാകാം. വസ്തുതകളുടെ സൂക്ഷ്മസ്ഥിതി മനസ്സിലാകുമ്പോൾ ആ ചോദ്യം അശാസ്ത്രീയവും അയുക്തികവുമാണെന്നു വ്യക്തമാകും.

മാതൃഭാഷയ്ക്കു പുറമെ പലരും പല ഭാഷകൾ സ്വായത്തമാക്കാറുണ്ട്. ആധുനിക കാലഘട്ടത്തിൽ, പ്രത്യേകിച്ചും ആഗോളവത്കൃതയുഗത്തിൽ ഇത് അനിവാര്യമാണുതാനും. അതുകൊണ്ട് മാതൃഭാഷയുടെ പ്രാധാന്യം കുറയുന്നില്ല. മാതൃഭാഷ പെറ്റമ്മയാണെന്നും മറ്റു ഭാഷകൾ പോറ്റമ്മമാരാണെന്നും മഹാകവി വള്ളത്തോളിന്റെ ഒരു സാദൃശ്യകല്പനയുണ്ട്. മാതൃഭാഷയിലൂടെ സ്വായത്തമാക്കിയ അറിവും ഭാഷാപരിജ്ഞാനവും അടിസ്ഥാനമാക്കിയാണ് മറ്റു ഭാഷകളുടെ പഠനത്തിലേക്കും പ്രയോഗത്തിലേക്കും നമ്മൾ കടന്നുകയറേണ്ടത്.


ബ്രിട്ടീഷ് ഭരണകാലത്താണ് ഇന്ത്യയിൽ ആധുനിക വിദ്യാഭ്യാസം പ്രചാരത്തിലായതും നമ്മൾ പരിഷ്കൃത ലോകസാഹചര്യങ്ങളിലേക്കു പ്രവേശിച്ചതും. സ്വാഭാവികമായിത്തന്നെ, അന്നത്തെ അധ്യയനഭാഷയും ഭരണഭാഷയും ഇംഗ്ലീഷായിരുന്നു. ഇന്ത്യക്കാരെ നല്ല ഗുമസ്തന്മാരാക്കുക എന്നതിനപ്പുറത്ത് വിദ്യാസമ്പന്നരായ ലോകപൗരന്മാരാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യമൊന്നും സായ്പ് രൂപപ്പെടുത്തിയ വിദ്യാഭ്യാസപദ്ധതിക്കുണ്ടായിരുന്നില്ല. മാതൃഭാഷയിലൂടെ പഠിച്ചു വിദഗ്ധരാകുന്നതിനു പകരം ഇംഗ്ലീഷിലൂടെ തപ്പിത്തടഞ്ഞു ശരാശരിക്കാരനാകാനേ അക്കാലത്തെ ഇന്ത്യക്കാർക്കു കഴിഞ്ഞുള്ളൂ. ഇക്കാര്യത്തിലും അപവാദങ്ങളില്ലെന്നല്ല; ഏതു കാര്യത്തിലും അതു സാധാരണമാണല്ലോ. ഉള്ളിലേക്കു തുറക്കുന്ന വാതിൽ മാതൃഭാഷയാണ്. ഏതു പുതിയ അറിവും അതിലൂടെ ഉൾക്കൊള്ളുമ്പോഴേ പൂർണവ്യക്തതയോടെ മനസ്സിൽ പതിയൂ. ആവിഷ്കാരത്തിനുള്ള ഏറ്റവും തെളിമയാർന്ന മാധ്യമവും മാതൃഭാഷതന്നെ. ഉള്ളിൽനിന്നുള്ള സ്വാഭാവികപ്രവാഹമാണ് മാതൃഭാഷയിലൂടെ സംഭവിക്കുന്നത്. അന്യഭാഷയിലൂടെയുള്ള ഗ്രഹണത്തിനും ധാരണയ്ക്കും ആവിഷ്കാരത്തിനും പരിമിതികളുണ്ട്. ഇക്കാരണത്താലാണു വിദ്യാഭ്യാസ വിദഗ്ധർ അധ്യയനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് ശിപാർശ ചെയ്യുന്നത്.

ഇന്ത്യയെപ്പോലെ ഭാഷാവൈവിധ്യമുള്ള ഒരു രാഷ്ട്രത്തിന് ഒരു പൊതുഭാഷ അല്ലെങ്കിൽ ഔദ്യോഗികഭാഷ വ്യവസ്ഥ ചെയ്യുക എളുപ്പമുള്ള കാര്യമല്ല. 1949 നവംബർ 26-ന് അംഗീകരിച്ച നമ്മുടെ ഭരണഘടനയുടെ എട്ടാം പട്ടികയിൽ ആദ്യം ഉണ്ടായിരുന്നതു 14 ഭാഷകളായിരുന്നു. പിന്നീടു പല ഘട്ടങ്ങളിലായി 8 ഭാഷകൾ കൂട്ടിച്ചേർത്തതുവഴി പട്ടികയിലെ ഭാഷകളുടെ എണ്ണം 22 ആയി.


ഭരണഘടനയിലെ 343 മുതൽ 351 വരെയുള്ള അനുച്ഛേദങ്ങളിലാണ് ഭാഷാപരമായ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത്. ഏറ്റവും അധികം ജനങ്ങളുടെ മാതൃഭാഷ എന്ന നിലയിൽ ഹിന്ദി രാഷ്ട്രത്തിന്റെ ഔദ്യോഗികഭാഷയായി നിശ്ചയിക്കപ്പെട്ടു. എന്നുമാത്രമല്ല, ഹിന്ദിയുടെ പ്രചാരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും വ്യവസ്ഥചെയ്തു. എങ്കിലും ആദ്യത്തെ 15 വർഷത്തേക്ക് രാഷ്ട്രത്തിന്റെ ഔദ്യോഗികഭാഷ ഇംഗ്ലീഷ് ആയിരിക്കണമെന്നും ഭരണഘടന നിർദേശിച്ചിരുന്നു. നൂറ്റാണ്ടുകളായി ഔദ്യോഗികഭാഷയായിരുന്ന ഇംഗ്ലീഷിന്റെ സ്ഥാനത്ത് പെട്ടെന്നു ഹിന്ദിയെ പ്രതിഷ്ഠിക്കുക ബുദ്ധിപൂർവകമോ പ്രായോഗികമോ ആയ നടപടി ആകുമായിരുന്നില്ലല്ലോ. അതോടൊപ്പം, 15 വർഷംകൊണ്ട് ഇംഗ്ലീഷിന്റെ സ്ഥാനത്തു ഹിന്ദി സ്വീകരിക്കാനുള്ള സന്നദ്ധത ഇന്ത്യൻ ജനതയ്ക്കുണ്ടാകുമെന്നു ഭരണഘടനാപിതാക്കൾ പ്രതീക്ഷിച്ചിരുന്നു എന്നും കരുതേണ്ടിയിരിക്കുന്നു.

എന്നാൽ, സംഭവിച്ചതു മറിച്ചാണ്. 15 വർഷം കൊണ്ടു പ്രാദേശികഭാഷാവികാരം കൂടുതൽ ശക്തമായി. ഹിന്ദിവിരോധം ദക്ഷിണേന്ത്യയിലെയും പൂർവേന്ത്യയിലെയും സംസ്ഥാനങ്ങളിൽ വ്യാപകമാകുകയും ചെയ്തു. ഇക്കാര്യത്തിൽ ഏറ്റവും അധികം വികാരം കൊണ്ടതും ആപത്കരമായി പ്രതിഷേധിച്ചതും തമിഴ്നാടായിരുന്നു. ഈ സാഹചര്യത്തിലാണ്, സി.എസ്. കോത്താരി അധ്യക്ഷനായുള്ള ദേശീയ വിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ട് 1966 ജൂണിൽ സമർപ്പിക്കപ്പെടുന്നത്. മൂന്നു ഭാഷകളെ കൂട്ടിക്കെട്ടിയുള്ള ത്രിഭാഷാനയമാണു കമ്മീഷൻ ശിപാർശ ചെയ്തത്. പ്രാദേശികഭാഷ, ഇംഗ്ലീഷ്, ഏതെങ്കിലും ഒരു ആധുനിക ഇന്ത്യൻ ഭാഷ എന്നതായിരുന്നു ക്രമം. 1968-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ത്രിഭാഷാനയം ഔദ്യോഗികമായി അംഗീകരിച്ചു. ഭരണഘടനയുടെ അനുച്ഛേദം 345, ഓരോ സംസ്ഥാനത്തിനും അവരവർക്കു താത്പര്യമുള്ള ഭാഷ ഔദ്യോഗികഭാഷയായി നിശ്ചയിക്കാൻ അധികാരം നൽകുന്നുണ്ട്.

(ശേഷം 30-ാം പേജിൽ)


Malabar
FOODS
909 Greenwood Rd., Unit B, Glenview, IL 60025
Tel: 224-616-3048
Email: malabarcorp@gmail.com
Indian Spices & Groceries
Meat & Sea Food
Kerala Snacks
South Indian / North Indian Catering & Carry Out
Fruits & Vegetables
Organic Produce
WE ACCEPT
EBT
LINK CARD
Royal Malabar
Catering
911 B Greenwood Rd, Glenview, IL 60025
Tel: 847-998-5635
Email: malabarcorp@gmail.com


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


READ AND GROW
വായിക്കുക, വളരുക
Books that educate... books that illuminate... books that inspire...
DIMENSIONS of SPIRITUAL WARFARE
SUNNY PHILIP
BURNED BRICKS
SUNNY PHILIP
BECOMING A GODLY Leader
LESSONS FROM THE LIFE OF DAVID
Sunny Philip
ദാവീദ്
ജീവിതത്തിന്റെ അർത്ഥം തേടി...
ഡോ. സണ്ണി ഫിലിപ്പ് ചെറുപ്പകാലം മുതൽ എഴുതി തുടങ്ങി. പെന്തെക്കോസ്ത് പ്രസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മികച്ച എഴുത്തുകാരനുള്ള അവാർഡുകൾ മലയാളത്തിനും ഇംഗ്ലീഷിനും നേടിയിട്ടുണ്ട്. 1986–ൽ 'ജീവിതത്തിന്റെ അർത്ഥം തേടി' എന്ന ആദ്യപുസ്തകം പ്രസിദ്ധീകരിച്ചു. തനതായ ശൈലിയുള്ള, നൂതന ആശയങ്ങൾ നിറഞ്ഞ ഈ പുസ്തകങ്ങൾ വാങ്ങുക, വായിക്കുക.
Get all five together for $50 from the author.
Rev. Dr. Sunny Philip (516) 286-0345. sphilipnyc@gmail.com

## പി.സി. ജോർജിനെ വേണ്ടെന്ന് യുഡിഎഫ്

തിരുവനന്തപുരം: പി.സി. ജോർജിനെ മുന്നണിയിലെടുക്കാനാകില്ലെന്ന് യുഡിഎഫ് നേതൃത്വം. ഇക്കാര്യം നേതാക്കൾ ജോർജിനെ അറിയിച്ചു. സ്വതന്ത്രനായി മത്സരിച്ചാൽ പിന്തുണയ്ക്കാമെന്ന യുഡിഎഫ് നേതൃത്വത്തിന്റെ നിലപാട് ജോർജ് തള്ളി.കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പത്തനംതിട്ടയിൽ എൻഡിഎയ്ക്കു വേണ്ടി പ്രചാരണത്തിന് ഇറങ്ങിയ ജോർജ് പ്രതീക്ഷിച്ച വിജയം എൻഡിഎയ്ക്ക് ലഭിക്കാതായതോടെ എൻഡിഎ എന്നത് തട്ടിക്കൂട്ട് സംവിധാനമാണെന്ന് പരസ്യമായി ആക്ഷേപിച്ചിരുന്നു. തുടർന്നാണ് യുഡിഎഫിനോട് അടുക്കാൻ ശ്രമിച്ചത്. നിയമസഭയിലടക്കം യുഡിഎഫി



നൊപ്പം സമരങ്ങളിലും പങ്കെടുത്തിരുന്നു. ഘടകകക്ഷിയായാൽ ജോർജിന് എൻഡിഎ രണ്ടുസീറ്റ് നൽകിയേക്കും. യുഡിഎഫ് മുന്നണിയിൽ പ്രവേശിക്കാൻ ആഗ്രഹിച്ച തനിക്കെതിരെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പാരവെച്ചെന്ന് പി.സി. ജോർജ് പറഞ്ഞു. പാരയുടെ രാജാവാണ് ഉമ്മൻ ചാണ്ടി. കെ. കരുണാകരനെയും എ.കെ. ആന്റണിയെയും പാരവെച്ച് താഴെയിറക്കിയ ഉമ്മൻ ചാണ്ടിക്ക് ഇപ്പോൾ രമേശ് ചെന്നിത്തല മുഖ്യമന്ത്രിയാകുമോ എന്നു ഭയമാണെന്നും പി.സി. ജോർജ് സൂചിപ്പിച്ചു. രമേശ് ചെന്നിത്തലയും മുല്ലപ്പള്ളി രാമചന്ദ്രനും കുഞ്ഞാലിക്കുട്ടിയും മുന്നണിപ്രവേശത്തെ അനുകൂലിച്ചിരുന്നതായും പി.സി. ജോർജ് പറഞ്ഞു. മതസമുദായ നേതാക്കളെല്ലാം തന്റെ യുഡിഎഫ് പ്രവേശനത്തെ അനുകൂലിച്ചെങ്കിലും ഉമ്മൻചാണ്ടി എതിർത്തു. പ്രാദേശിക കോൺഗ്രസ് നേതാക്കൾക്കൊന്നും എതിർവികാരമില്ല. അവരെ എനിക്കറിയാം. തനിക്കെതിരെ പാരവെച്ച ഉമ്മൻ ചാണ്ടിക്കെതിരെ പുതുപ്പള്ളിയിൽ സ്ഥാനാർഥിയെ നിർത്തുന്ന കാര്യവും ആലോചിക്കുന്നുണ്ട്. യാക്കോബായ സമുദായത്തിനും ദളിത് ക്രൈസ്തവർക്കും നിർണായക സ്വാധീനമുള്ള മണ്ഡലമാണ് പുതുപ്പള്ളിയെന്നും പി.സി. ജോർജ് പറഞ്ഞു. കാഞ്ഞിരപ്പള്ളി, പാലാ മണ്ഡലത്തിൽ ജനപക്ഷം നിർണായക ശക്തിയാണ്. ഈ രണ്ടു മണ്ഡലങ്ങളിലും ആരു ജയിക്കണമെന്നും ആരു തോൽക്കണമെന്നു ജനപക്ഷം തീരുമാനിക്കും.

# കേരളത്തിൽ 40,771 ബൂത്തുകൾ, 150 കമ്പനി കേന്ദ്രസേന

കോട്ടയം: ഒറ്റഘട്ടമായി നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് പൂർണ്ണം. കോവിഡ് കാലത്ത് നടക്കുന്ന തെരഞ്ഞെടുപ്പിന് മൂന്നു ലക്ഷത്തോളം ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കുക. മുൻ തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് 70,000-ത്തോളം അധിക ജീവനക്കാരുടെ അധിക സേവനമാണ് ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പിന് വേണ്ടി വരികയെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പറയുന്നത്.

ആയിരം വോട്ടർമാർക്ക് ഒരു ബൂത്ത് എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 40,771 ബൂത്തുകളാണ് ഇത്തവണ സജ്ജീകരിക്കുന്നത്. നിലവിലെ പോളിംഗ് ബൂത്തിന് സമീപംതന്നെ പുതിയ ബൂത്തും ക്രമീകരിക്കും. സ്കൂളുകൾ, കോളജുകൾ, ഫാക്ടറികൾ അടക്കമുള്ള സ്ഥലങ്ങളിൽ പോളിംഗ് ബൂത്തിന് സമീപത്ത് അധിക ബൂത്ത് കണ്ടെത്തും. 200 മീറ്ററിനുള്ളിൽ അധിക ബൂത്ത് കണ്ടെത്താനാകാത്തിടത്ത് വീടുകൾ അടക്കമുള്ള സ്വകാര്യസ്ഥാപനങ്ങളും ജില്ലാ കളക്ടർമാർ കണ്ടെത്തിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളും ലഭിക്കാത്ത പ്രദേശത്ത് ടെൻഡ് ബൂത്തുകളും തെരഞ്ഞെടുപ്പ് കമ്മീഷൻ സജ്ജീകരിക്കും.

2.67 കോടി (2,67,31,509) വോട്ടർമാരാണ് ഇത്തവണ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുക. ഇതിൽ 1,29,52,025 പുരുഷന്മാരും 1,37,79,263 സ്ത്രീകളുമാണുള്ളത്. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ഇനിയും അവസരമുള്ളതിനാൽ ഇനിയും ഉയരും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ബൂത്ത് ലെവൽ ഓഫീസർമാർ (ബിഎൽഒ) അടക്കം 2.40 ലക്ഷം ജീവനക്കാരുടെ സേവനമാണ് വിനിയോഗിച്ചതെങ്കിൽ ഇക്കുറി അത് മൂന്ന് ലക്ഷം കടക്കുമെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കുന്നത്. ജീവനക്കാരെ തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കുന്ന ചുമതലകൾ പൂർത്തിയാക്കുന്നതായി ജില്ലാ കളക്ടർമാർ സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. മാസങ്ങൾക്കു മുൻപുതന്നെ സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണയുടെ നേതൃത്വത്തിൽ തുടങ്ങിയ തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളാണ് ഇപ്പോൾ പൂർണ്ണതയിലേക്കു നീങ്ങുന്നത്.

150 കമ്പനി കേന്ദ്രസേനയുടെ സുരക്ഷയിലാണ് ഇക്കുറി തെരഞ്ഞെടുപ്പ്. പ്രശ്നബാധിതവും സങ്കീർണ്ണവുമായ പോളിംഗ് ബൂത്തുകളുടെയെല്ലാം സുരക്ഷയ്ക്കായി കേന്ദ്രസേനയെ വിന്യസിക്കും. ഇപ്പോൾ തന്നെ 30 കമ്പനി കേന്ദ്രസേന സംസ്ഥാനത്തെ ത്തി. അഞ്ചു ജില്ലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന കേന്ദ്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവിടങ്ങളിൽ കേന്ദ്രസേനയുടെ സുരക്ഷ ഒരുക്കും.

കോടതിവിധിയുടെ പശ്ചാത്തലത്തിൽ എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഇത്തവണത്തെ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയില്ല. ഇതിനുള്ള ക്രമീകരണവും ഏർപ്പെടുത്തിയതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

Ann's Beauty Salon

517 N. Wolf Road, Hillside, IL 60162

annsalon@gmail.com

A Full Service Salon & Spa

For all your Beauty Care Needs



Lissy

(Licensed Cosmetologist & Licensed Cosmetology Instructor)

Call for appointment

708-547-6787

Business Hours

Tue - Fri 9:30 a.m to 7 p.m.

Sat. 8 a.m. - 5 p.m.

Sunday appointment only

Monday closed

-Special-

Spa Day Package Includes

| | |
|---|---|
| Full Facial | $ 47 |
| Eyebrow Arch | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair | $ 30 |
| Scalp Massage w/hot oil | $ 30 |
| Manicure | $ 15 |
| Pedicure | $ 25 |
| Total | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

We Specialize In:

Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

Achieve Real Estate Group, Inc.

**Achieve all your real estate needs with us**

“Satisfied customers are our primary goal”

"We are hiring brokers"

**Please contact Sabu Achettu for more information**

Achieve Brokers

**Aby (Karikulam) Thomas**
224-388-9217 (abytrealtor@gmail.com)

**Alexander Mathew**
847 650 0110 (alexmathewchicago@gmail.com)

**Arkadiusz Jamula**
773 671 5555 (aj.jamula@gmail.com)

**Benny Joseph (Puthukulam)**
847 612 4319 (bennyrealtor@comcast.net)

**Biju Jacob**
847 840 5532 (bijubjacob@gmail.com)

**Eby George**
1 773 671 3911 (Ebychengannur@yahoo.com)

**George (Babu) Mathew**
847-602-9326 (georgelrealtor@gmail.com)

**George Panicker**
847 401 7771 (realtorpanicker@gmail.com)

**James P Kannookadan**
847 910 7866 (jimkannoox@hotmail.com)

**Jinson Vachachira**
618-203-9142 (VachaRealtor@gmail.com)

**Joe Luke Chirayil (Appu)**
647-691-3121 (realtorjoeluke@gmail.com)

**John Lyndon Gatus**
224 258 8235 (realtoryjohn1992@gmail.com)

**John (Thengumoottil) Mathew**
847 309 2826 (realtorjthengum@gmail.com)

**Jolly Joseph**
630-615-9240 (realtorjollyjoseph@gmail.com)

**Justin J Jose**
630-923-4319 (realtorjustinjose@gmail.com)

**Luka Chirayil**
630 290 1524 (lchirayil22@yahoo.com)

**Luke Chirayil (Kochumon)**
Cell 630 808 2125 (lchirayil@gmail.com)

**Mohan Sebastian**
847 331 1123 (realtormohan@yahoo.com)

**Prince Eapen**
224 659 0336 (eapenrealtor@gmail.com)

**Renchi Varghese**
847 845 7361 (renchirealtor@yahoo.com)

**Roy John**
708 833 2769 (royjohnreb@yahoo.com)

**Sabu Achettu** (Managing Broker)
847 687 5100 (saburealtor@sbcglobal.net)

**Shawn S Achettu**
847-529-7962 (realtorachettu@gmail.com)

**Sheljo Abraham**
331-202-6087 cell (realtorsheljo@gmail.com)

**Soy Mathew**
847 769 1805 (soymathew@sbcglobal.net)

**Stiby Abraham**
773 -355-8880 (stibyrealtor@gmail.com)

**Thomas (Karikulam) Kuruvilla**
847 219 6050 thomasrealtor557@gmail.com

**Tomy Plathottathil Mathew**
773-349-7154 (tomyrealtor1229@gmail.com)

**Varghese Palamalayil**
224 659 0911 (palamalayil@yahoo.com)

**“For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group”**

**834 E Rand RD Suite 6, Mount Prospect, IL 60056**

**Real Estate for diversified investors and promise for future generations.**

# ആവേശത്തിരയായ് കടലിൽ രാഹുൽ

കൊല്ലം: തിരയുയരും പോലെയായിരുന്നു തീരത്തിന്റെ ആവേശം. മത്സ്യത്തൊഴിലാളികൾക്കൊപ്പം കടലിൽ, ഇതാദ്യമായി ഒരു ദേശീയ നേതാവ്. വെള്ളത്തിൽ നീന്തി വലയിടാനും വള്ളം നിയന്ത്രിക്കാനും ഭക്ഷണം പാകം ചെയ്യാനും ഒടുവിൽ വലക്കണ്ണികളിൽപ്പെട്ട മീൻ തിരയാനും ഒപ്പം കൂടി രാഹുൽ ഗാന്ധി.









1. കൊല്ലം വാടിയിൽ നിന്നു മത്സ്യത്തൊഴിലാളികൾക്കൊപ്പം കടലിലെത്തിയ രാഹുൽ ഗാന്ധി എംപി വല വലിച്ചു കയറ്റാൻ സഹായിക്കുന്നു. 2. വല നേരെയാക്കാനായി കടലിൽ ചാടിയപ്പോൾ. 3. തിരികെ വള്ളത്തിലേക്ക് നീന്തുന്നു 4. കടൽ യാത്രയ്ക്കു ശേഷം വാടിയിൽ തിരികെയെത്തിയ രാഹുൽ വള്ളത്തിൽ നിന്നു ചാടിയിറങ്ങുന്നു.

അതീവരഹസ്യമായി പുലർച്ചെ 5 മണിയോടെയാണ് രാഹുൽ കൊല്ലം വാടി കടപ്പുറത്ത് എത്തിയത്. ഹോട്ടൽ മുറിയിൽനിന്നു പുറപ്പെടുമ്പോൾ ഒപ്പം എംപിമാരായ കെ.സി. വേണുഗോപാലും ടി.എൻ. പ്രതാപനും. പ്രൈവറ്റ് സെക്രട്ടറി അലങ്കാർ സവായ് ഡ്രൈവറായി. നിർബന്ധം കാരണം സുരക്ഷാ ഭടന്മാരിൽ 2 പേരെ ഒപ്പം കൂട്ടി.

പ്രതാപന്റെ സുഹൃത്തിനു കടലിൽ പോകാനെന്നു പറഞ്ഞാണു വാടിയിൽ വള്ളം ഒരുക്കിയിരുന്നത്. നീല ടീഷർട്ടും ട്രാക്ക് സ്യൂട്ടും ധരിച്ച ആ 'സുഹൃത്ത്' രാഹുൽ ഗാന്ധിയാണെന്നു മത്സ്യത്തൊഴിലാളികൾ തിരിച്ചറിഞ്ഞതു മാസ്ക് മാറ്റിയപ്പോൾ. ആദ്യത്തെ അമ്പരപ്പ് പിന്നെ ആവേശമായി. 'പൂണ്ടിമാതാ' എന്ന ചെറുവള്ളത്തിൽ സംഘം കടവിലേക്കിറങ്ങി. പിന്നീടു വലിയ വള്ളത്തിലേക്ക്.

ആറരയോടെ വലയിട്ടു തുടങ്ങി. ആ സമയം എൻജിൻ നിയന്ത്രിച്ചതു രാഹുൽ. വിവരമറിഞ്ഞു പാഞ്ഞെത്തിയ പോലീസ് ഉദ്യോഗത്തിന്റെ മുൾമുനയിൽ നിൽക്കെ, തീരത്തുനിന്ന് ഏകദേശം 6 കിലോമീറ്റർ അകലെ ആഴക്കടലിൽ ഇരുപതിലേറെ മത്സ്യത്തൊഴിലാളികൾക്കൊപ്പം രാഹുൽ വലയിടുന്ന തിരക്കിലായിരുന്നു.

റിങ് വല നേരെയാക്കാൻ തൊഴിലാളികൾ കടലിൽ ചാടിയപ്പോൾ രാഹുലും ഒപ്പം ചാടി. തടയാൻ ശ്രമിച്ചവരോടു പ്രൈവറ്റ് സെക്രട്ടറി അലങ്കാർ സവായ് പറഞ്ഞു: 'ഒരു കുഴപ്പവുമില്ല, ആൾ സ്കൂബ ഡൈവിങ് വിദഗ്ധനാണ്.'

വള്ളത്തിൽ പ്രഭാത ഭക്ഷണം തയാറാക്കാൻ രാഹുലും സഹായിച്ചു. കേരച്ചൂര മുളകിട്ടു വെച്ച 'വള്ളക്കറി' യും ബ്രെഡും തൊഴിലാളികൾക്കൊപ്പമിരുന്നു കഴിക്കുന്നതിനിടെ രാഹുൽ പറഞ്ഞു: 'മീൻ പാകംചെയ്തു മുന്നിലെത്തുമ്പോൾ നിങ്ങളുടെ അധ്വാനത്തെക്കുറിച്ച് ആരെങ്കിലും ഓർക്കുന്നുണ്ടോ?' തങ്ങൾക്ക് ആശ്രയമായ കടൽസമ്പത്ത് ശുഷ്കമാകുന്നെന്ന സങ്കടം കേട്ട് രാഹുൽ തൊഴിലാളികളെ തോളിൽത്തട്ടി ചേർത്തുപിടിച്ചു. പിന്നീട്, വല വലിക്കാനും കൂടി.

വലയിൽ അൽപം കണവ മാത്രമെന്നു കണ്ടപ്പോൾ രാഹുൽ പറഞ്ഞു: 'ഞാൻ കരുതി ഒരുപാട് മത്സ്യം ലഭിക്കുമെന്ന്. നിങ്ങൾ നേരിടുന്ന പ്രശ്നം എനിക്കു മനസ്സിലായി. നിങ്ങളുടെ കഠിനാധ്വാനത്തെ ഞാൻ ആരാധിക്കുന്നു. എന്നും കൂടെയുണ്ടാകും.' 8 മണിയോടെ മടങ്ങിയെത്തിയ രാഹുലിനെ തീരം ഹൃദയത്തോടു ചേർത്തു വരവേറ്റു.

മത്സ്യത്തൊഴിലാളികൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ എന്നും കൂടെ നിൽക്കുമെന്നും അവരുടെ അധ്വാനത്തെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്നെന്നും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി എംപി. മത്സ്യമേഖലയുടെ ദുരിതങ്ങൾ നേരിട്ടറിയാൻ തൊഴിലാളികൾക്കൊപ്പം നടത്തിയ കടൽയാത്രയ്ക്കു ശേഷം തങ്കശ്ശേരി കടപ്പുറത്തു നടന്ന പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിഷമങ്ങളെക്കുറിച്ച് നാളുകളായി കേൾക്കുന്നുണ്ടായിരുന്നു. അതു തന്റെ കണ്ണുകൾ കൊണ്ടു കാണാനും അനുഭവിക്കാനുമാണു കടലിൽപോയത്.

മത്സ്യത്തൊഴിലാളികൾ ദിവസവും അനുഭവിക്കുന്ന ദുരിതം നേരിട്ടറിഞ്ഞ നിമിഷമായിരുന്നു അത്. ഇന്ധനവില പ്രതിദിനം വർധിക്കുകയാണ്. ഈ ദുരിതകാലത്തും മത്സ്യത്തൊഴിലാളികളെ ദ്രോഹിക്കാനാണു സർക്കാർ ശ്രമം. യുപിഎ സർക്കാർ അധികാരത്തിലെത്തുമ്പോൾ മത്സ്യമേഖലയ്ക്കായി ഒരു സ്വതന്ത്ര മന്ത്രാലയം രൂപീകരിക്കും.

# വിഷ്ണു നാരായൺ നമ്പൂതിരി വിടവാങ്ങി

തിരുവനന്തപുരം: ഭാരതീയ തത്വചിന്തയെ സ്വന്തം കാലഘട്ടത്തിന്റെ ധാർമിക സമസ്യകളുമായി സമന്വയിപ്പിച്ച കവി വിഷ്ണു നാരായണൻ നമ്പൂതിരി (81) ഓർമയായി. മറവിരോഗമുൾപ്പെടെ ബാധിച്ച് നാല് വർഷമായി വിശ്രമ ജീവിതത്തിലായിരുന്നു. മൃതദേഹം ശാന്തികവാടത്തിൽ സംസ്കരിച്ചു.




2014–ൽ രാഷ്ട്രം പത്മശ്രീ ബഹുമതി നൽകി ആദരിച്ചു. എഴുത്തച്ഛൻ പുരസ്കാരം, കേരള, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ ഉൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ നേടി.

സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം, അപരാജിത, ആരണ്യകം, ഇന്ത്യ എന്ന വികാരം, മുഖമെവിടെ, അതിർത്തിയിലേക്കൊരു യാത്ര, പ്രണയഗീതങ്ങൾ, ചാരുലത, പരിക്രമം എന്നിവയാണ് പ്രധാന കവിതാസമാഹാരങ്ങൾ. കാളിദാസന്റെ 'ഋതുസംഹാരം' മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി.

തിരുവല്ല മേപ്രാൽ ശ്രീവല്ലി ഇല്ലത്ത് വിഷ്ണു നമ്പൂതിരിയുടെയും അദിതിയുടെയും മകനായി 1939 ജൂൺ 2നാണ് ജനനം. സർക്കാർ കോളജുകളിൽ ഇംഗ്ലീഷ് അധ്യാപകനായിരുന്നു. വിരമിച്ച ശേഷം തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ ശാന്തിക്കാരനായി. സൈലന്റ് വാലി ഉൾപ്പെടെ ശ്രദ്ധേയമായ എല്ലാ പരിസ്ഥിതി പോരാട്ടങ്ങളിലും സജീവമായിരുന്നു. 8 തവണ ഹിമാലയത്തിലേക്കും തീർഥാടനം നടത്തി.


സാവിത്രിയാണ് ഭാര്യ. മക്കൾ: ഡോ. എൻ. അദിതി (റിട്ട. പ്രഫ. എംജി കോളജ്, തിരുവനന്തപുരം), അപർണ (കേന്ദ്രീയ വിദ്യാലയം, തൃശൂർ). മരുമക്കൾ: രാധാകൃഷ്ണൻ നമ്പൂതിരി (റിട്ട. ചീഫ് മാനേജർ, എസ്ബിടി), അന്തരിച്ച കവി എൻ.എൻ. കക്കാടിന്റെ മകൻ ശ്രീകുമാർ (പ്രൊഡ്യൂസർ, ദൂരദർശൻ കേന്ദ്രം, തൃശൂർ).

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE




Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.mydentisttoday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കേരളത്തിൽ അഞ്ച് കൊല്ലം മുൻപ് 30; ഇപ്പോൾ 624 ബാറുകൾ

കോട്ടയം: കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ അവസാനകാലത്ത് 30 ബാറുകൾ മാത്രമുണ്ടായിരുന്ന കേരളത്തിൽ. നിലവിലെ എൽഡിഎഫ് സർക്കാർ സ്ഥാനമൊഴിയുമ്പോഴേക്കും ബാറുകളുടെ എണ്ണം ആയിരത്തോടടുക്കും. മദ്യവർജനമാണു നയമെന്ന് ഇടതുമുന്നണി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും യുഡിഎഫ് സർക്കാരിന്റെ കാലത്ത് അടച്ചു പൂട്ടുകയോ ബീയർ പാർലറുകളാക്കി മാറ്റുകയോ ചെയ്ത ഭൂരിഭാഗം ബാറുകൾക്കും ബാർ ലൈസൻസ് (എഫ്എൽ-3) തിരികെ നൽകിക്കഴിഞ്ഞു. ഈ സാമ്പത്തിക വർഷം മാത്രം 17 പുതിയ ബാറുകൾക്കും 9 ക്ലബുകൾക്കും (എഫ്എൽ-4എ) ലൈസൻസ് നൽകുക കൂടി ചെയ്തതോടെ സംസ്ഥാനത്തെ ബാറുകളുടെ എണ്ണം 624 ആയി. ശേഷിക്കുന്ന 319 ബീയർ-വൈൻ പാർലറുകൾ കൂടി നിലവാരം 3 സ്റ്റാറിലേക്ക് ഉയർത്തുന്ന മുറയ്ക്ക് ബാറുകളാക്കി മാറ്റാനാണു സർക്കാർ തീരുമാനം. ഇതിനു പുറമെ, കഴിഞ്ഞ അഞ്ചു വർഷത്തിനിടെ നൂറോളം പുതിയ ബാറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. യുഡിഎഫിലെ രാഷ്ട്രീയ ഭിന്നതകളെ തുടർന്നാണ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തു സംസ്ഥാനത്തെ ഭൂരിഭാഗം ബാറുകൾക്കും പൂട്ടു വീണത്. പഞ്ചനക്ഷത്ര പദവിയെങ്കിലുമുള്ള ഹോട്ടലുകൾക്കു മാത്രം ബാർ ലൈസൻസ് എന്നതായിരുന്നു അന്നത്തെ നയം. അതോടെ സംസ്ഥാനത്തെ ബാറുകളുടെ എണ്ണം 30 ആയി കുറഞ്ഞു. 815 ബാറുകൾ ബീയർ-വൈൻ പാർലറുകളായി മാറുകയും ചെയ്തു. ഇടതു സർക്കാർ അധികാരത്തിൽ വന്നതിനു പിന്നാലെ മദ്യനയം വീണ്ടും മാറ്റി. 3 സ്റ്റാർ പദവിയെങ്കിലുമുള്ള ഹോട്ടലുകൾക്കെല്ലാം ബാർ ലൈസൻസ് നൽകാൻ തീരുമാനിച്ചു. പൂട്ടുകയോ, ബീയർ -വൈൻ പാർലറുകളാക്കി മാറ്റുകയോ ചെയ്തവ 3 സ്റ്റാർ പദവി നേടുന്ന മുറയ്ക്ക് എഫ്എൽ-3 ലൈസൻസ് അനുവദിക്കാൻ ജില്ലാതലത്തിൽ എക്സൈസ് ഡപ്യൂട്ടി കമ്മീഷണർക്കു തന്നെ അധികാരവും നൽകി. അതോടെയാണു ബാറുകളുടെ എണ്ണം 30 ൽ നിന്നും 624 ലേക്ക് ഉയർന്നത്. ബാർ ലൈസൻസുകൾ പുതുക്കി നൽകുന്ന നടപടി ഇപ്പോഴും തടസ്സമില്ലാതെ നടക്കുന്നുണ്ട്. രണ്ടാഴ്ച മുൻപു ചേർന്ന മന്ത്രിസഭായോഗവും മദ്യനയത്തിൽ മാറ്റം വരുത്തേണ്ടെന്നു തീരുമാനിച്ചിരുന്നു. 3 സ്റ്റാർ നിലവാരം നേടുന്ന ആർക്കും എഫ്എൽ-3 ലൈസൻസ് നൽകും. സർക്കാർ തലത്തിലോ എക്സൈസ് കമ്മീഷണരുമായോ ചർച്ച ചെയ്യാതെ ഡപ്യൂട്ടി കമ്മീഷണർക്കു തന്നെ തീരുമാനമെടുക്കാം.



# കേരള സർക്കാർ അപമാനിച്ചു: ഷിജു വർഗീസ്

കൊച്ചി: 5000 കോടിയുടെ മുതൽമുടക്കാൻ തയാറായി എത്തിയ തങ്ങളെ സർക്കാർ അപമാനിക്കുകയായിരുന്നുവെന്ന് ഇഎംസിസി ഗ്ലോബൽ കൺസോർഷ്യം പ്രസിഡണ്ട് ഷിജു വർഗീസ് മേത്രട്ടയിൽ. വിവാദമുണ്ടായപ്പോൾ മന്ത്രിമാർ 'ഒന്നുമറിഞ്ഞില്ല' എന്ന നിലപാടെടുത്തതു കടുത്ത വേദനയുണ്ടാക്കി.

മന്ത്രിമാർ അറിയാതെ ഉദ്യോഗസ്ഥർ മാത്രം എല്ലാത്തിനും മുൻകൈ എടുത്തു എന്നത് ആരെങ്കിലും വിശ്വസിക്കുമോ? സർക്കാർ നിലപാടു ഹിതകരമല്ലാത്തതിനാൽ ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിൽനിന്നു കമ്പനി പിന്മാറിയേക്കുമെന്നും ന്യൂയോർക്കിൽനിന്ന് ഷിജു പറഞ്ഞു.

**കെഎസ്ഐഡിസി അനുവദിച്ച സ്ഥലത്തെ മത്സ്യസംസ്കരണ പ്ലാന്റ് നിർമാണവുമായി മുന്നോട്ടു പോകുന്നുണ്ടോ?**

ഇനി മത്സ്യ സംസ്കരണ പ്ലാന്റ് മാത്രമായി സ്ഥാപിക്കുന്നതിൽ അർഥമുണ്ടെന്നു തോന്നുന്നില്ല. ധാരണാപത്രങ്ങൾ റദ്ദാക്കുന്നതു സംബന്ധിച്ചു സർക്കാരിന്റെ രേഖാമൂലമുള്ള അറിയിപ്പിനായി കാത്തിരിക്കുന്നു.

**ആഴക്കടൽ മത്സ്യബന്ധനത്തിനു കേന്ദ്ര സർക്കാർ അനുമതി വേണമെന്നറിയാതെ 5000 കോടിയുടെ നിക്ഷേപത്തിനൊരുങ്ങിയത് എന്തുകൊണ്ട്?**



ഷിജു വർഗീസ്

2019 ലെ സമുദ്രനയത്തിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിരുന്നു. ഇതാണു പദ്ധതി രൂപീകരിക്കാൻ പ്രേരണയായത്. സർക്കാർ നയം ഇതിനു വിരുദ്ധമാണെങ്കിൽ അതു പറയേണ്ടിയിരുന്നത് മന്ത്രിമാരും ഉദ്യോഗസ്ഥരുമാണ്.

മുഖ്യമന്ത്രിയെ ഒരു തവണ ക്ലിഫ് ഹൗസിലും രണ്ടാമതു സെക്രട്ടേറിയറ്റിലുമാണ് കണ്ടത്. മന്ത്രി മേഴ്സിക്കുട്ടിയമ്മയും കമ്പനി സിഇഒ ഡുവെൻ ഇ. ഗിരെൻസറും ഒപ്പമുണ്ടായിരുന്നു. ചർച്ചയ്ക്കു ശേഷം വിശദമായി പദ്ധതി രേഖ (ഡിപിആർ) സമർപ്പിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്.

മന്ത്രി മേഴ്സിക്കുട്ടിയമ്മയുമായുള്ള രണ്ടാമത്തെ കൂടിക്കാഴ്ചയിൽ ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ഒപ്പമുണ്ടായിരുന്നു. വിശദമായ റിപ്പോർട്ടും സംസ്കരണപ്ലാന്റിന്റെ ഡിസൈനുമുൾപ്പെടെ മന്ത്രിയുടെ ഓഫീസിൽ സമർപ്പിച്ചിരുന്നു.

കമ്പനിക്കു മുൻപരിചയമില്ലെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും മത്സ്യത്തൊഴിലാളികളും മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികളും കുടുംബശ്രീ പോലെയുള്ള സംഘങ്ങളുടെ അംഗങ്ങളുമാണ് ചെയ്യുന്നത്. പദ്ധതി യാഥാർഥ്യമാക്കാൻ നൂതന ഉപകരണങ്ങളും സാങ്കേതിക വിദ്യയും കമ്പനി നൽകും.

# ഇടതു കൊടി പിടിച്ചാൽ മുഖ്യമന്ത്രിയുടെ ഓഫീസിലിരുന്നു സ്വർണം കടത്താം: രാഹുൽ

തിരുവനന്തപുരം: എൽഡിഎഫിന്റെ ആളാണെങ്കിൽ, അവരുടെ കൊടി പിടിച്ചാൽ മുഖ്യമന്ത്രിയുടെ ഓഫീസിലിരുന്നും സ്വർണക്കടത്തുവരെ നടത്താമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. സ്വജനപക്ഷപാതത്തിനെതിരെ നിരാഹാര സമരം നടത്തുന്നവർ മരിക്കാറായാലും മുഖ്യമന്ത്രിക്ക് ആകുലതയില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നയിച്ച യുഡിഎഫിന്റെ 'ഐശ്വര്യ കേരള യാത്ര'യ്ക്കു സമാപനം കുറിച്ചു ശംഖുമുഖത്തു നടന്ന സമ്മേളനത്തിൽ, എൽഡിഎഫിനൊപ്പം ബിജെപിക്കെതിരെയും രാഹുൽ ഗാന്ധി ആഞ്ഞടിച്ചു.

എൽഡിഎഫിന്റെ കൊടി പിടിക്കാത്ത ചെറുപ്പക്കാരാണെങ്കിൽ ജോലിക്കായി നിങ്ങൾ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തേണ്ടിവരും. എന്നാൽ, എൽഡിഎഫിന്റെ ആളാണെങ്കിൽ മുഖ്യമന്ത്രി നേരിട്ടു ചർച്ച നടത്തും. അർഹതയിൽ കവിഞ്ഞ ജോലി പോലും നൽകും.സ്വർണക്കടത്തു കേസ് അന്വേഷണത്തിനു പിന്നിലെ പാർട്ടിബന്ധങ്ങളെക്കുറിച്ചും രാഹുൽ പരോക്ഷമായി ആരോപണമുന്നയിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിലുള്ള ആൾക്കെതിരെയുള്ള കേസുകളിൽ കേന്ദ്ര അന്വേഷണം ഇഴയുകയാണ്. അതിന്റെ കാരണം മനസ്സിലാകുന്നില്ല. ബിജെപിക്കും കേന്ദ്ര സർക്കാരിനുമെതിരെ സംസാരിച്ചാൽ 24 മണിക്കൂർ ആക്രമണമാണു പതിവ്. തനിക്കെതിരെ ഇത്തരം ആക്രമണം പതിവാണ്: രാഹുൽ പറഞ്ഞു.



ഐശ്വര്യകേരള യാത്രയുടെ സമാപന ചടങ്ങിൽ പങ്കെടുക്കാൻ തിരുവനന്തപുരം ശംഖുമുഖത്ത് എത്തിയ രാഹുൽ ഗാന്ധിയെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല സ്വീകരിക്കുന്നു. പി.കെ. കുഞ്ഞാലിക്കുട്ടി, ഉമ്മൻ ചാണ്ടി, രാജ്മോഹൻ ഉണ്ണിത്താൻ, കെ.സി. വേണുഗോപാൽ, മുല്ലപ്പള്ളി രാമചന്ദ്രൻ, രമ്യ ഹരിദാസ്, പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ തുടങ്ങിയവർ സമീപം.

# ഇ.എം.സി.സിയുമായി ഇനി ഇടപാടുകളില്ല

തിരുവനന്തപുരം: ആഴക്കടൽ മത്സ്യബന്ധനവിവാദത്തിനു പിന്നാലെ യുഎസ് കമ്പനിയായ ഇ.എം.സി.സിയുമായുള്ള എല്ലാ ഇടപാടുകളും സർക്കാർ റദ്ദാക്കി. രണ്ട് ധാരണാപത്രങ്ങൾ റദ്ദാക്കിയതു കൂടാതെ, കമ്പനിക്ക് ആലപ്പുഴ പള്ളിപ്പുറത്തു 4 ഏക്കർ നൽകാനുള്ള തീരുമാനവും റദ്ദാക്കാൻ മന്ത്രി ഇ.പി. ജയരാജൻ സംസ്ഥാന വ്യവസായ വികസന കോർപറേഷന് (കെ.എസ്.ഐ.ഡി.സി) നിർദേശം നൽകി. ഉത്തരവ് ഉടൻ പുറത്തിറങ്ങും. പള്ളിപ്പുറത്തെ മെഗാ ഫുഡ് പാർക്കിൽ സ്ഥലത്തിനു കമ്പനി താത്പര്യം പ്രകടിപ്പിച്ചെങ്കിലും വിശദമായ പദ്ധതി നിർദേശം (ഡിപിആർ) സമർപ്പിക്കുകയോ ഭൂമിക്കു പണമടയ്ക്കുകയോ ചെയ്തിരുന്നില്ലെന്നു വ്യവസായവകുപ്പ് വ്യക്തമാക്കി. ഏക്കറിന് 1.37 കോടിരൂപ നിരക്കിൽ 5.49 കോടിക്കാണ് ഇഎംസിസിക്കു ഭൂമിഅനുവദിച്ചത്. ഭക്ഷ്യസംസ്കരണ യൂണിറ്റിനായി 30 വർഷത്തേക്കു ഭൂമി കൈമാറാനായിരുന്നു തീരുമാനം. ആഴക്കടൽ മത്സ്യബന്ധനപദ്ധതിക്കായി ഇഎംസിസിയും കെഎസ്ഐഡിസിയുമായി ഒപ്പിട്ട മുഖ്യധാരണാപത്രവും കേരളാ ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപറേഷനുമായി ഒപ്പിട്ടഉപധാരണാപത്രവും നേരത്തെറദ്ദാക്കിയിരുന്നു.

# സഭയുടെ നന്മയ്ക്ക് എന്ന പേരിൽ അസഹിഷ്ണുത അരുത്: സീറോ മലബാർ സർക്കുലർ

കൊച്ചി: സഭയുടെ നന്മയ്ക്ക് എന്നവകാശപ്പെടുന്ന മൗലികവാദത്തിനും അസഹിഷ്ണുതയ്ക്കും പ്രകോപനപരമായ പ്രവർത്തനങ്ങൾക്കുമെതിരെ ജാഗ്രത പാലിക്കണമെന്നു സീറോ മലബാർ സർക്കുലർ. കഴിഞ്ഞ മാസം സമാപിച്ച സിനഡിന്റെ തീരുമാനങ്ങൾ ഉൾപ്പെടുന്ന സർക്കുലറിലാണു മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഇക്കാര്യം വിശദീകരിക്കുന്നത്.

മൗലികവാദങ്ങൾ സമൂഹത്തിന്റെ ഭദ്രതയ്ക്കും സമുദായസൗഹാർദത്തിനും ഹാനികരമാണ്. മറ്റു മതങ്ങളുമായുള്ള ബന്ധം, ആരാധനാക്രമം, കരിസ്മാറ്റിക് നവീകരണം തുടങ്ങിയ മേഖലകളിൽ മൗലികവാദം ഉണ്ടാകുന്നതായി സിനഡ് വിലയിരുത്തി. അസഹിഷ്ണുതയുള്ള നിലപാടുകളും പ്രവർത്തനങ്ങളും സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുന്നു. അതിന്റെ അപകടങ്ങൾ ദുരവ്യാപകമാകയാൽ വിശ്വാസികൾ ജാഗ്രത പുലർത്തണമെന്നു സർക്കുലറിൽ പറയുന്നു. സഭാംഗങ്ങളുടെ മൃതദേഹം ദഹിപ്പിക്കുമ്പോൾ സിനഡ് അംഗീകരിച്ച പ്രാർഥനാക്രമം അനുഷ്ഠിക്കണം. കുർബാനകളിലെ പരമ്പരാഗത വായനാപഞ്ചാംഗത്തിനൊപ്പം മറ്റൊന്നുകൂടി സിനഡ് അംഗീകരിച്ചു. അടുത്ത ആരാധനാക്രമവർഷത്തിൽ ഇതുപയോഗിക്കണം. പ്രാധാന്യത്തിന് അനുസൃതമായി ക്രമീകരിച്ച തിരുനാൾ പട്ടികയ്ക്കും അംഗീകാരമായി.

മറ്റു തീരുമാനങ്ങൾ: സീറോ മലബാർ യൂത്ത് മൂവ്മെന്റിൽ 15 മുതൽ 30 വരെ പ്രായക്കാർ അംഗമാകണം. 30 പൂർത്തിയായവർ കത്തോലിക്കാ കോൺഗ്രസിലൂടെ സഭാശുശ്രൂഷയിൽ സജീവമാകണം. സഭയുടെ പ്രബോധനങ്ങൾക്കു നേതൃത്വത്തിനും എതിരായ നിലപാടുള്ളവരെ തിരുത്താനും ആവശ്യമെങ്കിൽ സഭാനിയമമനുസരിച്ചു ശിക്ഷിക്കാനും രൂപതാധ്യക്ഷൻമാരെ സിനഡ് ചുമതലപ്പെടുത്തി.

# ഓഹരി വിപണി മൂക്കുകുത്തി വീണു

മുംബൈ: ഓഹരി വിപണിയിൽ വൻ ഇടിവ്. ഒറ്റ ദിവസം 1939 പോയിന്റിന്റെ ഇടിവാണ് മുംബൈ ഓഹരി സൂചികയിൽ രേഖപ്പെടുത്തിയത്. 40,099 പോയിന്റിലേക്കാണ് ബിഎസ്ഇ വീണത്. 568 പോയിന്റിന്റെ നഷ്ടം രേഖപ്പെടുത്തിയ നിഫ്റ്റി 14529 പോയിന്റിലേക്കും കൂപ്പുകുത്തി. രാജ്യാന്തര വിപണി സാഹചര്യങ്ങളാണ് ഇന്ത്യൻ മാർക്കറ്റിലും പ്രതിഫലിച്ചത്. പ്രത്യേകിച്ച് യുഎൻ-ഇറാൻ സംഘർഷം മൂർച്ചിക്കുന്നത് ആഗോള വിപണിയെ പിടിച്ചുലച്ചു.




# GOODBYE FERGUSON

## PART I: SHOCKING DEATHS

August 19, 2014

The highway patrol captain reported that there were several arrests overnight from rocks and bottles thrown at the police officers, two shootings, two fires, and clashes between the police and protesters. He urged those who protested to take the streets during the day time, so they would not be confused with the unruly seeking violence.

That night's protests started out peacefully, however, ended with several more arrests and the police using mace. An officer pointed a semiautomatic assault rifle at a protester. When the crowd verbally confronted, he responded: I will fucking kill you - Get back. Asked his name, he offered a similar rejoinder: Go fuck yourself. After the ACLU lodged an official complaint, the officer was relieved of duty and suspended indefinitely. Some shouted shame on the governor, since he would not replace the county prosecutor. Some accused the two offices of a conspiracy to teach the blacks who looted a good lesson.

***

John Talbot, the FBI officer in charge of the murder investigation appeared to be a competent man with polite manners. He did not mind David and Meena sitting next to Anna when he questioned her.

"What time did you leave home on your walk?"

"About eight o'clock. We just finished eating."

"Tell me, what happened?"

"We walked as usual down the street. When about to turn around, suddenly, there were rushing footsteps as if someone was running towards us. The next thing I saw was this man wearing a mask, holding up a knife."

"Are you sure it was a man?"

"It has to be a man. A black man."

"How sure was it that he was a black man?"

"I saw the black eyes."

"What happened then?"

"All this happened in a fraction of a second. He stabbed my husband and ran away."

"Did he try to stab you?'

"No"

Did he say anything?"

"No. He simply vanished into the thin air."

"Did your husband say anything?"

"He cried out loud and collapsed"

"What happened then?"

"Holding onto him I screamed at the top of my voice. A couple of people came running. One of them checked out my husband and soon the ambulance came. They gave him CPR."

"Did your husband have any enemies?

"No"

"Any enemies since you both arrived?"

First Anna said no. Then thinking it over for a second, she corrected herself. "In New York he was attacked by a Pakistani doctor." The revelation surprised David and Meena.

"What happened?"

"My husband was in New York for the WHO conference. There was a presentation by a Pakistani doctor on Ebola and he claimed he was in Liberia studying the disease. My husband knew this man never went to Liberia and actually was in Nigeria on a vacation. There was a verbal confrontation when my husband challenged him. That evening, while we were having dinner, this doctor suddenly appeared and challenged my husband. He seemed drunk and struck my husband on his face." She began to sob describing the incident. The FBI man patiently waited.

Wiping the tears with her sari she continued, "Others subdued him. The cops came and arrested him."

"Do you know his name?"

"No"

"We can find out," Talbot assured her. "Did this Pakistani doctor have any friends in Saint Louis?"

Mom kept quiet. David explained there was a large Pakistani community here and it was possible this man had connections. Next, the FBI man questioned David.

"Doctor, how long have you been living in Ferguson?"

"About four years"

"When did your parents arrive in St Louis?"

"August 9th, the day of Michael Brown shooting"

"Do they know anyone else in St. Louis?"

"No"

"Did they visit anyone without you being present?"

"One day my father was at Wash U giving a presentation. Infectious Disease Control team invited him. There was even a write-up next day in the Post-Dispatch about him."

Talbot did not seem interested in those details. "Did your parents take daily walks since they came to visit you?"

"Yes"

"Around the same time each day?"

"Yes, after dinner."

"Same street?

"Yes"

"What is your specialty, Doctor?"

"Psychiatry"

"Are you in private practice?"

"Yes"

"Do you have any disgruntled patients with violent tendencies?"

"Every psychiatrist may have some such patients."

"Do you have any current legal problems?"

(see page 22)

Sunny E. Thomas
Licensed Agent - New York Life Insurance Company
(847) 370-9279
thomasse@ft.nyl.com
www.newyorklife.com/agent/thomasse



- 25+ Years of Industry Experience
- Protection and Insurance Solutions
  - Life Insurance
  - Long Term Care Insurance
  - Disability Income Insurance ^
- Fixed Immediate and Deferred Annuities

Proud to Offer
NEW YORK LIFE
30 N. Martingale Rd.
Suite 400
Schaumburg, IL 60173

"Our mission is to help improve our client's profitability and quality of life"

Call or Email Anytime,
Virtual Consultations Available



Tom E. Sunny, RICP®
SUNNY FINANCIAL STRATEGIES
Financial Advisor *
(847) 414-9116
tsunny@ft.nyl.com
www.tomsunny.com
SunnyFinancialStrategies.com

- Comprehensive Financial Planning *
- Retirement Income/Retirement Savings
- Wealth Management & Investments ^
- Education Funds
- Estate Planning
- Risk Protection
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Employee Benefits/Medicare/Pension/Business Plans

# കൊറോണക്കാലത്തെ കുഞ്ഞൂഞ്ഞുകഥകൾ പ്രകാശനം ചെയ്തു

തിരുവനന്തപുരം: കോവിഡ് കാലത്ത് വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ടപ്പോൾ ഉമ്മൻ ചാണ്ടി എന്ത് ചെയ്യുകയായിരുന്നു? ഇക്കാര്യങ്ങൾ വിശദീകരിക്കുന്ന പി.ടി. ചാക്കോയുടെ 'കൊറോണക്കാലത്തെ കുഞ്ഞൂഞ്ഞുകഥകൾ' എന്ന സമാഹാരം ശശി തരൂർ എംപി പ്രകാശനം ചെയ്തു. മുൻ അംബാസഡർ ഡോ. വേണു രാജാമണി ആദ്യപ്രതി ഏറ്റുവാങ്ങി. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പ്രസ് സെക്രട്ടറിയായിരുന്നു പി.ടി. ചാക്കോ.

ലോക്ഡൗൺ കാലത്ത് ആദ്യ രണ്ടാഴ്ച ഉമ്മൻ ചാണ്ടി പത്രം വായിച്ചും ടിവി കണ്ടും കടിച്ചുപിടിച്ചു വീട്ടിലിരുന്നു. ലോക്ഡൗൺ അനന്തമായി നീണ്ടപ്പോൾ വീടിനുള്ളിലിരുന്ന് എങ്ങനെ ജനസേവനം തുടരാം എന്നായി ആലോചന. താൻ വീട്ടിൽ ഉണ്ടെന്നും ആർക്കെങ്കിലും എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ ഫോണിൽ വിളിക്കാം എന്നു കാണിച്ച് ഉമ്മൻ ചാണ്ടി ഫോൺ നമ്പർ സഹിതം ഫെയ്സ്ബുക്കിൽ ഒരു പോസ്റ്റ് ഇട്ടു. അന്നുമുതൽ ഉമ്മൻ ചാണ്ടിയുടെ വിട്ടിലെ 3 ഫോണുകളും വിശ്രമിച്ചിട്ടില്ല. കോവിഡിൽ വിദേശത്തും അന്യസംസ്ഥാനങ്ങളിലും കുടുങ്ങിയവർ നാട്ടിലെത്താൻ വഴിതേടി ഉമ്മൻ ചാണ്ടിയെ വിളിച്ചു. അർധരാത്രിയിലും വെളുപ്പാൻകാലത്തും വരുന്ന ഫോൺ കോളുകൾ എടുക്കാൻ ഫോൺ ഉമ്മൻ ചാണ്ടി കിടക്കയിൽതന്നെ വെച്ചു. ഇങ്ങനെ കോവിഡ് കാലത്ത് പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് പി.ടി. ചാക്കോയുടെ സമാഹാരം ജി. വി. രമേശ് കുമാർ, കാർട്ടൂണിസ്റ്റ് പ്രസന്നൻ ആനിക്കാട്, വീണാ നായർ എന്നിവർ പ്രസംഗിച്ചു.



# ശമ്പളം നൽകുന്നത് സർക്കാരെങ്കിൽ ചട്ടം ബാധകമെന്ന് ഹൈക്കോടതി

കൊച്ചി: എയ്ഡഡ്, സർക്കാർ സ്കൂളുകളിലെ നിയമന രീതിയും സേവന വ്യവസ്ഥകളും വ്യത്യസ്തമാണെന്നു ചൂണ്ടിക്കാട്ടി എയ്ഡഡ് അധ്യാപകർക്കു മത്സരിക്കുന്നതുൾപ്പെടെ രാഷ്ട്രീയ പ്രവർത്തനത്തിന് അനുമതിയുണ്ടെന്ന സർക്കാർ വാദം തള്ളിക്കൊണ്ടാണ് ഹൈക്കോടതി എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ശമ്പളം നൽകുന്നതു സർക്കാരാണെന്നും അതിനാൽ, കേരള വിദ്യാഭ്യാസ ചട്ടം ബാധകമായ അധ്യാപകർക്കു തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാനോ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനോ അവകാശമില്ലെന്നും വിധിച്ചു.

സർക്കാരിന്റെ പ്രതിഫലം പറ്റുന്നവരെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യരാക്കുന്ന നിയമത്തിൽനിന്ന് എയ്ഡഡ് അധ്യാപകർക്ക് ഇളവുണ്ടെന്നു സർക്കാർ വാദിച്ചു. 1951 ലെ കേരള നിയമ സഭാ (അയോഗ്യതയ്ക്ക് ഇളവ് അനുവദിക്കൽ) നിയമ പ്രകാരമാണ് ഇളവ്.

ഇതിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ നിയമത്തിലെ ചാപ്റ്റർ 4 (എ) തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് അവകാശം നൽകുന്നുണ്ടെന്നു സർക്കാർ ചൂണ്ടിക്കാട്ടി. ചട്ട വിരുദ്ധമായി അയോഗ്യതയ്ക്ക് ഇളവ് അനുവദിക്കുന്ന വകുപ്പ് ഭരണഘടനാനുസൃതമല്ലെന്നു കോടതി വിലയിരുത്തി. സർക്കാരിന്റെ പ്രതിഫലം പറ്റുന്നവർക്കു ജനപ്രാതിനിധ്യ നിയമപ്രകാരം മത്സരവിലക്കുള്ളതും ചൂണ്ടിക്കാട്ടി.

എയ്ഡഡ് സ്കൂൾ അധ്യാപകർക്കു രാഷ്ട്രീയ പ്രവർത്തനം അനുവദിച്ച് 1967 മെയ് 29 നു സർക്കാർ ഉത്തരവിറക്കിയിരുന്നു. തദ്ദേശ സ്ഥാപനത്തിൽ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് അധ്യാപകന് ആ ചുമതല നിർവഹിക്കാൻ കാലാവധി തീരുംവരെ ശമ്പളമില്ലാതെ പ്രത്യേക അവധിക്കു ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ഈ അവധിക്കാലം ഇൻക്രിമെന്റിനും മറ്റും പരിഗണിക്കും. തദ്ദേശ സ്ഥാപനത്തിൽ യോഗങ്ങളിൽ പങ്കെടുക്കാൻ അധ്യയനത്തെ ബാധിക്കാത്തവിധം 20 ദിവസംവരെ ഡ്യൂട്ടി ലീവും കിട്ടും.

നിയമസഭാംഗമായാൽ സഭാസമ്മേളനത്തിൽ പങ്കെടുക്കാനും മറ്റുമായി അംഗത്വ കാലാവധി മുഴുവനുമോ ഒരു വർഷമോ പ്രത്യേകാവധിക്കും വ്യവസ്ഥയുണ്ട്. എയ്ഡഡ് സ്കൂൾ അധ്യാപകരുടെ വേതന പരിഷ്കരണം പഠിക്കാൻ 2007–ൽ സർക്കാർ നിയമിച്ച സമിതി, രാഷ്ട്രീയ പ്രവർത്തനം അനുവദിക്കരുതെന്ന് ശിപാർശ ചെയ്തിരുന്നു.

# പ്രത്യേക അറിയിപ്പ്

## വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

## ഫോട്ടോ അയയ്ക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

## എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപ സമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.




# പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നൽകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

# ഫോമാ സൺഷൈൻ റീജിയൻ ഉദ്ഘാടനം ചെയ്തു



താമ്പാ: ഫോമാ സൺഷൈൻ റീജിയന്റെ ഔപചാരികമായ ഉദ്ഘാടനം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് വർണ്ണഗംഭീരമായി താമ്പായിലെ ക്നായിത്തൊമ്മൻ സോഷ്യൽ ഹാളിൽ വെച്ച് ഫോമാ പ്രസിഡണ്ട് അനിയൻ ജോർജും സൺഷൈൻ റീജിയൻ വൈസ് പ്രസിഡണ്ട വിൽസൺ ഉഴത്തിലും ചേർന്ന് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ടി. ഉണ്ണികൃഷ്ണൻ, തോമസ് ടി. ഉമ്മൻ, ബിജു തോണിക്കടവിൽ എന്നിവർ സന്നിഹിതരായിരുന്നു.

**വിൽസൻ ഉഴത്തിൽ**

ഫെബ്രുവരി 13ന് വൈകിട്ട് 4.45ന് ചെണ്ടമേളത്തിന്റെയും നൂറിൽപ്പരം സ്ത്രീപുരുഷന്മാരുടെയും അകമ്പടിയോടെ നേതാക്കന്മാരെ ഹാളിലേക്ക് ആനയിച്ചു. ആക്സ മെറിൻ സന്തോഷിന്റെ പ്രാർത്ഥനാഗാനത്തോടെ ആർവിപി വിൽസൺ ഉഴത്തിലിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. അമേരിക്കൻ ദേശീയഗാനം ഡാനാ ജോണും ഇന്ത്യൻ ദേശീയഗാനം ദിവ്യാ എഡ്വേഡും ഷീലാ ഷാജുവും ചേർന്ന് ആലപിച്ചു. സൺഷൈൻ റീജിയൻ ചെയർമാൻ ജെയ്സൺ സിറിയക് സ്വാഗതമാശംസിച്ചു.

അദ്ധ്യക്ഷൻ വിൽസൺ ഉഴത്തിൽ ഫോമാ കേരളത്തിലുണ്ടായ പ്രളയത്തിലും കോവിഡ് കാലത്തും നല്കിയ സ്തുത്യർഹമായ സേവനങ്ങളെ പ്രകീർത്തിച്ചതോടൊപ്പം റീജിയൻ നടത്താനിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. യോഗത്തിൽ അനിയൻ ജോർജ് ഫോമായുടെ പുതിയ ചാരിറ്റി പദ്ധതിയായ ഹെല്പിങ് ഹാൻഡ്സിന്റെ പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായി സംസാരിച്ചു. ടി. ഉണ്ണികൃഷ്ണൻ ഫോമായിലെ യുവജനവിഭാഗം, വിമൻസ് ഫോറം എന്നിവയുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു.

തോമസ് ടി. ഉമ്മൻ നേഴ്സിങ് ഫോറം, സീനിയർ ഫോറം എന്നിവയുടെ ആവശ്യകതയെപ്പറ്റിയും പറഞ്ഞു. ബിജു തോണിക്കടവിൽ ഗ്രാൻഡ് കാനിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഫോമാ വഴി കിട്ടാവുന്ന സ്കോളർഷിപ് പ്രോഗ്രാമിനെക്കുറിച്ച് വിവരിച്ചു. ബിനൂപ് കുമാർ, ബിജു ആന്റണി എന്നിവരും പ്രസംഗിച്ചു.

സൺഷൈൻ റീജിയന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനം ശ്രീമതി അമ്മിണി ചെറിയാൻ നിർവഹിച്ചു. ജെയ്സൺ സിറിയക്, റെജി സെബാസ്റ്റ്യൻ, ബിജു ലൂക്കോസ്, ഷാന്റി വർഗീസ്, ടിറ്റോ ജോൺ, സ്മിതാ നോബിൾ, സുനിതാ മേനോൻ, ഷീലാ ഷാജു, ഷെൻസി മാണി, ഹരികുമാർ, ഷിബു ജോസഫ്, സന്തോഷ് തോമസ് എന്നിവർ സംസാരിച്ചു.

കൃഷിപാഠം ക്ലാസ് സീസൺ-2 ഉദ്ഘാടനം സിറിൽ ഡേവി അച്ചൻ നിർവഹിച്ചു. ജെയിംസ് ഇല്ലിക്കൽ (ഫോമാ ഹെല്പിങ് ഹാൻഡ്സ് സോണൽ കോ-ഓർഡിനേറ്റർ), ജോസ് സെബാസ്റ്റ്യൻ (റിയൽഎസ്റ്റേറ്റ് കൺസൾട്ടന്റ്), സാബു ലൂക്കോസ് തുടങ്ങിയവർ പരിപാടിയുടെ സ്പോൺസർമാരായിരുന്നു. സൺഷൈൻ റീജിയണിലെ അംഗസംഘടനാ പ്രസിഡണ്ടുമാരെയും അസോസിയേഷനെ പ്രതിനിധീകരിച്ചു വന്നവരെയും ഫോമാ നേതൃത്വം പൂച്ചെണ്ടുകൾ നല്കി ആദരിച്ചു. എല്ലാ അസോസിയേഷൻ ഭാരവാഹികളും ഫോമയ്ക്കുള്ള പിന്തുണ പ്രഖ്യാപിച്ചു. സുനിൽ വർഗീസ്, സജി കരിമ്പന്നൂർ, നോയൽ മാത്യു, ജോമോൻ ആന്റണി എന്നിവർ ആശംസകളറിയിച്ചു.

പൗലോസ് കുയിലാടനും നിവിൻ ജോസും നേതൃത്വം നല്കിയ ഫോമാ നാടകമേളയുടെ മത്സരവിജയികൾക്കുള്ള ട്രോഫികളും സ്പോൺസേഴ്സിനുള്ള ഫലകങ്ങളും നല്കി ആദരിച്ചു. ശാലു ജോസഫ്, ഡോ. കാരൻ ചെറിയാൻ ജോസഫ്, അഞ്ജലി ചെമ്പരത്തി, ഡാന ജോൺ, ജിജി, നിവിൻ ജോസ്, ഹരികുമാർ തുടങ്ങിയവർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ശ്രീമതിമാരായ ഷീലാ ഷാജുവും അഞ്ജനാ ഉണ്ണികൃഷ്ണനും എംസിമാരായിരുന്നു. ബിജു ലൂക്കോസിന്റെ നന്ദിപ്രകടനത്തോടും തുടർന്ന് നടന്ന ഡിന്നറോടും കൂടി യോഗം പര്യവസാനിച്ചു.

# സെമിനാർ സംഘടിപ്പിച്ചു



ന്യൂജേഴ്സി: ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ മെൻസ് മിനിസ്ട്രിയുടെയും വിമൻസ് മിനിസ്ട്രിയുടെയും നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. നോമ്പുകാല ചൈതന്യചിന്തകൾ ചേർത്ത് ചിക്കാഗോ സെയിന്റ് മേരീസ് ഇടവക കോൺവെന്റിലെ മദർ സിസ്റ്റർ സിൽവേരിയൂസ് സെമിനാർ നയിച്ചു. ഇടവകയിലെ എല്ലാ വിമൻസ് ആൻഡ് മെൻസ് മിനിസ്ട്രി അംഗങ്ങളും സെമിനാറിൽ പങ്കെടുത്തു.



KERALA EXPRESS
പ്രവാസി താളുകൾ

# നോമ്പും പ്രാർത്ഥനയും

ഫാ. ജോൺ ചൂരക്കുന്നേൽ

ജനുവരി ഫെബ്രുവരി മാസമാകുമ്പോൾ നമ്മിൽ മിക്കവരുടെയും ജന്മദേശമായ കേരളത്തിൽ കൂടെക്കൂടെ കേൾക്കാറുണ്ടായിരുന്ന ഭക്തിസാന്ദ്രമായ ഒരു ഗാനമാണ്

മണ്ഡലം നോയമ്പുനോറ്റു അക്ഷരലക്ഷം
മന്ത്രങ്ങൾ ഉരുക്കഴിച്ചു
പുണ്യപാപ ചുമടുകളാം ഇരുമുടിക്കെട്ടുമേന്തി

പൊന്നമ്പല നടചവിട്ടാൻ വരുന്നു ഞങ്ങൾ

പത്തൻപതു വർഷം മുമ്പ് നമ്മൾ കേട്ടിരുന്ന ഒരു ചലച്ചിത്രഗാനമായിരുന്നു അത്. അന്ന് നമ്മൾ ആ ഗാനം ആസ്വദിച്ചു. ഇന്ന് ആ ഭക്തഗാനത്തിന്റെ വരികൾ ഒന്നു മനസ്സിരുത്തി ഉരുവിടാനും അതിലെ ആന്തരികഭാവങ്ങൾ കൊണ്ട് നമ്മുടെ ഉള്ളിൽ ഉണർവു നല്കാനും നമുക്കൊരു ശ്രമം നടത്താം. ഈശ്വരൻ ഹിന്ദുവല്ല, ഇസ്ലാമല്ല, ക്രിസ്ത്യാനിയല്ല, ഇന്ദ്രനും ചന്ദ്രനുമല്ല എന്നു കവി പാടിയതുപോലെ കവിതാമയമായ അമ്മാതിരി പ്രാർത്ഥനയിൽ പ്രകടമാകുന്ന മനഃസാന്നിദ്ധ്യത്തിന്റെ മേഖല വിട്ട്, ഈശ്വരസായൂജ്യമെന്ന കാവ്യവിചാരത്തിന്റെ ഉയരങ്ങളിലേക്ക് എത്തിനിൽക്കാൻ നമുക്കു ശ്രമിക്കുകയുമാകാം.

അങ്ങുദൂരെ ശബരിമലയിൽ പൊന്നമ്പല നടചവിട്ടാൻ വരുന്നു ഞങ്ങൾ എന്നാണല്ലോ ഗാനം. പൊന്നമ്പലനട ചവിട്ടാൻ എന്ന ശൈലിയിൽ നമുക്കാരംഭിക്കാം. എന്താണാ ശൈലിയുടെ സൂചിതം? കവിതയിലെ പ്രാസത്തിനു വേണ്ടി ഗാനരചയിതാവ് ഉപയോഗിച്ച പദം മാത്രമായിരിക്കുമോ അത്? ആയിരിക്കാം. അതിലുപരിയായ അർത്ഥവും അതിനുണ്ടായിരിക്കാം. കവിതയിൽ കാതിനിമ്പം തരുന്ന പദങ്ങൾ ഉപയോഗിക്കപ്പെടുമ്പോൾ അതുപയോഗിച്ച കവികൾക്കുപോലും അക്കാര്യം കണിശമായറിഞ്ഞുകൂടെന്നാണല്ലോ മഹാകവി ടാഗോർ പറയുന്നത്. സാഹിത്യരചനയിൽ നോബൽ സമ്മാനത്തിന് അദ്ദേഹത്തെ അർഹനാക്കിയ ഗീതാഞ്ജലിയിൽ അദ്ദേഹം സ്വന്തം അനുഭവം വിവരിക്കുന്നുണ്ട്.

ദൈവമേ, ഞാൻ ഈ ഞാങ്കണക്കുഴലും കൈയിലേന്തി കുന്നിൻപുറങ്ങളിലൂടെയും താഴ്‌വരകളിലൂടെയും സഞ്ചരിച്ചു. നിത്യനൂതനമായ സ്നേഹത്തിന്റെ ഈരടികൾ ഞാനാകുന്ന ഈ സംഗീതോപകരണത്തിലൂടെ അവിടുന്നുരുവിട്ടു. (ഗീതകം 1) എന്നു തുടങ്ങി പരംപൊരുളായ ദൈവത്തെ നമുക്കേറെ സമീപസ്ഥനായി അദ്ദേഹം ചിത്രീകരിച്ചു. അതു പാരായണം ചെയ്ത ഏതോ ഒരു ഭക്തൻ അതിൽ മതിമറന്നു. അദ്ദേഹം അടുത്തുവന്ന് കവിയോട് മുഖദാവിൽ ചോദിച്ചു: "ആരാണീ ഈശ്വരൻ?" കവി, സവിനയം പറഞ്ഞു: "അയ്യോ, എനിക്കറിഞ്ഞുകൂടല്ലോ." കവി നല്കിയ മറുപടി വിശ്വാസ്യമാകാഞ്ഞിട്ടോ എന്തോ അല്പം അതൃപ്തി നിഴലിക്കുന്ന മുഖഭാവവുമായി ആ ഭക്തൻ നടന്നകന്നു. ആദിപരാശക്തിയായ ദൈവത്തെ വാഴ്ത്തിപ്പാടുന്ന കവിതകൾ കവി വീണ്ടും എഴുതിക്കൊണ്ടിരുന്നു. അവയിലെ കവിഭാവനകൾ അതിരില്ലാതെ ആസ്വദിച്ച ഒരാരാധകൻ കവിയെ സമീപിച്ചു ചോദിച്ചു: അങ്ങയുടെ കവിതകളിൽ അങ്ങുപയോഗിച്ചിരിക്കുന്ന പദങ്ങളിൽ അന്തർലീനമായ അർത്ഥങ്ങൾ ദയവായി വിശദീകരിച്ചു തരുമോ? കവി വിനീതനായി അറിയിച്ചു: അതുമുഴുവനും എനിക്കും നിശ്ചയമില്ല. മറുപടിയുടെ ആത്മാർത്ഥതയെ ചോദ്യംചെയ്താലെന്നതുപോലെ നേരിയ അവജ്ഞ സ്ഫുരിക്കുന്ന മുഖവുമായി ആ അന്വേഷകനും തിരിഞ്ഞുനടന്നു. (ഗീതകം 102)

ടാഗോർ പറഞ്ഞതല്ലേ പരമാർത്ഥം. പരംപൊരുളായ ദൈവത്തെക്കുറിച്ചു മനുഷ്യരായ മനുഷ്യരെല്ലാം ബോധവാന്മാരും ബോധവതികളുമാണ്. ആ ദൈവത്തെ ഭാവന ചെയ്യാനും ചെയ്ത ഭാവനയെ കാതിനമൃതായി പ്രാസത്തിനൊത്ത് അവതരിപ്പിക്കാനും കഴിവുള്ള അനുഗൃഹീതരാണ് കവികൾ. കിളികളുടെ കളനാദംപോലെ അവ നമ്മുടെ മനസിന് കുളിർമയരുളുന്നു. കുമാരനാശാൻ പാടിയതുപോലെ, സാരമായ സകലത്തിലും മതസംഗ്രഹം ഗ്രഹിയാത്തതായ ദൈവത്തെക്കുറിച്ച് കവികൾ പാടിയാൽ അതിന്റെ പൊരുളത്രയും അവരും അറിയണമെന്നില്ല. ഈശ്വരനെ ത്തേടി ഞാൻ നടന്നു; കടലുകൾ കടന്നു ഞാൻ തിരഞ്ഞു... എന്നു പാടിയ ഭക്തകവിയെപ്പോലെ, എഴുതുന്ന കവിയും കവിത വായിക്കുന്ന ഹൃദയാലുവായ അനുവാചകനും ഒരുപോലെ അന്വേഷകരാണല്ലോ. ശാസ്ത്രസംബന്ധമായ അന്വേഷണ പഠനങ്ങൾ നമ്മുടെ അനുദിന ജീവിതത്തെ അഭിവൃദ്ധിപ്പെടുത്തുകയും ഐശ്വര്യപൂർണ്ണമാക്കുകയും ചെയ്യുന്നു. അതുപോലെ ദൈവത്തെക്കുറിച്ചുള്ള അന്വേഷണപഠനങ്ങളും നമ്മുടെ ജീവിതത്തിന്റെ അർത്ഥവും ധന്യതയും നമുക്കു വ്യക്തമാക്കിത്തരുന്നു. ഏതൊക്കെയോ അവാച്യമായ തലങ്ങളിലേക്ക് നമ്മുടെ സാമൂഹികജീവിതത്തെ ഉയർത്തുന്നു. എഴുതുന്ന കവികളും അവരുടെ ആസ്വാദകരും ഒരുപോലെ ഈശ്വരാന്വേഷകരാണല്ലോ. അല്ലെങ്കിൽ കവികൾ തെളിക്കുന്ന സുഖശീതളമായ തിരിവെട്ടത്തെ പിന്തുടരുന്ന അനുവാചകരും അതേ അന്വേഷണപഥം പിന്തുടരുകയാണെന്നു പറയാമല്ലോ.



ലേഖകൻ

പൊന്നമ്പല നട ചവിട്ടാനുള്ള ഉദ്യമത്തെക്കുറിച്ചു പറയുമ്പോൾ, നമ്മളെ സ്വാധീനിക്കാൻ രണ്ട് ചിന്തകളെ അനുവദിക്കുക. ആദ്യത്തേത്, പൊന്നമ്പലം എന്ന പദംതന്നെ. ദേവസ്ഥാനങ്ങൾക്ക്, ആരാധനാലയങ്ങൾക്ക് അവിടെ സന്നിധാനം ചെയ്യുന്നതായി നമ്മൾ വിശ്വസിക്കുന്ന ദൈവത്തിന് സ്വർണ്ണം കൊണ്ടെന്താണാവശ്യമെന്നു ചോദിക്കുന്നവർ നമ്മുടെയിടയിലുണ്ട്. ആ ചിന്താഗതിക്കാരോ അവരുടെ യുക്തിവിചാരത്തിന്റെ സാധുതയോ ഒന്നുമല്ല നമ്മുടെ ചിന്താപഥം. ഈശ്വരസന്നിധിയെ സ്വർണ്ണം കൊണ്ടലങ്കരിക്കുകയും ആകർഷകമാക്കുകയും ചെയ്യണമെന്ന മനോഭാവമുള്ളവർ ധാരാളമുണ്ട്. എന്താണാ ചേതോവികാരത്തിന്റെ അർത്ഥം? അതിന് അവർ നല്കുന്ന ന്യായീകരണമെന്താണ്? അതേ നമ്മളാരായുന്നുള്ളൂ. സ്വീകാര്യമെങ്കിൽ, പൊന്നമ്പല നടയിലോ അവനവന്റേതായ ദേവാലയത്തിലോ നമുക്കണയാം. അവിടെ ഈശ്വരസന്നിധിയിൽ നമുക്കു ഹൃദയശാന്തിയും കർമ്മപ്രചോദനവും കണ്ടെത്താം.

രണ്ടായിരത്തോളം വർഷങ്ങൾക്കു മുന്നം നസ്രത്തിൽ ഒരു പുൽക്കുടിലിൽ യേശു പിറന്നു. ആ ദിവ്യശിശുവിനെ ഒരുനോക്കു കാണുവാനും ആരാധിക്കുവാനുമായി പൂർവ്വദേശത്തുനിന്ന് മൂന്ന് ജ്യോതിഷവിദ്വാന്മാർ അല്ലെങ്കിൽ വാനശാസ്ത്രജ്ഞർ വന്നിരുന്നു. അവരിലൊരാൾ ദിവ്യശിശുവിന് കാഴ്ചയായി കൊണ്ടുവന്നത് സ്വർണ്ണമായിരുന്നു. അതിനു നല്കപ്പെടുന്ന വിശദീകരണമാകട്ടെ അദ്ദേഹം ആ ദിവ്യശിശുവിൽ രാജത്വം ദർശിച്ചിരുന്നു എന്നാണ്. അതായത് രാജാവിന്റെ പദവിയേയും അധികാരത്തെയും സൂചിപ്പിക്കുന്നതാണ് സ്വർണ്ണം എന്നതുതന്നെ. എന്നുവെച്ചാൽ ദേവാലയത്തിലോ അമ്പലത്തിലോ നമ്മൾ സ്വർണ്ണം കാണിക്കവെക്കുന്നു അല്ലെങ്കിൽ ഈശ്വരനെ പ്രതിനിധാനം ചെയ്യുന്ന തിരുസ്വരൂപങ്ങളിൽ സ്വർണ്ണഹാരമണിയിക്കുന്നു എന്നായാൽ, നമ്മളാരാധിക്കുന്ന ദൈവത്തിലും അവിടുത്തെ വാസസ്ഥാനമായ ആരാധനാലയത്തിലും ആരാധകൻ അല്ലെങ്കിൽ അർപ്പകൻ രാജത്വം ദർശിക്കുന്നു എന്നു മാത്രം. കുടുംബനാഥൻ കുടുംബത്തിലും രാജ്യത്തിന്റെ ഭരണത്തലവൻ രാജ്യത്തിനുള്ളിലും അധിപനായിരിക്കുന്നതുപോലെ പ്രപഞ്ചത്തിന്റെ നാഥനായ ദൈവത്തെ പ്രപഞ്ചത്തിന്റെ രാജാവായി ആരാധകൻ കാണുന്നു. സ്നേഹവും പിതൃഭക്തിയുമുള്ള മക്കൾ സ്വന്തം അപ്പനെയും പൗരബോധമുള്ള രാജ്യവാസികൾ രാജ്യത്തിന്റെ ഭരണത്തലവനെയും കാണുന്നതുപോലെ ഭക്തരായ മനുഷ്യർ ദൈവത്തെ കാണാനും സ്വയം വിധേയപ്പെടുത്താനും ആഗ്രഹിക്കുന്നു; പരിശ്രമിക്കുന്നു. അത്രമാത്രം.

നമ്മുടെ മനനവിഷയമാകുന്ന രണ്ടാമത്തെ സംഗതിയാണ് പുണ്യപാപച്ചുമടുകളുടെ മുടിക്കെട്ടുമായി നടചവിട്ടാനുള്ള ഭക്തരുടെ ഉദ്യമം. എന്തൊക്കെ പറഞ്ഞാലും ശരി, മനുഷ്യരായ നമ്മളെല്ലാവരും ഉള്ളിന്റെയുള്ളിൽ നല്ലവരാണ്. സന്തതം മിഹിരതാത്മശോഭയും സ്വന്തമാം മധുകൊതിച്ച വണ്ടിനും സന്തോഷത്തോടെ നല്കുന്നതായി കുമാരനാശാൻ പൂവുകളെ ചിത്രീകരിച്ചു. സൂര്യന് തന്റെ ആത്മസൗന്ദര്യവും തേൻ തേടിയെത്തുന്ന വണ്ടിന് സ്വന്തമായ പൂക്കളിലും സന്തോഷം നല്കുന്ന ആശാന്റെ പൂവിനെപ്പോലെ നമ്മളും നമ്മുടെ സഹോദരങ്ങൾക്ക്-അവർ പരിചിതരായിരുന്നാലും അല്ലെങ്കിലും-നമ്മളാൽ പറ്റുന്ന നന്മ ചെയ്യാൻ ആഗ്രഹിക്കുന്നവരാണ്. ഇതു പറയുമ്പോഴും നമ്മുടെ ദൗർബല്യങ്ങളെക്കുറിച്ചു നമ്മളും എല്ലാവരും ബോധവാന്മാരും ബോധവതികളുമാണ്.

യേശുനാഥൻ ഒരിക്കൽ ദേവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ രണ്ട് മനുഷ്യരുടെ കഥ പറഞ്ഞു. അവരിലൊരാൾ ചുങ്കക്കാരനായിരുന്നു. ഏകദേശം നമ്മുടെ ഹൈവേകളിൽ തീരുവ (ടോൾ) പിരിക്കുന്നവരെപ്പോലെ. അപരൻ പരീശനായിരുന്നു. പ്രാർത്ഥനാലയത്തിൽ പ്രവേശിച്ച ചുങ്കക്കാരൻ ദൈവമേ പാപിയായ എന്നിൽ കനിയണമേ എന്നു പ്രാർത്ഥിച്ചു. (ശേഷം 22-ാം പേജിൽ)

# മലയാളത്തിന്റെ ഭാവിയെക്കുറിച്ച് മലയാളം സൊസൈറ്റി ചർച്ച നടത്തി

എ.സി. ജോർജ്

ഹൂസ്റ്റൺ: മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ബോധവത്കരണവും ഉയർച്ചയും വികാസവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഹൂസ്റ്റണിലെ മലയാളം സൊസൈറ്റി ഓഫ് അമേരിക്ക ഈ മാസത്തെ സമ്മേളനം ഫെബ്രുവരി 14ന് വൈകുന്നേരം വെർചൽ ആയി (സൂം) പ്ലാറ്റ്ഫോമിൽ നടത്തി. മലയാളം സൊസൈറ്റി പ്രസിഡണ്ട് ജോർജ് മണ്ണിക്കരോട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി.എൻ. സാമുവേൽ മോഡറേറ്ററായും എ.സി. ജോർജ് വെർചൽ യോഗ ടെക്നിക്കൽ സപ്പോർട്ടറായും പ്രവർത്തിച്ചു.

ഈ മാസത്തെ സമ്മേളനത്തിൽ ചർച്ച ചെയ്തത് മലയാളത്തിന്റെ ഭാവി എന്ന വിഷയത്തെ ആധാരമാക്കി പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളജിലെ മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ശ്രീവത്സൻ എഴുതിയ പ്രബന്ധമായിരുന്നു. ഡോ. ശ്രീവത്സന്റെ ഒരു ബന്ധുവായ ശ്രീമതി അല്ലി നായർ പ്രബന്ധം വായിച്ചു.

"ലോകമെങ്ങുമുള്ള ഭാഷാസ്നേഹികളെല്ലാം ആശങ്കപ്പെടുന്ന ഒരു പ്രധാന വസ്തുതയാണ് ഭാഷയുടെ ഭാവി. വംശനാശ ഭീഷണി നേരിടുന്ന ജീവികളെ അടയാളപ്പെടുത്തുന്ന റെഡ് ബുക്കിൽ ഇന്നു നാം ഭാഷയും ചേർത്തിരിക്കുന്നു. ഓരോ രണ്ടാഴ്ച കൂടുമ്പോഴും ലോകഭാഷകളിൽ ഓരോന്നു വീതം മരണപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിൽ നമ്മുടെ നിലനില്പും ചൈതന്യവുമായ മലയാള ഭാഷയുടെ നില എന്തെന്ന് ഓർക്കുന്നത് ഉചിതമാണ്. തീർച്ചയായും ഭാഷാനാശ ഭീഷണി അടുത്ത കാലത്തൊന്നും നേരിടാൻ പോകുന്ന ഒരു ഭാഷയല്ല മലയാളം. സമ്പന്നമായ ഒരു ലിഖിത പാരമ്പര്യവും വിപുലമായ വാമൊഴി വഴക്കങ്ങളും ലോകമെമ്പാടും വിതരണവുമുള്ള ഈ ഭാഷയെക്കുറിച്ച് അശുഭാപ്തി വിശ്വാസത്തിന് യാതൊരു സ്ഥാനവുമില്ല. മാത്രവുമല്ല, ആയിരത്തഞ്ഞൂറിലധികം വർഷത്തെ സമ്പന്ന പൈതൃക ഭാഷകൾക്കുള്ള ശ്രേഷ്ഠഭാഷാ പദവി മലയാളത്തിനു ലഭിക്കുകയും ചെയ്തിട്ടുണ്ടല്ലോ. പക്ഷേ, ഭാഷാസ്നേഹികൾ മുഴുവൻ അത്രയൊന്നും സംതൃപ്തരല്ലാത്ത ചില മേഖലകളെപ്പറ്റി അന്വേഷിക്കാനും പഠിക്കാനും അദ്ദേഹം ഈ പ്രബന്ധത്തിൽ ശ്രമിച്ചിട്ടുണ്ട്."സുകുമാരൻ നായരുടെ ആമുഖത്തോടെ ആരംഭിച്ച ചർച്ചയിൽ മലയാളത്തിന്റെ ഭാവിയെപ്പറ്റി പ്രബന്ധാവതാരകന്റെ ആശയങ്ങളോട് ചേർന്നു നിന്നുതന്നെ ശുഭാപ്തിവിശ്വാസം കൈവിടാതെ മലയാളത്തിന്റെ ഭാവിയെപ്പറ്റി ആശാനിരാശകളും ആശങ്കകളും സദസ്യർ പങ്കുവെച്ചു. സിനിമാക്കാരുടെയും രാഷ്ട്രീയക്കാരുടെയും മതമേധാവികളുടെയും സ്റ്റേജ് അവതാരകരുടെയും പല പ്രയോഗങ്ങളിലും അനേകം ഭാഷാപരമായ തെറ്റുകുറ്റങ്ങളും ഭാഷാവൈകല്യങ്ങളും ഭാഷാ വധശ്രമങ്ങളും കടന്നുകൂടാറുണ്ട്. പൊതുജനങ്ങളുടെയും ഓഡിയൻസിന്റെയും കൈയടി നേടാനുള്ള ശ്രമത്തിനിടയിൽ ഭാഷയുടെ ഹൃത്തടത്തിൽ കത്തിവെച്ചുകൊണ്ടുള്ള കൊലവിളികൾ നടത്താറുണ്ട്. എങ്കിലും മലയാള ഭാഷ കൊണ്ടുംകൊടുത്തും കടമെടുത്തും മാറ്റങ്ങളിലൂടെ, പരിണാമങ്ങളിലൂടെ നിലനിൽക്കും. അതു മരിക്കുകയില്ലെന്ന ശുഭാപ്തി വിശ്വാസത്തിൽ തന്നെയാണ് സന്നിഹിതരായ എഴുത്തുകാരും അനുവാചകരും ഭാഷാസ്നേഹികളും അഭിപ്രായങ്ങൾ രേഖപ്പെടുത്തിയത്. ജോൺ ഇലക്കാട്ട്, കുര്യൻ മ്യാലിൽ, ടി.ജെ. ഫിലിപ്പ്, ഗോപിനാഥ പിള്ള, ശാന്താ പിള്ള, ടി.എൻ. സാമുവൽ, എ.സി. ജോർജ്, ജോൺ കൂന്തറ, ജെയിംസ് ചിരത്തടത്തിൽ, ജെയിംസ് മുട്ടുങ്കൽ, ജോർജ് പുത്തൻകുരിശ്, ജോർജ് മണ്ണിക്കരോട്ട്, പൊന്നുപിള്ള, ജോസഫ് തച്ചാറ, അല്ലി നായർ, തോമസ് വർഗീസ്, സുകുമാരൻ നായർ, നൈനാൻ മാത്തുള്ള, ഈശോ ജേക്കബ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. മഹാകവി ഒ.എൻ.വിയുടെ ചരമദിനമായ അന്ന് അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് ജോർജ് പുത്തൻകുരിശ് സംസാരിച്ചു. മലയാളം സൊസൈറ്റി വൈസ് പ്രസിഡണ്ട് ശ്രീമതി പൊന്നു പിള്ള നന്ദി രേഖപ്പെടുത്തി.



പകൽക്കിനാവ്
ജോർജ് തുമ്പയിൽ 211
thumpayil@aol.com

# ഇതാണ് ദൃശ്യം; ഇതാണ് ഒടിടി!

ദൃശ്യം-2 എന്ന മലയാള സിനിമ റിലീസായതാണ് അത്ഭുതപ്പെടുത്തിയത്. ആമസോണിലൂടെ അത് കാണാനാവുക, അതും കുടുംബവുമൊത്ത് വീട്ടിലിരുന്ന്. അത്ഭുതപ്പെട്ടില്ലെങ്കിലേ പറയേണ്ടതുള്ളു. മുൻപൊക്കെ സിനിമ കാണാൻ പോകുന്നത് തന്നെ വലിയ കാര്യമായിരുന്നു. റിലീസ് ചിത്രങ്ങൾ എന്നൊന്നും പറയാൻ പറ്റില്ല. ഓടി വിജയിച്ച ചിത്രങ്ങൾ മാത്രമാണ് തീയേറ്ററിൽ പോയി കാണാറുണ്ടായിരുന്നത്. അതും ദിവസങ്ങളോളമുള്ള ഒരുക്കമാണ്. തീയേറ്ററിൽ പോവുക എന്നത് വലിയ കാര്യമായി കണ്ടിരുന്ന കാലത്ത് നിന്നും വളരെ പെട്ടെന്ന് അത് ടിവിയിലേക്കും വിസിആറിലേക്കും പിന്നീട് സിഡിയിലേക്കും എന്തിന് യുട്യൂബിലേക്കുമൊക്കെ മാറി. പക്ഷേ, ഒ.ടി.ടി അഥവാ ഓവർ ദി ടോപ് പ്ലാറ്റ് ഫോം എന്ന ടെക്നിക്കാണ് അത്ഭുതപ്പെടുത്തിയത്. റിലീസ് ദിവസം തന്നെ എവിടെയിരുന്നും എപ്പോൾ വേണമെങ്കിലും കാണാം. പകുതി കണ്ടിട്ട്, ബാക്കി സമയമുള്ളപ്പോൾ കാണാം, എന്തിന് ഓഫീസിലെ ഇടവേളകളിൽ പോലും ഹെഡ് സെറ്റ് ഉപയോഗിച്ച് കാണാമെന്ന സൗകര്യം. അതും നല്ല അടിപൊളി ക്ലാരിറ്റിയിൽ, ശരിക്കും തീയേറ്ററിൽ ഇരുന്നു കാണുന്നതിനു സമാനമായി. ഒറ്റവ്യത്യാസം, അത്ര വലിപ്പമില്ലെന്നു മാത്രം. അല്ലെങ്കിൽ തന്നെ ഈ വലിപ്പത്തിലൊക്കെ എന്തിരിക്കുന്നു. കണ്ടാൽ പോരെ, അതും വളരെ തുച്ഛമായ തുകയ്ക്ക് വീട്ടിലെല്ലാവർക്കും കൂടി ഒരുമിച്ചിരുന്നു കാണുക. ഇത് അത്ഭുതമല്ലാതെ മറ്റൊന്നുമല്ലെന്നാണ് എന്റെ വിചാരം.

ഇനി എന്താണ് ഈ ഒടിടി എന്നു നോക്കാം. എല്ലാവരും നെറ്റ് ഫ്ലിക്സ്, ആമസോൺ പ്രൈം, യപ് ടിവി എന്നൊക്കെ പറയുന്നുണ്ടെങ്കിലും ഇതിനക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് സംഗതിയുടെ ഗുട്ടൻസ് കൂടുതൽ പിടികിട്ടിയത്. ഇന്റർനെറ്റ് വഴി കാഴ്ചക്കാർക്ക് നേരിട്ട് വാഗ്ദാനം ചെയ്യുന്ന ഒരു സ്ട്രീമിംഗ് മീഡിയ സേവനമാണ് ഓവർദിടോപ്പ്. കേബിൾ, ബ്രോഡ്കാസ്റ്റ്, സാറ്റലൈറ്റ് ടെലിവിഷൻ പ്ലാറ്റ്ഫോമുകളെ ഒടിടി മറികടക്കുന്നു. പരമ്പരാഗതമായി അത്തരം ഉള്ളടക്കത്തിന്റെ ഒരു കൺട്രോളർ അല്ലെങ്കിൽ വിതരണക്കാരനായി പ്രവർത്തിച്ചിരുന്നവരെ ഒഴിവാക്കുന്നു എന്നു സാരം. ഫിലിം, ടെലിവിഷൻ ഉള്ളടക്കങ്ങളിലേക്ക് ആക്സസ് വാഗ്ദാനം ചെയ്യുന്ന സബ്സ്ക്രിപ്ഷൻ അധിഷ്ഠിത വീഡിയോ ഓൺ ഡിമാൻഡ് (എസ്‌വിഡി) സേവനങ്ങളുടെ പര്യായമാണ് ഇതെന്നു വേണമെങ്കിൽ പറയാം.

ഒരു പരമ്പരാഗത സാറ്റലൈറ്റ് അല്ലെങ്കിൽ കേബിൾ ടിവി ദാതാവിന് സമാനമായ ലീനിയർ സ്പെഷ്യാലിറ്റി ചാനലുകളുടെ ലൈവ് സ്ട്രീമുകളിലേക്ക് പ്രവേശനം നൽകുന്ന ടിവി സേവനങ്ങളുടെ ഒരു തരംഗമാണിത്. എന്നാൽ സ്വകാര്യ നെറ്റ്വർക്കിനുപകരം പൊതു ഇന്റർനെറ്റിലൂടെ സ്ട്രീം ചെയ്യുന്നുവെന്നു മാത്രം.

വ്യക്തിഗത കമ്പ്യൂട്ടറുകളിലെ വെബ്സൈറ്റുകൾ വഴിയും മൊബൈൽ ഉപകരണങ്ങളിലെ ആപ്ലിക്കേഷനുകൾ (സ്മാർട്ട്ഫോണുകളും ടാബ്ലെറ്റുകളും പോലുള്ളവ), ഡിജിറ്റൽ മീഡിയ പ്ലെയറുകൾ (വീഡിയോ ഗെയിം കൺസോളുകൾ ഉൾപ്പെടെ) അല്ലെങ്കിൽ സ്മാർട്ട് ടിവി പ്ലാറ്റ്ഫോമുകളുള്ള ടിവി എന്നിവയിലൂടെ ഓവർദിടോപ്പ് സേവനങ്ങൾ ആക്സസ് ചെയ്യാനാകും. ഇന്റർനെറ്റ് വഴി കാഴ്ചക്കാർക്ക് നേരിട്ട് വാഗ്ദാനം ചെയ്യുന്ന ഒരു സ്ട്രീമിംഗ് മീഡിയ സേവനമാണ് ഓവർദിടോപ്പ് എന്ന് ഒറ്റവാക്യത്തിൽ പറയാം. അതായത്, കേബിൾ, ബ്രോഡ്കാസ്റ്റ്, സാറ്റലൈറ്റ് ടെലിവിഷൻ പ്ലാറ്റ്ഫോമുകളൊക്കെയും ഇവിടെ അപ്രസക്തമാവുന്നു എന്നു ചുരുക്കം. ഇവിടെ ഉപയോക്താവാണ് രാജാവ്. നമുക്ക് നമ്മുടെ ഇഷ്ടത്തിനു നമ്മുടെ സമയത്തിന് കാണാനാവും.

ചാനലുകൾ മാറ്റാൻ കഴിയുന്ന നെറ്റ്വർക്കുകളായ കേബിൾ, ഐപിടിവി എന്നിവ വാഗ്ദാനം ചെയ്യുന്ന വീഡിയോ ഓൺ ഡിമാൻഡ് വീഡിയോ ഡെലിവറി സിസ്റ്റങ്ങൾക്ക് വിപരീതമായി, ഐട്യൂൺസ് പോലുള്ള ചില ഒടിടി സേവനങ്ങൾ വീഡിയോ ആദ്യം ഡൗൺലോഡ് ചെയ്ത് പ്ലേ ചെയ്യണമെന്ന് ആവശ്യപ്പെടുന്നു. നെറ്റ്ഫ്ലിക്സ്, ഹുലു, ഡിസ്നി +, ആമസോൺ പ്രൈം വീഡിയോ എന്നിവ ഡൗൺലോഡ് പൂർത്തിയാകുന്നതിന് മുമ്പ് (സ്ട്രീമിംഗ്) പ്ലേ ചെയ്യാൻ ആരംഭിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ് ഫെഡറൽ കമ്മ്യൂണിക്കേഷൻസ് കമ്മീഷൻ (എഫ്സിസി) ഒടിടി സേവനങ്ങളെ രണ്ട് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു: മൾട്ടിചാനൽ വീഡിയോ പ്രോഗ്രാമിംഗ് വിതരണക്കാർ (എംവിപിഡി); ഓൺലൈൻ വീഡിയോ വിതരണക്കാർ (ഒവിഡി). എടി ആൻഡ് ടി ടിവി, ഫ്യൂബോ ടിവി, സ്ലിംഗ് ടിവി, ഹുലു + ലൈവ് ടിവി, യൂട്യൂബ് ടിവി എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന സേവനങ്ങൾ വെർചൽ എംവിപിഡികളിൽ ഉൾപ്പെടുന്നു. പ്രക്ഷേപണത്തിൽ, ഇന്റർനെറ്റിലൂടെ വിതരണം ചെയ്യുന്ന ഓഡിയോ, വീഡിയോ, മറ്റ് മീഡിയ ഉള്ളടക്കം എന്നിവയാണ് ഓവർദിടോപ്പ് (ഒടിടി) ഉള്ളടക്കം. ഉള്ളടക്കത്തിന്റെ നിയന്ത്രണത്തിലോ വിതരണത്തിലോ ഒരു മൾട്ടിപ്പിൾ സിസ്റ്റം ഓപ്പറേറ്ററുടെ (എംഎസ്ഒ) പങ്കാളിത്തം ഇല്ലാതെ ഇത് ഉപയോഗിക്കാനാവും. ഇന്റർനെറ്റ് പ്രോട്ടോക്കോൾ (ഐപി) പാക്കറ്റുകളുടെ ഉള്ളടക്കത്തെക്കുറിച്ച് ഇൻറർനെറ്റ് ദാതാവിന് അറിവുണ്ടായിരിക്കാം, പക്ഷേ കാണാനുള്ള കഴിവ്, പകർപ്പവകാശം, കൂടാതെ / അല്ലെങ്കിൽ ഉള്ളടക്കത്തിന്റെ മറ്റ് പുനർവിതരണം എന്നിവയ്ക്ക് ഉത്തരവാദിത്തമോ നിയന്ത്രിക്കാനോ കഴിയില്ല.




പേ ടിവി, വീഡിയോ ഓൺ ഡിമാൻഡ്, ഇൻറർനെറ്റ് പ്രോട്ടോക്കോൾ ടെലിവിഷൻ (ഐപിടിവി) എന്നിവയിൽ നിന്നുള്ള ഇൻറർനെറ്റ് സേവന ദാതാവിൽനിന്ന് (ഐഎസ്പി) വീഡിയോ അല്ലെങ്കിൽ ഓഡിയോ ഉള്ളടക്കംവാങ്ങുന്നതിനോ വാടകയ്ക്കെടുക്കുന്നതിനോ ഇവിടെ കഴിയില്ല. ഓൺലൈൻ ടെലിവിഷൻ അല്ലെങ്കിൽ ഇൻറർനെറ്റ് ടെലിവിഷൻ അല്ലെങ്കിൽ സ്ട്രീമിംഗ് ടെലിവിഷൻ എന്ന് വിളിക്കപ്പെടുന്ന ഐപി പാക്കറ്റുകൾ, ഏറ്റവും ജനപ്രിയ ഉള്ളടക്കമായി തുടരുന്നു. മലയാളികളെ സംബന്ധിച്ചിടത്തോളം സൂഫിയും സുജാതയും എന്ന ജയസൂര്യ ചിത്രമാണ് ഇത്തരത്തിൽ ആദ്യമായി ഒടിടി പ്ലാറ്റ് ഫോമിൽ വന്നത്. കോവിഡ് കാലത്ത് ഓൺലൈൻ കുതിച്ചു ചാട്ടത്തിൽ ഒടിടി നിർണായക സ്വാധീനമാണ് ചെലുത്തിയത്. ഇതാ, മലയാളികളെ മുഴുവൻ ത്രില്ലടിപ്പിച്ച് മോഹൻലാലിന്റെ ദൃശ്യം-2-വും എത്തിയിരിക്കുന്നു.

ഒരു ടെറസ്ട്രിയൽ അല്ലെങ്കിൽ ഉപഗ്രഹത്തിൽ നിന്നോ ടിവി സിഗ്നൽ ലഭിക്കുന്നതിന് പകരം ഇന്റർനെറ്റിലൂടെയോ ഒരു സെൽ ഫോൺ നെറ്റ്വർക്കിലൂടെയോയാണ് ഒടിടി സിഗ്നൽ ലഭിക്കുന്നത്. ഒരു ഫോൺ, പിസി അല്ലെങ്കിൽ സ്മാർട്ട് ടെലിവിഷൻ സെറ്റിലേക്ക് കണക്റ്റുചെയ്തിരിക്കുന്ന ഒരു ആപ്ലിക്കേഷൻ അല്ലെങ്കിൽ പ്രത്യേക ഒടിടി ഡോംഗിൾ അല്ലെങ്കിൽ ബോക്സ് വഴി വീഡിയോ വിതരണക്കാരൻ ആക്സസ്സ് നിയന്ത്രിക്കുന്നു. 2021 പകുതിയോടെ, യുഎസ് കുടുംബങ്ങളിൽ 60 ശതമാനവും ഒടിടി ആക്സസിലേക്ക് മാറുമെന്നാണ് കണക്ക്. കൂടാതെ ഒടിടി ചാനലുകളിൽ നിന്നുള്ള പരസ്യ വരുമാനം വെബ് ബ്രൗസർ പ്ലഗ്ഇന്നുകളിൽ നിന്നുള്ളതിനേക്കാളും കൂടുതലാണ്.

ഏറ്റവും കൂടുതൽ പേർ കണ്ട ഒടിടി സ്ട്രീമിങ് റെക്കോഡുകൾ ഹോട്ട്സ്റ്റാറിനാണ്. ഒരേസമയം 18.6 ദശലക്ഷം പേരാണ് ഡിസ്നിയുടെ ഇന്ത്യൻ വീഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോം ഹോട്ട്സ്റ്റാർ കണ്ടത്. ലോകത്തിൽ ഏറ്റവും കൂടുതൽ ഒടിടി ഉപയോഗിക്കുന്നത് ഏഷ്യൻ രാജ്യങ്ങളാണെന്നാണ് കണക്ക്. അതുകൊണ്ടു തന്നെ ഡിസ്നി ഹോട്ട്സ്റ്റാർ, നെറ്റ്ഫ്ളിക്സ്, ആമസോൺ പോലുള്ള കമ്പനികൾ ഇവിടേക്ക് ചൂണ്ടയിട്ടു കഴിഞ്ഞു. ഇതു കൂടാതെ നിരവധി ഇന്ത്യൻ കമ്പനികളും ഈ രംഗത്തുണ്ട്. ഇനി എന്തൊക്കെ കാണാനിരിക്കുന്നു. അങ്ങനെ ദൃശ്യത്തിന്റെ രണ്ടാം ഭാഗം ഇൻസ്റ്റന്റായി കണ്ടതിന്റെ ഒരു സുഖവും ഈ കോവിഡ് കാലത്തുണ്ട്. കൂടുതൽ പുതുമകൾ ഉടൻ ഈ രംഗത്തുണ്ടായേക്കുമത്രേ. അപ്പോൾ കാത്തിരിക്കാം അതിനായി, ഒപ്പം പുതിയ മലയാളചിത്രങ്ങൾക്കും!

BEST TIME TO BUY!!!



Mathew Kunjappy
Managing Broker
Emsons Realty LTD

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS
Holiday Inn Express
bp
IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA
The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.
For more details, please email or call!
EMSONS REALTY
Call: 1-630-935-4333 • Fax: 630-359-5885
Email: mk@emsonsrealty.com
240 E- LAKE STREET, SUITE No 109B, ADDISON, IL 60101

# ഐ.ഒ.സി തെരഞ്ഞെടുപ്പ് ചർച്ച അവിസ്മരണീയമായി

ഫ്രാൻസിസ് തടത്തിൽ


ന്യൂയോർക്ക്: കോൺഗ്രസും യുഡിഎഫും ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ മാത്രമേ കേരളത്തിൽ യുഡിഎഫ് അധികാരത്തിൽ തിരിച്ചെത്താൻ കഴിയുകയുള്ളുവെന്ന് ഇടുക്കി എംപി ഡീൻ കുര്യാക്കോസ്. അതിനായി ഐഒസി പോലുള്ള പ്രവാസി സംഘടനകളുടെ സഹായവും സഹകരണവും ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരളയുടെ ന്യൂയോർക്ക് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫിനെ വിജയിപ്പിക്കാൻ അമേരിക്കൻ പ്രവാസി മലയാളികൾക്കുള്ള പങ്ക് എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചർച്ചയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടി കൂടുതൽ പുതുമുഖങ്ങൾക്കും യുവാക്കൾക്കും വനിതകൾക്കും പ്രാതിനിധ്യം നല്കേണ്ടതാണെന്ന് തുടർന്നു പ്രസംഗിച്ച കെപിസിസി വൈസ് പ്രസിഡണ്ടു കൂടിയായ വി.ഡി. സതീശൻ എംഎൽഎ അഭിപ്രായപ്പെട്ടു. അതിനായി ഐഒസി, ഇൻകാസ് പോലുള്ള പ്രവാസി സംഘടനകളുടെ സഹായസഹകരണം അനിവാര്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.


ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിയിൽ നിന്ന് വിജയസാദ്ധ്യതയുള്ള പുതുമുഖങ്ങളായ യുവാക്കളെയും സ്ത്രീകളെയും ഉൾപ്പെടുത്തണമെന്ന നിർദ്ദേശമാണ് കോൺഗ്രസ് നേതൃത്വത്തിനു മുന്നിൽ തനിക്ക് വെക്കാനുള്ളതെന്ന് കെപിസിസി ജനറൽ സെക്രട്ടറി ടോമി കല്ലാനി പറഞ്ഞു. എല്ലാ അഭിപ്രായ ഭിന്നതകളും മറന്ന് കോൺഗ്രസ് പ്രവർത്തകർ ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണിത്.

കോൺഗ്രസിന്റെ മതേതരത്വ നിലപാട് ജനങ്ങളിൽ എത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യൂത്ത് കോൺഗ്രസ് നേതാവ് സുമേഷ് അച്യുതൻ ഓർമ്മപ്പെടുത്തി. കേരളത്തിൽ ഏറ്റവും കൂടുതൽ മതേതര നിലപാടുകളുള്ളത് കോൺഗ്രസ് പാർട്ടിയാണ്. സിപിഎമ്മും ബിജെപിയും വർഗീയതയുടെ ഒരേ നാണയത്തിലെ രണ്ടുമുഖങ്ങളാണ്.

കേരളത്തിൽ നേരിട്ടുവന്ന് തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്തുന്ന പ്രവാസി മലയാളികളുടെ സേവനങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം ഒരിക്കലും ലഭിക്കാറില്ലെന്ന് ഐഒസി യുഎസ് വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം പറഞ്ഞു. ഇത്തവണയെങ്കിലും അതിനു പരിഹാരമുണ്ടാകണമെന്ന് കോൺഗ്രസ് നേതൃത്വത്തോട് അഭ്യർത്ഥിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.





ഇത്തവണ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി ആരെങ്കിലും കേരളത്തിൽ പോകാൻ പദ്ധതിയുണ്ടെങ്കിൽ താനുമായോ കേരള ചാപ്റ്റർ പ്രസിഡണ്ട് ലീലാ മാരേട്ടുമായോ ബന്ധപ്പെടണമെന്നും അഭ്യർത്ഥിച്ചു. ഇത്തവണ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി നാട്ടിൽ പോകാൻ ഉദ്ദേശിക്കുന്നവരെ ഏകോപിപ്പിച്ചുകൊണ്ട് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ അമേരിക്കൻ പ്രവാസികൾക്ക് അംഗീകാരം ലഭിക്കുകയുള്ളൂ. അതുകൊണ്ട് നാം ഒറ്റയ്ക്കുപോയി പ്രവർത്തനം നടത്തിയതുകൊണ്ട് ആർക്കും അംഗീകാരം ലഭിക്കുകയില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ കെപിസിസി ജനറൽ സെക്രട്ടറി ടോമി കല്ലാനിയെ കോട്ടയം ജില്ലയിലെ ഏതെങ്കിലും മണ്ഡലത്തിൽ നിന്ന് മത്സരിപ്പിക്കണമെന്ന് ചർച്ചയിൽ പങ്കെടുത്തവർ ഐകകണ്ഠ്യേന ആവശ്യമുന്നയിച്ചത് വി.ഡി. സതീശനോടായിരുന്നു. ടോമിയുടെ സാന്നിദ്ധ്യത്തിൽ ഉയർന്ന ചോദ്യങ്ങളിൽ കാലാകാലങ്ങളിൽ അദ്ദേഹത്തെ സ്ഥാനാർത്ഥിയായി പരിഗണിക്കാതെ പോയതിലുള്ള പരിഭവവും ഉണ്ടായിരുന്നു.

ഐഒസി ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് വർഗീസ് പോത്താനിക്കാട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ രാജു വർഗീസ് മീറ്റിംഗ് നടപടികൾ ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. ഐഒസി ന്യൂയോർക്ക് ചാപ്റ്റർ ചെയർമാൻ തോമസ് കോശി ആമുഖപ്രസംഗം നടത്തി. ഐഒസി യുഎസ്എ വൈസ് ചെയർമാൻ ജോർജ് ഏബ്രഹാം, ഐഒസി യുഎസ്എ കേരള ചാപ്റ്റർ പ്രസിഡണ്ട് ലീലാ മാരേട്ട്, കേരള ചാപ്റ്റർ ചെയർമാൻ തോമസ് മാത്യു, ഐഒസി നേതാക്കന്മാരായ തോമസ് ടി. ഉമ്മൻ, സന്തോഷ് നായർ, ജോസ് ജോർജ്, ജോബി ജോർജ്, ഡോ. മാമ്മൻ സി. ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

കെപിസിസി ജനറൽ സെക്രട്ടറി മാത്യു കുഴൽനാടൻ മീറ്റിംഗിൽ കയറിയെങ്കിലും തെരഞ്ഞെടുപ്പ് പരിപാടിയിൽ പങ്കെടുക്കാനുള്ളതുകൊണ്ട് പ്രസംഗിക്കാൻ കഴിഞ്ഞില്ല.

ഐഒസി കേരള ചാപ്റ്റർ യുഎസ്എ കേരള ചാപ്റ്റർ ജോ. ട്രഷറർ സജി ഏബ്രഹാം ഡീൻ കുര്യാക്കോസ് എംപിയെയും ഐഒസി യുഎസ്എ വൈസ് പ്രസിഡണ്ട് പോൾ കറുകപ്പള്ളിൽ വി.ഡി. സതീശൻ എംഎൽഎയെയും ഐഒസി യുഎസ്എ കേരള ചാപ്റ്റർ സെക്രട്ടറി സജി കരിമ്പന്നൂർ ടോമി കല്ലാനിയേയും പരിചയപ്പെടുത്തി.

ലീലാ മാരേട്ട്, തോമസ് മാത്യു, സജി കരിമ്പന്നൂർ, ട്രഷറർ വിപിൻ രാജ്, ന്യൂയോർക്ക് റീജിയണൽ വൈസ് പ്രസിഡണ്ടുമാരായ ബിജു ജോൺ കൊട്ടാരക്കര, ഫിലിപ്പ് പണിക്കർ, ചെറിയാൻ പൂപ്പള്ളി, ഇന്നസെന്റ് ഉലഹന്നാൻ, സെക്രട്ടറിമാരായ രാജു വർഗീസ്, ചാക്കോ മാത്യു (സണ്ണി), ജോ. സെക്രട്ടറിമാരായ ജേക്കബ് ഗീവർഗീസ്, പോൾ ജോസ്, ട്രഷറർ റെജി വർഗീസ്, ജോ. ട്രഷറർ ജെയിംസ് ഇളംപുരിയാടത്ത്, ഫ്രാൻസിസ് തടത്തിൽ, ജോർജ് ഏബ്രഹാം എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഐഒസി ന്യൂയോർക്ക് ചാപ്റ്റർ ജനറൽ സെക്രട്ടറി ചാക്കോ മാത്യു നന്ദി പറഞ്ഞു.

# ഗായകൻ സോമദാസിന്റെ കുടുംബത്തിന് ഫോമാ പത്ത് ലക്ഷം രൂപ നല്കും

ചിക്കാഗോ: റിയാലിറ്റി ഷോയിലൂടെയും നിരവധി സ്റ്റേജ് പരിപാടികളിലൂടെയും ബിഗ് ബോസിലൂടെയും പ്രശസ്തനായ ഗായകൻ സോമദാസ് ചാത്തന്നൂരിന്റെ അകാല മരണത്തിലൂടെ അനാഥമായ അദ്ദേഹത്തിന്റെ നാല് പെൺമക്കളുടെ വിദ്യാഭ്യാസ ചെലവിലേക്കായി ഫോമായുടെ സഹായ പദ്ധതിയായ ഹെല്പിങ് ഹാൻഡ്സ് പത്ത് ലക്ഷം രൂപ സമാഹരിച്ചു. അമേരിക്കയിലെ സേവന മനസ്കരായ മലയാളികൾ നല്കിയ സംഭാവന തുക ഫോമാ ഔദ്യോഗികമായി ഉടനെ സോമദാസിന്റെ കുടുംബത്തിനു കൈമാറും.



ഒരു ഓട്ടോ ഡ്രൈവറായി ജീവിതം ആരംഭിച്ച സോമദാസ് റിയാലിറ്റി ഷോയിലൂടെയാണ് കേരളമറിയുന്ന ഒരു ഗായകനായി മാറിയത്. അമേരിക്ക ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളിലെ സ്റ്റേജ് പരിപാടികളിൽ പിറന്നൊരീ മണ്ണും, കണ്ണാണെ കണ്ണേ എന്ന ഗാനവും പാടി ജനഹൃദയങ്ങളെ പുളകംകൊള്ളിച്ച സോമദാസ് കോവിഡ് ഹൃദയാഘാതം മൂലമാണ് പാരിപ്പള്ളി മെഡിക്കൽ കോളജിൽ ജനുവരി 31ന് മരണപ്പെട്ടത്.

അമേരിക്കയിലെ ഗ്യാസ് സ്റ്റേഷനുകളിലും ഹോട്ടലുകളിലും മറ്റും അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്. സ്റ്റേജ് ഷോകളിലൂടെ ആരാധകരെ നേടിയ സോമദാസ് ബിഗ് ബോസിന്റെ റിയാലിറ്റി ഷോയിൽ പങ്കെടുത്തെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ മൂലം ഷോ വിട്ടുപോകേണ്ടി വന്ന ഹതഭാഗ്യനായിരുന്നു. സിനിമകളിലും പാടിയെങ്കിലും ആരോഗ്യ പ്രശ്നങ്ങളും നിർഭാഗ്യവും വിടാതെ പിന്തുടർന്നു. ഏറ്റവും ഒടുവിൽ സ്റ്റാർട്ട് മ്യൂസിക്കിന്റെ ഷൂട്ടിംഗ് വേദിയിലാണ് അദ്ദേഹം പങ്കെടുത്തത്.

സോമദാസിന്റെ കുടുംബത്തിന് തണലേകാൻ ഫോമാ ഹെല്പിങ് ഹാൻഡ്സ് ഏറ്റെടുത്ത ആദ്യത്തെ സാമ്പത്തിക സഹായ സംരംഭത്തിലേക്ക് എല്ലാ അമേരിക്കൻ മലയാളികളും സ്നേഹിതരും നിറഞ്ഞ മനസ്സോടെയാണ് സഹകരിച്ചത്.

സോമദാസിന്റെ കുടുംബത്തെ സഹായിക്കാൻ സഹകരിച്ച ഫോമായുടെ എല്ലാ അഭ്യുദയകാംക്ഷികളോടും ഫോമാ ഭാരവാഹികളായ പ്രസിഡണ്ട് അനിയൻ ജോർജ്, ജനറൽ സെക്രട്ടറി ടി. ഉണ്ണികൃഷ്ണൻ, ട്രഷറർ തോമസ് ടി. ഉമ്മൻ, വൈസ് പ്രസിഡണ്ട് പ്രദീപ് നായർ, ജോ. സെക്രട്ടറി ജോസ് മണക്കാട്ട്, ജോ. ട്രഷറർ ബിജു തോണിക്കടവിൽ, ഹെൽപിങ് ഹാൻഡിന്റെ നാഷണൽ കോ-ഓർഡിനേറ്റർ ഗിരീഷ് പോറ്റി, ചെയർമാൻ സാബു ലൂക്കോസ്, മറ്റ് ഭാരവാഹികളും കമ്മിറ്റി അംഗങ്ങളും നന്ദി അറിയിക്കുകയും ഹെൽപിങ് ഹാൻഡ്സിന്റെ വരുംകാല പദ്ധതികളുമായി സഹകരിക്കണമെന്നും അഭ്യർത്ഥിച്ചു.

# മോർ ഏലിയാസ് തൃതീയൻ ബാവയുടെ പെരുന്നാൾ ആഘോഷിച്ചു

വൽസലൻ വർഗീസ്

ടെക്സസ്: മാർ ഗ്രീഗോറിയോസ് യാക്കോബായ സിറിയൻ ദേവാലയത്തിൽ മഞ്ഞിനിക്കരയിൽ കബറടങ്ങി



യിരിക്കുന്ന പരിശുദ്ധനായ മോർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ 89-ാം ദുക്റോനോ പെരുന്നാൾ ആഘോഷിച്ചു. വികാരി റവ. ഫാ. ഏലിയാസ് എരമത്ത് ഫെബ്രുവരി 21ന് ഞായറാഴ്ച പ്രത്യേക പ്രാർത്ഥന നടത്തി.

പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ പേരിലുള്ള ദയറായും പള്ളിയും സ്ഥിതി ചെയ്യുന്നത് ഓമല്ലൂരിനടുത്തുള്ള മഞ്ഞിനിക്കരയിലെ ഉയർന്ന കുന്നിൻപ്രദേശത്താണ്. ഈ സ്ഥലം പത്തനംതിട്ട പട്ടണത്തിൽ നിന്ന് ആറ് കിലോമീറ്റർ ദൂരത്തിലാണ്. പരിശുദ്ധ ബാവാ 1931-ൽ ഇവിടെ വരികയും 1932 ഫെബ്രുവരിയിൽ കാലം ചെയ്യുന്നതുവരെ ഇവിടെ താമസിക്കുകയും ചെയ്തു. മഞ്ഞിനിക്കര ഇന്ന് യാക്കോബായ സുറിയാനി സഭയുടെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമാണ്. കേരള ടൂറിസത്തിന്റെ മാപ്പിൽ പ്രത്യേക സ്ഥാനം ഈ സ്ഥലത്തിനുണ്ടെന്നുള്ളത് വളരെ ശ്രദ്ധേയമായ ഒരു കാര്യം കൂടിയാണ്. പള്ളി അംഗങ്ങളായ ഏലിയാസ് ജോണും ജോൺസൻ മത്തായിയും നേർച്ചകാഴ്ചകൾ സ്പോൺസർ ചെയ്ത് പെരുന്നാളിൽ പങ്കെടുത്ത എല്ലാവർക്കും വിതരണം ചെയ്തു.

# ഇ.എം.എസ്, സി. കേശവൻ, സി.വി. കുഞ്ഞിരാമൻ

കാളിയാർ തങ്കപ്പൻ

അതിരാവിലെ പറമ്പു കിളയ്ക്കാൻ വരുന്ന കൂലിപ്പണിക്കാരന്റെ ശരീരഭാഷയെക്കുറിച്ചോ വ്യാകരണശുദ്ധിയെക്കുറിച്ചോ നമ്മൾ വ്യാകുലപ്പെടേണ്ടതില്ല. മദ്യപിച്ചു ലക്കുകെട്ട് നടുറോഡിൽ നിന്ന് അസഭ്യം പറയുന്നവന്റെ സാംസ്കാരിക മൂല്യച്യുതിയെയോർത്ത് നമ്മളാരും വിലപിക്കേണ്ടതുമില്ല. എന്നാൽ, നമ്മെ മുന്നോട്ടു നയിക്കുന്നു എന്നവകാശപ്പെട്ടുകൊണ്ട് വലിയ ആഹ്വാനങ്ങളും പ്രഖ്യാപനങ്ങളുമായി വന്ന്, നമ്മുടെ ചെലവിൽ നമ്മെ വിഡ്ഢികളാക്കുന്ന രാഷ്ട്രീയ-സാംസ്കാരിക നായകരെ സഹിക്കുവാൻ പ്രതികരണശേഷിയുള്ള പൊതുജനത്തിന് അല്പം ബുദ്ധിമുട്ടുണ്ട്.

അത്തിച്ചന്തയിൽ നിരനിരയായി വന്നിരിക്കുന്ന മീൻകച്ചവടക്കാരെപ്പോലെ ചാനൽ ചർച്ചകളിൽ ആസനസ്ഥരായി ഗോഗ്വാ വിളിച്ചു വീറും വാശിയും കാണിക്കുന്ന ഒട്ടേറെ നേതാക്കൾ നമുക്കുണ്ട്. അവരിൽ പലരും ബിരുദാനന്തര ബിരുദധാരികളും ഡോക്ടറേറ്റ് നേടിയിട്ടുള്ള എഴുത്തുകാരും മറ്റുമാണ്. ചൂടേറിയ വാചാടോപങ്ങളിൽ പിടിച്ചുനിൽക്കാൻ പാടുപെട്ടു വിയർത്തൊലിക്കുന്ന ഇവരിൽ ചിലരൊക്കെ ഒരുപക്ഷേ നാട്ടുകാർക്കു മാത്രമല്ല സ്വന്തം വീട്ടുകാർക്കുപോലും തലവേദനയാണ്, അപമാനമാണ്. വാശിയേറിയ സംവാദങ്ങളിൽ തിളങ്ങിനിൽക്കണമെങ്കിൽ വസ്തുനിഷ്ഠവും സത്യസന്ധവും ആധികാരികവുമായ അറിവുകളുണ്ടായിരിക്കണം. നമ്മുടെ പല നായകർക്കും ഇല്ലാതെ പോയതും അതുമാത്രമാണ്. ഈ കുറവ് പരിഹരിക്കുവാൻ മലയാളിയുടെ കൂർമ്മബുദ്ധിയിൽ രൂപംകൊണ്ട വിശ്വവിഖ്യാതമായ ഒരു മുൻകൂർ ജാമ്യമാണ് "എന്റെ അറിവു ശരിയാണെങ്കിൽ..."എന്ന പ്രയോഗം. അറിവ് ശരിയല്ലെങ്കിൽ അത് എന്റെ കുറ്റമല്ല എന്നു സാരം.

ഇനി, എന്തൊക്കെയാണ് ആ പൊടിപിടിച്ച വിജ്ഞാനഭണ്ഡാഗാരത്തിലെ ഉള്ളടക്കം എന്നൊന്നു നോക്കാം. ആരുടെയൊക്കെയോ കുറെപ്പേരുകൾ, ഏതൊക്കെയോ ചില സ്ഥലനാമങ്ങൾ, ചിതലരിച്ച ഏതാനും പുസ്തകങ്ങൾ, പരസ്പര ബന്ധങ്ങളൊന്നുമില്ലാത്ത ചില തീയതികൾ എന്നോ എവിടെയോ എങ്ങനെയോ നടന്ന ചില സംഭവങ്ങൾ. അറിവില്ലായ്മയുടെ പശ തേച്ചു കൂട്ടിപ്പിടിപ്പിച്ച ആ നുറുങ്ങു സംഭാഷണങ്ങൾ ഏതു നേഴ്സറിക്കുഞ്ഞിനെപ്പോലും ലജ്ജിപ്പിക്കും. പക്ഷേ, അവിടെയും രക്ഷയ്ക്കെത്തുന്നു, ഒരൊന്നാന്തരം ബുള്ളറ്റ് പ്രൂഫ് കവചം 'എന്റെ ഓർമ്മ ശരിയാണെങ്കിൽ...'

അങ്ങനെ അറിവും ഓർമ്മയും വെളിവും തെളിവുമൊന്നുമില്ലാത്ത നമ്മുടെ കഥാനായക (നായിക)ന്മാർ വരുത്തിവെക്കുന്ന സാംസ്കാരിക ധ്വംസനങ്ങൾ അത്ര നിസ്സാരമായിത്തള്ളിക്കളയാവുന്നവയല്ല. 'അഭിപ്രായം ഇരുമ്പുലക്കയല്ല' എന്ന ചരിത്രപ്രസിദ്ധമായ വാക്യം സി.വി. കുഞ്ഞിരാമ(കേരള കൗമുദി സുകുമാരന്റെ അച്ഛൻ)ന്റേതാണ്. പറഞ്ഞിട്ടെന്തു കാര്യം? മുൻകൂർ ജാമ്യമെടുത്തു നിൽക്കുന്ന ഒരു തീപ്പൊരി പ്രസംഗകൻ വെച്ചുകാച്ചുന്നു: "സി.വി. രാമൻ" (നോബൽ സമ്മാനജേതാവായ ഇന്ത്യൻ ശാസ്ത്രജ്ഞൻ) എന്ന്. ഇതു കേട്ടുകൊണ്ടിരുന്ന ഒരു പ്രമുഖ സംവാദകൻ ഒരു 'പിള്ള'കൂടിച്ചേർത്ത് അതു തിരുത്തിക്കൊടുക്കുന്നു. അങ്ങനെയത് സി.വി. രാമൻപിള്ള (മാർത്താണ്ഡവർമ്മ നോവലിന്റെ രചയിതാവ്)യായി മാറുന്നു. "ഒരു ഹിന്ദുക്ഷേത്രം നശിച്ചാൽ അത്രയും അന്ധത കുറയും" എന്ന് പ്രസ്താവിച്ചത് മഹാനായ ഇ.എം.എസ് ആണെന്ന് നിരവധി അഭ്യസ്തവിദ്യർ ഇന്നും പ്രസംഗിച്ചു നടക്കുന്നുണ്ട്. പക്ഷേ, യഥാർത്ഥത്തിൽ അത് പറഞ്ഞ വിവാദനായകൻ തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന സി. കേശവൻ ആയിരുന്നു.

ഹൈടെക് സംവിധാനങ്ങൾ ഇത്രയും പുരോഗമിക്കുന്നതിനു മുമ്പ് എന്ത ബദ്ധവും മൂടിവെക്കുവാൻ കഴിയുമായിരുന്നു. "ഞാനങ്ങനെ പറഞ്ഞിട്ടില്ല, ഞാനവിടെപ്പോയിട്ടില്ല, ഞാനങ്ങനെ ചെയ്തിട്ടില്ല, അതു ഞാനല്ലായിരുന്നു" എന്നൊക്കെപ്പറഞ്ഞു തടിതപ്പുവാൻ ഇന്നാർക്കും കഴിയില്ല. പറഞ്ഞ വാക്കുകളും അതിന്റെ ഉടമസ്ഥനും ഏതു കൊച്ചുകുഞ്ഞിനും തിരിച്ചറിയത്തക്ക വിധം വെള്ളിത്തിരയിൽ നിൽക്കുകയല്ലെ? കണ്ണിൽ ചോരയില്ലാത്ത ചില ചാനലുകാർ അവയൊക്കെ കൂടെക്കൂടെ പ്രദർശിപ്പിച്ച് നാണംകെടുത്താനും മടിക്കാറില്ല.

തെറ്റു പറ്റാത്തവരില്ല. എന്നാൽ, അതു നിരന്തരം ആവർത്തിക്കുന്നത് സമൂഹത്തോടുള്ള ഒരുതരം വെല്ലുവിളിയാണ്. താൻ എന്തു വായാടിത്തം പറഞ്ഞാലും അതെല്ലാം പൊതുജനം അപ്പാടെ വിഴുങ്ങിക്കൊള്ളും എന്നാണീക്കൂട്ടരുടെ ധാരണ. സ്വന്തം ബന്ധുമിത്രാദികൾക്കു പോലും ഇതൊന്നും സഹിക്കുന്നില്ല എന്നത് വേറൊരു സത്യം. എന്തു വിഡ്ഢിത്തവും വിളിച്ചുപറയാനുള്ള ഈ ലൈസൻസ് കച്ചവടസംസ്കാരത്തിന്റെ സംഭാവനയാണ്. സ്ഥാനത്തും അസ്ഥാനത്തുമെല്ലാം ക്ഷണിച്ചുവരുത്തി അർഹതയില്ലാത്ത പദവികൾ അടിച്ചേല്പിക്കുമ്പോഴാണ് ആളുകൾ നില മറന്നുപോകുന്നത്. ഏഷ്യൻ ഗെയിംസിലെ മെഡൽ വാങ്ങി വരുന്ന അത്‌ലറ്റിനോട് കാളിദാസന്റെ മേഘസന്ദേശത്തിലെ കാവ്യാനുഭൂതിയെക്കുറിച്ചും കർഷകശ്രീ അവാർഡ് ജേതാവിനോട് ഐഎസ്ആർഒയിലെ നൂതന സംരംഭങ്ങളെക്കുറിച്ചും മറ്റും ചോദിച്ചാൽ എന്തു മറുപടിയായിരിക്കും ലഭിക്കുക?

അതിനേക്കാളൊക്കെ ഖേദകരമായ ഒരു പുതിയ പ്രവണത നമ്മുടെ സമൂഹത്തിൽ വളർന്നുവന്നിട്ടുള്ളതും ഇതിനോടു ചേർത്തു വായിക്കേണ്ടതാണ്. നാല് നാടൻ പാട്ടുപാടി ജനശ്രദ്ധ നേടിക്കഴിഞ്ഞാൽ, അല്ലെങ്കിൽ ഏതെങ്കിലും രണ്ട് മൃഗങ്ങളുടെ ശബ്ദം അനുകരിച്ചു പ്രസിദ്ധനായാൽ, അതുമല്ലെങ്കിൽ പൊളിഞ്ഞു പാളീസായ ജനദ്രോഹ സിനിമകളിൽ വഴിപോക്കനായി ഒന്നു മുഖം കാണിച്ചുപോയാൽ, പിന്നെ ആരാധകരുടെ പെരുമഴയായി. നിലംതൊടാൻ സമയം കൊടുക്കാറില്ല. അഭിമുഖങ്ങൾ, ഫീച്ചറുകൾ, കാരിക്കേച്ചറുകൾ, ഉദ്ഘാടനങ്ങൾ, സ്വീകരണാഘോഷങ്ങൾ അങ്ങനെ തിരക്കോട് തിരക്ക്. അവസാനം മാധ്യമപ്രവർത്തകരുടെ സ്ഥിരം പല്ലവികളായ കോരിത്തരിപ്പിക്കുന്ന കുറെ ചോദ്യങ്ങൾ കൂടിയുണ്ടാകും.


ലേഖകൻ

'രാഷ്ട്രീയത്തിലിറങ്ങാൻ പോകുന്നു എന്നു കേൾക്കുന്നുണ്ടല്ലോ?'

'അടുത്ത ഇലക്ഷന് സ്ഥാനാർത്ഥിയാകുമോ?'

'സിനിമാ സംവിധാന രംഗത്തേക്ക് ഒരു നോട്ടമുണ്ടെന്നു കേട്ടല്ലോ?'

ഇങ്ങനെ പോകുന്നു ആരാധക വൃന്ദത്തിന്റെ ആശയാഭിലാഷ ചോദ്യതാരാവലി. ഇത്രയുമാകുമ്പോഴേക്കും നമ്മുടെ കഥാപാത്രം ഒന്നുകൂടി ഞെളിയും. പിന്നെ പറയുന്നതു മുഴുവൻ വിവരക്കേടുകളുടെ ഒരു സംക്ഷിപ്ത ഘോഷയാത്രയായിരിക്കും. ഒ.എൻ.വിയുടെ വരികൾ ബിച്ചു തിരുമലയുടെ പേരിലാക്കും. വന്ദേമാതരത്തിന്റെ ഉടമസ്ഥത വള്ളത്തോളിനെ ഏല്പിക്കും. കുമാരനാശാന്റെ കവിതയെടുത്ത് പനച്ചൂരാനും മുട്ടത്തു വർക്കിയുടെ നോവൽ പൊൻകുന്നം വർക്കിസാറിനും കൈമാറ്റം ചെയ്യും. കെ.പി.എ.സി എന്ന നാടകക്കമ്പനി, കെ.പി.സി.സിയാകുന്നതു ഒരുതരം നാവുളുക്കലായിക്കണക്കാക്കാം. എന്നാൽ, 'വയലാർ ഗർജ്ജിക്കുന്നു' എന്ന പ്രസിദ്ധമായ കവിത വയലാർ രാമവർമ്മയുടേതാണെന്ന് ടി.വി ചാനലിൽ വെച്ചു താങ്ങുമ്പോൾ അതിമനോഹരമായ ആ കവിതയെഴുതിയ പി. ഭാസ്കരന്റെ ആത്മാവ് എങ്ങനെ പൊറുക്കും?

സൂര്യനു താഴെയുള്ള എന്തിനെക്കുറിച്ചും ഇങ്ങനെ 'തള്ളി' വിടുന്നത് അഹന്തകൊണ്ട് മാത്രമാണ്. ചോദ്യകർത്താവിന്റെ മുഖത്ത് നോക്കി "എനിക്കതറിയില്ല, അതേക്കുറിച്ച് ഞാനൊന്നും പഠിച്ചിട്ടില്ല, ആ സ്ഥലത്തു ഞാൻ പോയിട്ടില്ല, അങ്ങനെയൊരു പുസ്തകത്തെപ്പറ്റി ഞാൻ കേട്ടിട്ടു പോലുമില്ല, അത്രയ്ക്കൊന്നും കഴിവ് എനിക്കില്ല" എന്നൊക്കെ വിനയപൂർവ്വം പ്രതികരിക്കുവാനുള്ള ലാളിത്യവും എളിമത്വവുമൊക്കെ ഇന്ന് എത്രപേർക്കുണ്ട്?

പതിറ്റാണ്ടുകൾക്കു മുമ്പ് നമ്മുടെ കലാ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന പലരും അത്ര വലിയ ബിരുദധാരികളൊന്നും ആയിരുന്നില്ല. പക്ഷേ, അവർക്കൊക്കെ എടുത്തു പറയത്തക്ക ഒരു വലിയ ഗുണമുണ്ടായിരുന്നു. തന്റെ അജ്ഞതയെക്കുറിച്ചും പരിമിതികളെക്കുറിച്ചും തികഞ്ഞ ബോദ്ധ്യമുണ്ടായിരുന്ന അവർ തനിക്കറിയാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിച്ചു മനസ്സിലാക്കുവാനും പുതിയ കാര്യങ്ങൾ പഠിക്കുവാനും ശ്രമിച്ചിരുന്നു. നാടകാചാര്യനായിരുന്ന എൻ.എൻ. പിള്ള എവിടെനിന്നോ കേട്ടുപഠിച്ച ഒരു മെഡിക്കൽ വാക്കിന്റെ ശരിയായ അർത്ഥം തേടി മാസങ്ങളോളം അലഞ്ഞതിന്റെ ചരിത്രം ഓർമ്മക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ നാടകങ്ങളിലെ ഓരോ കഥാപാത്രങ്ങൾക്കും അവരുപയോഗിക്കുന്ന ഓരോ വാക്കുകളെയും സന്ദർഭങ്ങളെയും കുറിച്ച് തികഞ്ഞ പരിജ്ഞാനമുണ്ടായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അത്രമാത്രം അഗാധമായിരുന്നു പ്രേക്ഷകരോടുള്ള ആ വലിയ മനുഷ്യന്റെ പ്രതിബദ്ധത. പ്രതിഭാധനരും ദീർഘദർശികളും മനുഷ്യസ്നേഹികളുമായ അത്തരം മഹാന്മാർക്ക് വംശനാശം സംഭവിച്ചുപോകുന്നു എന്നത് ഈ നൂറ്റാണ്ടിലെ ഏറ്റവും ദാരുണമായ ഒരു ദുര്യോഗം തന്നെയാണ്.

ഇന്ന് വായനയില്ല, പഠനമില്ല. അതിന്റെയൊന്നും ആവശ്യവുമില്ല. അജ്ഞതയുടെ ജീർണ്ണഭാണ്ഡങ്ങളുമേന്തി പരസ്പരം വിഴുപ്പലക്കി സാമൂഹിക മലിനീകരണം നടത്തുന്ന നേതാക്കളാണ് നമുക്കു ചുറ്റുമുള്ളത്. നിർഭാഗ്യവശാൽ ഇവരിൽ പലരും അധികാരത്തിന്റെ ഉത്തുംഗശൃംഗങ്ങളിലും എത്തിച്ചേരാറുണ്ട്. അവിടം മുതലാണ് പൊതുജനത്തിന്റെ കഷ്ടകാലം ആരംഭിക്കുന്നത്. ഡയപ്പർ അഴിഞ്ഞുപോയ പിഞ്ചുകുഞ്ഞ് ക്രിബ്ബിൽ നിന്നും വാരിയെറിയുന്ന 'കളഭപ്രസാദം' പോലെ തന്റെ അല്പജ്ഞാനവും വിഡ്ഢിത്തങ്ങളും ജനമദ്ധ്യത്തിലേക്ക് എഴുന്നെള്ളിച്ചുകൊണ്ടാണ് ഈ മഹാന്മാർ തേരോട്ടം ആഘോഷിക്കുന്നത്. തറടിക്കറ്റുകാരന്റെ കയ്യടി വാങ്ങാൻ മാത്രം ഉപകരിക്കുന്നതും മലയാളിക്ക് സുപരിചിതങ്ങളുമായ ആ മഹാവചനങ്ങൾ ഇതാ:

"ബലാത്സംഗം എന്ന പരിപാടി ഇപ്പോൾ അമേരിക്കയിലൊക്കെ വെറും ഒരു ചായ കുടിക്കുന്നതു പോലുള്ള നിസ്സാര സംഭവം മാത്രമാണ്." നിലയ്ക്കാത്ത കയ്യടി.

വനം നശിപ്പിച്ചാൽ മഴ കുറയും. എന്ന ശാസ്ത്രസത്യത്തെ ഒരു നേതാവ് നിഷ്പ്രയാസം ഖണ്ഡിച്ചതിങ്ങനെയാണ്: "അങ്ങനെയാണെങ്കിൽ ഒറ്റ മരവുമില്ലാത്ത അറബിക്കടലിൽ മഴ പെയ്യുന്നതോ?" കൂട്ടച്ചിരി.


കുറച്ചുകൂടി പഴയ ഒരു നേതാവ് റഷ്യയും കേരളവും തമ്മിലുള്ള പൈതൃകബന്ധത്തിന് ലളിതമനോഹരമായ ഒരു തെളിവ് ഹാജരാക്കി. അതിങ്ങനെയാണ്: ക്രൂഷ്ചേവ് എന്നപേര് 'കൃഷ്ണൻ ചോവൻ' എന്ന വാക്കിന്റെ റഷ്യൻ രൂപമാണുപോലും. ശുദ്ധ വിവരക്കേടുകളാണെങ്കിലും നിഷ്ക്കളങ്കമായ നർമ്മബോധത്തിന്റെ ആനുകൂല്യം നല്കി അവയെയൊക്കെ നമുക്കു ചിരിച്ചുതള്ളാം. (ശേഷം 22-ാം പേജിൽ)

## ക്നാനായ റീജിയൺ വനിതാദിനാഘോഷം

ചിക്കാഗോ: ലോക വനിതാദിനത്തോടനുബന്ധിച്ച് ചിക്കാഗോ രൂപത ക്നാനായ റീജിയൺ വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വനിതാ ദിനാഘോഷം സംഘടിപ്പിക്കുന്നു. കുടുംബ കൗൺസിലിംഗ് രംഗത്തും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാർ മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമതി ഗ്രയിസ് ലാൽ അന്നേദിവസം വനിതകൾക്കായി സെമിനാർ നടത്തും. മാർച്ച് 6ന് ശനിയാഴ്ച ചിക്കാഗോ സമയം വൈകിട്ട് 7ന് സൂം വഴി നടത്തപ്പെടുന്ന വനിതാ ദിനാഘോഷം കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്യും. റീജിയൺ തലത്തിൽ വിമൻസ് മിനിസ്ട്രിയുടെ കർമ്മപരിപാടികളെക്കുറിച്ച് സംഗമത്തിൽ ചർച്ച ചെയ്യും.

## ജോയൻ കുമരകം അന്തരിച്ചു

കാലിഫോർണിയ: പ്രശസ്ത സാഹിത്യകാരനും വാഗ്മിയുമായ ജോയൻ കുമരകം (84) അന്തരിച്ചു. നടനും എഴുത്തുകാരനുമായ തമ്പി ആന്റണിയുടെയും ഭാര്യ പ്രേമാ ആന്റണിയുടെയും ഉടമസ്ഥതയിലുള്ള ഹേയ്‌വാർഡിലെ ലാൻഡ്മാർക്ക് നേഴ്സിങ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു പരേതൻ.



കുമരകം ലക്ഷ്മിച്ചിറയിൽ പൊതുവിക്കാട്ട് പി.എം. മാത്യുവിന്റെയും കാനം പറപ്പള്ളിത്താഴത്തു പുത്തൻപുരയിൽ അന്നമ്മ മാത്യുവിന്റെയും അഞ്ചു മക്കളിൽ രണ്ടാമനായി ജനിച്ചു. യൂത്ത് കോൺഗ്രസ്, ഓർത്തഡോക്സ് മൂവ്മെന്റ്, ബാലജനസഖ്യം തുടങ്ങിയവയിലൂടെ പൊതുപ്രവർത്തനം ആരംഭിച്ചു. ബാലകേരളം, ബാലമിത്രം, കുട്ടികളുടെ ദീപിക എന്നീ മാസികകളിൽ ധാരാളം കഥകൾ പ്രസിദ്ധീകരിക്കപ്പെട്ടു.

കേരളഭൂഷണം, ഭാവന, പൗരധ്വനി എന്നീ മാധ്യമസ്ഥാപനങ്ങളിൽ എഡിറ്റർ ആയി. അറുപതിൽപ്പരം ബാലസാഹിത്യ രചനകൾ മലയാള ഭാഷയ്ക്ക് നല്കി.

1980-ൽ അമേരിക്കയിൽ എത്തിയതിനുശേഷം വടക്കെ അമേരിക്കയിലെ മലയാളി സദസ്സുകളിൽ ജോയൻ ഒരു സ്ഥിരസാന്നിദ്ധ്യമായിരുന്നു. ജോബോട്ട് ഇന്റർനാഷണൽ എന്ന പേരിൽ ന്യൂയോർക്കിൽ ആരംഭിച്ച പുസ്തക പ്രസാധന കമ്പനിയിലൂടെ ഏഴ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഏതാനും ദിവസങ്ങൾക്കു മുൻപായിരുന്നു അദ്ദേഹത്തിന്റെ 84-ാം ജന്മദിനം ആഘോഷിച്ചത്.

KERALA EXPRESS പ്രവാസി താളുകൾ

# TRANSPARENCY IN LEADERSHIP

Shirley Chacko

The above picture of President Biden's speech on President's Day and Pro Trump Celebration in West Palm beach, Florida on President's Day, 02/15/2021, piqued my curiosity. The fact that the 'comments' were turned off for President Biden's speech was definitely an intrusion of the First Amendment – our right of Speech. Face book and other media have deleted posts that were anti Biden. Face book has banned peoples' accounts who have spoken openly against the corruption of President Biden.

I came across many Face book posts of 'Trump Trashers'. None of us are perfect, we all have our flaws. But I would like to highlight a few good things about Trump – especially since our Democrat friends were trashing him so much.

Trump was a successful businessman. He entered the 2016 presidential race as a Republican and was elected. He became the first U.S. president without prior military or government service. His election and policies sparked numerous protests.Many of Trump's comments and actions have been characterized as racist. However, Trump was not a polished politician like his predecessor Obama. Trump did not take one penny from the US government, but he accomplished a lot in his term of four years.

There was an unprecedented Economic Boom, before the China Virus invaded our shores; we built the world's most prosperous economy. America gained 7 million new jobs. Middle-Class family income increased nearly $6,000. The unemployment rate reached 3.5 percent, the lowest in a half-century. More Americans reported being employed than ever before – nearly 160 million. Jobless claims hit a nearly 50-year low. The number of people claiming unemployment insurance as a share of the population hit its lowest on record. Incomes rose in every single metro area in the United States for the first time in nearly 3 decades.President Trump was perhaps the most pro-life president in American History. In January 2017, President Trump ended the federal funding of Planned Parenthood International and any other foreign non-governmental organizations that promoted abortion as a means of family planning. The American tax payer was no longer forced to pay for abortions in other countries.

Trump delivered a future of greater promise and opportunity for citizens of all backgrounds. He brought jobs, factories, and industries back to the USA. The stock market hit record numbers. Trump believed in rebuilding and investing in rural America. Trump passed $3.2 trillion in historic tax relief and reformed the tax code. He created nearly 9,000 Opportunity Zones where capital gains on long-term investments are taxed at zero. Trump ended the regulatory assault on American Businesses and Workers. Americans had more money in their




pockets. He cut red tape in the healthcare industry, providing Americans with more affordable healthcare and saving Americans nearly 10 percent on prescription drugs. He took strong actions to confront unfair trade practices and put America First. These are a few on the list of his innumerable accomplishments. (List of Trump's accomplishments)

Personally, I will stand strong for a President that holds firm to Biblical values. I believe both parties, Democrats and Republicans were good probably until three decades ago – until the 42nd President, Bill Clinton was charged for his sexual relationship with a 21 year old unpaid Intern and then acquitted.

On Tuesday, September 11, 2001, President George W. Bush was visiting an elementary school and reading to the children when the second plane hit the World Trade Center in New York City. President George W. Bush delivers remarks to the nation regarding the terrorist attacks on U.S. soil from Emma E. Booker Elementary School in Sarasota, Florida.

As the first African-American elected President of the United States, Barack Obama became a pivotal figure in American history even before his inauguration. Out of his accomplishments, some highlights are; Obama rescued the country from the Great Recession, cutting the unemployment rate from 10% to 4.7% over six years. He signed the Affordable Care Act which provided health insurance to over 20 million uninsured Americans. He ended the war in Iraq. He improved school nutrition with the Healthy Hunger-Free Kids Act. He repealed the military's "Don't Ask, Don't Tell" policy and signed the Hate Crimes Prevention Act, making it a federal crime to assault anyone based on sexual or gender identification. However, he definitely took advantage of his position and he was a globetrotter along with his family. According to a report from Judicial Watch in December 2016, Obama's travel expenses totaled over $96 million during his eight years as president.

President Joe Biden has been a politician in Washington for a long period of forty-seven years with almost nothing to show for it. Joe Biden's career has been well defined by his consistent betrayal of American workers in the name of globalism. Instead of putting America first, Biden spent almost half a century backing trade deals that exterminated family-sustaining manufacturing jobs across the country.

Biden has decades-long record of enabling China at the expense of America. In 2000, Biden voted for Permanent Normal Trade Relations with China. At the time, he claimed that normalizing trade relations would encourage the communist country to become, "a productive, responsive member of the world community." In the two decades since, it's very clear Biden's claim did not come to fruition. China did not incorporate into the global community as a fair-trade partner. Instead, China engaged in severely unfair trade practices that went completely unaddressed until President Trump and his administration took bold action, making clear that such behavior would no longer be tolerated.

Well educated American citizens are aware that President Biden's son, Hunter Biden is under federal investigation over his tax affairs. "America is facing a worsening crisis of uncontrolled illegal immigration. This places the public health at risk, not only from COVID-19 but also, from tuberculosis, pneumonia and other health risks", reports Tom Fitton from the Judicial Watch. House GOP warns Biden that immigration policies will lead to 'caravan after caravan' at the US Mexico Border. It is very clear that under President Biden, Americans come LAST. He has spent more time and energy on defining a pathway to citizenship for ILLEGAL immigrants than he has on providing relief and aid to struggling AMERICAN CITIZENS.

Transparency in Leadership is very important not only in the political field, but in all spheres of life. On May 29, 2020, photo images of Ravi Zacharias were displayed in the Passion City Church during a memorial service for him in Atlanta. A posthumous sex scandal involving Zacharias, who founded the Ravi Zacharias International Ministries, has placed the global organization in a wrenching predicament. It faces calls from within its own ranks to change its name, pay remunerations to any victims and ostracize some top leaders, including Zacharias family members.

I heard a story recently about a leader who was harassed by a local media person about his adulterous life. This leader went to the local media person's house with the help of the local police and confiscated the computers and paperwork that the media person had about this leader. Mind-boggling isn't it? If the leader led a transparent life, not sure why he would be perturbed?

Leadership transparency can build or break trust. Without trust, leadership suffers. Being transparent is a powerful thing, if you can trust yourself and be trusted by others. This is the problem with most leaders, they are not aware of the reality that exists around them. The digital age has allowed people to learn more about their leaders. As such, social media has suddenly given people the permission to enter a leader's personal space; a place they were previously prohibited from entering. The digital age has changed the levels of transparency that we expect from people too.

Communicate – Communicate and Communicate is a key aspect to transparency in leadership. Leaders should welcome input and questions. A leader should be graceful when faced with difficult situations. Jesus spoke in a way, that the listeners could understand and He didn't sugarcoat it when the answer was tough. Jesus was forthright in his communication.

As Christians, if we are going to tear down the strongholds, we have to recognize the power that LIES have over us. The greatest and perhaps the only weapon in Satan's arsenal is the lie. Satan will whisper deceptive statements.



Shirley Chacko

He will scheme to twist our mind, and if he succeeds, he can then divert us from our purpose, distract us from God's voice and destroy our potential. If Satan can get us to believe a LIE, our lives will be affected as if that lie were true. If Satan's primary weapon is lies, then our greatest counter-weapon is the truth of God's Word. The Word of God is alive and active, sharper than any double edged sword.

When we have built our foundation on truth, even a global pandemic cannot tear us apart. But when the foundation is built on lies and deception, then the house will not stand firm. "What this adds up to, then, is this: no more lies, no more pretenses. Tell your neighbor the truth. In Christ's body we're all connected to each other, after all. When you lie to others, you end up lying to yourself." (Ephesians 4:25 from The Message Bible). I pray that each one of us will learn to be truthful to ourselves and transparent in our leadership journey.

# പ്രവാസി യാത്രക്കാരെ ദ്രോഹിക്കുന്ന പുതിയ യാത്രാനിയമം പിൻവലിക്കണം

ന്യൂജേഴ്സി: കോവിഡിന്റെ മറവിൽ പ്രവാസികളായ യാത്രക്കാരെ പീഡിപ്പിക്കുന്നു. അത്യാവശ്യ കാര്യങ്ങൾക്കായി നാട്ടിൽ പോകുന്ന യാത്രക്കാരെയാണ് രണ്ടുംമൂന്നും ദിവസങ്ങൾ യാത്ര ചെയ്യാൻപോലും കഴിയാതെ പെരുവഴിയിൽ ആക്കുന്ന അവസ്ഥയാണ് സംജാതമാക്കുന്നതെന്ന് ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ് ആരോപിച്ചു. കേന്ദ്ര സർക്കാരിന്റെ തുടർച്ചയായ ഇത്തരം നടപടികൾ അപലപനീയമാണെന്നും അത് അംഗീകരിക്കാനാവില്ലെന്നും ഫൊക്കാനാ ഭാരവാഹികൾ ഇറക്കിയ പ്രസ്താവനയിൽ പറഞ്ഞു. നിരവധി പ്രയാസങ്ങൾ സഹിച്ച് നാട്ടിലേക്ക് മടങ്ങുന്ന പ്രവാസികളെ വലിയ രീതിയിൽ ബുദ്ധിമുട്ടിക്കുന്ന നടപടിയാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിദേശത്തുനിന്നും നാട്ടിലേക്ക് വരുന്ന പ്രവാസികൾ



വരുന്നതിന് 72 മണിക്കൂറിനുള്ളിൽ എടുത്ത ആർടിപിസിആർ നെഗറ്റീവ് സർട്ടിഫിക്കറ്റും നാട്ടിൽ ഇറങ്ങിയശേഷം വിമാനത്താവളത്തിൽ കൺഫർമേറ്ററി മോളിക്യുളാർ ടെസ്റ്റും നടത്തണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ഫെബ്രുവരി 22-ലെ ഉത്തരവിൽ നിഷ്കർഷിക്കുന്നത്. അടിയന്തരാവശ്യങ്ങൾക്ക് യാത്ര ചെയ്യുന്ന പ്രവാസികൾക്ക് ഇത് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

വിദേശത്ത് 5000 രൂപയിലധികമുള്ള തുക മുടക്കിയാണ് പ്രവാസികൾ കോവിഡ് ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റ് നേടുന്നത്. അതിനുശേഷം 72 മണിക്കൂറിനുള്ളിൽ വീണ്ടും 2000 രൂപയ്ക്കടുത്തുള്ള മറ്റൊരു ടെസ്റ്റ്കൂടി വേണമെന്ന് നിർബന്ധിക്കുന്നത് പ്രവാസികളോട് കാട്ടുന്ന കടുത്ത ദ്രോഹമാണ്. കൊറോണ വാക്സിൻ എടുത്തവർക്കും കൊച്ചുകുട്ടികൾക്കും ഈ നിബന്ധന ബാധകമാണെന്നതും വിദേശത്തുനിന്നും കുടുംബമായി നാട്ടിലെത്താൻ പദ്ധതിയിട്ട പ്രവാസികളെ തെല്ലൊന്നുമല്ല വിഷമിപ്പിക്കുന്നത്. അപ്പോയിന്റ്മെന്റ് എടുത്ത് പി.സി.ആർ ടെസ്റ്റ് എടുത്ത് മൂന്ന് ദിവസം കഴിഞ്ഞ് യാത്ര ചെയ്യാനായി വിമാനത്താവളത്തിൽ എത്തുമ്പോൾ വീണ്ടും പി.സി.ആർ ടെസ്റ്റ് എടുക്കാൻ നിർബന്ധിതരാകുകയാണ് യാത്രക്കാർ. നേരത്തെ ടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ളവർക്ക് ഇത് പിന്നെയും യാത്രക്ക് കാലതാമസമുണ്ടാക്കുകയാണ് ചെയ്യുന്നത്. കോവിഡിന്റെ മറവിൽ ഇത്ര ഭാവനാശൂന്യമായ നടപടികൾ കൊണ്ട് പ്രവാസികളോട് ഇത്ര ദ്രോഹം ചെയ്യുന്നതുകൊണ്ട് എന്തു നേട്ടമാണ് ഉണ്ടാകുന്നതെന്നും ഫൊക്കാനാ ഭാരവാഹികൾ ചോദിക്കുന്നു. കേന്ദ്ര വിദേശകാര്യ മന്ത്രാലയവും വ്യോമയാന മന്ത്രാലയവും ഇക്കാര്യത്തിൽ അടിയന്തിര പരിഹാരം കാണണമെന്നാവശ്യപ്പെട്ട് അമേരിക്കയിൽ ഇന്ത്യൻ കോൺസുലേറ്റിലും നോർക്ക ഡയറക്ടറേറ്റിലും പരാതി നല്കാനും ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. പുതിയ നിയമങ്ങൾ മൂലം കേരളത്തിലേക്ക് യാത്ര ചെയ്യുന്ന അമേരിക്കൻ മലയാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചതായി ജോർജി വർഗീസ്, ഡോ. സജിമോൻ ആന്റണി, സണ്ണി മറ്റമന, ഫിലിപ്പോസ് ഫിലിപ്പ്, ജെയ്ബു മാത്യു, തോമസ് തോമസ്, ഡോ. മാത്യു വർഗീസ്, വിപിൻരാജ്, ജോജി തോമസ്, ബിജു ജോൺ കൊട്ടാരക്കര, ഡോ. കലാ ഷഹി എന്നിവർ അറിയിച്ചു.


# ചിക്കാഗോ എക്യുമെനിക്കൽ സമൂഹം ലോക പ്രാർത്ഥനാദിനം ആചരിക്കുന്നു

ചിക്കാഗോ: ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 13ന് ശനിയാഴ്ച രാവിലെ 10ന് സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തും. ലോകമെമ്പാടുമുള്ള സമസ്ത ജനങ്ങളെയും ദൈവസന്നിയിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു.

ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട രാജ്യമായ നാമ്പേറ്റ് യിലെ ജനങ്ങൾ പ്രത്യേകിച്ച് സ്ത്രീക







ളും കുട്ടികളും അനുഭവിക്കുന്ന വേദനകളും പ്രയാസങ്ങളും പരിഹരിക്കുന്നതിനായി പ്രത്യേക പ്രാർത്ഥനകളും പരിത്യാഗപ്രവൃത്തികളും നടത്തുന്നു.

ചിക്കാഗോ മാർത്തോമ്മാ സഭയിലെ മിസിസ് സരിതാ മാത്യു മുഖ്യസന്ദേശ നല്കും. മദ്ധ്യസ്ഥ പ്രാർത്ഥനകൾക്കും അനുതാപപ്രാർത്ഥനകൾക്കും എക്യു. കൗൺസിലിലെ വൈദികരും വനിതാഫോറവും നേതൃത്വം നല്കും.

പ്രാർത്ഥനാദിന പരിപാടികളുടെ വിജയത്തിനായി റവ.ഫാ. രാജു ദാനിയേൽ ചെയർമാനായും മിസിസ് സുജാത ഏബ്രഹാം, മിസിസ് ഷൈനി തോമസ് എന്നിവർ കൺവീനേഴ്സായും പ്രവർത്തിക്കുന്നു.

റവ. ഹാം ജോസഫ്, റവ. ഡോ. ഭാനു സാമുവേൽ (വൈസ് പ്രസിഡണ്ട്), ആന്റോ കവലയ്ക്കൽ (സെക്രട്ടറി), മിസിസ് ഏലിയാമ്മ പുന്നൂസ്, ജോ. സെക്രട്ടറി ഏബ്രഹാം വർഗീസ് (ട്രഷറർ) എന്നിവർ ഐക്യു. കൗൺസിലിന് നേതൃത്വം നല്കുന്നു.

ഈ പ്രാർത്ഥനാചരണം ഫ്ളവേഴ്സ് ടിവി ലൈവ് സ്ട്രീമിങ്ങിലൂടെ സംപ്രേക്ഷണം ചെയ്യും. ഫാ. ഹാം ജോസഫ് 708 856 7490 ഫാ. രാജു ദാനിയേൽ 214 476 6584, ആന്റോ കവലയ്ക്കൽ 630 666 7310.

# ഫോമാ വിമൻസ് ഫോറത്തിന്റെ വാരാന്ത്യ പരിപാടികൾ

ചിക്കാഗോ: ഫോമായുടെ ഏറ്റവും ശക്തമായ ശാഖയായ വിമൻസ് ഫോറം ജനങ്ങൾക്ക് ഉപകാരപ്രദമായ ആരോഗ്യസംരക്ഷണ രീതികളും വ്യായാമ മുറകളും സെമിനാറുകളുമായി വിവിധങ്ങളായ പരിപാടികൾകൊണ്ട് അമേരിക്കൻ മലയാളികളുടെ ശ്രദ്ധ പിടിച്ചുപറ്റി. എല്ലാ ശനിയാഴ്ചയും രാവിലെ 11ന് (ഇഎസ്ടി) മുടങ്ങാതെ 'വെൽനെസ് മാറ്റേഴ്സ്' എന്ന പേരിൽ ഈ പരിപാടികൾ നടത്തിവരുന്നു.



ലാലി കളപ്പുരയ്ക്കൽ



ജൂബി വള്ളിക്കളം



ഷൈനി അബുബക്കർ



ജാസ്മിൻ പരോൾ

ആരോഗ്യസംരക്ഷണത്തിനുള്ള ഭക്ഷണക്രമീകരണം, ഭക്ഷണം തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെക്കുറിച്ച് പ്രശസ്ത ഡയറ്റീഷൻ സുശീലാ ജോൺസൺ ക്ലാസെടുത്തു. റെജിസ്റ്റഡ് യോഗ പരിശീലകയായ സിമി പോത്തൻ നടത്തിയ യോഗയുടെ പ്രാഥമിക ക്ലാസുകളും ഇഷാ പരോൾ നടത്തിയ വ്യായാമ മുറകളും പങ്കെടുത്തവർക്ക് നല്ലൊരനുഭവവും ഉപകാരപ്രദവുമായിരുന്നു. എല്ലാ ശനിയാഴ്ചകളലിലും സൗന്ദര്യവും ചർമ്മ സംരക്ഷണവും എന്ന വിഷയത്തെക്കുറിച്ചാണ് ക്ലാസുകൾ നടക്കുന്നത്. എസ്തവ അക്കാഡമിയുടെ സ്ഥാപകയും കോസ്മറ്റോളജിസ്റ്റുമായ ഷെറിൻ മുസ്തക്ക് ആണ് ക്ലാസുകൾ നയിക്കുന്നത്. ചർമ്മസംരക്ഷണം എന്നുള്ളത് ഒന്നോ രണ്ടോ ദിവസമോ ആഴ്ചയോ മാത്രം ചെയ്യേണ്ട ഒരു കാര്യമല്ല, അത് തുടർച്ചയായി ചെയ്തുകൊണ്ട് ജീവിതചര്യയുടെ ഒരു ഭാഗമാക്കേണ്ടതാണെന്ന് ഷെറിൻ ചൂണ്ടിക്കാണിക്കുന്നു. വ്യത്യസ്ത പ്രായവിഭാഗത്തിൽപ്പെട്ടവർക്കുള്ള ചർമ്മ സംരക്ഷണരീതി, വിവിധ സന്ദർഭങ്ങളിൽ ഉപയോഗിക്കാനുതകുന്ന മെയ്ക്കപ്പുകൾ എന്നിവയെക്കുറിച്ച് ഈ ക്ലാസുകളിൽ പ്രതിപാദിക്കുന്നുണ്ട്.

ഫോമാ നാഷണൽ വിമൻസ് ഫോറം ഭാരവാഹികളായ ലാലി കളപ്പുരയ്ക്കൽ, ജൂബി വള്ളിക്കളം, ഷൈനി അബുബക്കർ, ജാസ്മിൻ പരോൾ എന്നിവരാണ് വിമൻസ്ഫോറത്തിന്റെ ഈ പരിപാടികൾക്ക് നേതൃത്വം നല്കുന്നത്. സൂം പ്ലാറ്റ്ഫോമിലൂടെ നടത്തിവരുന്ന ഈ ക്ലാസുകളിൽ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർക്ക് പങ്കെടുക്കുവാനവസരമുണ്ട്. ഫോമായുടെ ഫേസ്ബുക്ക് പേജിലൂടെയുള്ള തത്സമയ സംപ്രേഷണത്തിലും നിരവധിയാളുകൾ പങ്കെടുക്കുന്നുണ്ട്. വളരെ ഉപകാരപ്രദമായ തുടർന്നുള്ള ക്ലാസുകളിലേക്ക് എല്ലാവരും പങ്കെടുക്കണമെന്ന് എക്സിക്യൂട്ടീവ് അംഗങ്ങളായ അനിയൻ ജോർജ്, ടി. ഉണ്ണികൃഷ്ണൻ, തോമസ് ടി. ഉമ്മൻ, പ്രദീപ് നായർ, ജോസ് മണക്കാട്ട്, ബിജു തോണിക്കടവിൽ എന്നിവർ അറിയിക്കുന്നു.

# ബ്രദർ എ.വി. ഡാനിയേൽ കരുത്തനായ പോരാളി

**പി.പി. ചെറിയാൻ**

ടെന്നസി: പെന്തെക്കോസ്ത് വിശ്വാസത്തിന്റെ കരുത്തനായ പോരാളിയും ചാറ്റനൂഗ ചർച്ച് ഓഫ് ഗോഡ് സഭാംഗവും വെണ്ണിക്കുളം വാളക്കുഴി ആലുനിൽക്കുന്നതിൽ എ.വി. ഡാനിയേൽ (75) ടെന്നസിയിൽ അന്തരിച്ചു. വർഗീസ്-ഏലിയാമ്മ ദമ്പതികളുടെ ഏഴു മക്കളിൽ നാലാമനായി ജനിച്ച ഡാനിയൽ ജോലിയോടനുബന്ധിച്ച് ഒറീസ്സയിലേക്ക് പോയി. അവിടെവെച്ച് സത്യസുവിശേഷത്തിലേക്ക് ആകൃഷ്ടനായി പെന്തെക്കോസ്ത് വിശ്വാസിയായി. 1970-ൽ വിവാഹിതരായ മറിയാമ്മ-ഡാനിയൽ ദമ്പതികൾക്ക് മൂന്നു മക്കളുണ്ട്.



1976-ൽ അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറുകയും ചാറ്റനൂഗ, ടെന്നസിയിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. 1982-ൽ എളിയതോതിൽ ആരംഭിച്ച എ.വി.എം എന്റർപ്രൈസസ് എന്ന സ്ഥാപനം ഇന്ന് ഹോട്ടൽ സപ്ലൈ രംഗത്ത് ഏറെ ശ്രദ്ധേയമായതിനു പിന്നിൽ ഇദ്ദേഹത്തിന്റെ കഠിനാദ്ധ്വാനവും സമർപ്പണവും പ്രശംസയർഹിക്കുന്നതോടൊപ്പം പുത്തൻ തലമുറയ്ക്ക് മാതൃകാപരവുമാണ്.

ചാറ്റനൂഗയിൽ മലയാളി ആത്മിക കൂടിവരവുകൾ ഇല്ലാതിരുന്ന കാലത്ത് 1985-ൽ പാസ്റ്റർ കെ.ജെ. മാത്യുവിനോടൊപ്പം ടൈനർ ചർച്ച് ഓഫ് ഗോഡ് എന്ന ആത്മിക കൂട്ടായ്മയ്ക്കു തുടക്കക്കാരനായ ഈ സുവിശേഷ സ്നേഹിയുടെ സേവനം സഭയ്ക്ക് വിസ്മരിക്കാൻ കഴിയുന്നതല്ല. സഭയുടെ സ്ഥാപകാംഗമായിരുന്ന ഇദ്ദേഹം മരണംവരെയും സഭാ ട്രസ്റ്റിയായും പ്രവർത്തിച്ചുവന്നു. തന്റെ ഭൗതികവരുമാനത്തിൽനിന്നും ഏറിയപങ്കും സുവിശേഷ വ്യാപ്തിക്കായി ചെലവഴിക്കുന്നതിൽ ഉത്സുകനായിരുന്ന ഇദ്ദേഹം ഉത്തരഭാരതത്തിൽ സുവിശേഷീകരണത്തിലും സഭാസ്ഥാപനത്തിലും ശ്രദ്ധാലുവായിരുന്നു. നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് സഭകളുടെയും ചാറ്റനൂഗ ടൈനർ ചർച്ച് ഓഫ് ഗോഡ് സഭയുടെയും ആഭിമുഖ്യത്തിൽ ഫെബ്രുവരി 21ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ ഇദ്ദേഹത്തിന്റെ സമർപ്പണ മനോഭാവവും ആത്മാർത്ഥതയും ആത്മദാഹവും പ്രതിപാദ്യവിഷയമായിരുന്നു. ദൈവസഭകൾക്കും ദൈവദാസന്മാർക്കും ഒരു കൈത്താങ്ങായിരുന്ന ഇദ്ദേഹത്തിന്റെ വേർപാട് സഭയ്ക്ക് ഒരു തീരാനഷ്ടമാണ്.

# പ്രത്യാശയോടെ നാൾ കഴിക്കുക

ഏലിയാമ്മ ലൂക്കോസ്

നമ്മുടെ ചുറ്റും പ്രതികൂലങ്ങൾ ഏറിവരുമ്പോൾ നിരാശപ്പെട്ടു പോകുന്ന മനുഷ്യരാണധികവും. ദൈവഭക്തന്മാർ നിരാശപ്പെടാതെ വചനത്തിൽ ആശ്രയിച്ചു ധൈര്യപ്പെടും. ദൈവത്തെ യഥാർത്ഥമായി തിരിച്ചറിയാത്ത ജനത്തിനു പ്രത്യാശയില്ല. പ്രത്യാശ നമ്മെ നില നിർത്തുന്നു. മലകളും താഴ്‌വരകളും കുണ്ടുകളും കുഴികളും നിറഞ്ഞതാണു ഭൂമി. മലകളും താഴ്‌വരകളും മാത്രമല്ല നമ്മുടെ മുമ്പിൽ, കരയും കടലുമുണ്ട്. ഇരുട്ടു മാത്രമല്ല വെളിച്ചവുമുണ്ട്. രാത്രി കഴിഞ്ഞു ഒരു വെളിച്ചം പ്രകാശിക്കും. എന്നും ഇരുട്ടായിരിക്കയില്ല. സ്വർഗ്ഗത്തെ ചിന്തിച്ചു സീയോൻ യാത്ര ചെയ്യുന്നവർക്കു ഒരു പ്രത്യാശയുണ്ട്.

കോവിഡിന്റെ കാഠിന്യം വർദ്ധിച്ചപ്പോൾ പലരും ആത്മഹത്യ ചെയ്തു. ആത്മഹത്യ ഒന്നിനും പരിഹാരമല്ല. ആത്മാവ് നൽകിയവനു മാത്രമേ അതെടുക്കാനും അവകാശമുള്ളു. ലോകത്തിലെ പ്രസിദ്ധരായ പലരും വിശേഷിച്ച് സിനിമാ നടികൾ ആത്മഹത്യ ചെയ്തതായി വായിച്ചിട്ടുണ്ട്. അവർക്ക് ഇവിടുത്തെ സുഖം മാത്രം മതി. ഒരു നിത്യനാടിനെക്കുറിച്ചു ചിന്തയില്ല. മരണത്തോടെ എല്ലാം അവസാനിക്കുന്നു വെന്നാണവരുടെ ചിന്ത. സിൽക്ക് സ്മിത എന്ന സ്ത്രീയെ ലോകം ഇഷ്ടപ്പെട്ടിരുന്നു. അവർ കടിച്ച ഒരു ആപ്പിൾ ലേലം ചെയ്തപ്പോൾ 5 ലക്ഷം രൂപ പിരിഞ്ഞുവെന്നു ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ അവർ ആത്മഹത്യ ചെയ്യുകയായിരുന്നു. ആത്മഹത്യാക്കുറിപ്പിൽ ആരും അവരെ സ്നേഹിക്കാനില്ലെന്ന പരാതിയായിരുന്നു കാണിച്ചിരുന്നത്. കഷ്ടം! ക്ഷണികമായ ഈ ഭൂമിയിൽ ദൈവം തന്ന ആയുസ്സ് സന്തോഷത്തോടെ കഴിച്ചു ദൈവഭയത്തിൽ ജീവിച്ചാൽ സമാധാനത്തോടെ അക്കരെ പോകാമല്ലോ.

കാലാവസ്ഥ മാറിക്കൊണ്ടിരിക്കും. ഭരണം മാറിക്കൊണ്ടിരിക്കും. ദൈവം തരുന്ന നന്മ അനുഭവിക്കാമെങ്കിൽ ലഭിക്കുന്ന തിന്മയും നാം സ്വീകരിക്കേണ്ടയോ. നാം ദീർഘക്ഷമയോടിരിക്കാൻ പഠിക്കേണം. ഇയ്യോബിന്റെ ഭാര്യ അദ്ദേഹത്തോട് "ദൈവത്തെ ത്യജിച്ചു കള ഞ്ഞു മരിച്ചുകളക"യെന്നു പറഞ്ഞുവല്ലോ. പക്ഷേ, ഇയ്യോബ് സഹിച്ചു, ക്ഷമിച്ചു അവസാനം നന്മ അനുഭവിച്ചു നല്ല വാർദ്ധക്യത്തിൽ മരണം വരിച്ചു. ഭക്തന്മാർക്കു പ്രത്യാശയുണ്ട്.

നമ്മെ മുന്നോട്ടു നയിക്കുന്നതു പ്രത്യാശയാണ്. നാളെ നമുക്കു ഒരു നന്മയുണ്ടെന്നറിയുമ്പോൾ നമ്മുടെ ആശ വർദ്ധിക്കുന്നു അതാണു പ്രത്യാശ. സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി ഭവനം ഒരുക്കുന്നുവെന്നതു നമുക്കു സന്തോഷമാണ്. യേശു വീണ്ടും വരാമെന്നും നമ്മെ കൂട്ടിക്കൊണ്ടുപോകാമെന്നുമുള്ള വാക്കു നമുക്കു പ്രത്യാശ നൽകുന്നു. പ്രിയരെ നമുക്കു പ്രത്യാശയ്ക്ക് വകയുണ്ട്. ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിക്കാം. പ്രതിസന്ധികൾക്കുമീതെ പറന്നുയരാനുള്ള ശക്തി ദൈവം നൽകും. ധാരാളം വണ്ടികൾ ഓടിക്കൊണ്ടിരിക്കുന്ന റോഡിൽ വീണുകിടക്കുന്ന നെൽമണികൾ കൊത്തിത്തിന്നുന്ന കൊച്ചുകുരുവികളെ നാം കണ്ടിരിക്കുമല്ലോ. ചീറിപ്പാഞ്ഞു വരുന്ന വാഹനങ്ങൾ തൊട്ടുതൊട്ടില്ല എന്ന ദൂരത്തെത്തുമ്പോൾ അതിനുമീതെ പറന്നുയരാൻ ആ കുരുവികൾക്കു ശക്തി നൽകുന്നുവെങ്കിൽ ഏറ്റം ശ്രേഷ്ഠരായ മനുഷ്യർ അവയേക്കാൾ ശക്തരല്ലയോ? വിധിയുടെ മുമ്പിൽ മുട്ടുകുത്താതെ ബലം ധരിച്ചുകൊണ്ടു നമുക്കുണരാം. ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയുമ്പോൾ അർഹിക്കാത്ത അനുഗ്രഹങ്ങൾ നമ്മെത്തേടിയെത്തും. സങ്കടങ്ങൾ, വേദനകൾ, കഷ്ടങ്ങൾ ഇവയെല്ലാം നമ്മെ വേട്ടയാടുമ്പോൾ വിശുദ്ധ പൗലോസ് പറയുന്നു: കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നുവെന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. ഒന്നിലും തളരാതെ പതറാതെ പ്രത്യാശയോടിരിക്കാൻ വിശുദ്ധൻ ഉപദേശിക്കുന്നു.



ലേഖിക

നാം നമ്മുടെ പങ്കുചെയ്യുക. മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടി ചെയ്യുന്ന ഏതു പ്രവൃത്തിയും ദൈവനിയോഗപ്രകാരമുള്ള ശ്രേഷ്ഠസേവനമാണ്. നിലം ഉഴുതൊരുക്കി സ്വന്തം വിയർപ്പൊഴുക്കി കഷ്ടപ്പെടുന്ന കൃഷിക്കാരനും വ്യവസായ ശാലകളിൽ കരിപുരണ്ട നീലക്കുപ്പായമണിഞ്ഞു കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളിയും ശാസ്ത്രജ്ഞനും ദേശസേവനം ചെയ്യുന്ന സൈന്യനിരയും ദൈവസന്നിധിയിൽ ശ്രേഷ്ഠരാണ്. മനുഷ്യനന്മയാവണം ലക്ഷ്യം. സ്വന്തം കീശ വീർപ്പിക്കാനോ സ്ഥാനമാനങ്ങൾക്കോ വേണ്ടി മനുഷ്യനെ ഹിംസിക്കുന്ന വിധത്തിൽ ദൈവകല്പനാലംഘനം ദൈവം വെറുക്കുന്നു. ദൈവഹിതപ്രകാരം പ്രത്യാശയോടെ നമ്മുടെ കാലുകൾ മുന്നോട്ടുവെക്കുക. ഒരു ചരിത്രസംഭവത്തിലേക്ക് നമുക്കു നോക്കാം. വിശുദ്ധ പൗലോസ് ദൈവജനത്തെ ഉപദ്രവിച്ചവനെങ്കിലും യേശുക്രിസ്തു അവനെ വിളിച്ച നാൾ മുതൽ കർത്താവിനുവേണ്ടി അനേക കഷ്ടങ്ങളിൽക്കൂടെ കടന്നുപോയി. അതെല്ലാം സന്തോഷത്തോടെ സഹിച്ചു. കാരണം മുമ്പിൽ ഒരു പ്രത്യാശയുണ്ടായിരുന്നു. ഫിലിപ്പയിൽ പൗലോസും ശീലാസും കടന്നുപോയി വചനം ഘോഷിക്കവേ ലുദിയായുടെ ഹൃദയം ദൈവം തുറന്നു, ഭവനവും തുറന്നു. എന്നാൽ ഒരു ബാല്യക്കാരിയായ വെളിച്ചപ്പാടത്തി "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ" എന്നു വിളിച്ചു പറഞ്ഞു. ഭൂതമാണെങ്കിലും സത്യമാണ് അവൾ വിളിച്ചു പറഞ്ഞത്. ഭൂതത്തെ പൗലോസ് ശാസിച്ചു. അതവളെ വിട്ടുപോയി. അവളുടെ യജമാനന്മാർ അവളിൽക്കൂടി പണം സമ്പാദിച്ചിരുന്നു. തങ്ങളുടെ ലാഭത്തിന്റെ ആശ പൊയ്പോയതുകൊണ്ട് അവർ കുപിതരായി പൗലോസിനെയും ശീലാസിനെയും പിടിച്ചുവലിച്ചു കൊണ്ടുപോയി അധിപതികളുടെ മുമ്പിൽ നിറുത്തി. അധിപതികൾ അവരുടെ വസ്ത്രം പറിച്ചുരിഞ്ഞു കോൽകൊണ്ടു അവരെ അടിപ്പാൻ കല്പിച്ചു. വളരെ അടിപ്പിച്ചശേഷം കാരാഗൃഹത്തിലാക്കി. അവരെ അകത്തെ തടവിൽ ഇരുട്ടുമുറിയിലാണ് ആക്കിയത്. എന്നാൽ പൗലോസും ശീലാസും നിരാശപ്പെട്ടില്ല. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്നതു സന്തോഷമായി അവർ എണ്ണി. സ്വർഗ്ഗത്തിൽ നിക്ഷേപങ്ങളോടെ ഒരു നിത്യവാസമുണ്ടെന്ന പ്രത്യാശയാണവരെ ധൈര്യപ്പെടുത്തിയത്. അർദ്ധരാത്രിയിൽ അവർ പ്രാർത്ഥിച്ചു പാടി ദൈവത്തെ സ്തുതിച്ചു. സ്തോത്രഗീതം ദൈവം ശ്രദ്ധിച്ചു.

പ്രിയരെ ഈ കോവിഡിനാൽ അനേകർ മരിച്ചു. അനാഥരായും വിധവമാരായും ലോകത്തു പലരും ശേഷിച്ചു. ഈ കഠിന ദുഃഖവേളയിലും പിടിച്ചു നിൽക്കുന്നതു ദൈവത്തിലുള്ള പ്രത്യാശയാലാണ്. എത്രയും വേഗം കർത്താവു കാഹള ധ്വനിയോടെ വരും എന്ന പ്രത്യാശ നമ്മെ ജീവിപ്പിക്കുന്നു, നാം പ്രാർത്ഥിക്കുന്നു പാടുന്നു. അർദ്ധരാത്രിയിലെ സ്തോത്രഗീതം അനേകരെ ഉണർത്തും. കാരാഗൃഹത്തിലെ പാട്ടും പ്രാർത്ഥനയും ദൈവം ശ്രവിച്ചു. ഒരു വലിയ ഭൂകമ്പമുണ്ടായി, കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങി. വാതിലൊക്കെയും തുറന്നുപോയി. എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു. അത്ഭുതങ്ങൾ നടന്നു. പ്രത്യാശയോടുള്ള ജീവിതം വിജയത്തിലെത്തിക്കും. അമേരിക്ക എന്ന ലോകം കണ്ടുപിടിക്കാൻ കൊളംബസിനെ പ്രേരിപ്പിച്ചത് മുമ്പിലൊരു വിജയമെന്ന ആശയാണ്.

ഈ ഭൂമിയിലെ വാസം നശ്വരമായിരിക്കുമ്പോൾ നിത്യരാജ്യത്തെ നോക്കുന്നവർക്കു നിരാശക്കവകാശമില്ല. സ്വർഗ്ഗമാണ് നമ്മുടെ പ്രത്യാശനാട്, സ്വർഗ്ഗത്തിലേക്ക് ലക്ഷ്യംവെച്ചു നമുക്കു യാത്രചെയ്യാം.

ഒരു സർക്കസുകാരൻ കമ്പിയിൽ കൂടി നടക്കുന്നതുകണ്ട് നാം അമ്പരന്നു പോകാറില്ലയോ. അയാൾ കമ്പിയുടെ അങ്ങേയറ്റത്തു ഒരു ഗോൾഡൻ സ്റ്റാർ തൂക്കിയിട്ടുണ്ടാകും. അതിനെ നോക്കിക്കൊണ്ടു മുന്നോട്ടയാൾ നീങ്ങുന്നു, അക്കരെയെത്തുന്നു. നാമും നമ്മുടെ മോക്ഷപുരിയെനോക്കി മുന്നോട്ടു യാത്രചെയ്യുന്നവരെങ്കിൽ അക്കരെയെത്തുക തന്നെ ചെയ്യും. 550ൽ അധികം പ്രാവശ്യം സ്വർഗ്ഗമെന്ന വാക്കു ബൈബിളിലുണ്ട്. സഭാപ്രസംഗി 3:11ൽ ദൈവം സകലതും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു. നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. ആ സ്വർഗ്ഗമാണ് നമ്മുടെ പ്രത്യാശ.

നാം ഈ ആയുസ്സിൽമാത്രം പ്രത്യാശവെച്ചാൽ സകലമനുഷ്യരിലും അരിഷ്ടന്മാരത്രെ. "കൂടാരമായ നമ്മുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ (ശേഷം 22-ാം പേജിൽ)

# മഹാനായ മജീഷ്യൻ ഗോപിനാഥ് മുതുകാട്

എൽസി ബേബി

ഡോ. ഗോപിനാഥ് മുതുകാടിന്റെ ചില ക്ലിപ്പുകൾ കേൾക്കാറുണ്ട്. അദ്ദേഹം കേവലം ഒരു മാജിക്കുകാരൻ മാത്രമല്ല. അനേകം സദ്ഉപദേശങ്ങളും വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും സദ്ഹൃദയത്തിന്റെയും രാജാവാണെന്നു പറഞ്ഞാൽ അല്പംപോലും അതിശയോക്തിയില്ല. കേരളത്തെക്കുറിച്ച് എപ്പോഴും ദോഷമായ വാർത്തകളും അധാർമ്മികതകളുടെ കഥകളും കേട്ടുകേട്ടു മനം മടുക്കുമ്പോൾ ഡോ. ഗോപിനാഥിന്റെ കഥകളും ബുദ്ധിപൂർവ്വമായ ഉപദേശങ്ങളും കേൾക്കുമ്പോൾ എന്തൊരാനന്ദവും ആശ്വാസവുമാകുന്നു. ഇങ്ങനെയുള്ള പണ്ഡിതന്മാരെ സമ്മാനിച്ച ദൈവത്തിന് ആയിരമായിരം നന്ദി. ഓരോ പ്രായത്തിലുമുള്ളവർക്കു കേട്ടുപഠിക്കാൻ തക്ക തത്വചിന്തകളാണ് അദ്ദേഹം കേരളത്തിലും വിദേശരാജ്യങ്ങളിലുമുള്ളവർക്കു നല്കുന്നത്. വികലാംഗരുടെ ഇടയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എത്ര ശ്രേഷ്ഠകരമായിരിക്കുന്നു എന്നു കാണുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. എനിക്ക് അദ്ദേഹത്തെ നേരിട്ടു പരിചയമില്ലെങ്കിലും അദ്ദേഹത്തിന്റെ ചിന്തകളും ഉപദേശങ്ങളും പ്രസംഗങ്ങളും എനിക്ക് വലിയ അനുഗ്രഹമായിട്ടുണ്ട്. സ്കൂൾ കുട്ടികളോട് പരീക്ഷ പേടിയല്ല, പ്രേമമാകുന്നു എന്ന അദ്ദേഹത്തിന്റെ ബുദ്ധ്യോപദേശം എത്ര അർത്ഥവത്തായിരിക്കുന്നു. മാജിക്കിനേക്കാൾ മനം കവരുന്ന വിവേകം നിറഞ്ഞ ഉപദേശങ്ങൾ ഇന്നത്തെ തലമുറയ്ക്ക് അനുഗ്രഹവും പ്രയോജനവുമാകുന്നു. ജ്ഞാനം എന്ന സമ്പത്തിന്റെ ഉടമയായ മിസ്റ്റർ ഗോപിനാഥ് മുതുകാടിന് എന്റെ ഹൃദയംനിറഞ്ഞ ആശംസകളോടെ കൂപ്പുകൈ.



ഡോ. ഗോപിനാഥ് മുതുകാട്

മനുഷ്യന്റെ ഭയം വരുത്തുന്ന വിനകളെക്കുറിച്ച് അദ്ദേഹം പറഞ്ഞ ഒരു ഉദാഹരണം. ഒരിക്കൽ അരണ്ട വെളിച്ചത്തിലൂടെ നടന്നുവരുന്ന ഒരാൾ വഴിയിൽ ചുരുണ്ടുകിടക്കുന്ന കയർ കണ്ട് പാമ്പാണെന്നു പേടിച്ച് വിരണ്ടോടിയപ്പോൾ ധീരനായ ഒരാൾ അതു കണ്ട് ഒരു കോലെടുത്ത് കുത്തിനോക്കി യാഥാർത്ഥ്യം മനസ്സിലാക്കി. ഭയമാണ് ഇന്ന് പല രോഗങ്ങൾക്കും സംശയങ്ങൾക്കും വഴക്കുകൾക്കും പരാജയങ്ങൾക്കും കാരണം എന്ന അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുന്നവർക്ക് എത്ര ഉപകാരപ്രദമാണെന്നു പറയേണ്ടതില്ലല്ലോ. അതുപോലെതന്നെ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചും മക്കൾ ആരായിത്തീരണം എന്ന മാതാപിതാക്കളുടെ ആഗ്രഹങ്ങളും നിർബന്ധങ്ങളും മറ്റും വരുത്തുന്ന വിനകളേക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉപദേശങ്ങൾ മാതാപിതാക്കൾക്കും കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്രദമാകുന്നു. മക്കൾ ഒരു തിന്മയിലേക്കു പോകാതെ നേർവഴി കാണിച്ചുകൊടുക്കുക എന്ന സിദ്ധാന്തം മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ടതാകുന്നു. നല്ല വ്യക്തിത്വത്തിന്റെ ഉടമകളാകുവാൻ മക്കളെ പ്രോത്സാഹിപ്പിക്കുക. ഓരോ മാതാപിതാക്കളും അദ്ദേഹത്തിന്റെ ജ്ഞാനോപദേശങ്ങൾ അനുസരിച്ചാൽ ഇന്നു നമ്മുടെ സമൂഹത്തിൽ കാണുന്നഅസന്മാർഗ്ഗികതകളും സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളും ദൂരീകരിക്കാൻ പറ്റും എന്നതിൽ സംശയമില്ല. എനിത്തിങ് ക്യാൻ ഗോ റോങ് ഇറ്റ് വിൽ ഗോ റോങ് എന്ന സിദ്ധാന്തം വിശ്വസിക്കുക. ഗോപിനാഥ് മുതുകാട് എന്ന ജ്ഞാനസമ്പന്നനായ മാജിക്കുകാരനെ നമ്മുടെ സമൂഹം ആവോളം മാനിച്ച് അദ്ദേഹത്തിന്റെ താഴ്മ, വിനയം, ബുദ്ധി, വിവേകം, പരിജ്ഞാനം ഇവയിൽ അടങ്ങിയിരിക്കുന്ന മാജിക് അനുഭവമാക്കുവാൻ ഇടയാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.



ലേഖിക


# മിനിമം വേതനം വർദ്ധനവ് അനിവാര്യം

**ജോസ് കല്ലിടിക്കിൽ**

2009 മുതൽ യാതൊരു വർദ്ധനവും അനുവദിക്കാതെ അമേരിക്കയിൽ തുടരുന്ന ഫെഡറൽ മിനിമം വേതനം മണിക്കൂറിന് 7.25 ഡോളറിൽ നിന്ന് 15 ഡോളറായി ഉയർത്തുമെന്നത് പ്രസിഡണ്ട് ജോ ബൈഡന്റെയും ഡെമോക്രാറ്റിക് പാർട്ടി നേതൃത്വത്തിന്റെയും തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു.

ജനുവരി 20ന് അധികാരത്തിലേറിയ ഉടൻ പ്രസിഡണ്ട് ബൈഡൻ പുറപ്പെടുവിച്ച നിരവധി എക്സിക്യൂട്ടീവ് ഓർഡറുകളിൽ ഒന്ന് ഫെഡറൽ കരാർ തൊഴിലാളികളുടെ മിനിമം വേതനം മണിക്കൂറിന് 15 ഡോളറായി വർദ്ധിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. എന്നാൽ, ദേശത്തൊട്ടാകെ ഇത്തരത്തിലൊരു ശമ്പളവർദ്ധനവ് സ്വയം നടപ്പാക്കാൻ പ്രസിഡണ്ടിന് അധികാരമില്ലാത്ത സാഹചര്യത്തിൽ കോൺഗ്രസിന്റെ ഇരുസഭകളിലും അത്തരത്തിലൊരു ബിൽ അവതരിപ്പിച്ച് നടപ്പാക്കുവാനുള്ള നടപടികൾ ഡെമോക്രാറ്റിക് സെനറ്റർമാരും പ്രതിനിധി സഭാംഗങ്ങളും സ്വീകരിച്ചു കഴിഞ്ഞു. ഏതാണ്ട് ഒരു ദശാബ്ദത്തിലേറെയായി ഫെഡറൽ മിനിമം വേതന വർദ്ധനവിനായി നിരന്തരം മുറവിളി കൂട്ടുകയും നിരവധി പ്രകടനങ്ങളും സമരങ്ങളും സംഘടിപ്പിച്ചിട്ടുള്ളതുമായ തൊഴിലാളി സംഘടനാ നേതൃത്വത്തിനും വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് കണ്ടെത്തുവാൻ ബദ്ധപ്പെടുന്ന അനേക മില്യൺ താഴ്ന്ന വരുമാന തൊഴിലാളികൾക്കും പ്രസിഡണ്ട് ബൈഡന്റെയും ഡെമോക്രാറ്റിക് പാർട്ടി നേതൃത്വത്തിന്റെയും ഈ നീക്കങ്ങൾ പ്രതീക്ഷയ്ക്ക് വക നല്കുന്നതാണ്.

കോൺഗ്രസിന്റെ പരിഗണനയിലുള്ള ഫെഡറൽ മിനിമം വേതന വർദ്ധനവ് ബില്ലിൽ, ഘട്ടം ഘട്ടമായുള്ളൊരു ശമ്പള വർദ്ധനവാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഭേദഗതികൾ ഏതുമില്ലാതെ ബിൽ പാസാകുന്നപക്ഷം അമേരിക്കയിലെ ഫെഡറൽ മിനിമം വേതനം ഈ വർഷം മണിക്കൂറിന് 9.50 ഡോളറായും ക്രമേണ വർഷംതോറും ഉയർന്ന് 2025-ൽ മണിക്കൂറിന് 15 ഡോളറിൽ എത്തുകയും ചെയ്യും. നിലവിലെ മിനിമം വേതനം ഇരട്ടിയിലധികമായി വർദ്ധിക്കുന്നുവെന്നത് പലരിലും ആശ്ചര്യം ഉളവാക്കാം. എന്നാൽ, ഇപ്പോഴത്തെ അമേരിക്കയിലെ ജീവിതസാഹചര്യത്തിൽ നാല് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കുടുംബത്തിന് പരിമിതമായ സൗകര്യങ്ങളോടുകൂടി ജീവിതം തുടരുവാൻ കുറഞ്ഞത് 16 ഡോളർ മണിക്കൂറിന് ലഭിക്കണമെന്നാണ് ഔദ്യോഗിക കണക്കുകൾ വെളിപ്പെടുത്തുന്നത്. നഗ്നമായ ഇത്തരം യാഥാർത്ഥ്യങ്ങളും താഴ്ന്ന വരുമാനത്താൽ സാമ്പത്തികമായി ക്ലേശത അനുഭവിക്കുന്ന ജനതയോടുള്ള സഹാനുഭൂതിയുമാണ് ഏതാണ്ട് 70 ശതമാനം വരുന്ന അമേരിക്കൻ ജനതയെ



ജോ ബൈഡൻ

ഫെഡറൽ മിനിമം വേതന വർദ്ധനവിന് പിന്തുണ നല്കുവാൻ പ്രേരിപ്പിക്കുന്നത്.

മിനിമം വേതനവർദ്ധനവ് പ്രാബല്യമായാൽ പുതിയ നിയമം വഴി 27 മില്യൺ താഴ്ന്നവരുമാനം ലഭിക്കുന്ന അമേരിക്കയിലെ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ഗുണമായി ഭവിക്കുമെന്ന് ഔദ്യോഗിക കണക്കുകൾ വെളിപ്പെടുത്തുന്നു. പ്രസ്തുത കണക്കുകളാണ് ശമ്പള വർദ്ധനവിനായി മുറവിളി കൂട്ടുന്ന തൊഴിൽസംഘടനകളുടെ അവകാശവാദത്തിനും അവരോട് അനുഭാവം പ്രകടിപ്പിച്ചിട്ടുള്ള ഡെമോക്രാറ്റിക് പാർട്ടിയുടെയും ഏതാനും മുഖ്യാധാരാ മാധ്യമങ്ങളുടെയും പിന്തുണയ്ക്ക് ആധാരം. തുച്ഛവരുമാനക്കാരായ തൊഴിലാളികളിൽ ഏറെയും ഹോട്ടൽ, ഫാസ്റ്റ്ഫുഡ്, റെസ്റ്റോറന്റ്, ഡിപ്പാർട്ടുമെന്റ്-റീട്ടെയിൽ സ്റ്റോറുകൾ എന്നീ മേഖലയിൽ ഉൾപ്പെടുന്നവരാണ്. ഉയർന്ന വിദ്യാഭ്യാസമോ സാങ്കേതിക പരിജ്ഞാനമോ ലഭിക്കാത്ത കറുത്തവംശജർ, ഹിസ്പാനിക്സ്, സ്ത്രീകൾ എന്നിവരാണ് ഇവരിലേറെയും.

കോർപ്പറേറ്റ് വിധേയത്വം ഒരലങ്കാരമാക്കിയിട്ടുള്ള റിപ്പബ്ലിക്കൻ പാർട്ടിയുടെ കടുത്ത എതിർപ്പും നിഷേധാത്മക സമീപനങ്ങളുമാണ് നീണ്ട 12 വർഷം ഫെഡറൽ മിനിമം വേതനം ഒരു പെനി പോലും വർദ്ധിക്കാതെ മരവിച്ചിരിക്കുവാൻ കാരണമായത്. ഈ കാലയളവിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ 20 ശതമാനത്തിലധികം വർദ്ധനവുണ്ടായെന്ന വസ്തുത റിപ്പബ്ലിക്കൻ നേതൃത്വം പാടേ അവഗണിച്ചു. വീട്ടുവാടക, ചികിത്സ, കോളജ് വിദ്യാഭ്യാസം എന്നിവയ്ക്ക് വേണ്ടിയ ചെലവ് രണ്ടോ അതിലധികമോ ഇരട്ടി വർദ്ധിച്ചിട്ടുള്ളതും മിനിമം വേതനവർദ്ധനവിന് പ്രതിബന്ധം സൃഷ്ടിക്കുന്നവരെ സ്പർശിച്ചിട്ടില്ല. നിർദ്ദിഷ്ട മിനിമം വേതനം പ്രാബല്യത്തിൽ വന്നാൽ, അതുവഴി ലഭിക്കുന്ന അധികവരുമാനം രണ്ടറ്റം മുട്ടിക്കുവാൻ യാതനയനുഭവിക്കുന്ന നിരവധി അമേരിക്കൻ ഭവനങ്ങളിൽ പ്രത്യാശയുടെ നേരിയൊരു വെളിച്ചം പരത്തിയേക്കാം. ഇക്കൂട്ടരിൽ ചിലരെങ്കിലും നമ്മുടെയൊക്കെ കുടുംബാംഗങ്ങളിലും സമൂഹത്തിലും ഉൾപ്പെടുന്നവരുമാകും.

ഫെഡറൽ മിനിമം വേതനം ഒരു ദശാബ്ദത്തിലേറെയായി മണിക്കൂറിന് 7.25 ഡോളർ എന്ന നിലയിൽ മരവിച്ചിരുന്നപ്പോഴും അമേരിക്കയിലെ 29 സംസ്ഥാനങ്ങളും നിരവധി നഗരങ്ങളും അവരുടെ മിനിമം വേതനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുകയുണ്ടായി. കാലിഫോർണിയ, ഫ്ളോറിഡാ, മാസച്യുസെറ്റ്സ്, ഇല്ലിനോയി എന്നീ സംസ്ഥാനങ്ങൾക്കൊപ്പം ചിക്കാഗോ ഉൾപ്പെടെയുള്ള നാല്പതോളം അമേരിക്കൻ നഗരങ്ങളിലെയും മിനിമം വേതനം മണിക്കൂറിന് 15 ഡോളർ എന്ന നിരക്കിലേയ്ക്ക് ഉയരുവാൻ 2-5 വർഷത്തെ കാലതാമസമേ വരുകയുള്ളൂ. ടാർജറ്റ്, വാൾമാർട്ട് മുതലായ കോർപ്പറേഷനുകളും അവരുടെ മിനിമം വേതനം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

അമേരിക്കൻ കോൺഗ്രസിന്റെ ഇരുസഭകളുടെയും നിയന്ത്രണത്തിനൊപ്പം വൈറ്റ് ഹൗസും ഡെമോക്രാറ്റിക് പാർട്ടിക്ക് ഒപ്പമാണെന്നതാണ് ഫെഡറൽ മിനിമം വേതന വർദ്ധനവ് യാഥാർത്ഥ്യമാകുമെന്ന ശുഭപ്രതീക്ഷയ്ക്ക് ആധാരം. എന്നാൽ, ഈ ബിൽ പ്രസിഡണ്ട് ബൈഡനും ഡെമോക്രാറ്റിക് പാർട്ടി നേതൃത്വവും ഉദ്ദേശിക്കുന്നതുപോലെ പാസ്സാക്കുകയും നടപ്പാക്കുകയും ഒട്ടും സുഗമമാകില്ലെന്നതാണ് വസ്തുത. റിപ്പബ്ലിക്കൻ പാർട്ടിയുടെ ശക്തമായ വിയോജിപ്പിനൊപ്പം സ്വതന്ത്രനിലപാടുള്ള കോൺഗ്രഷണൽ ബജറ്റ് ഓഫീസ്, നിർദ്ദിഷ്ട ശമ്പളവർദ്ധനവ് താഴ്ന്ന വരുമാനക്കാരായ 1.4 മില്യൺ അമേരിക്കൻ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുവാൻ ഇടയാക്കുന്നതിനൊപ്പം, അമേരിക്കയിലെ അനേകം ചെറുകിട വ്യാപാര-വ്യവസായ സംരംഭങ്ങളുടെ നിലനില്പുതന്നെ അപകടത്തിലാക്കുമെന്ന് അഭിപ്രായപ്പെടുന്നു. കോൺഗ്രഷണൽ ബജറ്റ് ഓഫീസിന്റെ നിലപാടാണ് മിനിമം വേതന വർദ്ധനവ് ബിൽ നേരിടുന്ന മുഖ്യവെല്ലുവിളി.

കോൺഗ്രഷണൽ ബജറ്റ് ഓഫീസ് പ്രകടിപ്പിച്ചിട്ടുള്ള ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്നാണ് പ്രസിഡണ്ട് ബൈഡന്റെ ട്രഷറി സെക്രട്ടറി ജാനറ്റ് അലന്റെ നിലപാട്. നിരവധി സംസ്ഥാനങ്ങളിലെയും നഗരങ്ങളിലെയും മിനിമം വേതനത്തിലുണ്ടായ വർദ്ധനവുകൾ അവിടങ്ങളിലെ തൊഴിൽ മേഖലയേയും ചെറുകിട സംരംഭകരേയും സാരമായി ബാധിച്ചിട്ടില്ലെന്നതാണ് സെക്രട്ടറി ജാനറ്റ് അലന്റെ പക്ഷം. പ്രസ്തുത സംസ്ഥാനങ്ങളിലെയും നഗരങ്ങളിലെയും പോയ അഞ്ചു വർഷത്തെ സമ്പദ് വ്യവസ്ഥയിലും തൊഴിൽ മേഖലയിലും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ തന്റെ നിലപാടിന് ആധാരമായി അവർ ചൂണ്ടിക്കാട്ടി. സാമ്പത്തിക പരാധീനതകൾ മൂലം അത്യാവശ്യങ്ങൾ പോലും പലപ്പോഴും മാറ്റിവെക്കുവാൻ നിർബന്ധിതരാകുന്ന ഒരു ജനത തങ്ങൾക്ക് ലഭിക്കുന്ന അധികവരുമാനം ദുർവ്യയം ചെയ്യാതെ മാറ്റിവെക്കപ്പെട്ട ആവശ്യങ്ങൾക്കായി വിനിയോഗിക്കുമെന്ന് പല പഠനങ്ങളും സൂചിപ്പിക്കുന്നു. ഇക്കൂട്ടർക്ക് ലഭിക്കുന്ന അധികവരുമാനം പലപ്പോഴും സമീപ പ്രദേശത്തുള്ള വ്യാപാരസ്ഥാപനങ്ങളിൽ ചെലവഴിക്കപ്പെടുന്നതിനാൽ, അവിടങ്ങളിലെ വ്യാപാരം അഭിവൃദ്ധിപ്പെടുമെന്നും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നുമാണ് ഇത്തരം പഠനങ്ങളിലെ കണ്ടെത്തലുകൾ.

പ്രസിഡണ്ട് ബൈഡന്റെ അഭിമാന സാമ്പത്തിക ഉത്തേജന നടപടിയായ 1.9 ട്രില്യൻ ഡോളർ കോവിഡ് ആശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി മിനിമം വേതനം വർദ്ധിപ്പിക്കാനുള്ള ലക്ഷ്യങ്ങളാണ് പ്രസിഡണ്ട് ബൈഡനും ഡെമോക്രാറ്റിക് പാർട്ടി നേതൃത്വത്തിനുമുള്ളത്. ഇതിനായി ചുക്കാൻ പിടിക്കുന്നത് സെനറ്റ് ബജറ്റ് കമ്മിറ്റി ചെയർമാൻ സെനറ്റർ ബർണി സാന്റേഴ്സാണ്. മിനിമം വേതന വർദ്ധനവിനും സൗജന്യ കോളജ് വിദ്യഭ്യാസത്തിനും അശരണ



ലേഖകൻ

രുടെ ആരോഗ്യ സംരക്ഷണത്തിനുമായി എക്കാലവും പോരാടിയിട്ടുള്ള സെനറ്റർ ബർണി സാന്റേഴ്സ് തന്റെ പുതിയ പദവി പ്രസ്തുത ലക്ഷ്യങ്ങൾക്കായി ഒരു നിയോഗമായി കാണുകയാണ്. 50-50 അംഗബലമുള്ള സെനറ്റിൽ റിപ്പബ്ലിക്കൻ സെനറ്റർമാരുടെ കൂടെ പിന്തുണയോടു കൂടി സമവായത്തിലൂടെ മിനിമം വേതനം വർദ്ധിപ്പിക്കാം എന്ന പ്രതീക്ഷയാണ് പ്രസിഡണ്ട് ബൈഡനുള്ളത്. എന്നാൽ, അദ്ദേഹത്തിന്റെ ശ്രമങ്ങളോടുള്ള റിപ്പബ്ലിക്കൻ സെനറ്റർമാരുടെ പ്രതികരണം ആശാവഹമല്ല. സമവായത്തിലൂടെ പുതിയ ബിൽ പാസ്സാക്കുവാൻ സാദ്ധ്യമാകാത്ത സാഹചര്യത്തിൽ, 51 വോട്ടുകളുടെ മാത്രം പിന്തുണയോടു കൂടി ബജറ്റ് അനുരഞ്ജന നടപടിക്രമത്തിലൂടെ മിനിമം വേതന വർദ്ധനവ് യാഥാർത്ഥ്യമാക്കാമെന്ന ആത്മവിശ്വാസത്തിലും ശ്രമത്തിലുമാണ് സെനറ്റർ ബർണി സാന്റേഴ്സ്. സെനറ്റർ സാന്റേഴ്സിന്റെ ശ്രമങ്ങൾ സഫലമാകട്ടെയെന്ന് നമുക്ക് ആശിക്കാം.






# ഇ.എം.സി.സി വിവാദ കരാറും ഫോമയും

ന്യൂജേഴ്സി: ഇ.എം.സി.സിയും കേരള സർക്കാരും തമ്മിലുള്ള ആഴക്കടൽ മീൻപിടിത്ത കരാർ സംബന്ധിച്ച വിവാദത്തിൽ ഫോമയെ അനാവശ്യമായ വിവാദങ്ങളിലേക്ക് വലിച്ചഴയ്ക്കുവാനും ഫോമയുടെ സൽപ്പേര് കളങ്കപ്പെടുത്തുവാനും ചിലർ നടത്തുന്ന കുത്സിത ശ്രമങ്ങളിൽ ഫോമാ ശക്തമായി പ്രതിഷേധിക്കുന്നു. ഫോമായുടെ മുൻ ജനറൽ സെക്രട്ടറി ജോസ് ഏബ്രഹാം അദ്ദേഹം ജനറൽ സെക്രട്ടറിയായിരുന്ന കാലയളവിൽ വ്യക്തിപരമായി ഏർപ്പെട്ടു രൂപീകരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടുള്ള യാതൊരു സംരംഭങ്ങളിലും ഫോമാ ഭാഗഭാക്കാകുകയോ ആരെങ്കിലുമായി കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. ഫോമയ്ക്ക് അത്തരം ഏതെങ്കിലും പ്രസ്ഥാനങ്ങളുമായോ ഇ.എം.സി.സി യുമായോ യാതൊരു ബന്ധവും നാളിതുവരെ ഇല്ല.

ജോസ് ഏബ്രഹാം വ്യക്തിപരമായി ഏർപ്പെടുകയോ ചെയ്യുകയോ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് ഫോമാ ഉത്തരവാദിയുമല്ല. എന്നാൽ, ജോസ് ഏബ്രഹാം ജനറൽ സെക്രട്ടറിയായിരിക്കെ ഔദ്യോഗിക സ്ഥാനം ദുരുപയോഗം ചെയ്ത്, തന്നെ തെറ്റിദ്ധരിപ്പിച്ച് ഇ.എം.സി.സിയുടെ സ്ട്രാറ്റജിക് പാർട്ണർ എന്ന പദവിയിൽ തന്നെ അവരോധിച്ചു എന്ന് ഡോ. എം.വി. പിള്ള ഫോമയ്ക്ക് പരാതി നല്കിയിരുന്നു.

അതിനെപ്പറ്റി ഫോമായുടെ ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ മാത്യു ചെരുവിൽ, അഡ്വൈസറി കൗൺസിൽ ചെയർമാൻ ജോൺ സി. വർഗീസ്, കംപ്ലെയിൻസ് കൗൺസിൽ ചെയർമാൻ രാജു വർഗീസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഫോമ എക്സിക്യൂട്ടീവ് കമ്മിറ്റി അടിയന്തര യോഗം ചേർന്ന് ജോസ് ഏബ്രഹാമിൽനിന്നും വിശദീകരണം ചോദിക്കുകയുണ്ടായി. എന്നാൽ, വിശദീകരണം തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് തുടരന്വേഷണത്തിന് തീരുമാനിക്കുകയും അന്വേഷണം പൂർത്തിയാകുന്നതുവരെ ജോസ് ഏബ്രഹാമിനെ അദ്ദേഹം വഹിക്കുന്ന ഫോമായുടെ എല്ലാ ഔദ്യോഗിക പദവികളിൽനിന്നും മാറ്റിനിർത്തുകയും ചെയ്യാൻ ഫോമാ തീരുമാനിക്കുകയുണ്ടായി. ഫോമാ അമേരിക്കൻ ഐക്യനാടുകളിലെ 78-ഓളം മലയാളി സംഘടനകളെ പ്രതിനിധീകരിക്കുന്ന കേന്ദ്ര അസോസിയേഷനാണ്. കേരളത്തിലെയും അമേരിക്കയിലെയും മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്ന ഫോമാ നാളിതുവരെ നടത്തിയിട്ടുള്ളതും നടത്തിപ്പോരുന്നതുമായ നിരവധി കാരുണ്യ പ്രവൃത്തികളിലൂടെ നിലനിർത്തിപ്പോരുന്ന യശസ്സിനെയും പ്രവർത്തനമികവിനേയും കളങ്കപ്പെടുത്താനുള്ള ഏതു ശ്രമങ്ങളെയും ശക്തിയുക്തം എതിർക്കുകയും അപലപിക്കുകയും ചെയ്യുന്നു. അത്തരം ശ്രമങ്ങൾകൊണ്ട് ഫോമായുടെ വിലകുറച്ചു കാണിക്കാമെന്ന് വ്യാമോഹിക്കരുത്. അമേരിക്കൻ മലയാളി സംഘടനകളെ വ്യക്തിപരമായ സാമ്പത്തിക നേട്ടങ്ങൾക്കോ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാനോ ആരുശ്രമിച്ചാലും അവർക്കെതിരെ മുഖംനോക്കാതെ ഒറ്റക്കെട്ടായി നിന്ന് നടപടിയെടുക്കുമെന്ന് ഫോമാ നേതൃത്വം അറിയിച്ചു. ഫോമാ എന്ന അമേരിക്കൻ മലയാളികളുടെ കേന്ദ്രസംഘടനയെ തളർത്താനും താറടിച്ചു കാണിക്കാനുമുള്ള കുബുദ്ധികളുടെ ശ്രമങ്ങളെ തിരിച്ചറിയണമെന്നും ഫോമായ്ക്ക് ജനങ്ങൾ നാളിതുവരെ നല്കിയ പ്രോത്സാഹനവും പിന്തുണയും തുടർന്നും ഉണ്ടാകണമെന്നും ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അഭ്യർത്ഥിക്കുന്നു.

## ഇ.എം.എസ്, സി. കേശവൻ, സി.വി. കുഞ്ഞിരാമൻ

(17-ാം പേജിൽനിന്നും)

എന്നാൽ, ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പു വേളയിൽ യുവത്വത്തിന്റെ പ്രതീകമായി രംഗത്തുവന്ന ഒരു സ്ഥാനാർത്ഥി മലയാള ഭാഷാസ്നേഹികളെയാകെ അമ്പരപ്പിച്ചുകളഞ്ഞു. അദ്ദേഹം ശക്തിയുക്തം പ്രഖ്യാപിച്ചതിങ്ങനെയാണ്: "ഞാൻ ജയിച്ചാൽ ഈ നിയോജകമണ്ഡലത്തിൽ 'പാട്ടം' ഇല്ലാത്തവർക്കൊക്കെ എത്രയും വേഗം പാട്ടം വിതരണം ചെയ്യും." നിരവധി പ്ലാറ്റ്ഫോമുകളിൽ അദ്ദേഹം ഇതാവർത്തിച്ചപ്പോൾ ജനങ്ങൾ അന്തംവിട്ടുപോയി. മലയാളിക്കു സുപരിചിതമായ 'പട്ടയം' എന്ന വാക്ക് സ്ഥാനാർത്ഥിക്ക് അപരിചിതമായിരുന്നതുകൊണ്ട് മാത്രം സംഭവിച്ച ഒരു തകരാറാണത്. അരിയാഹാരത്തിന് അടിമകളാകാതെ അതിനു പകരം ധാരാളം മുട്ടയും പാലും കഴിച്ചു ശീലിക്കുവാൻ കേരളത്തിലെ ദരിദ്രജനങ്ങളോട് ആഹ്വാനം ചെയ്ത ഒരു ഭക്ഷ്യമന്ത്രി നമുക്കുണ്ടായിരുന്നു. നിലമ്പൂർ വനങ്ങളിൽനിന്നും കാർമേഘങ്ങൾ പറന്നുയർന്ന് ജപ്പാന്റെ മുകളിലെത്തി അവിടെ മഴയുണ്ടാകുന്നു എന്ന് ഒരു എംഎൽഎ നിരീക്ഷിക്കുമ്പോൾ, ലോക ഹെവിവെയ്റ്റ് ചാമ്പ്യൻ മുഹമ്മദലി നമ്മുടെ മലപ്പുറംകാരനാണെന്ന് ഒരു സ്പോർട്സ് മന്ത്രി അഭിമാനപൂർവം പ്രസ്താവിക്കുന്നതും നമ്മൾ കേട്ടതാണ്.

ഇത്രയെല്ലാമായിട്ടും നമ്മൾ ഇന്നും ശുഭാപ്തിവിശ്വാസികളാണ്. വിശ്വവിജ്ഞാന വാഗ്വിലാസങ്ങളുടെ പുതിയ പതിപ്പുകൾക്കായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന മലയാളിക്ക് ഇനിയുമൊരു അപേക്ഷ കൂടിയുണ്ട്. "കാണ്ടാമൃഗത്തിന്റെ തോലും ഉളുപ്പില്ലായ്മയുടെ കിരീടവുമണിഞ്ഞ് ഇനിയും ഈവഴിയൊക്കെ വരില്ലെ, ആനകളേയും തെളിച്ച്."

## നോമ്പും പ്രാർത്ഥനയും

(14-ാം പേജിൽനിന്നും)

ആ മനുഷ്യന്റെ യാഥാർത്ഥ്യബോധമായിരുന്നല്ലോ അയാളുടെ പ്രാർത്ഥനയിൽ പ്രതിഫലിച്ചത്. അതുപോലെയുള്ള യാഥാർത്ഥ്യബോധത്തിന്റെ പ്രകാശനമാണ് പുണ്യപാപങ്ങളുടെ ചുമടുംപേറി, സന്നിധാനത്തിലേക്ക് നയിക്കുന്ന നട ചവിട്ടാനുള്ള താത്പര്യവും. സ്വന്തം നന്മയിൽ, തന്റെ മക്കളായ നമ്മെയും ഓഹരികാരാക്കിയ സ്നേഹസമ്പന്നനായ ദൈവത്തിന്റെ സന്നിധിയിലണയണമെന്ന് മനുഷ്യന് ആഗ്രഹമുണ്ട്. അതേസമയം സ്വന്തം വൈകല്യങ്ങളെക്കുറിച്ച് അവബോധമുള്ളതുകൊണ്ട് അതിനു തന്റേടം വരുന്നുമില്ല. വിനീതമായ ഈ ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ, ദൈവസന്നിധിയിൽ ആയിരിക്കാനുള്ള അഭിമാനപൂർണ്ണമായ ആഗ്രഹത്തിൽ നിന്നു ജനിക്കുന്ന ഭക്തിയും സ്വന്തം പരിമിതികളെക്കുറിച്ചുള്ള ഓർമ്മയിൽ നിന്നുളവാകുന്ന വിനയവും സമ്മേളിച്ചപ്പോൾ അതാണ് അമ്പലത്തിന്റെ നട ചവിട്ടണമെന്ന ആഗ്രഹവും ആവേശവുമായിത്തീർത്തത്.

ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ ജീവന്റെ ഉറവിടമായ ദൈവത്തെ, നമ്മുടെ ജീവിതത്തിന്റെ അധീശനും രാജാവുമായി സസ്നേഹം ഏറ്റുപറഞ്ഞും മനുഷ്യസഹജമായ നമ്മുടെ പരിമിതികളെ അംഗീകരിച്ചും അവയെ അതിജീവിച്ച് സഹജാതർക്കു നന്മ ചെയ്തു ജീവിക്കുകയും അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യാനുള്ള നമ്മുടെ ആത്മാർത്ഥമായ ആഗ്രഹത്തിന്റെയും പരിശ്രമത്തിന്റെയും ബഹിർസ്ഫുരണമാണ് നമ്മുടെ നോമ്പും പ്രാർത്ഥനയും.

## പ്രത്യാശയോടെ നാൾ കഴിക്കുക

(20-ാം പേജിൽനിന്നും)

ദാനമായൊരു കെട്ടിടം നമുക്കുസ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു."(2 കോരി 5:1) ഈ പ്രത്യാശയാണ് നമ്മെ വഴിനടത്തുന്നത്. കഷ്ടവും വേദനയും വരുമ്പോഴും പ്രത്യാശാനാടിനെ ഓർക്കുമ്പോൾ നാം ആശ്വാസം പ്രാപിക്കുന്നു.

സങ്കീർത്തനക്കാരൻ പറയുന്നു: "ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ... ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രെ. എന്നാൽ കർത്താവേ ഞാൻ ഏതിനായ് കാത്തിരിക്കുന്നു? എന്റെ പ്രത്യാശ നിങ്കൽ വെച്ചിരിക്കുന്നു." അതെ നമ്മുടെ പ്രത്യാശ യഹോവയിൽ തന്നെയായിരിക്കട്ടെ, ഇവിടെ നമുക്കു നിലനിൽക്കുന്ന നഗരമില്ലല്ലോ. വരുവാനുള്ളതത്രെ നാം അന്വേഷിക്കുന്നത്.

പരദേശികളായ നാം ദൈവത്തോടുകൂടെ നടന്നു നന്മപ്രവൃത്തിപ്പാൻ ഉത്സാഹിക്കണം. നമ്മെ വിളിച്ച ദൈവം നമ്മെ നീതീകരിക്കും. മരണശേഷം തേജസ്കരിക്കപ്പെട്ട ശരീരം നമുക്കു ലഭിക്കും. ജീവനോടിരിക്കുമ്പോൾ നാം ചെയ്തതു നല്ലതാകിലും തീയതാകിലും അതിനുതക്ക പ്രതിഫലം നമുക്കു ലഭിക്കും. നന്മ ചെയ്തവർ നിത്യജീവനായും തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യും. ആയതിനാൽ നമുക്കു പ്രത്യാശാനാടിനെ നോക്കി യാത്രചെയ്യാം. ദൈവത്തിനു നന്ദി അർപ്പിക്കാം.

## വിനിമയ നിരക്ക്


| | |
|---|---|
| യു.എസ്. ഡോളർ | 73.88 |
| യൂറോ | 88.79 |
| സ്റ്റെർലിംഗ്പൗണ്ട് | 102.75 |
| സ്വിസ് ഫ്രാങ്ക് | 81.54 |
| സിംഗപ്പൂർ ഡോളർ | 55.12 |
| കനേഡിയൻ ഡോളർ | 58.43 |
| ഒമാൻ റിയാൽ | 188.12 |
| ബഹ്റൈൻ ദിനാർ | 195.92 |
| സൗദി റിയാൽ | 19.70 |
| യു.എ.ഇ. ദിർഹം | 20.05 |
| കുവൈത്ത് ദിനാർ | 242.37 |

# വിഷ്ണു നാരായണൻ നമ്പൂതിരിക്ക് മിലന്റെ അന്ത്യാഞ്ജലി

സുരേന്ദ്രൻ നായർ

മിഷിഗൺ: ഭാരതത്തിലെ പൗരാണിക സങ്കല്പങ്ങളെയും ദാർശനിക പാരമ്പര്യത്തെയും മലയാളത്തിലെ ആധുനിക കവിതാ ശാഖയുമായി സമന്വയിപ്പിച്ച പ്രിയ കവി വിഷ്ണു നാരായണൻ നമ്പൂതിരിക്ക് മിഷിഗൺ മലയാളി ലിറ്ററി അസോസിയേഷൻ അന്ത്യാഞ്ജലി അർപ്പിച്ചു.

ആംഗലേയ സാഹിത്യ മീമാംസയിലും സംസ്കൃത വേദോപനിഷത്തുക്കളിലും ഒരേപോലെ അറിവുണ്ടായിരുന്ന നമ്പൂതിരി മലയാള കാവ്യശ്രേണിയിലെ വേറിട്ട ഒരു പ്രതിഭയായിരുന്നു. കേരളത്തിലെ വിവിധ കലാലയങ്ങളുടെ ക്ലാസ് മുറികളിൽ ഷേക്സ്പിയറും ഷെല്ലിയും കീറ്റ്സും വേർഡ്സ്വർത്തുമൊക്കെ തന്റെ വാഗ്ധോരണികളിലൂടെ അനായാസം പരിചയപ്പെടുത്തുമ്പോഴും മാതൃഭാഷയുടെ മാധുര്യം ഒട്ടും ചോരാതെ മനസ്സിൽ സൂക്ഷിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നുവെന്ന് അക്കാലത്ത് എഴുതിയ അനേകം കവിതകൾ സാക്ഷ്യപ്പെടുത്തുന്നു.



ആഡംബരത്തിന്റെ ആകർഷകത്വം ഏതുമില്ലാതെ ലാളിത്യത്തിന്റെ പര്യായമായ അദ്ദേഹത്തിന്റെ തൂലികയിൽനിന്നും അടർന്നുവീണ സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം എന്ന കൃതി അനുവാചക മനസ്സുകളിൽ വളരെവേഗം ഇടംനേടിയിരുന്നു.

ഭാരതസർക്കാർ 2004-ൽ പദ്മശ്രീ നല്കി ആദരിച്ച അദ്ദേഹത്തിന്റെ ഉജ്ജയിനിയിലെ രാപ്പകലുകൾ എന്ന പുസ്തകത്തെ അതിനു മുന്നേതന്നെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നല്കി ആദരിച്ചിരുന്നു.

ഭൂമിഗീതങ്ങൾ, ഇന്ത്യ എന്ന വികാരം, ആരണ്യകം, പ്രണയഗീതങ്ങൾ തുടങ്ങി അനവധി കൃതികൾ കൈരളിക്കു സംഭാവന ചെയ്ത അനുഗൃഹീത കവിയെ കേരള സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, ഓടക്കുഴൽ അവാർഡ്, ആശാൻ സ്മാരക കവിതാ പുരസ്കാരം, വയലാർ അവാർഡ് തുടങ്ങി അനേകം അംഗീകാരങ്ങൾ നല്കി സാംസ്കാരിക കേരളവും ഇന്ത്യൻ സാഹിത്യലോകവും ആദരിച്ചിട്ടുണ്ട്.

# GOODBYE FERGUSON

**(from Page 11)**

"No," he answered. Then suddenly it dawned on him that he might be withholding information if he did not reveal the malpractice case.

"I have one case filed against me by a patient." The revelation surprised his wife.

"What is the nature of it?"

"A disgruntled patient who took an overdose filed the lawsuit"

"The trial date set up?"

"Not yet"

Before leaving, David told the officer about the missing watch. "It was an expensive Rolex."

"We have a new cleaning woman in the house. I am suspicious of her." Meena provided her name and address.

David was certain of Meena's question as soon as he reached home, "How come you didn't tell me about this malpractice case?"

"My dear, I felt shameful. People always connected malpractice with incompetence. I did not want you to think about me this way. People in India if they heard a case filed against me by an unhappy patient immediately would jump into the conclusion I was incompetent for this to happen. I have to instruct mom what to say. In reality these cases against doctors are very common in America. There are more lawyers here than doctors! That is the problem. Somehow I escaped it so far. It is my turn now."

"David, I understand it all. What I do not understand is the shame part. Was this shame worse than what I went through?"


He kept quiet.

"Will this cause problems for you in traveling with us?" She wanted to know.

"I hope not. I have to talk to my attorney again. One big problem, this will be a jury trial. Once they set up the jury, they would not want to wait."

"David, this case sounds very serious to me. Are you sure nothing bad will happen to us, like losing your license?"

"No way. My attorney assured me that. I am sorry it happened this way, dear."




# Gilgal Pentecostal Assembly Chicago, IL

**123 Busse Rd, Mount Prospect, IL 60058**

Gilgal Pentecostal Assembly is a Bible based Christian church established in 2000. The church congregation is a diverse group of believers from many different Pentecostal, mainstream church groups belonging to Kerala (IPC, Sharon, Church of God, AG, etc.)

## Seeking Full-Time Senior Pastor

**Overview:**
The Senior Pastor will work together with the elected church officials to lead the church to grow spiritually and actively live out the great commission.

**Requirements:**
- An ordained minister by an established Pentecostal Church or organization and licensed to perform all the duties of a Pastor.
- Currently serving or served as Senior Pastor of a church of similar capacity in the USA preferably with 5+ years experience
- Credentialed by an accredited and recognized Pentecostal institution
- Must be proficient to lead & minister fluently in English and Malayalam
- Familiar with American and Indian culture, have the vision, interest and experience in spiritually equipping the next generation of believers.
- Must be a U.S. Citizen or Green Card holder (No Visa Sponsorships)
- Must be married & 35 years or older

**Education:**
- Bachelor's Degree in Theology from an accredited Bible College or Theological Seminary is required.
- Master's Degree holders will be given preference

**Contact Information:**
**Please send your CV or resume to:**
**GilgalChicagoPastorSearch@gmail.com**
**Questions or for more information contact:**
**Church Secretary: 847-530-3854**



# സി.എം.എ. വിമൻസ്ഡേയിൽ ബോൾഡ് ഫോർ ചേഞ്ച്

ജോഷി വള്ളിക്കളം

ചിക്കാഗോ: ഇന്റർനാഷണൽ വിമൻസ് ഡേയോടനുബന്ധിച്ച് ചിക്കാഗോ മലയാളി അസോസിയേഷൻ വിമൻസ് ഫോറം നടത്തുന്ന ബോൾഡ് ഫോർ ചേഞ്ച് മാർച്ച് ആറിന് ശനിയാഴ്ച വൈകുന്നേരം 7ന് (സിഎസ്ടി) സൂമിലൂടെ നടത്തുന്നു.

സാമൂഹിക സാംസ്കാരിക സംഘടനയായ ചിക്കാഗോ മലയാളി അസോസിയേഷൻ വനിതാവിഭാഗം വളരെ ഊർജസ്വലതയോടെയാണ് ചിക്കാഗോയിലെ എല്ലാ വനിതകളേയും കോർത്തിണക്കിക്കൊണ്ട് പ്രവർത്തിക്കുന്നത്. മാർച്ച് ആറിന് സൂമിലൂടെ വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.

അസോസിയേഷൻ പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ചീഫ് ഗസ്റ്റായി ടെക്സാസ് സ്റ്റേറ്റിലെ ആർക്കോള മുനിസിപ്പൽ കൗൺസിൽ ഓണറബിൾ ജഡ്ജ് ജൂലി മാത്യു, ഗസ്റ്റ് ആയി തിരുവനന്തപുരം സബ് കളക്ടർ ആയി സേവനമനുഷ്ഠിക്കുന്ന ഡോ. ദിവ്യാ എസ്. അയ്യർ ഐഎഎസ്, കേരളത്തിലെ സോഷ്യൽ ആക്ടിവിസ്റ്റ് റിട്ടയേഡ് അദ്ധ്യാപിക ഡോ. എം.എസ്. സുനിൽ, ഫോമാ നാഷണൽ വിമൻസ് ചെയർപേഴ്സൺ ലാലി കളപ്പുരയ്ക്കൽ, ഫൊക്കാനാ നാഷണൽ വിമൻസ് ചെയർപേഴ്സൺ ഡോ. കലാ ഷാഹി എന്നിവർ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതാണ്. മോട്ടിവേഷണൽ സ്പീക്കർ ശോഭാ ശങ്കർ, ഷിജി അലക്സ് എന്നിവരും അവർക്കുണ്ടായ അനുഭവ സമ്പത്ത് എങ്ങനെ മറ്റു വനിതകൾക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചു എന്നതിനെ സംബന്ധിച്ച് ആധികാരികമായി സംസാരിക്കുന്നതാണ്.


ജഡ്ജ് ജൂലി മാത്യു


ഡോ.ദിവ്യാ എസ്. അയ്യർ IAS


ഡോ. എം.എസ്. സുനിൽ


ലാലി കളപ്പുരയ്ക്കൽ


ഡോ. കലാ ഷാഹി


ശോഭ ശങ്കർ


ഷിജി അലക്സ്

പ്രസ്തുത പരിപാടികൾക്ക് ലീലാ ജോസഫ്, മേഴ്സി കുര്യാക്കോസ്, റോസ് വടകര, ആഗ്നസ് മാത്യു, ജെസി റിൻസി, ഷൈനി ഹരിദാസ്, ബീനാ കണ്ണൂക്കാടൻ, ജൂബി വള്ളിക്കളം, ഡോ. സിബിൾ ഫിലിപ്പ്, ഷാനാ മോഹൻ, ജോമോൾ ചെറിയതിൽ, ശ്രീദേവി പന്തള, സൂസൻ ഷിബു ആൻഡ് സാറാ അനിൽ എന്നിവരും പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ, സെക്രട്ടറി ജോഷി വള്ളിക്കളം, ട്രഷറർ മനോജ് അച്ചേട്ട്, ബാബു മാത്യു, സാബു കട്ടപ്പുറം, ഷാബു മാത്യു എന്നിവരും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ മലയാളി സുഹൃത്തുക്കളെയും വിമൻസ് ഡേ പരിപാടിയിലേക്ക് ഭാരവാഹികൾ സ്വാഗതം ചെയ്യുന്നു.

## ചെറിയാൻ വർഗീസ് നിര്യാതനായി



ന്യൂയോർക്ക്: റാന്നി കല്ലുമണ്ണിൽ വാലില്ലാക്കൽ പരേതരായ സി.വി. ചെറിയാൻ-മറിയാമ്മ ദമ്പതികളുടെ മകൻ ചെറിയാൻ വർഗീസ് (78) നിര്യാതനായി. സിവിൽ എഞ്ചിനീയറിംഗിൽ പഠനം പൂർത്തിയാക്കിയശേഷം ന്യൂഡൽഹിയിലും ബോംബെയിലും ജോലി ചെയ്തു. 1975-ൽ തിരുവല്ല തോട്ടുങ്കൽ വീട്ടിൽ ഓമന ഏബ്രഹാമിനെ വിവാഹം കഴിച്ചു. ഇരുവരും 1976-ൽ അമേരിക്കയിലേക്ക് കുടിയേറി. 20 വർഷത്തിലേറെ നീണ്ട സേവനത്തിനുശേഷം ന്യൂയോർക്കിലെ കോളർ-ഗോൾഡ് വാട്ടർ ഹോസ്പിറ്റലിൽ നിന്ന് വിരമിച്ചു. മക്കൾ: ജസ്റ്റിൻ, ജെയ്ൻ. മരുമക്കൾ: സെബി, ജെയ്സൺ. സഹോദരങ്ങൾ: വത്സമ്മ ജേക്കബ് (ന്യൂയോർക്ക്), ഡാലമ്മ ഫിലിപ്പ് (റാന്നി)

# കേരളാ സെന്റർ സെമിനാർ സംഘടിപ്പിച്ചു

ലോങ് ഐലൻഡ്: കേരള സെന്ററിന്റെ ആഭിമുഖ്യത്തിൽ ലോങ് ഐലൻഡിലും പരിസരപ്രദേശത്തുമുള്ള നൂറോളം ആരോഗ്യപ്രവർത്തകരെയും പോലീസ് ഉദ്യോഗസ്ഥരെയും അവരുടെ കോവിഡ് കാലത്തെ സ്തുത്യർഹമായ സേവനത്തെ വിലയിരുത്തി ആദരിക്കുകയും ആരോഗ്യരംഗത്തെ വിവിധ മേഖലകളിൽ വിദഗ്ദ്ധരായവർ പങ്കെടുത്ത സെമിനാർ നടത്തുകയും ചെയ്തു.

ഫെബ്രുവരി 21ന് വൈകുന്നേരം 5ന് നടന്ന സൂം മീറ്റിംഗിൽ കേരള സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ തമ്പി തലപ്പിള്ളി എംസി ജോസ് സ്റ്റീഫനെ ക്ഷണിച്ചുകൊണ്ട് പരിപാടിക്ക് തുടക്കമായി. കേരള സെന്റർ യൂത്ത് സെക്രട്ടറി ജെയ്മി ഏബ്രഹാം പ്രാർത്ഥനാഗാനം ആലപിച്ചു.

കേരള സെന്റർ പ്രസിഡണ്ട് അലക്സ് കെ. എസ്തപ്പാൻ സ്വാഗതമാശംസിച്ചു. ന്യൂയോർക്ക് സെനറ്റർ കെവിൻ തോമസും ഇന്ത്യൻ കോൺസൽ എ.കെ. വിജയകൃഷ്ണനും മുഖ്യാതിഥികളായി പ്രസംഗിച്ചു.

സെനറ്റർ കെവിൻ തോമസ് കേരള സെന്ററിനെ അഭിനന്ദിച്ചുകൊണ്ടുള്ള സ്റ്റേറ്റ് പ്രൊക്ലമേഷൻ പ്രഖ്യാപിച്ചു. ഗോപിയോ ചെയർമാൻ ഡോ. തോമസ് ഏബ്രഹാം, ഫോമാ പ്രസിഡണ്ട് അനിയൻ ജോർജ്, ലോക കേരളസഭ അംഗം ഇ.എം. സ്റ്റീഫൻ, ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ്, ക്യാപ്റ്റൻ ഷിബു മധു (എൻവൈപിഡി) അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യുണൈറ്റഡ് പ്രസിഡണ്ട് തോമസ് ജോയി, ഡോ. ആഗ്നസ് തേരടി (ഫ്രാൻസിസ്കൻ ഹെൽത്ത്), പ്രൊഫ. സുജ മോഹൻ (നേഴ്സിംഗ് ഡയറക്ടർ) മേരി ഫിലിപ്പ് (ന്യൂയോർക്ക് നേഴ്സസ് അസോസിയേഷൻ) എന്നിവർ വിശിഷ്ടാതിഥികളായി പ്രസംഗിച്ചു. ആരോഗ്യപ്രവർത്തകരെ വ്യക്തിപരമായി ആദരിച്ചുകൊണ്ടുള്ള ഈ മീറ്റിംഗ് ഒരു പ്രത്യേകതയായി പല വ്യക്തികളും അഭിപ്രായപ്പെട്ടു.

ഈ മീറ്റിംഗിന്റെ രണ്ടാംഭാഗത്തു നടന്ന സെമിനാറിൽ കോവിഡ് 19 ആരോഗ്യത്തെ എങ്ങനെ ദോഷകരമായി ബാധിക്കുന്നു, ഹാർട്ട്, ലിവർ, കിഡ്നി മുതലായ ആന്തരാവയവങ്ങളെ എങ്ങനെ ബാധിക്കുന്നു, കോവിഡ് വാക്സിനേഷൻ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധരായ ഡോ. റോബിൻ കോശി (ഇൻഫെക്ഷ്യസ് ഡിസീസ്), ഡോ. രാജൻ കൃഷ്ണമണി (കാർഡിയോളജി), ഡോ. മധു ഭാസ്കരൻ (നെഫ്രോളജി), ഡോ. സഞ്ജയസതാപതി (ഹെപ്പറ്റോളജി) ഡോ. രാജീവ് ജയദേവൻ (കേരള), ഡോ. പി.വി. ചെറിയാൻ (ബഹറൈൻ), ഡോ. ആഗ്നസ് തേരടി (ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ)എന്നിവർ സംസാരിച്ചു.

ചോദ്യോത്തരവേളയിൽ സദസ്യരിൽനിന്ന് കിട്ടിയ ചോദ്യങ്ങൾക്ക് അവർ മറുപടിയും നല്കി. ഡോ. മധു ഭാസ്കരൻ ആയിരുന്നു സെമിനാറിന്റെ മോഡറേറ്റർ. കേരളാ സെന്റർ ഡയറക്ടേഴ്സ് ഏബ്രഹാം തോമസ്, രാജു തോമസ്, പി.ടി. പൗലോസ്, ജെയിംസ് തോട്ടം, മാത്യു വാഴപ്പള്ളി എന്നിവർ അണിയറയിൽ പ്രവർത്തിച്ചു. കേരളാ സെന്റർ സെക്രട്ടറി ജിമ്മി ജോൺ എല്ലാവർക്കും നന്ദി പറഞ്ഞു.

# ആർ.ടി.പി.സി.ആർ ടെസ്റ്റ് സൗജന്യമാക്കിയതിനെ ഫോമാ സ്വാഗതം ചെയ്തു

ന്യൂയോർക്ക്: വിദേശത്തുനിന്ന് കേരളത്തിലെത്തുന്ന യാത്രക്കാർക്ക് വിമാനത്താവളങ്ങളിൽ ആർ.ടി.പി.സി.ആർ ടെസ്റ്റ് സൗജന്യമായിരിക്കുമെന്ന ആരോഗ്യവകുപ്പു മന്ത്രിയുടെ പ്രസ്താവനയെ ഫോമാ സ്വാഗതം ചെയ്തു. വിമാനത്താവളങ്ങളിൽ ആർ.ടി.പി.സി.ആർ ടെസ്റ്റ് നടത്തുന്നതിന് ഫീസ് ഈടാക്കുന്നതിനെതിരെ ഫോമാ ഉൾപ്പെടെയുള്ള നിരവധി പ്രവാസി മലയാളി സംഘടനകൾ പ്രതിഷേധിക്കുകയും സർക്കാരിന് ഇതു സംബന്ധിച്ച് പരാതി നല്കുകയും ചെയ്തിരുന്നു.

പ്രവാസി മലയാളികൾ വിദേശത്തുനിന്ന് നാട്ടിലേക്ക് മടങ്ങുമ്പോൾ 72 മണിക്കൂറുകൾക്കുള്ളിൽ ആർ.ടി.പി.സി.ആർ ടെസ്റ്റ് നടത്തി വീണ്ടും നാട്ടിലെത്തുമ്പോൾ ടെസ്റ്റ് നടത്തണമെന്നു മാത്രമല്ല ഇന്ത്യൻ കറൻസിയിൽ ഫീസ് അടയ്ക്കണമെന്നതും വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ച സാഹചര്യത്തിലാണ് ഉത്തരവാദപ്പെട്ട അധികാരികൾക്ക് പരാതി നല്കുകയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തത്.

ഫീസ് പിൻവലിക്കാനുള്ള സർക്കാരിന്റെ നടപടി അനുയോജ്യവും അഭിനന്ദനാർഹവുമാണെന്നും സർക്കാരിന് നന്ദി രേഖപ്പെടുത്തുന്നുവെന്നും ഫോമാ പ്രസിഡണ്ട് അനിയൻ ജോർജ്, ടി. ഉണ്ണികൃഷ്ണൻ, തോമസ് ടി. ഉമ്മൻ, പ്രദീപ് നായർ, ജോസ് മണക്കാട്ട്, ബിജു തോണിക്കടവിൽ എന്നിവർ പ്രസ്താവനയിൽ അറിയിച്ചു.

# ഫൊക്കാന വിമൻസ് ഫോറത്തിന് 100 അംഗം

ഫ്രാൻസിസ് തടത്തിൽ

ന്യൂജേഴ്സി: ഫൊക്കാനയ്ക്കും നോർത്ത് അമേരിക്കൻ മലയാളികൾക്കും അഭിമാനമായി ചരിത്രത്തിൽ ആദ്യമായി ഫൊക്കാന വിമെൻസ് ഫോറം 100 അംഗകമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വിമെൻസ് ഫോറം ചെയർപേഴ്സൺ ഡോ. കലാ ഷഹിയുടെ നേതൃത്വത്തിലാണ് അമേരിക്കയിലെയും കാനഡയിലെയും വിവിധ സ്റ്റേറ്റുകളിൽ നിന്നായി 100 പേർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചത്. അമേരിക്കൻ മലയാളി സംഘടനകളുടെ ചരിത്രത്തിൽ തന്നെ ഇത് ആദ്യമായിട്ടായിരിക്കും ഇത്തരമൊരു വലിയ വനിതാ നേതൃത്വ കൂട്ടായ്മയ്ക്ക് രൂപംനൽകുന്നത്. വിമൻസ് ഫോറത്തിന്റെ പ്രവർത്തനോദ്ഘാടനത്തിനു മുൻപുതന്നെ ഒരു വലിയ പദ്ധതി നടപ്പിലാക്കി വിമെൻസ് ഫോറം നേരത്തെതന്നെ ചരിത്രം കുറിച്ചിരുന്നു. ഫൊക്കാന വിമെൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ കഴക്കൂട്ടത്ത് പ്രൊഫ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മാജിക്ക് പ്ലാനറ്റിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാരുടെ ശാക്തീകരണത്തിനായി ആരംഭിച്ച കരിസ്മ എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായം നൽകിക്കൊണ്ടായിരുന്നു തങ്ങളുടെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത്. കരിസ്മ പദ്ധതി ഏറ്റെടുത്ത് നടത്തുന്നത് ഫൊക്കാനയും വിമെൻസ് ഫോറവുമാണ്.

ഫൊക്കാനയുടെ പ്രവർത്തന രൂപരേഖകളിൽ ഊന്നൽ നൽകിയിരുന്ന സ്ത്രീ ശാക്തീകരണം എന്ന ആശയത്തിന് ഇതോടെ തുടക്കം കുറിക്കുകയാണ്. ഡോക്ടർമാർ, നേഴ്സ് പ്രാക്ടീഷണർമാർ, ഫാർമസിസ്റ്റുമാർ, നേഴ്സുമാർ തുടങ്ങിയ ആതുര സേവന രംഗത്തു മികവ് തെളിയിച്ചവർ, എൻജിനീയറിംഗ്, ഗവേഷണ, അധ്യാപന രംഗത്തും മികവ് തെളിയിച്ചവർ, എഴുത്തുകാർ, കവയത്രികൾ, പ്രൊഫഷണൽ നർത്തകർ, ചിത്രകാരികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ ബുദ്ധിയും സാമർഥ്യവും മികവും തെളിയിച്ചവരും സംഘടനാ രംഗത്ത് നേതൃത്വം വഹിച്ചിട്ടുള്ളവരുമായ മികച്ച പ്രൊഫഷണലുകളാണ് വിമെൻസ് ഫോറത്തിന്റെ തലപ്പത്തുള്ള ഈ 100 പേർ. വിവിധ മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള ഇവരുടെ നേതൃത്വത്തിൽ വരുംദിനങ്ങളിൽ അന്താരാഷ്ട്ര തലത്തിൽ നിരവധി പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാനിരിക്കുന്നത്. ഇതിനായി ഫൊക്കാനയുടെ വിമെൻസ് ഫോറത്തിന്റെ ഇന്റർനാഷണൽ കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. ഫൊക്കാനയുടെ അഭിമാനമായി മാറിയ വിമൻസ്ഫോറം കമ്മിറ്റി വിപുലീകരിച്ച ഡോ. കലാ ഷഹിയെ ജോർജി വർഗീസ്, ഡോ. സജിമോൻ ആന്റണി, സണ്ണി മറ്റമന, ജെയ്ബു മാത്യു, തോമസ് തോമസ്, ഡോ. മാത്യു വർഗീസ്, വിപിൻ രാജ്, ജോജി തോമസ്, ബിജു ജോൺ കൊട്ടാരക്കര, ഫിലിപ്പോസ് ഫിലിപ്പ്, പോൾ കറുകപ്പള്ളിൽ, ചാക്കോ കുര്യൻ, ലീലാ മാരേട്ട്, ഡോ. എം. അനിരുദ്ധൻ, കമാൻഡർ ജോർജ് കൊരുത്, മന്മഥൻ നായർ, മറിയാമ്മ പിള്ള, ജി.കെ. പിള്ള, മാധവൻ ബി. നായർ, ട്രസ്റ്റി ബോർഡ് സെക്രട്ടറി സജി പോത്തൻ, വൈസ് പ്രസിഡണ്ട് ബെൻ പോൾ, ഡോ. മാമ്മൻ സി. ജേക്കബ്, ജോൺ പി. ജോൺ, ടി.എസ്. ചാക്കോ തുടങ്ങിയവർ അഭിനന്ദിച്ചു.

ഫൊക്കാന വിമെൻസ് ഫോറത്തെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 100 വനിതാ നേതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വിമെൻസ് ഫോറത്തിന് പിന്തുണ നൽകിയ പ്രസിഡണ്ട് ജോർജി വർഗീസ്, ഡോ. സജിമോൻ ആന്റണി എന്നിവരെയും മറ്റ് കമ്മിറ്റി അംഗങ്ങളെയും വിമെൻസ് ഫോറം ചെയർമാൻ ഡോ. കലാ ഷഹി കൃതജ്ഞത അറിയിച്ചു.

# SEEKING BRIDEGROOM

*Pentecostal parents settled in north India invite proposals for their daughter (25 years, 150cm, fair, slim, Bachelors in Civil Engineering). Seeking professionally qualified Pentecostal young men that are born-again, baptized and spirit-filled. If interested, please call/text **651-307-7597.**

**Marthomite Parents invite proposals for their daughter, 38 yrs old, 5'3" 138 lbs, born and brought up in New York, currently working in New York City as Clinical Quality Manager after completion of her Medical Degree. Seeking alliance from professionally qualified, born and brought up in US and a God-fearing Christian boy. If interested, please contact with details and a recent photo to **santhan.vaidian@gmail.com**

*Alliance sought from parents of professionally qualified boys for Marthomite engineer girl, 35 years 5'4'', Fair, completing PhD in Instrumentation at IIT Khargpur. Elder brother in Canada and younger brother in Chicago. Please contact **annammajohn57@yahoo.com** or mother in India **+91-9995265189.**

*Pentecostal parents prayerfully invite proposal for their daughter 25, (Oct 95) 5"2 born and brought up in US, born again, baptized, spirit filled actively involve in church, BSN, RN pursuing higher studies. Seeking suitable proposals from parents of professionally qualified boys born in US with similar spiritual value. Please contact with recent pictures and full details at **ifhiswill2021@gmail.com.**

*Roman Catholic parents invite Proposals for their daughter 31 Yrs old working in Jacksonville Florida as Internal Medicine Doctor, Hospitalist. She is 5'4", Beautiful in and out,Born and brought up in Florida, USA. Seeking alliance from parents of Professionally qualified boys from USA who is family oriented and like to travel. If interested please respond with details. Email:
**Antonythomas10201@gmail.com**, Cell : **954 790 7026 / 7029.**

**Roman catholic parents well settled in USA invite proposal for their daughter, working as a software engineer in Virginia. She is 33 yrs, 5'4'', fair and beautiful. We are seeking suitable alliance from professionally qualified boys, born and raised in US. If interested please contact us with details and recent photo to: **mdjgb@outlook.com**

*Pentecostal parents settled in USA invite a proposal for their born again, baptized daughter (24 years old, 5'4" ft, 110lbs) who is going to complete her DPM degree in May 2021 and start her residency in July in the tri-state area. We are looking for a born again, God fearing boy with similar education background. Parents of interested boys, please contact us at **201 315 2705**. (Northeast area is preferred)

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Christian parents living in Saudi Arabia from a well-known family at Central Travancore invite Marriage proposals for their daughter working in US, California, on H1B visa with approved I140. 35 Years 5 F 3" Masters in Chemical engineering from US. Seeking alliance from parents of educated Grooms settled in US.If interested please call **2018931505.**

*Christian parents living in Saudi Arabia from a well-known family at Central Travancore invite Marriage proposals for their daughter working in US, California, on H1B Visa with approved I140. 35 Years 5 F 3" Masters in Aerospace engineering from US. Seeking alliance from parents of educated Grooms settled in US.If interested please call **2018931505.**

*Christian Orthodox parents settled in USA invite marriage proposals for their daughter, 25 years, 5'4" born and bought up in US. working as a BSN Nurse in a reputed hospital. Seeking alliance from parents of similarly educated grooms settled in US. If interested pleased respond with details to
**ittyprasad@yahoo.com** or
**918-510-9298**

**Pentecostal parents settled in USA prayerfully invite proposals for their daughter, 33,5'2", born again, baptized and spirit filled, MPH, working as an Executive director in a reputed Hospital. Seeking professionally qualified boys with similar spiritual values. If interested please sent/call details to
**P3ittic@Gmail.com. Ph 847 530 3854**

*Pentecostal parents invite proposal for their daughter: 26 years old, fair, 5'5. Seeking a Pentecostal boy, at least 5'8, with professional career and preferably from US. Please email complete details and pictures to
**oneaccordtrail@gmail.com**

*Knanaya parents inviting proposals for their daughter, 33 years, 5'5", fair, slim, Doctorate in Dental Surgery (DDS), born and educated in USA. We are seeking professionally qualified boys. Please respond with recent photo and details to **sureshzthomas@yahoo.com** or call **(248)739-1607.**

**Christian Orthodox parents settled in US prayerfully invite marriage proposals for their daughter, 26, 5'2", born and raised in the US with Indian family values. She holds a degree in EE and is currently employed as an Electrical Engineer for a reputed large company in Texas. Seeking alliance from parents of similarly educated grooms preferably settled in the U.S that are God-fearing and leading Christ-centered lives with similar spiritual values. If interested, please respond with details to:

# SEEKING BRIDE

*Roman Catholic parents from Kerala and now settled in the USA invite proposals for their 37 year old son, handsome, 6 ft tall and born and brought up in the USA. He completed MBBS and presently preparing for USMLE. Seeking suitable alliance from Roman Catholic BDS or doctor girls settled in USA. Please respond with full details and recent photo to:
**groom_md@yahoo.com.**

*Parents of boy Keralite RCSC family from Ernakulum diocese settled in USA. Seek proposal for son, 29, 5'4", M.B.B.S, religious, Green Card holder from 2004 fair, Doing 2nd year residency in Neurology in Illinois. Invites proposals from parents of girls with suitable backgrounds. Reply with photo and details. Contact cell **USA- 708 979 3947**.
Email: **proposal12@hotmail.com**

*Pentecostal parents invite proposal for their son who is 28, 5'10, fair & a US citizen from parents of Pentecostal girl, with a professional career and preferably from US. Please email complete details and pictures to
**oneaccordtrail@gmail.com**

*Pentecostal parents settled in the USA prayerfully invite marriage proposals for their born again, baptized son, with excellent spiritual and family values and actively involved in the church. He holds a B.S. degree (engineering emphasis) and working as an IT professional for a prestigious US firm. He was born and brought up in the USA, 35 years, 5'11". We are seeking proposals from parents of God-fearing Pentecostal girls with similar values who are brought up in the USA or Canada. If you are interested, please contact me with recent photos and details.
Email: **hopehouse423@gmail.com**

*Pentecostal family settled in Texas, USA invite proposals for their son (29, 5'5"), God fearing, baptized, US citizen, working in a reputed company as a licensed professional Electrical Engineer. Seeking proposals from God fearing, baptized, and professionally qualified girls preferably from the medical field working in US or planning to migrate to US. Please contact us to know more with recent photo and details:
**hiswill1991@gmail.com**

*Orthodox Christian parents settled in Phoenix, Arizona, USA, invite proposal for their Son, 29 year-old, 5 ft, 8 in, BS, MBBS, presently preparing for USMLE board exam. Born in Dubai, migrated to US. Invite proposal from any Christian denomination girls, Doctors, Pharm-D, CPA, Lawyers, or any well-qualified professionals. Please contact with details to: **varghese85@hotmail.com**

## SEEKING BRIDEGROOM CONTD.....

**heavenlymatched2020@gmail.com**

*Pentecostal parents settled in US invite Proposals for their daughter, 29 years, 5' 1", born again and sprit filled US- educated MD doing residency. Seeking Professionally qualified boys with spiritual values and a heart for missions. Please respond with recent photos and details: **tom39878@gmail.com**

*Roman Catholic mother invites proposals for daughter M.D, OB & GYN specialist, working in a prestigious hospital in New York city since 2012. She is born July 1982, 5'2" ht, good looking with fair complexion, born and brought up and educated in New York. Seeking qualified christian professionals, aged 38-40yrs, preferably doctors. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in the USA invite proposals for their daughter born and brought up in the USA, 26 years old (Aug 1994 / 5'5''), born again and baptized. She is currently studying for Pharmacy and graduates in May 2021. We are seeking suitable proposals from parents of God-fearing and professionally qualified boys born and brought up in USA or Canada. If you are interested, please contact me with recent photos and details. Contact: **952 220 5491**. Email: **kevinmathew810@gmail.com**

**Parents invite proposals for their born again, baptized, mission minded, US citizen, 24 year daughter, 2nd year medical student in US, fair, 5'3" height. We are looking for professionals equally qualified in medicine or engineering, US citizen, with similar spiritual background. Please email us at
**lordyoushow@gmail.com**

*Pentecostal parents prayerfully invites marriage proposals for their daughter, 23, 5'5", born and raised in the US, born again, baptized and spirit-filled. She holds a BS in accounting and is a CPA employed with a Big Four accounting firm. Seeking alliance from families of grooms settled in the U.S that are God-fearing and leading Christ-centered lives. If interested, please respond with details to: **hezekiah2007@gmail.com**

**Roman Catholic parents invite proposals for their daughter, working as Pharm D in New Burgh, New York, age 27, fair complex 5' 3" born and bought up in USA. Seeking suitable alliance from parents of professionally qualified boys from USA with good habits. If interested please respond with details and a recent photo:
**niravathu@msn.com,**
**518-391-9273, 9289**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

## നിര്യാതരായി

### കെ.സി. ജോർജ്

**കൊട്ടാരക്കര:** തൃക്കണ്ണമംഗൽ എസ്കെവി ഹൈസ്കൂൾ അധ്യാപകനും പ്രമുഖ വസ്ത്ര വ്യാപാരിയും ആയിരുന്ന കൊച്ചുകിഴക്കേതിൽ കെയ്സി വില്ലയിൽ കെ.സി. ജോർജ് (84) നിര്യാതനായി. ഭാര്യ: സൂസമ്മ ജോർജ്. മക്കൾ: സാറാ ജേക്കബ്, ജേക്കബ് ജോർജ്, ഫിലിപ്പ് ചാക്കോ. മരുമക്കൾ: സജി ജേക്കബ്, റെനി ജേക്കബ്, ഗ്രൂ ചാക്കോ (എല്ലാവരും യുഎസ്).

**തെള്ളകം:** റിട്ട. കെഎസ്ആർടിസി ജീവനക്കാരൻ കോട്ടയം തെള്ളകം അരങ്ങത്ത് എ.ജെ. ദേവസ്യ (കുഞ്ഞൂഞ്ഞ്-76) നിര്യാതനായി.

### ചിന്നമ്മ മത്തായി

**ഉഴവൂർ:** മലേമുണ്ടയ്ക്കൽ എം.സി. മത്തായിയുടെ (മുൻ പഞ്ചായത്ത് പ്രസിഡണ്ട്) ഭാര്യ റിട്ട. ഗ്രാമസേവിക ചിന്നമ്മ മത്തായി (84) നിര്യാതയായി. കോതനല്ലൂർ ചെട്ടിക്കരോട്ട് കുടുംബാംഗമാണ്. മക്കൾ: പയസ്, പ്രദീപ് (ഇരുവരും യുകെ), പുഷ്പ (ഹൂസ്റ്റൺ). മരുമക്കൾ: ബിനി കണ്ണാമ്പടത്തിൽ (പുന്നത്തുറ), ഷിജി വേലിക്കെട്ടേൽ (ഉഴവൂർ), ബൈജു ജോസഫ് പഴേംപുള്ളിൽ (വള്ളിച്ചിറ).

**തൃക്കൊടിത്താനം:** തായങ്കരി വടക്കേടം പരേതനായ ജോസഫ് മാത്യുവിന്റെ ഭാര്യ അന്നമ്മ (92) നിര്യാതയായി.

### തോമസ് നൈനാൻ

**കോട്ടയം:** കളത്തിപ്പടി കറുകപ്പടിയിൽ ജ്യുവൽ മൗണ്ട് അപ്പാർട്ട്മെന്റ് ബി-3ൽ സുവിശേഷകൻ തോമസ് നൈനാന്റെയും ഗ്രേസിയുടെയും മകൻ സിടിഎസ് സോഫ്റ്റ്‌വെയർ എൻജിനീയർ (ഡാളസ്) തോമസ് നൈനാൻ (നോബിൾ-34)നിര്യാതനായി. ഭാര്യ: അങ്കമാലി കടമ്പനാട്ട് അബിയാ തങ്കം ബാബു.

**കോട്ടയം:** കെഎസ്ഇബി റിട്ട. ഓവർസിയർ മറിയപ്പള്ളി നെല്ലിശേരിൽ പി.വി. മാത്യു (മാത്തുക്കുട്ടി-73) നിര്യാതനായി.

### താന്നിക്കൽ രാഘവൻ

**തൊടുപുഴ:** കാഞ്ഞിരമറ്റം താന്നിക്കൽ രാഘവൻ (77) നിര്യാതനായി. ഭാര്യ: പാലാ കൊട്ടാരത്തിൽ സുജ. മക്കൾ: രമിത്ത് രാഘവൻ (യുഎസ്), ഡോ. രാഹുൽ രാഘവൻ (പിഎച്ച്സി, പൂമാല). മരുമകൾ: നിമിഷ രമിത്ത്.

**ചങ്ങനാശേരി:** ചമ്പക്കുളം കക്കുഴിയിൽ പരേതനായ കെ.സി. സ്കറിയയുടെ (റിട്ട. ഹെഡ്മാസ്റ്റർ, ഗവ. എൽപി സ്കൂൾ, വൈശ്യഭാഗം) ഭാര്യ മേരിക്കുട്ടി സ്കറിയ (98) നിര്യാതയായി.

**കോട്ടയം:** കളത്തിപ്പടി പാലാമ്പടം പരേതനായ ഏബ്രഹാം ഈപ്പന്റെ ഭാര്യ മേരി ഏബ്രഹാം (കൊച്ച്-90) നിര്യാതയായി.

### പി.ഐ. ഏബ്രഹാം

**ചങ്ങനാശേരി:** എസ്ബി ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപകൻ പെരുന്ന ബസ് സ്റ്റാൻഡിനു സമീപം വിമല ഭവനിൽ പി.ഐ. ഏബ്രഹാം (90) നിര്യാതനായി. മല്ലപ്പള്ളി പുതുപ്പറമ്പിൽ കുടുംബാംഗമാണ്. ഭാര്യ: റിട്ട. അധ്യാപിക കുട്ടമ്പേരൂർ ചക്കാലയ്ക്കൽ പരേതയായ ബേബി വർഗീസ്. മക്കൾ: സാജിമ്മ (റിട്ട. അധ്യാപിക), ജിജി മോൾ (യുഎസ്), ജോജി മോൾ. മരുമക്കൾ: ബാബു വാലിയിൽ പാലാ (റിട്ട. അധ്യാപകൻ), ജേക്കബ് കുരിക്കവിപ്പാട് പഴങ്ങനാട് (യുഎസ്), സണ്ണിക്കുട്ടി താന്നിക്കൽ (കുറിയന്നൂർ).

**ഇരിങ്ങാലക്കുട:** വലിയങ്ങാടിയിൽ പരേതനായ എലുവത്തിങ്കൽ കാഞ്ഞാണിക്കാരൻ തോമസിന്റെ ഭാര്യ ചേന്നാട്ടുശേരി ലില്ലിക്കുട്ടി (84) നിര്യാതയായി.

### അന്നമ്മ കുറിയാക്കോസ്

**തോട്ടയ്ക്കാട്:** പത്തിൽ പരേതനായ പി.ജെ. കുറിയാക്കോസിന്റെ ഭാര്യ അന്നമ്മ (തങ്കമ്മ-71) നിര്യാതയായി. വാകത്താനം വള്ളവൻകടവിൽ കുടുംബാംഗമാണ്. മക്കൾ: ജിലു ബിജു (യുഎസ്), ജെറി ജോൺ കുറിയാക്കോസ് (ഡൽഹി), ജീന കുര്യാക്കോസ് (ഷാർജ). മരുമക്കൾ: നെടുമാവ് പട്ടശേരിൽ ബിജു മാത്യു (യുഎസ്), ശൂരനാട് താളിയത്ത് കുര്യാക്കോസ് (ഷാർജ), നിരണം കടപ്രേ കോട്ടുരത്ത് രാഖി ജെറി (ഡൽഹി).

**തൊടുപുഴ:** പൊന്നന്താനം പരേതനായ പടിപ്പുരയ്ക്കൽ (ആലയ്ക്കത്തടം) പി.എം. ജോണിന്റെ ഭാര്യ അന്നക്കുട്ടി (92) നിര്യാതയായി.

**അടൂർ:** വടക്കേടത്തുകാവ് വാര്യവീട്ടിൽ തോമസുകുട്ടിയുടെ ഭാര്യ അമ്മാൾ (77) നിര്യാതയായി.

### ഗീവർഗീസ് മത്തായി

**കരിപ്പുഴ:** ചാലുകണ്ടത്തിൽ ഗീവർഗീസ് മത്തായി (83) ന്യൂയോർക്കിൽ നിര്യാതനായി. ഭാര്യ: ലില്ലി.

**കോട്ടയം:** കഞ്ഞിക്കുഴി കുരിശിങ്കൽ പരേതനായ വിജയപുരം രൂപത ഫാമിലി ഡീക്കൻ റോക്കിയുടെ ഭാര്യ മുണ്ടക്കയം സെ. ലൂയിസ് എൽപിഎസ് റിട്ട. അധ്യാപിക ത്രേസ്യാമ്മ റോക്കി (തായമ്മ-91) നിര്യാതയായി.

**ആനിക്കാട്:** പിറ്റത്താങ്കൽ പരേതനായ ഡോ. പി.എ. ഏബ്രഹാമിന്റെ ഭാര്യ ഡോ. മേരി ഏബ്രഹാം (91) നിര്യാതയായി.

**കോട്ടയം:** ആലുംപറമ്പിൽ തോമസ് ഏബ്രഹാമിന്റെ ഭാര്യ മേയമ്മ (65) നിര്യാതയായി.


**കാഞ്ഞിരപ്പള്ളി:** പനച്ചേപള്ളി കുന്നുംഭാഗം ആരാധനമഠാംഗമായ സിസ്റ്റർ വിജയ കിഴക്കേത്തലയ്ക്കൽ (ത്രേസ്യാമ്മ-79) നിര്യാതയായി.

### ഗ്രേസി പി. ജോസഫ്

**ഒളശ്ശ:** പുതിയിടത്തുശ്ശേരിൽ കുഞ്ഞൂഞ്ഞിന്റെ ഭാര്യ ഗ്രേസി (78) നിര്യാതയായി. കടുത്തുരുത്തി ചിറപ്പുരയിടത്തിൽ കുടുംബാംഗമാണ്. മക്കൾ: ഡോ. ജോസീന, ജോസ്മോൻ (യുഎസ്). മരുമക്കൾ: സിറിൽ, സത്യ (യുഎസ്).

**ചങ്ങനാശേരി:** പുതുച്ചിറ, ഏറ്റുമാനൂർ വലിയപറമ്പിൽ വി.വി. ജോസഫിന്റെ ഭാര്യ ബ്രിജിത് ജോസഫ് (മോളി-62) നിര്യാതയായി.

### ടി.കെ. തോമസ്



**ഡാളസ്:** തിരുവല്ല പായിപ്പാട് തിരുത്തേൽ കുടുംബാംഗം ടി.കെ. തോമസ് (69) ഡാളസിൽ നിര്യാതനായി. ഭാര്യ: സൂസമ്മ. മക്കൾ: റോബിൻ തോമസ്, കുര്യൻ തോമസ് (യുഎഇ). മരുമകൾ: റിന്റു കുര്യൻ.

**കൂത്രപ്പള്ളി:** പടുപുരയ്ക്കൽ ജോസഫ് ചാക്കോയുടെ മകൻ ചാക്കോ ജോസഫ് (കുഞ്ഞുമോൻ-56) നിര്യാതനായി.

**തൃക്കൊടിത്താനം:** മണിമുറി തെക്കേക്കര (വടക്കേൽ) പരേതനായ ചാക്കോ ഫീലിപ്പോസിന്റെ ഭാര്യ ലൂസിയാമ്മ (70) നിര്യാതയായി.

### എൻ.ടി. തോമസ്

**അമയന്നൂർ:** തേമ്പള്ളിൽ കുടുംബാംഗം പാറയിലായ നെല്ലമ്പുഴ എൻ.ടി. തോമസ് (95) നിര്യാതനായി. ഭാര്യ: പങ്ങട ചക്കാലയ്ക്കലായ വാലയിൽ പരേതയായ മറിയാമ്മ. മക്കൾ: രാജു തോമസ് (നെല്ലമ്പുഴ ഫൈനാൻസ്), മോളി തോമസ് (റിട്ട. ടീച്ചർ, എംഎസ്എം ഹൈസ്കൂൾ, കായംകുളം), പരേതയായ ശാന്തമ്മ. മരുമക്കൾ: പി.വി. ജോസ് പുത്തൻപുരയിൽ തിരുവാർപ്പ് (യുഎസ്), കെ.എം. സ്കറിയ ഇടത്തറ മിഥുനം വാകത്താനം (പ്രഫ. അമാൻ കോളജ്, പായിപ്പാട്), ഷീല കാഞ്ഞിരക്കാട്ടിൽ (തൃക്കോതമംഗലം).

**കാരിത്താസ്:** മുണ്ടകപ്പാടം പ്രഭീന്ദ്രം ഭവനത്തിൽ റിട്ട. ഐഡിഎസ്-എസിഡിഐ എസ്. പ്രഭാകരൻ നായർ (76) നിര്യാതനായി.

**നീണ്ടൂർ:** ആണ്ടൂർ വീട്ടിൽ (ചേലമൂട്ടിൽ) സി.കെ. ബേബി (65) നിര്യാതനായി.

**മീനടം:** കാക്കനാട്ടുകുന്നേലായ ആനിക്കുറ്റിയിൽ വി.കെ. സ്കറിയ (അച്ചൻകുഞ്ഞ്-79) നിര്യാതനായി.

### കെ.ജെ. തോമസ്

**തലയോലപ്പറമ്പ്:** കാന്നാത്ത് കെ.ജെ. തോമസ് (തൊമ്മിക്കുഞ്ഞ്-90) നിര്യാതനായി. ഭാര്യ: കോതമംഗലം ചെട്ടിശേരിൽ പരേതയായ ഏലമ്മ. മക്കൾ: ക്ലാരിസ്, ജോയ്സ്, പരേതയായ നിർമല, ഡെയ്സി (ഓസ്ട്രേലിയ), റെജി, ജോബി (കാനഡ), ബസ്സി (യുഎഇ), പരേതനായ വിൻസ്. മരുമക്കൾ: ടി.സി. മാണി കല്ലട (ചാത്തമറ്റം), ജാൻസി ശൗരിയാർ മന്ദിരം (കൊതവറ), ബേബി കളപ്പുറമ്പത്ത് ആലുവ (യുഎസ്), ഷാജൻ തെങ്ങുംപള്ളി വേഴങ്ങാനം (ഓസ്ട്രേലിയ), സി.വി. ജോൺ മഠത്തിപ്പറമ്പിൽ (തോട്ടകം), ഷൈനി ചക്കിയത്ത് കാലടി (കാനഡ), ജിസ് കുറുപ്പനാട്ട് (കുറുപ്പന്തറ), നിഷ ഇളംതുരുത്തിയിൽ കരിമ്പൻ (ഇടുക്കി).

**കോട്ടയം:** പാമ്പാടി 14-ാം മൈൽ ചർച്ച് ഓഫ് ഗോഡ് സഭാംഗം പരേതനായ പൂതക്കുഴിതൈയിൽ കെ.ജെ. ജോണിന്റെ ഭാര്യ ലീലാമ്മ ജോൺ (71) നിര്യാതയായി.

**പാമ്പാടി:** കുളത്തുങ്കൽ പരേതനായ സണ്ണിയുടെ ഭാര്യ ശോശാമ്മ (ലീലമ്മ-76) നിര്യാതയായി.

**മണർകാട്:** പരുവക്കൽ പരേതനായ പി.പി. തോമസിന്റെ ഭാര്യ മണർകാട് സെ. മേരീസ് ഹോസ്പിറ്റൽ റിട്ട. നേഴ്സ് അന്നമ്മ തോമസ് (91) നിര്യാതയായി.

### സി.സി. മത്തായി

**കോട്ടയം:** നീണ്ടൂർ ചെമ്മാച്ചേൽ എംഇഎസ് റിട്ട. എൻജിനീയർ സി.സി. മത്തായി (മത്തായിക്കുട്ടി-79) ഡാളസിൽ നിര്യാതനായി. ഭാര്യ: മള്ളൂശേരിൽ കൈതക്കാട്ടുശേരിൽ സൂസമ്മ. മക്കൾ: ഡാനി, അലക്സി. മരുമക്കൾ: ഷാമോൻ പല്ലാട്ടുമഠം, അനുമോൾ പുളിക്കൽ (എല്ലാവരും യുഎസ്).

**കാരിത്താസ്:** മുണ്ടകപ്പാടം മുണ്ടംതടത്തിൽ പരേതനായ ദേവസ്യ ഔസേഫിന്റെ ഭാര്യ അന്നമ്മ (85) നിര്യാതയായി.

**പാലാ:** റിട്ട. മുനിസിപ്പാലിറ്റീസ് ജോയിന്റ് ഡയറക്ടറും മുൻ മുനിസിപ്പൽ കമ്മീഷണറുമായിരുന്ന കിഴക്കേക്കര താഴത്തു വീട്ടിൽ ടി.എസ്. തോമസ് (90) നിര്യാതനായി.

**വടവാതൂർ:** ഒളശ കളപ്പുരയ്ക്കൽ പരേതനായ എൻ.പി. ചാക്കോയുടെ ഭാര്യ ആനി ചാക്കോ (ജോളി-92) നിര്യാതയായി.

**റാന്നി:** മലങ്കര സുറിയാനി കത്തോലിക്കാ സഭ ഗുരുഗ്രാം ഭദ്രാസനാധിപൻ ജേക്കബ് മാർ ബർണബാസിന്റെ പിതാവ് കണ്ണമ്പള്ളി ഏറത്ത് എ.സി. ഗീവർഗീസ് (89) നിര്യാതനായി.

**ഏറ്റുമാനൂർ:** വള്ളിക്കാട് തടിപ്ലാക്കിൽ വർക്കി (72) നിര്യാതനായി.

### ജോൺ രാജു

**കൊച്ചി:** ബൊക്കാറോ സ്റ്റീൽ പ്ലാന്റ് റിട്ട. എൻജിനീയർ- എജിഎം പെരുമാനൂർ വെസ്റ്റ് വാട്ടേഴ്സിൽ (കോട്ടയം) മണപ്പുറം ജോൺ രാജു (88) നിര്യാതനായി. ഭാര്യ: മല്ലപ്പള്ളി മോടയിൽ സൂസി. മക്കൾ: സുജിത് (സീനിയർ എഡിറ്റർ, ടൈംസ് ഓഫ് ഇന്ത്യ, ബെംഗളൂരു), ഡോ. റെഞ്ചിത് (യുഎസ്), മെറീൻ (ഡൽഹി). മരുമക്കൾ: പ്രഫ. ആലീസ് (മൗണ്ട് കാർമൽ കോളജ്, ബെംഗളൂരു), അഞ്ജു, മോഹൻ.

**ദേവലോകം:** അഞ്ചേരിയിൽ പരുവയ്ക്കൽ പരേതനായ പി.വി. വർക്കിയുടെ ഭാര്യ തങ്കമ്മ (103) നിര്യാതയായി.

**ചിങ്ങവനം:** മലത്തുശ്ശേരിൽ പരേതനായ ഏബ്രഹാം മാത്യുവിന്റെ ഭാര്യ അന്നമ്മ മാത്യു (76) നിര്യാതയായി.

**കഞ്ഞിക്കുഴി:** കണ്ണോത്ര പരേതനായ കെ.വി. ജോണിന്റെ ഭാര്യ ശോശാമ്മ (കുഞ്ഞമ്മ-78) നിര്യാതയായി.

### ജോൺ കുര്യൻ



**നിരണം വെസ്റ്റ്:** പുള്ളിപ്പടവിൽ ജോൺ കുര്യൻ (72) ഫിലാഡൽഫിയയിൽ നിര്യാതനായി. ഭാര്യ: മേപ്രാൽ പാലമറ്റത്ത് ലീലാമ്മ. മക്കൾ: സൂസൻ, സ്റ്റീഫൻ. മരുമകൻ: സാംസൺ.

**മാവേലിക്കര:** കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി (പഴയ സെമിനാരി) മുൻ വൈസ് പ്രിൻസിപ്പൽ കിണറ്റുകരയിൽ പരേതനായ ഫാ. കെ.എം. അലക്സാണ്ടറുടെ ഭാര്യ തഴക്കര എംഎസ് സെമിനാരി എച്ച്എസ് റിട്ട. അധ്യാപിക ഏലിയാമ്മ അലക്സാണ്ടർ (89) നിര്യാതയായി.

### ഹസൻകുഞ്ഞ്

**ഈരാറ്റുപേട്ട:** വൈശ്യംപറമ്പിൽ ഹസൻ കുഞ്ഞ് (90) നിര്യാതനായി. ഭാര്യ: പുതുപ്പറമ്പിൽ ഫാത്തിമ. മക്കൾ: ഗൗസ്, ഡോ. അനസ് (യുഎസ്), ഷുജ, ബഷീറ, ജാസ്മി, സീനത്, ഷക്കീല. മരുമക്കൾ: മാരിയത്, അൻസൽന, സിജി, സുലൈമാൻ, ബഷീർ, പരീത്.

**തൃക്കൊടിത്താനം:** കടന്തോട്ട് ജോസഫ് ദേവസ്യാ (93) നിര്യാതനായി.

**പെരുന്ന:** വിമലാ ഭവനിൽ പി.ഐ. അബ്രഹാം (92) നിര്യാതനായി.

**കുഴിമറ്റം:** തോപ്പിൽ ജോസഫ് തോമസ് (72) നിര്യാതനായി.

### എ.എൻ. നാരായണൻ നായർ

**കിടങ്ങൂർ സൗത്ത്:** വൃന്ദാവനത്തിൽ (ആലുംമൂട്ടിൽ) തൃശൂർ പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമം ഹൈസ്കൂൾ റിട്ട. ടീച്ചർ എ.എൻ. നാരായണൻ നായർ (83) നിര്യാതനായി. ഭാര്യ: മറ്റക്കര പനച്ചിക്കൽ അമ്മിണിയമ്മ (റിട്ട. ടീച്ചർ, മറ്റക്കര ഹൈസ്കൂൾ). മക്കൾ: ഡോ. ജ്യോതി ശ്രീകുമാർ (സീനിയർ സയന്റിസ്റ്റ് സിടിസിആർഐ, തിരുവനന്തപുരം), ജ്യോതിഷ് കുമാർ (മൈക്രോസോഫ്റ്റ്, യുഎസ്). മരുമക്കൾ: ഡോ. ശ്രീകുമാർ ശൂരനാട് (സീനിയർ സയന്റിസ്റ്റ് സിടിസിആർഐ, തിരുവനന്തപുരം), മഞ്ജു കുമ്പനാട്.

### കെ.സി. ജേക്കബ്

**ഇളങ്ങുളം:** വിമുക്തഭടൻ കരിപ്പാൽ മുറിഞ്ഞാലയ്ക്കൽ നടയ്ക്കൽ കെ.സി. ജേക്കബ് (90) നിര്യാതനായി. ഭാര്യ: എരുമേലി പഴയകൊരട്ടി വെട്ടുകല്ലാംകുഴി പരേതയായ ഏലിയാമ്മ. മക്കൾ: ആനിയമ്മ (യുഎസ്), ഉഷാമ്മ (ന്യൂസിലൻഡ്), ആഷ (ഓസ്ട്രേലിയ). മരുമക്കൾ: തോമസ് ചാക്കോ (യുഎസ്), റസീക് മാസ്റ്റർ (ന്യൂസിലൻഡ്), മൈക്കിൾ പെരേര (ഓസ്ട്രേലിയ).

**അതിരമ്പുഴ:** പുളിങ്ങാപ്പള്ളിൽ പരേതനായ പി.വി. ജോസഫിന്റെ ഭാര്യ റോസമ്മ (76) നിര്യാതയായി.

### തങ്കമ്മ ജേക്കബ്

**ചെന്നൈ:** ആലപ്പുഴ കുടിലച്ചിറയിൽ കെ.പി. ജേക്കബിന്റെ ഭാര്യ തങ്കമ്മ ജേക്കബ് (69) നിര്യാതയായി. മക്കൾ: ലത (യുഎസ്), ലിറ്റി. മരുമക്കൾ: സാജൻ (യുഎസ്), ബിജു (ഖത്തർ).

**ചങ്ങനാശേരി:** ഫാത്തിമാപുരം പൊട്ടുകുളം പി.ടി. തോമസ് (85) നിര്യാതനായി.

### മേരിക്കുട്ടി ദേവസ്യ

**പിഴക്:** പെരുമാട്ടിക്കുന്നേൽ ദേവസ്യയുടെ ഭാര്യ മേരിക്കുട്ടി (91) നിര്യാതയായി. ചീനിക്കുഴി എടക്കര ചക്കനാനിക്കൽ കുടുംബാംഗമാണ്. മക്കൾ: ജോസ് പെരുമാട്ടി (യുഎസ്), ലീലാമ്മ, വത്സമ്മ, ബീന (എൻഐസി ഓഫീസർ, കോട്ടയം), ബെന്നി പെരുമാട്ടി (യുഎസ്). മരുമക്കൾ: ലൈല വള്ളോംകോട്ട് (പിഴക്), കെ.എം.മാത്യു കുരിശുംമൂട്ടിൽ (പ്ലാന്റേഷൻ), വി.ടി. കുര്യാക്കോസ് വഞ്ചിക്കുഴിയിൽ പിറവം (റിട്ട. സിബിഐഎ സർക്കിൾ ഇൻസ്പെക്ടർ), സിറിൾ പൊടിപാറ (ഏറ്റുമാനൂർ), റൂബി ചെമ്പരത്തിക്കൽ പിഴക് (യുഎസ്).

**മലകുന്നം:** ആലഞ്ചേരി പാലമൂട്ടിൽ ആഗസ്തി തോമസ് (തൊമ്മിക്കുഞ്ഞ്-94) നിര്യാതനായി.

**പാമ്പാടി വെള്ളൂർ:** മുള്ളൻകുഴിയിൽ പരേതനായ എം.സി. കുട്ടപ്പന്റെ ഭാര്യ കെ.ആർ. പെണ്ണമ്മ (76) നിര്യാതയായി.

# WANTED NANNY / BABY SITTER

Malayali family in Wisconsin Green bay need a Nanny/baby sitter to stay at home and look after a one and half year old baby. Persons eligible to work in USA contact

**Phone:**

**7403982374 or 7089793947**

# കെയർഗിവറെ ആവശ്യമുണ്ട്

ചിക്കാഗോയിൽ മൗണ്ട് പ്രോസ്പ്പെക്ടിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ പ്രായമായ അമ്മയെ നോക്കുവാൻ കെയർഗിവറെ ആവശ്യമുണ്ട്. വീട്ടിൽ താമസിച്ച് നോക്കുവാൻ തയാറുള്ളവർക്ക് മുൻഗണന. അല്ലാത്തവരുടെ അപേക്ഷകളും പരിഗണിക്കും. താല്പര്യമുള്ളവർ വിളിക്കുക.

**(415) 596-5581, (847) 363-9756**

# ഏറ്റുമാനൂരിൽ വീടും ഒരേക്കർ സ്ഥലവും വില്പനയ്ക്ക്

നഗരത്തിന്റെ തിരക്കിൽനിന്നും മാറി ഒരു ഹിൽസ്റ്റേഷന്റെ സുഖത്തിൽ, എന്നാൽ സ്കൂളുകൾ, കോളേജ്, ദേവാലയം, ക്ഷേത്രം എല്ലാം അടുത്തുതന്നെയുള്ള ഒരേക്കർ സ്ഥലവും വീടും വില്പനയ്ക്ക്. ഏറ്റുമാനൂർ തവളക്കുഴി കവലയിൽ നിന്നും ഒരു കിലോമീറ്റർ കിഴക്കായുള്ള ഈ സ്ഥലത്തിന് സമീപമാണ് എബനേസർ ഇന്റർനാഷണൽ സ്കൂൾ, മംഗളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ. ഒരുകാലത്തും വെള്ളപ്പൊക്കം ഉണ്ടാകാത്ത ഈ സ്ഥലത്തിന്റെ പ്രത്യേകതയാണ് ഒരിക്കലും വറ്റാത്ത ഒരു കിണറും ഒരു കുളവും. രണ്ട് വശത്തും ടാറിട്ട പഞ്ചായത്തുവഴികൾ. വില്ലാ പ്രോജക്ടുകൾക്ക് അനുയോജ്യമായ സ്ഥലം. എന്നും വികസിച്ചുകൊണ്ടിരിക്കുന്ന ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിലെ ഈ സ്ഥലം ഒരു ഇൻവെസ്റ്റ്മെന്റായും സ്വന്തമാക്കാം. സ്ഥലം കാണുവാനും വാങ്ങുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക.

**INDIA : 9496115802, USA : 630 903 7680, 630 728 7956**

# കെയർഗിവറെ ആവശ്യമുണ്ട്

ടെക്സാസിലെ സാൻഅന്റോണിയോയിൽ താമസിക്കുന്ന മലയാളി കുടുംബത്തിലെ പ്രായമായ അമ്മയെ സ്നേഹത്തോടെ പരിചരിക്കുന്നതിനും ദൈനംദിന കാര്യങ്ങളിൽ സഹായിക്കുന്നതിനും വേണ്ടി കെയർഗിവറെ ആവശ്യമുണ്ട്. വിശദവിവരങ്ങൾക്ക്

**TOM (313) 492-1811**

# CAREGIVER WANTED

ഫ്ളോറിഡായിൽ താമസിക്കുന്ന രോഗിയായ സ്ത്രീയെ വീട്ടിൽ താമസിച്ചു പരിചരിക്കുന്നതിന് താല്പര്യമുള്ളവർ ബന്ധപ്പെടുക:

**Phone # 954 649 8308**

# നാനിയെ ആവശ്യമുണ്ട്

ഹൂസ്റ്റണിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ രണ്ടു വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാൻ നാനിയെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ വിളിക്കുക:**

**713--204-7735**

# LAND FOR SALE IN UZHAVOOR TOWN

Fifteen (15) cents available for sale in the heart of Uzhavoor town on market road. Accessible by road on two sides. Ideal for business or residence. Price reduced.

**For further information please call:**

**562-650-5093 (USA) or 91-949-544-4945 (India)**

## ഉപകാരസ്മരണ




*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New Jersey*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New Jersey*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New Jersey*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Bloomingdale*

## കഥ ഇതുവരെ

അനാഥാലയത്തിൽ വളർന്ന അലീനയും രേവതിക്കുട്ടിയും ചിന്നുമോളും സഹോദരിമാരെപ്പോലെയാണ് ജീവിച്ചത്. അവരുടെ രക്ഷകയായ ബ്രിജീത്താ മമ്മി മരിക്കുന്നതിന് തൊട്ടുമുൻപ് മൂന്നു പേരെയും മൂന്ന് സ്ഥലങ്ങളിലാക്കി. പെറ്റമ്മയായ വൈജയന്തിയുടെ കുടുംബത്തിലെ വേലക്കാരിയായി പോകാനായിരുന്നു അലീനയുടെ വിധി. മാമച്ചൻ-ഗ്രേസമ്മ ദമ്പതിമാരുടെ വീട്ടിൽ രേവതിക്കുട്ടിയും കൊല്ലത്തെ ഒരു ഓർഫനേജിൽ ചിന്നുമോളും എത്തപ്പെട്ടു. അലീന തന്റെ ഭാര്യയുടെ മകളാണെന്ന് തിരിച്ചറിഞ്ഞ ബാലചന്ദ്രമേനോൻ മകളോടുള്ള വാത്സല്യം നൽകി അവളെ സംരക്ഷിച്ചുപോന്നു. ബാക്കി കുടുംബാംഗങ്ങളെല്ലാം അലീനയ്ക്ക് എതിരായിരുന്നുവെങ്കിലും സ്നേഹംകൊണ്ട് അവൾ എല്ലാവരെയും കീഴടക്കി. വൈജയന്തിയെ ഒഴിച്ച്. അലീനയുടെ യഥാർഥ അച്ഛനായ കേണൽ സ്റ്റാൻലി ജോസഫിനെ കണ്ടുപിടിച്ച് ബാലചന്ദ്രമേനോൻ അവളെ അയാളെ ഏൽപ്പിക്കുന്നു. പരുക്കനെങ്കിലും അലീനയെ സ്വീകരിക്കാനും മകളായി അംഗീകരിക്കാനും സ്നേഹിക്കാനും സ്റ്റാൻലി തയാറായി. സമനിലതെറ്റിയ ഷെറിന്റെ കുഞ്ഞിനെ അലീന കണ്ടുപിടിക്കുന്നു. ചിന്നുമോളായിരുന്നു അത്. ഇതാണ് നമ്മുടെ മകളെന്നു പറഞ്ഞ് തന്നെ അമ്മയ്ക്ക് പരിചയപ്പെടുത്തണമെന്ന ആവശ്യം അലീന മുന്നോട്ടുവെച്ചു. താനും വൈജയന്തിയും വേർപിരിയാൻ ഇടയായതിന്റെ യഥാർഥ കാരണങ്ങൾ തിരിച്ചറിയുന്ന സ്റ്റാൻലി അലീനയുടെ ആവശ്യം ന്യായമാണെന്ന് മനസ്സിലാക്കുന്നു. സെക്സ് റാക്കറ്റിന്റെ വലയിലായ ബബിത ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. ഡോക്ടറുടെ ശിപാർശയോടുകൂടി ബബിതയെ ശുശ്രൂഷിക്കാൻ അലീന കടപ്പാട്ടൂർ എത്തി. പക്ഷേ ആ നിമിഷംതന്നെ വൈജയന്തി വീടുവിട്ടിറങ്ങി. ബബിതയെ പഴയ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരാൻ ശ്രമിക്കുന്ന അലീന, തന്റെയും ബബിതയുടെയും അമ്മ ഒന്നുതന്നെയാണെന്ന സത്യം അവളോട് വെളിപ്പെടുത്തുന്നു. വൈജയന്തി വിവാഹമോചനം തേടാൻ ഒരുക്കങ്ങൾ തുടങ്ങി. ആത്മഹത്യാശ്രമത്തിന്റെ കാരണങ്ങളെക്കുറിച്ച് ബബിത അലീനയോട് പറയാൻ ഒരുങ്ങുന്നു.

(തുടർന്നു വായിക്കുക)

# മഴ തോരും മുമ്പേ...

ജോയ്സി

174

സിദ്ധാർഥനെ കണ്ടുമുട്ടിയ സാഹചര്യത്തെക്കുറിച്ചു വിശദീകരിച്ചുകൊണ്ടാണു ബബിത തുടങ്ങിയത്.

താരാ കൃഷ്ണനുണ്ണി എന്ന സീനിയർ സ്റ്റുഡന്റിന്റെ സഹോദരൻ! തിരുവനന്തപുരത്തു ടെക്നോ പാർക്കിൽ ജോലി.

പെങ്ങളെ കാണാൻ ആങ്ങള വരുന്നു. പെങ്ങൾ തനിച്ചുപോകാൻ മടിച്ച് കൂട്ടുകാരികളെയും കൊണ്ടു റെയിൽവേ സ്റ്റേഷനിൽ പോയി ആങ്ങളയെ സ്വീകരിക്കുന്നു. ചിലപ്പോൾ റെസ്റ്റോറന്റിൽ കയറി ഫുഡ് കഴിക്കുന്നു. മറ്റു ചിലപ്പോൾ ഐസ്ക്രീം കഴിക്കുന്നു. ചില വാരാന്ത്യങ്ങളിൽ ആങ്ങള കാറുമായി വന്ന് പെങ്ങളെയും കൂട്ടുകാരെയുംകൂട്ടി ഫോർട്ടുകൊച്ചി ബീച്ചിൽ പോകുന്നു. പഞ്ചാബി ഹോട്ടലിൽ കയറി തണ്ടൂരി ചിക്കൻ കഴിക്കുന്നു.

ആകെക്കൂടി ആധുനികവും സമൃദ്ധവും മോഹനസുന്ദരവുമായ ഇടവേളകൾ! സമ്പന്നരും ഉദാരമനസ്കരുമായ ആളുകൾ!

ഒഴിവുസമയങ്ങളിൽ ഹോസ്റ്റൽ റൂമിൽ കുത്തിയിരുന്നു പഠിക്കുന്നതുപോലുമല്ല, ഇത്തരം ഉല്ലാസവേളകളാണു ജീവിതത്തെ അർഥസമ്പുഷ്ടമാക്കുന്നതെന്നു ബബിതയ്ക്കു തോന്നിയിരുന്നു.

കൂട്ടുകാരികളുടെ പ്രേരണയും നിർബന്ധവും പ്രലോഭനവുമെല്ലാം സിദ്ധാർഥനുമായുള്ള പ്രണയത്തിലേക്കു നയിക്കുന്നതിനു വഴി കാട്ടിയിരുന്നു. താരാ കൃഷ്ണനുണ്ണിക്കു പ്രണയിക്കാൻ ഒരാളുണ്ട്. സോണിയാ ഡേവിഡിനുമുണ്ട് ഒരാൾ. ചേച്ചിമാർ ബബിതയെക്കൂടി അവരുടെ നിലവാരത്തിലേക്കു കൈപിടിച്ചുയർത്താൻ തയാറാണ്. അവർ അവൾക്കു നൽകുന്ന പ്രത്യേക പരിഗണന അവളെ അഭിമാനം കൊള്ളിക്കുന്നുണ്ട്. കാരണം, താരയുടെയും സോണിയയുടെയും സ്നേഹഭാജനമാണു ബബിത. വീട്ടിൽ അംഗീകാരവും സാന്ത്വനവും കിട്ടാത്തവൾക്കു പുറമെനിന്ന് അതു ലഭിച്ചുതുടങ്ങിയിരിക്കുന്നു!

ഒരു സ്നേഹക്കളിവാക്കിനു മുന്നിൽ അവൾ ആലിപ്പഴംപോലെ അലിഞ്ഞുപോകുന്നു. ഒപ്പത്തിനൊപ്പം നിർത്തി അംഗീകരിക്കുന്നവരോട് അവൾക്ക് എന്തെന്നില്ലാത്ത കൂറും നന്ദിയും കടപ്പാടും. അവരുടെ വാൽസല്യം അവളുടെ തപിച്ച ഹൃദയത്തെ തണുപ്പിക്കുന്നു. അവർ അവൾക്കുവേണ്ടി കരുതുന്ന സമ്മാനങ്ങൾ അവളെ വാനോളമുയർത്തുന്നു.

ബബിത സ്നേഹിക്കുകയും വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്ന താരച്ചേച്ചിയുടെ സഹോദരനാണ് പ്രണയാഭ്യർഥനയുമായി മുൻപിൽ. എതിർക്കുമെന്നു പേടിച്ചിരുന്ന താരച്ചേച്ചി കൂടി ഗ്രീൻ സിഗ്നൽ കാട്ടിയതോടെ അവൾക്കു ധൈര്യമായി. കൂട്ടുകാരുടെ അംഗീകാരവും പ്രോത്സാഹനവുമുണ്ട്. നല്ല കുടുംബക്കാർ എന്നാണു ധരിപ്പിച്ചിരിക്കുന്നത്.

ആഴ്ചയുടെ ഇടദിവസങ്ങളിൽ ഒഴിവു വന്നാൽ വീട്ടിൽ പോകാതെയായി; ചിലപ്പോൾ, വീക്കെൻഡുകളിലും. ബീച്ച്, പാർക്ക്, സിനിമാശാലകൾ, റെസ്റ്റോറന്റുകൾ, ഐസ്ക്രീം പാർലറുകൾ തുടങ്ങിയവയൊക്കെയാണു സൈ്വരവിഹാരവേദികൾ. ആദ്യമെല്ലാം ബബിതയോടൊപ്പം കൂട്ടുവരുമായിരുന്ന താരയും സോണിയയും മറ്റും മെല്ലെ പിൻവലിഞ്ഞു. സ്വർഗത്തിൽ എന്തിനു കട്ടുറുമ്പുകൾ!

താരാ കൃഷ്ണനുണ്ണിയുടെ വീട്ടിൽവെച്ചു നടത്തിയ ആഘോഷത്തെപ്പറ്റിയും ബബിത പറഞ്ഞു.

"ഒരുപാടു നിർബന്ധിച്ചപ്പോ ഞാനും പോയി. അവിടെച്ചെന്നപ്പോ ഒരു സംശയം തോന്നിയതാ – താരച്ചേച്ചിയുടെ വീടുതന്നെയാണോ ഇത്? ഫുഡ്ഡൊക്കെ വാങ്ങിച്ചോണ്ടു പോയിട്ടുണ്ടാരുന്നു... തീറ്റിയും കുടിയും... ബിയറാണെന്നാ പറച്ചിൽ..എനിക്കിതൊന്നും തിരിച്ചറിയാൻ വയ്യ. ആങ്ങളയും പെങ്ങളും ഒന്നിച്ചുള്ളപ്പോൾ ഒരു ധൈര്യം... പക്ഷേ, രാത്രിയിൽ അങ്ങനൊന്നുമല്ലാരുന്നു. ജോടിയായിട്ടു തിരിഞ്ഞു. എന്നെ റൂമിൽ കൊണ്ടുവന്നു കിടത്തിയിട്ട് മറ്റുള്ളവരെവിടെ എന്നു നോക്കാൻവേണ്ടി പോയ താരച്ചേച്ചി തിരിച്ചുവന്നില്ല... പകരം സിദ്ധാർഥനാ വന്നത്. എന്നോടു പറഞ്ഞു, താരച്ചേച്ചിയെയും സോണിയച്ചേച്ചിയെയും ഒരു മുറീലാക്കിയെന്ന്. ജീവൻചേട്ടനും സന്തോഷ്ചേട്ടനും വേറൊരു മുറിയിൽ. അവരെയെല്ലാം പറ്റിച്ചിട്ടു പോന്നതാണെന്നും പറഞ്ഞു."

അലീന വർധിച്ച നെഞ്ചിടിപ്പോടെ മൂളിക്കേട്ടു കൊണ്ടിരുന്നു.

"ഇനി ഇങ്ങോട്ടാരും കയറിവരാതിരിക്കട്ടെ എന്നുപറഞ്ഞ് വാതിലടച്ചു ബോൾട്ടിട്ട് എന്റെ ബെഡ്ഡിൽ വന്നിരുന്നു. ഞാനാകെ പരിഭ്രമിച്ച് എഴുന്നേറ്റു. എന്നെ ബലമായി പിടിച്ചുകിടത്തി...പേടിക്കേണ്ട, ഒന്നും ചെയ്യില്ല, വെറുതെ കെട്ടിപ്പിടിച്ചു കിടക്കുന്നതേയുള്ളു, സ്നേഹക്കൂടുതലുകൊണ്ടല്ലേ എന്നെല്ലാം പറഞ്ഞു. ഇതെല്ലാം നേരത്തെ പ്ലാൻ ചെയ്തുവെച്ച നാടകമാണെന്നൊന്നും ഞാനറിയുന്നില്ല. ഇഷ്ടപ്പെട്ട ആളാണല്ലോ കൂടെ. എന്നെ കല്യാണം കഴിക്കാൻ പോണ പുരുഷൻ! അതൊരു രഹസ്യമല്ല. താരച്ചേച്ചിക്കും വീട്ടുകാർക്കുമെല്ലാം അറിയാമല്ലോന്നുള്ള ധൈര്യവും ഉണ്ട്. വർത്തമാനം പറഞ്ഞോണ്ടു കിടക്കുവാ..അതിനിടയിൽ എപ്പഴാ എങ്ങനെയാ എന്നൊന്നും എനിക്കറിയില്ല. ഞാനെങ്ങനെ സമ്മതിച്ചൂന്നും അറിയില്ല. ഞാൻ ഞാനല്ലാതായിത്തീർന്നൂന്നു പറയണതാ ശരി. രാവിലെ എഴുന്നേറ്റിരുന്നു കുറെ കരഞ്ഞു. ആശ്വസിപ്പിക്കാൻ എത്ര പേരായിരുന്നു! താരച്ചേച്ചി പോലും പറഞ്ഞു. നിന്നെ കല്യാണം കഴിക്കാൻ പോകുന്നയാളല്ലേ. പിന്നെന്താ? എല്ലാവരും കൂടി പറഞ്ഞുപറഞ്ഞ് ആ വലിയ തെറ്റ് ഒരു സത്പ്രവൃത്തിയാക്കിപ്പമാക്കി ത്തന്നു. എന്റെ മനോവിഷമം മാഞ്ഞുപോയീന്നുള്ളതു സത്യം."

അലീനയ്ക്കു ഹൃദയം വിങ്ങിപ്പൊട്ടുംപോലെ തോന്നി. ഇങ്ങനെ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടാകുമെന്ന് ഊഹിച്ചിരുന്നതാണെങ്കിലും ഇപ്പോൾ അതു സത്യമാണെന്നറിഞ്ഞപ്പോൾ സഹിക്കാനാവാത്ത മനോവ്യഥ! തന്റെ അനുജത്തി പതിതയായിത്തീർന്നുവല്ലോ എന്ന ആത്മനൊമ്പരം!

"അലീനച്ചേച്ചിക്ക് എന്നോടിപ്പം തോന്നുന്ന വികാരമെന്താണെന്ന് എനിക്കറിയാം. അറപ്പും വെറുപ്പും അല്ലേ?"

അലീന ഒന്നും മിണ്ടിയില്ല.

എങ്കിലും സാന്ത്വനം പകരുന്ന തലോടൽകൊണ്ട് അവൾ തന്റെ മനോഗതമറിയിച്ചു.

"പിന്നെയും രണ്ടുതവണകൂടി ഞാനാ വീട്ടിൽ പോയി. ഒരിക്കൽ എല്ലാവരും കൂടി. ഒരു തവണ ഞാനും സിദ്ധാർഥനും മാത്രം. ചെയ്യുന്നതു തെറ്റാണെന്നുള്ള തിരിച്ചറിവ് തെഞ്ഞുമാഞ്ഞില്ലാതായി. തെറ്റിനെ ശരിയാക്കാനുള്ള മനക്കണക്കൊക്കെ മനസ്സിലുണ്ട്. പരമാവധി മൂന്നുവർഷം. അപ്പഴേക്കും ഞാൻ ഡിഗ്രിയെടുക്കും. പിന്നെ കല്യാണം. സിദ്ധാർഥനു ജോലിയുണ്ടല്ലോ. എനിക്കു കല്യാണം കഴിഞ്ഞാലും ഹയർ സ്റ്റഡീസിനു പോകാം. ഒരുതവണ ഞങ്ങൾ സന്തോഷ്ചേട്ടന്റെ വീട്ടിൽ പോയി. ബർത്ത്ഡേയാണ്. ബർത്ത്ഡേ കേക്കും പാട്ടും കൂത്തും ഡാൻസും മേളവും മദ്യവും എല്ലാംകൂടി ചേർത്ത് ഒരു ബഹളം. സിദ്ധാർഥൻ എനിക്കു കുടിക്കാൻ ബിയർ തന്നു. ബിയറിന്റെ ചവർപ്പൊക്കെ ഉണ്ടായിരുന്നു. കുറെക്കഴിഞ്ഞപ്പോ എനിക്കു മയക്കം വന്നു. കണ്ണുമിഴിച്ചു നോക്കുമ്പം കാണാം നിഴലുപോലെ ആരൊക്കെയോ ആടുന്നു, പാടുന്നു. വീഴാൻപോയ എന്നെ രണ്ടുപേർ ചേർന്നു താങ്ങിയെടുത്തോണ്ടു പോയത് ഓർമയുണ്ട്. നേരം വെളുത്ത് ഉറക്കം തെളിഞ്ഞപ്പോഴേ എനിക്ക് എന്തൊക്കെയോ പന്തികേടു തോന്നി. ഇന്നലെ എന്താ സംഭവിച്ചത്? ആരൊക്കെയാ എന്നെ എടുത്തോണ്ടുപോയത്? വേറെ ആരെങ്കിലും എന്റെ ബെഡ്ഡിലുണ്ടായിരുന്നോ? മാഞ്ഞുപോകുന്ന ദുഃസ്വപ്നം പോലെ എന്തൊക്കെയോ ചില കാഴ്ചകളുണ്ട് ഓർമേല്. സ്വപ്നമാണോ അതോ സത്യമാണോന്ന് അറിയില്ല. സിദ്ധാർഥനോട് ചോദിച്ചപ്പോ പറഞ്ഞു ബിയറു തലയ്ക്കു പിടിച്ചതാണെന്ന്. ഒടുവിൽ ഞാനതങ്ങു വിശ്വസിച്ചു."

ബബിത ഒരു നിമിഷം നിർത്തി.

അലീന വീർപ്പടക്കി.

"പിന്നീടൊരു തവണ ഞങ്ങളൊരു റിസോർട്ടിൽ പോയി. അവിടെവെച്ചും എനിക്ക് ബിയർ തന്നു. അന്നത്തെപ്പോലെതന്നെ മയക്കോം തലവേദനേം. സിദ്ധാർഥൻ റൂമിൽ കൊണ്ടുപോയി കിടത്തി. രാത്രിലെപ്പഴോ ഉറക്കംഞെട്ടി നോക്കുമ്പോ എന്റെ ബെഡ്ഡിൽ ഞാനിതുവരെ കണ്ടിട്ടില്ലാത്ത രണ്ടുപേർ. ഞെട്ടിപ്പോയി. ഇതെങ്ങനെ സംഭവിച്ചു? ഞാൻ അടുത്ത മുറിയിൽചെന്നു നോക്കുമ്പം താരച്ചേച്ചിയും സിദ്ധാർഥനും സന്തോഷുംകൂടി ഒരേ ബെഡ്ഡിൽ. എനിക്കിപ്പഴും വിശ്വസിക്കാൻ പറ്റണില്ല ചേച്ചീ. തകർന്നുപോയി ഞാൻ."

ബബിത കിതച്ചു.

ഉടൻതന്നെ വീർപ്പടക്കി.

ശ്വാസം വിടുന്നതേയില്ല.

"മോളേ..." അലീന വിളിച്ചു.

"ദുഷ്ടൻ..." അണപൊട്ടുംപോലെ അവളുടെ ശ്വാസവും ശാപവാക്കും പുറത്തേക്കു വന്നു.

"അതൊരു പിശാചായിരുന്നു ചേച്ചീ. മനുഷ്യനൊന്നുമല്ല. ചിരിക്കേം സംസാരിക്കേം സ്നേഹിക്കേം ചെയ്യുന്ന മനുഷ്യന് അങ്ങനൊക്കെ ചെയ്യാൻ പറ്റോ? ഞാൻ... ഞാനവനെ കൊല്ലണമായിരുന്നു. എന്നെക്കൊണ്ടു പറ്റുമായിരുന്നു... പക്ഷേ, ഒരു പിശാചിന്റെ ഹൃദയം എനിക്കില്ലാതെ പോയി."

ബബിതയുടെ തേങ്ങലും കിതപ്പും ഇടകലർന്നു.

"ശരിക്കും എന്താ സംഭവിച്ചത്?"

അലീനയുടെ സ്വരത്തിൽ വിറപടർന്നു.

"അയാൾ..അയാളെന്നെ വിറ്റതാ ചേച്ചീ...വേറെ ആളുകൾക്ക്. അവരെല്ലാം ഒരു ഗ്യാങ്ങായിരുന്നു. താരച്ചേച്ചിയും സിദ്ധാർഥനും തമ്മിൽ സഹോദരബന്ധം പോയിട്ട് അയൽബന്ധം പോലും ഉണ്ടായിരുന്നില്ല. താരച്ചേച്ചിയും സോണിയച്ചേച്ചിയും കൂടി സിദ്ധാർഥനും കൂട്ടുകാർക്കും വേണ്ടിയാണ് വലവിരിച്ചത്. ഞാൻ കുടുങ്ങി. എന്റെ റൂംമേറ്റ് ആഷ്മിയിലും അവർക്കു കണ്ണുണ്ടായിരുന്നു. പക്ഷേ അവൾക്കു പേടിയായിരുന്നു."

"നീ സത്യങ്ങളെല്ലാം അറിഞ്ഞൂന്ന് അവർക്കു മനസ്സിലായില്ലേ?" അലീന ചോദിച്ചു.

"മനസ്സിലായി. പക്ഷേ അവർക്കു കൂസലൊന്നൂല്യ. എന്നെ വിൽക്കാനുദ്ദേശിച്ചുതന്നെയാ വളച്ചെടുത്തതെന്ന് അയാളെന്റെ മുഖത്തുനോക്കി പറഞ്ഞു. എന്നിട്ട് മൊബൈലിൽ റെക്കോർഡ് ചെയ്ത വീഡിയോ കാണിച്ചു. സന്തോഷ്ചേട്ടന്റെ വീട്ടിൽവെച്ചു കൂടിയപ്പോ എടുത്തതാണെന്നു പറഞ്ഞു. അവിടെ ബെഡ്ഡിൽ പാതി ബോധം പോലുമില്ലാതെ ഞാൻ. എന്റെ കൂടെ സന്തോഷ്ചേട്ടനും ജീവൻചേട്ടനും. അവർ ബിയറിൽ മയക്കുമരുന്ന് ചേർത്തിരുന്നത്രേ. ഒക്കെ

ഡെലിബറേറ്റായിട്ടു ചെയ്തതാ. മറ്റേ പിശാച് അവരോടു പണം വാങ്ങിട്ടുണ്ടാകും.”

അലീന ഞെട്ടിപ്പോയി.

താൻ ഊഹിച്ചതിനും അപ്പുറമാണു കാര്യങ്ങൾ. വൻ ചതിയും കൊടുംക്രൂരതയും ഇവളുടെ മേൽ കൊണ്ടാടിയിരിക്കുന്നു.

“എന്നിട്ടും അവരെന്നോടു ദയ കാണിച്ചില്ല ചേച്ചീ. അവരെന്നോടു പറഞ്ഞു. വീഡിയോ എല്ലാം ഇന്റർനെറ്റിൽ പബ്ലീഷ് ചെയ്യുമെന്ന്. അല്ലെങ്കിൽ അവർ വിളിക്കുന്നിടത്തെല്ലാം ഞാൻ ചെല്ലണം. അവരുമായി ബിസിനസ് നടത്തുന്ന ആളുകളുമായി സഹകരിക്കണം. എന്റെ ജീവിതം തീർന്നൂന്ന് എനിക്കു മനസ്സിലായി. അയാളെ കൊല്ലാൻ എന്റെ കൈ വിറയ്ക്കും. ഞാനതുപോലെ സ്നേഹിച്ചതല്ലേ ചേച്ചീ. എന്നെ കൊല്ലാൻ സാധിക്കുമല്ലോ. വേറൊരു വഴീം ഞാൻ കണ്ടില്ല ചേച്ചീ.

ബബിത സകല നിയന്ത്രണവും തകർന്ന് പൊടുന്നനെ വാവിട്ടു കരഞ്ഞു.

അലീന അവളെ മുറുകെ കെട്ടിപ്പിടിച്ചു.

കരച്ചിലടങ്ങുവോളം പുറത്തു തലോടിക്കൊണ്ടിരുന്നു.

“അങ്ങനൊരവസ്ഥ വരുമ്പം വീട്ടിലുള്ളവരെ ഓർക്കണ്ടേ മോളേ? ആരുമില്ലേ നിനക്ക്.... ങും?”

“എല്ലാരേം ഞാനോർത്തു ചേച്ചീ.” ബബിത വിങ്ങിപ്പൊട്ടി: “അച്ഛനേം അമ്മയേം രോഹിയേട്ടനേം കൃഷ്ണമോളേം അലീന ചേച്ചിയേം എല്ലാരേം. അതുകൊണ്ടാ മരിക്കാൻ തീരുമാനിച്ചപ്പം ഞാനൊരു കത്തുപോലും എഴുതിവെക്കാഞ്ഞത്.”

അവൾ വീണ്ടും ഏങ്ങലടിച്ചു കരഞ്ഞു.



കരയുന്നതു നന്നെന്ന് അലീനയും കരുതി.

ഏതെല്ലാം അഗ്നിപരീക്ഷണങ്ങളെയാണ് അവൾ അഭിമുഖീകരിച്ചതെന്ന ഓർമ്മ അവളെ കിടിലംകൊള്ളിച്ചു. ഒരു പ്രണയപരാജയം അല്ലെങ്കിൽ സ്നേഹിച്ചവന്റെ വഞ്ചനയോ കാലുമാറ്റമോ. ഇത്രയേ താൻ ഊഹിച്ചിരുന്നുള്ളു. എന്നാലും ഇത്രയും ചെറിയ പ്രായത്തിൽ തന്റെ അനുജത്തിക്ക് ഇത്രമേൽ കടുത്ത ഒരു ദുഃഖാനുഭവമുണ്ടായല്ലോ എന്ന ഓർമയിൽ അലീനയുടെ മിഴികൾ നനഞ്ഞു.

കുറേക്കഴിഞ്ഞ് അലീനയുടെ കൈത്തണ്ടയിൽനിന്നു മുഖം തെല്ലനിരക്കി ബബിത ചോദിച്ചു: “ഞാൻ ചീത്തയായിപ്പോയല്ലോന്നോർത്തിട്ട് അലീനച്ചേച്ചിക്ക് എന്നോടു വെറുപ്പു തോന്നണില്ലേ?”

കണ്ണീർ വീണ് ഈറനായ കവിളത്ത് അലീന തഴുകി. ചെന്നിയിലും കവിളത്തും നനഞ്ഞു പറ്റിപ്പിടിച്ച മുടിനാരുകൾ വാൽസല്യത്തോടെ ഒതുക്കിവെച്ചു.

“ഇല്ല. ഒട്ടും വെറുപ്പില്യാന്നു മാത്രമല്ല. ഇഷ്ടക്കൂടുതലേയുള്ളു – ട്ടോ.”

അവളുടെ മുഖമെടുത്ത് അലീന തന്റെ മുഖത്തോടു ചേർത്തു. അവളുടെ കണ്ണിൽ ഉമ്മ നൽകി. ഗദ്ഗദത്തോടെ പറഞ്ഞു.

“സങ്കടംണ്ട് ചേച്ചിക്ക്... എന്നാലും സാരംല്ല. എന്റെ മോള് ജീവിച്ചിരിപ്പുണ്ടല്ലോ. അതുമതി.” അലീന അവളുടെ നെറ്റിയിൽ ചുണ്ടുകൾ ചേർത്തു.

“നീ ആത്മഹത്യ ചെയ്യാൻ പോയീന്നു കേട്ടപ്പം അതിന്റെ പുറകിൽ ഇത്രേം വല്യൊരു കൊടുംചതിയാണെന്ന് ഞാൻ കരുതിയില്ല. സാരമില്ല, നമ്മൾ ഇതിനെ മറികടന്നല്ലോ. ഇനി എപ്പഴും ഓർത്തോളണം. ആരൊക്കെ ഇല്ലെങ്കിലും നിനക്ക് ഞാനുണ്ടെന്ന്.”

“എന്നോടു ക്ഷമിക്ക്വോ?”

“ഇങ്ങനൊന്നും നീ ചോദിക്കരുത്. ആർക്കും ക്ഷമിക്കാൻ കഴിയാത്ത തെറ്റൊന്നും നീ ചെയ്തിട്ടില്ല.”

“ഒന്നും ആരോടും പറയാതെ പോണംന്നു വിചാരിച്ചിരുന്നതാ ഞാൻ. എന്റെ സങ്കടങ്ങളൊക്കെ മനസ്സിലാക്കാൻ പറ്റുന്ന ആരും ല്യാന്നാ ഞാൻ കരുതിയെ. എനിക്കിപ്പോ വിശ്വസിക്കാൻ ഒരാളേയുള്ളു ഈ ലോകത്ത്. എന്നെ ഇവിടെ ഒറ്റയ്ക്കുവിട്ടിട്ട് പോകല്ലേ.”

“ഇല്ല. ഇല്ലെടീ...”

“ഞാൻ പറഞ്ഞതൊന്നും ആരോടും പറയില്യാന്ന് എനിക്കു വാക്കുതരണം.”

“അച്ഛനോട് പറയണ്ടേ മോളു...”

“വേണ്ട. ആരോടും പറയരുത്. ചേച്ചിയല്ലാതെ വേറൊരാള് അറിയരുത്. അതെനിക്കു സഹിക്കാൻ വയ്യ. ഞാൻ മരിച്ചുകളയും.”

“നിന്നെ ദ്രോഹിച്ചവർക്ക് ശിക്ഷ കിട്ടണ്ടേ.”

“അവരെ ഈശ്വരൻ വെറുതെ വിടുമോ. അവർക്കു ശിക്ഷ കിട്ടും.”

“മോളേ... നിനക്കു പകരം നാളെയവർ മറ്റൊരു ഇരയെ കണ്ടുപിടിക്കും. നിന്നെ എങ്ങനെ വലയിൽ വീഴ്ത്തിയോ അതേ ചിലന്തിവലതന്നെ അവർ അവളുടെ മുൻപിലും വിരിക്കും. നിനക്കുണ്ടായ അനുഭവം നാളെ നിന്നെപ്പോലെ വേറൊരു പെൺകുട്ടിക്ക് ഉണ്ടാവാതിരിക്കാൻ വേണ്ടതു ചെയ്യേണ്ടത്, നിന്റെയും എന്റെയുമെല്ലാം കടമയാണ്. തെറ്റു ചെയ്യുന്നിടത്തോളം തന്നെ കുറ്റകരമാണ് അവനവന്റെ കടമ ചെയ്യാതിരിക്കുന്നതും. നാളെ അവർ അവരുടെ കയ്യിലിരിക്കുന്ന വീഡിയോ ഇന്റർനെറ്റിലൂടെയോ മൊബൈൽ ഫോണുകളിലൂടെയോ നാടൊട്ടുക്ക് പ്രചരിപ്പിക്കയില്ലെന്ന് എന്താണുറപ്പ്?”

ബബിതയുടെ മുഖത്തൊരു നടുക്കം ദൃശ്യമായി.

“അവരങ്ങനെ ചെയ്യുമോ ചേച്ചീ. ഞാൻ സൂയിസൈഡ് ചെയ്യാൻ പോയീന്നറിഞ്ഞിട്ടും അങ്ങനെ ചെയ്യാൻ തോന്ന്വോ?”

“പെണ്ണിന്റെ ശരീരം വിറ്റു കാശുവാങ്ങി പോക്കറ്റിലിടാൻ മടിയില്ലാത്തവർക്ക് എന്തു ചെയ്യാനും മനസ്സാക്ഷിക്കുത്തുണ്ടാവില്ല.”

ബബിത ദയനീയമായി അവളെ നോക്കി.

ബബിതയുടെ മുഖമെടുത്ത് തന്റെ കവിളത്തേക്ക് അണച്ചുപിടിച്ചുകൊണ്ട് അവൾ പറഞ്ഞു.

“എന്നെ വിശ്വാസമില്ലേ നിനക്ക്. നിനക്ക് ദോഷമായി വരുന്നതൊന്നും ഞാൻ ചെയ്യില്ല. നീ എന്തൊക്കെയാണ് എന്നോടു പറഞ്ഞിട്ടുള്ളതെന്ന് ഒരിക്കലും ഞാനാരോടും പറയില്ല. പക്ഷേ, ഒരു കാര്യം നീ ഓർക്കണം. എല്ലാവരുടെയും മനസ്സിൽ ചില ഊഹാപോഹങ്ങളുണ്ട്. ഇത്രയും വലിയൊരു കടുംകൈ നീ ചെയ്യണമെങ്കിൽ അതിനു പുറകിൽ എന്തെങ്കിലുമൊക്കെ സംഭവങ്ങൾ നടന്നിട്ടുണ്ടെന്ന്.”

ബബിത നിമിഷങ്ങളോളം മൗനമായി കിടന്നു.

അവൾ ഒരു ദീർഘശ്വാസമെടുത്തു.

“ഞാൻ മരിച്ചുപോകുന്നതായിരുന്നു നല്ലത് അല്ലേ?”

“മോളേ...” അലീന വിളിച്ചു.

“നിന്നെ എനിക്കു വിട്ടുതാ...”

“ഞാൻ വിട്ടുതന്നല്ലോ.”

“ഇല്ല. നീ നിന്നെത്തന്നെ മുറുകെ പിടിച്ചിരിക്കയാ. അതുകൊണ്ടാ ഇങ്ങനൊക്കെ സംസാരിക്കുന്നെ.”

ബബിത വീണ്ടും ദീർഘശ്വാസമെടുത്തു.

അലീനയെ കെട്ടിപ്പിടിച്ചു.

“ഞാൻ വിട്ടുതന്നിരിക്കുന്നു.

എന്നെ എന്തുവേണമെങ്കിലും ചെയ്തോ. പക്ഷേ, എന്നെ വിട്ടിട്ടു പോകരുത്. കുളത്തൂപ്പുഴയ്ക്കു പോകുമ്പം എന്നെക്കൂടി കൊണ്ടു പോവ്വോ?”

“അതെന്തിനാ?”

“ഈ വീടെനിക്കു മടുത്തു. എനിക്കിവിടെ വയ്യ. ചേച്ചീടെകൂടെ ജീവിച്ചാ മതി.”

“നിനക്കു പഠിക്കണ്ടേ മോളേ...?”

“വേണ്ട. എന്നെ ഉപേക്ഷിച്ചിട്ടു പോകല്ലേ.”

“ഇല്ല...” അലീന അവളുടെ പുറത്ത് തഴുകി.

കുറേക്കഴിഞ്ഞപ്പോൾ അവൾ മയക്കം പിടിച്ചു. അവളുടെ ഹൃദയഭാരം ഇറക്കിവെച്ചുകഴിഞ്ഞു. പക്ഷേ തന്റെ ഹൃദയത്തിനു ഭാരമേറിയിരിക്കുന്നു. അലീന ഓർത്തു.

*** *** ***

മനുശങ്കറും രോഹിത്തുംകൂടിയാണ് വന്നത്. ബൈക്കിൽ. കൃഷ്ണജ സ്കൂളിൽ പോയിരിക്കയായിരുന്നു.

ബാലചന്ദ്രമേനോൻ ജ്വല്ലറിയിലും.

ബബിതയും അലീനയും വീട്ടിലുണ്ടായിരുന്നു. പ്രഭാതഭക്ഷണത്തിന്റെ സമയം കഴിഞ്ഞു. ഊണിന്റെ സമയമെത്തിയുമില്ല. അലീന അവർക്ക് ചായയിട്ടുകൊടുത്തു.

“കഴിക്കാൻ ഒന്നും എടുക്കണ്ട. ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.” മനുശങ്കർ പറഞ്ഞു. അവൻ ഒരു പ്ലാസ്റ്റിക് സഞ്ചി ഹാളിൽനിന്നും എടുത്തു കൊണ്ടുവന്ന് അലീനയ്ക്കു കൊടുത്തു.

ഒരു കേക്കും ഓറഞ്ചും ആപ്പിളും കുറച്ചു മുന്തിരിങ്ങയും.

“ഇതെന്തിനാ എല്ലാംകൂടി വാങ്ങിച്ചത്?” അലീന ചോദിച്ചു.

“എന്തിനാണെന്നൊന്നും ചോദിക്കരുത്. ഇങ്ങോട്ടെടുത്തു വെച്ചാൽ തിന്നുകാണിക്കാം.” മനുശങ്കർ കുസൃതിയോടെ പറഞ്ഞു.

അലീന ഫ്രൂട്ട്സ് കഴുകി പ്ലേറ്റുകളിൽ വെച്ചുകൊടുത്തു. കേക്ക് മുറിച്ചുവെച്ചു.

“ഇവിടുത്തെ വിശേഷങ്ങള് പറ...” മനുശങ്കർ അലീനയെ നോക്കി.

“ഇവിടെന്തു വിശേഷം? ബാംഗ്ലൂരിലെ വർത്തമാനം കേൾക്കാനിരിക്കുകയാ ഇവിടുള്ളവർ...” അലീന പറഞ്ഞു.

“ബബിത നോർമലായോ?”

“അവൾക്കിപ്പോ ഒരു കുഴപ്പോം ഇല്ല. എന്റെ കൂടെനിന്ന് എല്ലാ ജോലീം ചെയ്യുന്നുണ്ട്. രാവിലെ മുറ്റമടിക്കും. വീടെല്ലാം തൂത്തു തുടയ്ക്കും. പിന്നെ അടുക്കളയിലും സഹായിക്കും.”

“മരിക്കണംന്നുള്ള വാശിയൊക്കെ മാറിയോ?”

മനുശങ്കർ പുഞ്ചിരിയോടെ ചോദിച്ചു.

“അങ്ങനെ നിസ്സാരമാക്കല്ലേ മനുവേട്ടാ. അവളുടെ ജീവിതത്തിന്റെ വില നിശ്ചയിക്കുന്നത് അവളല്ലേ.”

മനുശങ്കർ അലീനയെ സൂക്ഷിച്ചുനോക്കി.

“എന്തെങ്കിലും വിട്ടുപറഞ്ഞോ അവൾ?”

“പറയാതെയും ചില കാര്യങ്ങൾ മനസ്സിലാക്കാമല്ലോ.”

“ഓകെ. ഞാനാ വിഷയം വിട്ടു.”

മനുശങ്കർ ഒരു കേക്കുകഷണം എടുത്ത് വായിൽവെച്ചു.

“ഞങ്ങൾ കൊല്ലപ്പള്ളീൽ ചെന്നിട്ടാ ഇങ്ങോട്ടു പോന്നത്.”

രോഹിത്ത് പറഞ്ഞു.

“അതെനിക്ക് ബൈക്ക് കണ്ടപ്പോഴേ മനസ്സിലായി.”

അലീന പറഞ്ഞു.

“അമ്മ അവിടുന്നും താമസം മാറ്റി.”

“അതു ഞാനറിഞ്ഞില്ലല്ലോ.” അലീന ആശ്ചര്യപ്പെട്ടു.

“ഇപ്പം ഇടപ്പാടിയിലോ മറ്റോ വാടകവീട്ടിലാ.”

“ഒറ്റയ്ക്ക്.”

“ഒരു വീടിന്റെ അപ്സ്റ്റെയറാണെന്നു കേട്ടു. താഴെ ഹൗസോണറുടെ ഫാമിലി.”

“എന്താ കൊല്ലപ്പള്ളീന്നു പോയത്?”

“അച്ഛനുമായിട്ട് ഉടക്കി. ആന്റി ഡിവോഴ്സ് കേസുമായി ഫാമിലി കോറിൽ പോകുന്നത് അച്ഛൻ എതിർത്തു.” മനുശങ്കർ പറഞ്ഞു.

“കേസു കൊടുത്തോ കുടുംബക്കോടതീല്?”

അലീന അമ്പരപ്പിൽ ചോദിച്ചു.

“കോടതീലെത്തിയോന്നറിയില്ല. വക്കീലിനെ കണ്ട് വക്കാലത്ത് കൊടുത്തെന്നാ അച്ഛൻ പറഞ്ഞത്.”

(ശേഷം 30-ാം പേജിൽ)

# നോവൽ

(29-ാം പേജിൽ നിന്നും)

അലീനയുടെ മുഖത്ത് മ്ലാനത കലർന്നു.

“ഫ്രീയാകുമ്പം അലീന രോഹിത്തിന്റെ റൂമിലേക്കു വരണേ. ഒരു കാര്യം സംസാരിക്കാനുണ്ട്.”

ചായ കുടിച്ചുകഴിഞ്ഞ് എഴുന്നേൽക്കുന്നതിനിടയിൽ മനുശങ്കർ പറഞ്ഞു. അവർ രോഹിത്തിന്റെ മുറിയിലെത്തി. അൽപ്പം കഴിഞ്ഞപ്പോൾ അലീനയും ചെന്നു. അവൾക്ക് ആകാംക്ഷയുണ്ടായിരുന്നു. അമ്മയെപ്പറ്റിയാണ് മനുവേട്ടൻ സംസാരിക്കാൻ പോകുന്നതെന്ന് അവൾ വിചാരിച്ചു.

“വേറൊന്നുമല്ല അലീനാ. ഹരിയുടെ കേസാണ്. അവൻ ഒരു തെറ്റു ചെയ്തുപോയി. പ്രായത്തിന്റെ തിളപ്പും അഹങ്കാരോം വിവരക്കേടും ഒക്കെ കൊണ്ടായിരിക്കും. എന്തായാലും അവൻ ചെയ്തതിന്റെ ദോഷം അവന്റെ ഭാവിയേം ബാധിക്കും. അവനാണെങ്കിൽ ജാമ്യത്തിലിറങ്ങിയശേഷം ഈ നാട്ടുകാരുടെ മുഖത്തുനോക്കാൻ വയ്യാഞ്ഞ് കോഴഞ്ചേരീല് അങ്കിളിന്റെ കൂടെ താമസിക്കുവാ.”

അലീന മനുശങ്കറിന്റെ മുഖത്തേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. അവന് അവളുടെ കണ്ണുകളിലേക്കു നോക്കുമ്പോൾ ഒരു പതർച്ച അനുഭവപ്പെട്ടു. മുഖം നേരെ നിൽക്കുന്നില്ല.

“ഇപ്പം അവന്റെ കേസ് വിചാരണയ്ക്കു വരാമ്പോകുവാ. ശിക്ഷിക്കപ്പെട്ടാൽ അവന്റെ ഭാവി അതോടെ തീർന്നു. ബലാൽസംഗക്കുറ്റത്തിനൊക്കെ വല്യ ശിക്ഷയാ. അവന്റെ നല്ലപ്രായം ജയിലിലങ്ങ് പോകും. ചെയ്ത കുറ്റത്തിന്റെ ശിക്ഷയൊക്കെ ഇതിനകംതന്നെ അവൻ അനുഭവിച്ചുകഴിഞ്ഞു.”

“പിന്നയെന്തിനാ കോടതിയും വിചാരണയും ശിക്ഷയുമൊക്കെ?” അലീന ചോദിച്ചു.

“അലീനാ രോഹിത്തിനുവേണ്ടി നീ ആ പെണ്ണിന്റടുത്തുപോയി കെഞ്ചി. അത് രോഹിത്ത് നിന്റെ ആങ്ങളയാണെന്ന് അറിയാവുന്നതുകൊണ്ടാ. ഇല്ലെങ്കിൽ നീയതു ചെയ്യില്ല. ഹരിയും നിന്റെ ആങ്ങളയുടെ സ്ഥാനത്താണ്.”

“അപ്പോൾ മനുവേട്ടനോ?”

“തർക്കിക്കാൻ വേണ്ടിയല്ല അലീനാ. നീയാ പെണ്ണിന്റടുത്ത് റെക്കമെൻഡ് ചെയ്യണമെന്നൊന്നുമല്ല പറഞ്ഞോണ്ടുവരുന്നത്. അതൊന്നും വേണ്ട. രോഹിത്ത് ഹരിക്ക് അനുകൂലമായിട്ട് മൊഴി കൊടുത്താ മതി. ഹരി ആ പെണ്ണിനെ ഉപദ്രവിക്കുന്നത് രോഹിത്ത് കണ്ടിട്ടില്ല. അവൾക്ക് അതുകൊണ്ട് ഒരു നഷ്ടോം വരാമ്പോണില്ല. മാത്രമല്ല രോഹിത്ത് അവളെ ഹെൽപ്പ് ചെയ്യുന്നില്ലേ? നിന്റെ കൈപിടിച്ചല്ലേ അവൾ സർവൈവ് ചെയ്തത്. ഒരു ചെറുപ്പക്കാരന്റെ ജീവിതം നശിച്ചു കാണുന്നത് ഒരു നെഗറ്റീവ് സംതൃപ്തിയല്ലേ തരികയുള്ളൂ.”

“മനുവേട്ടനാണോ ശിവശങ്കരനങ്കിളാണോ എന്നോടു സംസാരിക്കുന്നത്?” അലീന അവനെ സൂക്ഷിച്ചുനോക്കി.

“അച്ഛൻ ആവശ്യപ്പെട്ട കാര്യങ്ങളാണ്. എനിക്കിതു നിന്നോടു പറയാൻ ചളിപ്പുണ്ടെന്നതു സത്യം.. എന്റെ അനുജന്റെ ജീവിതമായതുകൊണ്ടാണ് പറയേണ്ടിവരുന്നത്.”

“ആ അനുജൻ ഒരിക്കൽ എന്നെയും ബലാൽക്കാരം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ഇതേ മുറിയിൽവെച്ച്. അന്നതു സംഭവിച്ചിരുന്നെങ്കിൽ മനുവേട്ടൻ ഇന്നെന്റെ മുൻപിൽവന്ന് ഇങ്ങനെ സംസാരിക്കുമായിരുന്നോ?”

മനുശങ്കറിന്റെ മുഖം വിളറി.

രോഹിത്ത് അലീനയുടെ മുഖത്തുനിന്നും നോട്ടം മാറ്റിക്കളഞ്ഞു.

“സംഭവിച്ചില്ലല്ലോ. അലീനാ ചില കേസുകൾ കക്ഷികൾ തമ്മിൽ ഒത്തുതീർപ്പാകാറുണ്ട്. ലോകത്ത് അങ്ങനെയും നടക്കുന്നുണ്ട്. അങ്ങോട്ടുമിങ്ങോട്ടും ചില വിട്ടുവീഴ്ചകളൊക്കെ ചെയ്തിട്ടാണത്.” ഒന്നു നിർത്തിയിട്ട് അലീനയെ നോക്കിയിട്ട് അവൻ തുടർന്നു:

“അച്ഛൻ എന്തു വേണമെങ്കിലും കൊടുക്കും. പണമോ ജോലിയോ വീടും സ്ഥലമോ എന്തും! ഹരി ഒരു ചെറുപ്പക്കാരനല്ലേ അലീന. ഇരുപത്തിനാലു വയസ്സ്. അവനു തിരുത്താൻ ഒരവസരം കൊടുക്കണ്ടേ.”

“അവസരം കൊടുക്കാം. പകരം അവൾക്കും തിരുത്താൻ ഒരവസരം കൊടുക്കണം.”

“മനുവേട്ടന് ശരണ്യയെ കല്യാണം കഴിക്കാൻ പറ്റ്വോ? അനുജന്റെ ഭാവി രക്ഷപ്പെടാൻവേണ്ടി ഒരു ത്യാഗം! വിട്ടുവീഴ്ചകളാവുമ്പോ രണ്ടു ഭാഗത്തും വേണമല്ലോ. നല്ല പെൺകുട്ടിയാണ്. ബുദ്ധിയുണ്ട്. അവൾ പഠിച്ച് ഒരു ഡോക്ടറായി കഴിവ് തെളിയിക്കും.”

മനുശങ്കറിന്റെ മുഖം പാടേ വിളറിപ്പോയി.

“ബുദ്ധിമുട്ടാണെങ്കിൽ വേണ്ട. മനുവേട്ടന്റെ അനുജൻ കല്യാണം കഴിച്ചാലും മതി.”

മനുശങ്കർ അപമാനിതനെപ്പോലെ നിൽക്കുകയാണ്.

“അതിനും ബുദ്ധിമുട്ടുണ്ടെന്നറിയാം. ശരണ്യ താണജാതിക്കാരിയാണല്ലോ. സ്വത്തും പണവും ഒന്നുമില്ല. ഒരു പെണ്ണിന്റെ കഴുത്തിൽ താലിവെക്കുമ്പം അതിനാണല്ലോ പ്രാധാന്യം. അവളോടു മറ്റെന്തുമാകാം. സ്വന്തം അനുജത്തി സ്നേഹിച്ചതു ക്രിസ്ത്യാനിച്ചെക്കനെ ആയതുകൊണ്ട് അവരെ തമ്മിൽ പിരിച്ചകറ്റി അവൾ പ്രസവിച്ച കുഞ്ഞിനെ അനാഥാലയത്തിലെറിഞ്ഞ് കൈകഴുകി വെടിപ്പാക്കി സ്വസ്ഥമായിട്ടിരുന്ന ആങ്ങളമാരിലൊരാളല്ലേ മനുവേട്ടന്റെ അച്ഛൻ. ആ അച്ഛനും മകനും ഇങ്ങനെയൊക്കെയേ ചിന്തിക്കാൻ പറ്റൂ.”

അലീന രോഹിത്തിന്റെ നേർക്കു തിരിഞ്ഞു.

“നീയെന്റെ അനുജനാണല്ലോന്നു വിചാരിച്ചു മാത്രമല്ല ഞാനന്ന് ശരണ്യയെ കാണാൻ പോയത്. ഹരിശങ്കർ ഒരുക്കിയ കെണിയിൽ നീ പെട്ടുപോയതാണെന്ന് അറിയാവുന്നതുകൊണ്ടാ. നീ വെറുമൊരു കാഴ്ചക്കാരൻ മാത്രമായിരുന്നെന്ന് ബോധ്യമുള്ളതുകൊണ്ടാ അവൾ നിനക്ക് അനുകൂലമായിട്ട് നിന്നത്. ഇന്നു നിനക്ക് വേണമെങ്കിൽ കാലുമാറ്റി ചവിട്ടാം. അവൾക്കെതിരെ മൊഴി കൊടുക്കാം. അതെല്ലാം നിന്റെയിഷ്ടം! അതിനിടയ്ക്ക് ഇതുംകൂടി മനസ്സിൽ വെച്ചോ. ഒരാത്മഹത്യാ ശ്രമം നടത്തി, മരണത്തീന്നു കഷ്ടിച്ചു രക്ഷപ്പെട്ടുവന്ന ഒരു പെണ്ണ് ഇവിടെയുമുണ്ട്. എന്റെയും നിന്റെയും അനുജത്തി. നാളെ അവളെക്കൊണ്ടും മൊഴിമാറ്റി പറയിക്കാൻ ഓഫറുകളുമായിട്ട് പലരും വന്നെന്നിരിക്കും. അവരേം നിരാശപ്പെടുത്തരുത്. അവളിതുവരെ മനസ്സു തുറക്കാത്തതുകൊണ്ടാ, അറസ്റ്റും പത്രവാർത്തേ ടിവി ചാനലുകളിൽ ബ്രേക്കിങ് ന്യൂസും ഒന്നും വരാത്തത്.”

രോഹിത്തിന്റെ മുഖം താണുപോയി. അലീന മെല്ലെ തിരിഞ്ഞു മുറി വിട്ടിറങ്ങി.

(തുടരും)

## ഓർമിക്കുമോ നമ്മൾ മാതൃഭാഷാമഹത്വം?

(6-ാം പേജിൽനിന്നും)

എന്നാൽ കുട്ടികളുടെ പ്രാഥമിക ഘട്ട വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കണമെന്ന് അനുച്ഛേദം 350 പ്രത്യേക വ്യവസ്ഥ ചെയ്യുന്നു. ഉപരിവിദ്യാഭ്യാസത്തിന്റെ അധ്യയനമാധ്യമം എന്തായിരിക്കണമെന്നു സംസ്ഥാനങ്ങൾക്കു തീരുമാനിക്കാം. ഈ തീരുമാനം ബഹുജനതാത്പര്യം മുൻനിർത്തിയാകാം. മറിച്ച്, സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും വികസനത്തെയും ഭാവിയെയും കുറിച്ച് കൃത്യമായ പഠനം നടത്തി, അതിന്റെ കണ്ടെത്തലുകൾ അനുസരിച്ചുമാകാം. ഈ പശ്ചാത്തലത്തിലാണു മലയാളത്തെയും മലയാളികളുടെ ഭാഷാഭിമാനത്തെയും കുറിച്ചുള്ള ചിന്തകൾ പ്രസക്തമാകുന്നത്. ഒറ്റവാക്യത്തിൽപ്പറഞ്ഞാൽ, മലയാളിയെപ്പോലെ മാതൃഭാഷാഭിമാനമില്ലാത്ത ഒരു ജനത ലോകത്തൊരിടത്തും കാണുകയില്ല. ഇംഗ്ലീഷറിയുന്നവൻ മാന്യൻ എന്നൊരു വികലധാരണ മലയാളിയുടെ അപകർഷബോധത്തെ പാതാളത്തോളം താഴ്ത്തിക്കളഞ്ഞു എന്നുതന്നെ പറയണം. മാതൃഭാഷ അധ്യയനമാധ്യമമാക്കിയാൽ ആകാശം ഇടിഞ്ഞുവീഴും എന്ന മട്ടിലായിരുന്നു കേരളീയരുടെ ആശങ്ക. അതുമൂലം ഉചിതമായ തീരുമാനം യഥാസമയം കൈക്കൊണ്ടു മുന്നേറാൻ നമ്മുടെ ജനകീയഭരണസംവിധാനത്തിനു കഴിയാതെയും പോയി.

ഫലമോ? ‘അമ്മാത്തുനിന്നു പുറപ്പെട്ടു; ഇല്ലത്തൊട്ടെത്തിയുമില്ല’ എന്ന ധർമസങ്കടത്തിലായിപ്പോയി കേരളജനത. ഇംഗ്ലീഷറിഞ്ഞുകൂടാത്തവർ ഇംഗ്ലീഷ് പഠിപ്പിച്ച വിദ്യാഭ്യാസരംഗം സമസ്ത മേഖലകളിലും കേരളത്തിന്റെ സർഗശക്തി കെടുത്തിക്കളഞ്ഞു. കുറച്ചു പേരെ വിദേശരാജ്യങ്ങളിൽ ഗുമസ്തപ്പണിക്കു പറഞ്ഞുവിടാൻ കഴിഞ്ഞു എന്നതേ നേട്ടമായുള്ളൂ. ശാസ്ത്രസാഹിത്യരംഗങ്ങളിൽ മലയാളിക്കു ലോകനിലവാരത്തിലേക്കുയരാൻ കഴിയാതെ പോയതിന്റെ പ്രധാനകാരണം നമ്മുടെ അശാസ്ത്രീയമായ അധ്യയനമാധ്യമം തന്നെയാണ്.

മാതൃഭാഷ അറിഞ്ഞുകൂടാത്ത കുട്ടി, കുടുംബത്തിന്റെയും സമൂഹത്തിന്റെയും അഭിമാനചിഹ്നമായി മാറുന്ന ദയനീയാവസ്ഥ കേരളത്തിലേ ഉണ്ടാകൂ. മലയാളിയുടെ കഥയില്ലാത്ത ആംഗലഭാഷാദാസ്യത്തിനുനേരെ നമ്മുടെ പ്രിയ കവി കുഞ്ഞുണ്ണിമാഷ് ചൊരിഞ്ഞ രൂക്ഷപരിഹാസം ഇങ്ങനെ:

“ജനിക്കുംനാളുതൊട്ടെന്റെ
മകനിംഗ്ലീഷ് പഠിക്കണം
അതിനാൽ ഭാര്യതൻ പേറ -
ങ്ങിംഗ്ളണ്ടിൽ തന്നെയാക്കി
ഞാൻ!”

2015 ഡിസംബർ 17നു മാത്രമാണ് മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ടുള്ള നിയമത്തിനു കേരള നിയമസഭ അംഗീകാരം നൽകിയത്. 2017 മേയ് ഒന്നുമുതൽ മലയാളം കേരളത്തിന്റെ ഔദ്യോഗികഭാഷയാക്കിക്കൊണ്ടുള്ള സർക്കാർഉത്തരവും പുറത്തുവന്നു. വൈകിയെത്തിയതാണെങ്കിലും വിവേകം അഭിനന്ദനാർഹമാണല്ലോ. എങ്കിലും ഉദ്യോഗസ്ഥതലത്തിൽ ആ വിവേകം ഇന്നും യാഥാർത്ഥ്യമായിട്ടില്ല. പഴയ സർക്കാർ വിലാസം ഭാഷയിൽ ഇപ്പോഴും ഉത്തരവുകൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. മലയാളത്തിൽ ഉത്തരവുകൾ തയ്യാറാക്കാൻ ബുദ്ധിമുട്ടാണത്രെ. പഴയ ഉത്തരവുകളിലെ ആണ്ട്, മാസം, തീയതികൾ മാത്രം മാറ്റിയെഴുതി പുതിയ ഉത്തരവിറക്കുകതന്നെയെളുപ്പം.

ഹൈക്കോടതിവരെയുള്ള കോടതികളിലെ ഭാഷയും പ്രാദേശിക ഭാഷകളിലാക്കിക്കൊണ്ട് നിയമനിർമാണം നടത്താൻ സംസ്ഥാനസർക്കാരുകൾക്കു ഭരണഘടന അംഗീകാരം നൽകിയിട്ടുണ്ട്. സാധാരണക്കാർ നീതിക്കുവേണ്ടി കയറിയിറങ്ങുന്ന ഇടങ്ങളിൽനിന്ന് അവന്റെ മാതൃഭാഷയിൽത്തന്നെ പരിഹാര ഉത്തരവുകൾ ലഭിക്കേണ്ടത് ഓരോ പൗരന്റെയും മൗലികാവകാശമാണ്. വൈകാതെ ഇതും സാധ്യമാകുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

മാതാവും മാതൃഭൂമിയും സ്വർഗത്തെക്കാൾ വലുതാണെന്ന് നമ്മെ നിരന്തരം ഓർമിപ്പിക്കുന്നത് ആദികവി വാല്മീകിയാണ്. അക്കൂട്ടത്തിൽ മാതൃഭാഷയെക്കൂടി നമുക്ക് ഉൾപ്പെടുത്താം.

മാതൃഭാഷയ്ക്കുവേണ്ടി ബലിദാനം നടത്തിയ അഞ്ചു വിദ്യാർത്ഥികളുടെ സ്മാരകമായ ധാക്കയിലെ ‘ഷാഹിദ് മിനാർ’ ബംഗ്ലാഭാഷാഭിമാനികൾക്കു പുണ്യസ്ഥലമാണ്. എല്ലാ വർഷവും ഫെബ്രുവരി 21ന് അവർ അവിടെയെത്തി പുഷ്പാർച്ചനയും അനുസ്മരണ പരിപാടികളും നടത്തുന്നു. മാതൃഭാഷാമഹത്വത്തിന്റെ പ്രഖ്യാപനം.


SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Tel. ( ) ________ Signature ________

- ❑ Enclosing $ 375.00 for Long Membership.✪
- ❑ Enclosing my subscription of $49.00 for one year.
- ❑ Enclosing my subscription of $90.00 for two year.
- ❑ Please don’t send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Year | Lifelong* |
|---|---|---|
| $49.00 | $90.00 | $375.00 |
| REG. $55.00 | REG. $98.00 | REG. $490.00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS

2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable


30 + MALAYALAM CHANNELS
$10 PER MONTH
AVAILABLE IN YUPPTV
FLOWERS USA HD
24 TWENTY FOUR MALAYALAM
മഴവിൽ manorama HD
SURYA
SURYA MOVIES
KAIRALI ARABIA
AMRITA TELEVISION
SAFARI exploration channel
SHALOM TELEVISION
GOODNESS
POWERVISION
HARVEST TV
DARSHANA TV
JEEVAN
asianet news
manorama NEWS
mathrubhumi
People
MEDIA one mediaonetv.in
Janam TV
REPORTER
Kaumudy
SET TOP BOX FREE
FLOWERS USA Sing N Win JUNIOR & SENIOR
AMERICAN DREAMS 9:30 AM CST
FLOWERS TOP SINGER
FOR SUBSCRIPTION & MORE INFO;
BIJU ZACHARIA, PHONE: 847 630 6462

#1 SERVICE



BROKER / REALTOR®

Ann Varkey

Certified Luxury Home Specialist
RE/MAX Properties S.W., Inc.
(407) 352-5800 Ext. 645
WWW.ANNVARKEY.COM

#1 RE/MAX ORLANDO FLORIDA

REALTOR 32 YEARS

15 PAID WEB DOMAINS to market your home. No transaction fees for Sellers or Buyers

When looking for results, you call the best. When you want the best you call Ann.

Lifetime Achievement Award - Chairman's Club Award - ORRA's Top Producer Award – YMCA Leaders Club Honor




Southern Breeze Dr.
5 BR 3.5 BA + Bonus + Office, Pool
4,869 Sq. Ft. 6,451 Total Sq. Ft.
Large Cul-de-Sac Private Lot
$899,000




Southern Breeze Dr.
6 BR 6BA 2 Half BA POOL
Marble Slab Walls,
Huge Family Room with Lake Views
$2,700,000




Southern Breeze Dr.
5 BR 5 BA + Bonus Room, POOL
New Boat Dock, Double Sided 2 Story
Stone Fireplace
$2,195,000




Heritage Bay Circle
6 BR 5 BA + Bonus Room, Screened
in POOL & Spa
Fruit Trees, 2 New A/C's June 2020
$648,000




Heritage Bay Circle
5 BR 3 BA + Bonus Room, Designer
POOL with Rock Bridge
Remodeled with Upgrades
$598,000




Heritage Bay Circle
5 BR 4 BA + Theater Room, POOL
Remodeled Home Custom Made
Bar & Wine Cellar
$799,000




Terrace Pines Court
6 BR 4.5 BA + Bonus Room, Extra Large
Screened in Pool w/Summer Kitchen
$583,000




Toscana Blvd.
Luxury Lakeview Condo 3 BR 2 BA
End Unit - Gated Community
$369,000




Island Lake Court
4.36 Acres Turtle Creek
Build Your Dream Home
24 hr. Gated & Guarded Community
$1,975,000

SEE VIDEOS
www.AnnVarkey.com
AnnVarkeyRealtor@gmail.com

Look no further, go with the best - for all your real estate needs, call Ann!
E-Mail: annvarkeyrealtor@gmail.com

Other Listings, Vacant Lands, Rentals also available. See Letters from Washington.


Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**